KERALA INSTITUTE OF LOCAL ADMINISTRATION
THRISSUR-680 581
419

അധികാരം ജനങ്ങളിലേയ്ക്ക്

ഒൻപതാം പദ്ധതി - ജനകീയ പദ്ധതി

ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത്



സമഗ്ര വികസനരേഖ

1997 - 2002

2-6

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി


1997-2002

ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത്

വികസന സെമിനാർ

1997 ജനുവരി 3

മണ്ഡപത്തിൻകടവ് ആർ.സി.എൻ. ഹാൾ



"നാട്ടുക്കൂട്ടം ചേർന്നു മണ്ണിൻ മാറ്റുകൂട്ടുന്നേയ്
നാട്ടുക്കൂട്ടം ചേർന്നു മനസ്സിൻ മാറ്റുകൂട്ടുന്നേയ്
നാട്ടുക്കൂട്ടം ചേർന്നു നാടിൻ ഛായ മാറ്റുന്നേയ്
നാട്ടുക്കൂട്ടം ചേർന്നു പുത്തൻ ലോകം തീർക്കുന്നേയ് "

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത്

സമഗ്രവികസനരേഖ

1997-2002



13.12.1996
മണ്ഡപത്തിൻകടവ്

സമർപ്പണം

മലയാളികൾ സുഭിക്ഷിത കൊണ്ടാടുന്ന ചിങ്ങമാസപ്പുലരിയിൽ കേരളത്തിൽ ജനകീയാസൂത്രണയജ്ഞത്തിന് തുടക്കം കുറിച്ചിരിക്കുകയാണല്ലോ. പൂർണ്ണമായ ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണ പ്രക്രിയെയാണ് ജനകീയാസൂത്രണമെന്ന് വിവക്ഷിക്കുന്നത്. നമ്മുടെ പ്രദേശത്തെ ജനങ്ങൾക്ക് അവരുടെ ആവശ്യങ്ങൾക്കനുസരണമായ പദ്ധതികൾ തെരഞ്ഞെടുക്കുന്നതിന് അവസരം പ്രദാനം ചെയ്യുന്നുവെന്നതാണ് ഇതിന്റെ സവിശേഷത.

കഴിഞ്ഞ എട്ടു പഞ്ചവത്സരപദ്ധതികളിലും തുടർന്ന കേന്ദ്രീകരണം ജനങ്ങളെ അകലെ വലിച്ചെറിഞ്ഞു 73-ാം ഭരണഘടനാ ഭേദഗതിയെത്തുടർന്ന്, 'ജനങ്ങളെ ഭരണത്തിൽ പങ്കാളികളാക്കുക' എന്ന ലക്ഷ്യത്തോടെയാണ് നമ്മുടെ സംസ്ഥാനത്ത് വികേന്ദ്രീകരണം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

നമ്മെ സംബന്ധിച്ചിടത്തോളം 9-ാം പദ്ധതി ഒരു വെല്ലുവിളിയായി സ്വീകരിക്കേണ്ടതുണ്ട്. കാരണം, സൂക്ഷ്മതല ആസൂത്രണം നടത്തിയുള്ള മുൻപരിചയം നമുക്കില്ല തന്നെ. മഹാത്മജി സ്വപ്നം കണ്ട 'ഗ്രാമസ്വരാജ്' ഒരു യാഥാർത്ഥ്യമാക്കാനുള്ള സുവർണ്ണാവസരമായി 9-ാം പദ്ധതിയെ വീക്ഷിക്കണം.

ഗ്രാമതലത്തിൽ ഇന്നുപയോഗിക്കാതെ കിടക്കുന്ന സാമ്പത്തിക, ഭൗതിക, തൊഴിൽ സ്രോതസ്സുകൾ കണ്ടെത്തി വിനിയോഗിച്ചു കൊണ്ട്, വിഭാഗീയതയ്ക്കതീതമായി, ഒരു 'സ്വയംപര്യാപ്ത ഗ്രാമ' സൃഷ്ടിക്കുവേണ്ടിയുള്ള പ്രയാണത്തിൽ നമുക്കോരോരുത്തർക്കും പങ്കാളിയാവാം.

പഞ്ചായത്തിലെ ഒൻപത് വാർഡുകളിലും നടന്ന വിശേഷാൽ ഗ്രാമസഭകളിൽ തെളിഞ്ഞു കണ്ട ഉത്സാഹവും ഗൗരവവും നമ്മുടെ പ്രത്യാശയെ ശതഗുണീഭവിപ്പിക്കുന്നു. അവിടെ നിന്നും പൊന്തിവന്ന ആവശ്യങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ചുകൊണ്ടും, പഠനയാത്രകളിലൂടെയും ദ്വിതീയ വിവരശേഖരണത്തിലൂടെയും ലഭിച്ച വിവരങ്ങൾ സംയോജിപ്പിച്ചു കൊണ്ടും തയ്യാറാക്കിയ ഒറ്റശേഖരമംഗലം ഗ്രാമ പഞ്ചായത്തിന്റെ 'സമഗ്രവികസന രേഖ' നിങ്ങളുടെ ചർച്ചയ്ക്കും അംഗീകാരത്തിനും വേണ്ടി ഞാൻ സവിനയം സമർപ്പിക്കുന്നു.


സ്നേഹാദരങ്ങളോടെ

പി. അപ്പുക്കുട്ടൻ പിള്ള
പ്രസിഡന്റ്
ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത്



"സ്വന്തം ശ്രമം കൊണ്ട് തങ്ങളുടെ സ്ഥിതിക്ക്
മാറ്റം വരുത്താമെന്ന് എപ്പോൾ ജനസാമാന്യത്തിന്
തോന്നുന്നുവോ, അപ്പോൾ മാത്രമാണ്
ഭാരതം പൂർണ്ണ സ്വാതന്ത്ര്യം നേടുക"

- ഗാന്ധിജി



"ജനകീയാസൂത്രണ പരിപാടിയെത്തുടർന്നു
രൂപം കൊള്ളുന്ന കേരളത്തിന്റെ 9-ാം പദ്ധതി
ഇതേവരെ ഉണ്ടായതിൽ വച്ച് നാട്ടിൻ പുറങ്ങളിലും
പട്ടണ പ്രദേശങ്ങളിലുമുള്ള സാധാരണക്കാരുടെ
ആവശ്യങ്ങൾ നിറവേറ്റാൻ സഹായകമായിരിക്കും"

ഇ.എം.എസ്. നമ്പൂതിരിപ്പാട്

ചെയർമാൻ,
ഉന്നതതല മാർഗ്ഗ നിർദ്ദേശക സമിതി,
ജനകീയാസൂത്രണ പ്രസ്ഥാനം.

ഇവർ .... ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിലെ ജനപ്രതിനിധികൾ



പി. അപ്പുക്കുട്ടൻ പിള്ള
പ്രസിഡന്റ്
(ഒറ്റശേഖരമംഗലം വാർഡ്)



പി. കെ. ഗോപി
(ആറ്റുച്ചക്കോണം വാർഡ്)



പി. കുട്ടൻ
സ്റ്റാന്റിംഗ് കമ്മിറ്റി
ചെയർമാൻ
(കുരവറ വാർഡ്)




എ. സെയ്നുലാബ്ദീൻ
വൈസ് പ്രസിഡന്റ്
(കടമ്പറ വാർഡ്)



സി. ലിലാമ്പായ്
(പുഴനാട് വാർഡ്)



പി. സുകുമാരൻ നായർ
(വാളികോട് വാർഡ്)



എം. ബാലകൃഷ്ണൻ
(കുന്നനാട് വാർഡ്)



ദേവി ദാസ്കരൻ
(പ്ലാമ്പഴിഞ്ഞി വാർഡ്)



ചന്ദ്രിക കുഞ്ഞൻ
(വാഴിച്ചൽ വാർഡ്)



എസ്. ശാന്തമ്മാൾ
(സെക്രട്ടറി)

ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത്
സമഗ്രവികസനരേഖ

ഉള്ളടക്കം



ആമുഖം

പൊതുവിവരങ്ങളും ചരിത്രവും

ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

കൃഷിയും ജലസേചനവും

മൃഗസംരക്ഷണം

വിദ്യാഭ്യാസം

ആരോഗ്യം, കുടിവെള്ളം

വ്യവസായം

ഗതാഗതം, വാണിജ്യം, ഊർജ്ജം

ഭവന നിർമാണവും സാമൂഹ്യക്ഷേമവും

സംസ്കാരം

വനിതാക്ഷേമം

സഹകരണ മേഖല

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

വിഭവ സമാഹരണം

പരിസ്ഥിതി

ഉപസംഹാരം

ആമുഖം

ഇന്ത്യയുടെ 9-ാം പഞ്ചവത്സരപദ്ധതി (1997-2002) അക്ഷരാർത്ഥത്തിൽ തന്നെ 21-ാം നൂറ്റാണ്ടിലേക്ക് ചുവടു വയ്ക്കുകയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം, 9-ാം പദ്ധതി, ജനങ്ങൾ തന്നെ ഗ്രാമതലത്തിൽ ആസൂത്രണം ചെയ്യുന്ന പദ്ധതികളുടെ സംസ്ഥാനതലത്തിലുള്ള സാക്ഷാത്ക്കാരമാണ്. ആസൂത്രണചരിത്രത്തിൽ പുതിയ ഒരദ്ധ്യായം എഴുതിച്ചേർത്തുകൊണ്ട് രാജ്യത്തിനാകെ മാതൃകയാവുകയാണ് നമ്മുടെ സംസ്ഥാനം.

'ജനകീയാസൂത്രണം' ഒരു പുതിയ ആശയമല്ല. ഒന്നാം പദ്ധതി മുതൽ എല്ലാ പദ്ധതികളിലും ആവർത്തിച്ചു പറയുന്നതാണ് ജനപങ്കാളിത്തം. ആസൂത്രണമെന്ന് വച്ചാൽ മുമ്പ് ഡൽഹിയിൽ നിന്ന് സംസ്ഥാന സെക്രട്ടറിയേറ്റിലൂടെ നാട്ടിൻ പുറങ്ങളിലുള്ളവരുടെ മേൽ അടിച്ചേൽപ്പിക്കുന്ന ഒന്നായിരുന്നു. മുൻ പദ്ധതികൾ ലക്ഷ്യപ്രാപ്തിയിലെത്താത്തതിന്റെ മുഖ്യകാരണമിതാണ്.

കേരളത്തിന്റെ 9-ാം പദ്ധതി ജനപങ്കാളിത്തത്തോടു കൂടി ആവിഷ്കരിക്കുന്നതിന് വേണ്ടിയാണ് സംസ്ഥാന സർക്കാരും ആസൂത്രണബോർഡും ചേർന്ന് ജനകീയാസൂത്രണ പ്രസ്ഥാനത്തിന് രൂപം കൊടുത്തിട്ടുള്ളത്. വികസന പദ്ധതികൾ കേന്ദ്രത്തിലും സംസ്ഥാനതലത്തിലും തീരുമാനമെടുത്ത് നടപ്പിലാക്കുന്ന - പതിവിൽ നിന്ന് വ്യത്യസ്തമായി - 9-ാം പദ്ധതിയുടെ 35-40 ശതമാനത്തിന്റെ ആസൂത്രണവും നടത്തിപ്പും പഞ്ചായത്തുകളെ ഏല്പിക്കാനാണ് ഗവൺമെന്റിന്റെ തീരുമാനം. മനുഷ്യവിഭവമടക്കം വൻതോതിലുള്ള വിഭവസമാഹരണം നടത്തി പ്രാദേശികതലത്തിൽ സന്തുലിത വികസനം ഉറപ്പാക്കുകയാണ് ഇതിന്റെ ലക്ഷ്യം.

ജനകീയാസൂത്രണമെന്നാൽ നമ്മുടെ എല്ലാ പ്രശ്നങ്ങൾക്കും ഉടനടി പരിഹാരം കാണാനുള്ള ഒറ്റമൂലിയാണെന്ന് ധരിക്കരുത്. വികസനമെന്നാൽ മുകൾത്തട്ടിൽ നിന്ന് നടപ്പിലാക്കേണ്ട പ്രക്രിയയാണെന്ന മാമൂൽ ധാരണ തിരുത്തിക്കുറിച്ച് സുതാര്യമാവുകയാണ്. ജനങ്ങൾക്ക് വേണ്ടതെന്തെന്ന് തിരിച്ചറിഞ്ഞ് ആവശ്യപ്പെടാനും പരിഹാരമാർഗ്ഗങ്ങൾ കൂട്ടായി ചർച്ച ചെയ്ത് കണ്ടെത്താനും അങ്ങനെ പുതിയൊരു സംസ്കാരത്തിനും രൂപം കൊടുക്കാനുമുള്ള പരിശ്രമമാണിത്.

ജനകീയാസൂത്രണം നമ്മുടെ പഞ്ചായത്തിൽ

17-9-1996 ന് മണ്ഡപത്തിൽകടവ് RCN ഹാളിൽ ചേർന്ന ഏകദിന ശില്പശാലയോടെയാണ് ഒറ്റശേഖരമംഗലം പഞ്ചായത്തിൽ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഒന്നാം ഘട്ടത്തിന് തുടക്കം കുറിച്ചത്. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥന്മാർ, സന്നദ്ധ പ്രവർത്തകർ എന്നിവരടക്കം 128 പേർ പ്രസ്തുത ശില്പശാലയിലൂടെ പരിശീലനം നേടി.

23.9.96 നും 2.10.96 നും ഇടയ്ക്ക് സമയബന്ധിതമായി തന്നെ 9 ഗ്രാമസഭകളും ചേർന്നു. 9 വാർഡുകളിലും സ്വാഗത സംഘങ്ങൾ ചേരുകയും പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. വീടുവീടാന്തരമുള്ള സ്കാഡ് പ്രവർത്തനം, പോസ്റ്ററുകൾ, നോട്ടീസുകൾ,ബോർഡുകൾ തുടങ്ങിയവ വിശേഷാൽ ഗ്രാമസഭയുടെ പ്രചാരണത്തനായി ഉപയോഗിച്ചിരുന്നു. 806 സ്ത്രീകടടക്കം 1927 പേർ ഗ്രാസഭകളിൽ പങ്കെടുത്തു. സ്ത്രീകളുടെ എണ്ണത്തിലും ആകെ ജനപങ്കാളിത്തത്തിലും കടമ്പറ വാർഡായിരുന്നു മുന്നിൽ. (ഗ്രാമസഭ ചേർന്നതിന്റെ വിശദരൂപം പട്ടിക 1 ൽ കൊടുത്തിരിക്കുന്നു.)

വിഷയാടിസ്ഥാനത്തിൽ തന്നെ ഗ്രാമസഭകളിൽ അംഗങ്ങളുടെ പേര് രജിസ്റ്റർ ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ 12 ഗ്രൂപ്പുകളായിത്തിരിഞ്ഞ് ചർച്ച നടത്തുകയും ചെയ്തു. ഗ്രൂപ്പുകളുടെ നിർദ്ദേശങ്ങൾ പൊതു ചർച്ചയിലൂടെ അവതരിപ്പിച്ചു. അത്യന്തം ഗൗരവവും ആവേശപൂർണ്ണവുമായ ചർച്ചകൾ എല്ലാ ഗ്രാമസഭകളിലും നടന്നു.

ഗ്രാമസഭാ റിപ്പോർട്ടുകളുടെ ക്രോഡീകരണത്തിനായി, ഗ്രാമസഭകൾതെരഞ്ഞെടുത്ത 12 വികസനമേഖലകളുടെയും പ്രതിനിധികളുടെ യോഗം, പല തവണ ചേർന്നു.

ജനകീയാസൂത്രണം രണ്ടാം-ഘട്ടം

2-11-96 ൽ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ചേർന്ന ഏകദിന ശില്പശാലയിൽ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥാനുദ്യോഗസ്ഥർ, സന്നദ്ധപ്രവർത്തകർ എന്നിവരുൾപ്പെടെ 64 പേർ പങ്കെടുത്തു. ദ്വിതീയ വിവരശേഖരണം, പഠനപര്യടനം, വികസനരേഖ തയ്യാറാക്കൽ തുടങ്ങിയവയ്ക്കായി വിവിധ കമ്മിറ്റികളെ തെരഞ്ഞെടുത്ത് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

സാങ്കേതിക വിദഗ്ധരടക്കം 13 പേരടങ്ങുന്ന പഠന പര്യടനസംഘം രണ്ട് പഠനയാത്രകൾ (transect walk) സംഘടിപ്പിച്ചു. പഞ്ചായത്തിനെ സംബന്ധിച്ച വിലപ്പെട്ട വിവരങ്ങൾ ശേഖരിക്കാൻ പ്രസ്തുത സംഘത്തിനു കഴിഞ്ഞു.

30 ഓളം സന്നദ്ധ പ്രവർത്തകർ 190 ഓളം പ്രവർത്തിദിനങ്ങൾ വികസന റിപ്പോർട്ടിന്റെ സാക്ഷാൽക്കാരത്തിന് വേണ്ടി ചെലവഴിച്ചു.

1996 ഡിസംബർ 9,13 എന്നീ തീയതികളിൽ കൂടിയ പഞ്ചായത്ത് കമ്മറ്റി വികസനറിപ്പോർട്ടിന്റെ കരട്രേഖ ചർച്ച ചെയ്യുകയും അംഗീകരിക്കുകയും ചെയ്തു.

പട്ടിക 1

വിശേഷാൽ ഗ്രാമസഭകൾ - നമ്മുടെ പഞ്ചായത്തിൽ

വാർഡ് നമ്പർ	വാർഡുകൾ	തീയതി	സമയം	സ്ഥലം	പങ്കെടുത്തവർ			ചർച്ചയിൽ പങ്കെടുത്ത വിഷയഗ്രൂപ്പുകളുടെ എണ്ണം
					പുരുഷന്മാർ	സ്ത്രീകൾ	ആകെ	
I	പുഴനാട്	25-9-'96	2 P.M.	എൽ.പി.ജി.എസ്.പുഴനാട്	105	84	189	12
II	കുന്നനാട്	23-9-'96	2 P.M.	എൽ. പി. എസ്. കുന്നനാട്	95	63	158	12
III	കടമ്പറ	2-10-'96	2 P.M.	എസ്സ്. എസ്സ്. എം. യു. പി. എസ്. പുഴനാട്	171	137	308	12
IV	കുരവറ	28-9-'96	2 P.M.	ജനാർദ്ദനപുര H.S. ഒറ്റശേഖരമംഗലം	132	106	238	12
V	ഒറ്റശേഖരമംഗലം	29-9-'96	2 P.M.	LPS ഒറ്റശേഖരമംഗലം	140	58	198	12
VI	വാളികോട്	27-9-'96	2 P.M.	ബാലവാടി, പള്ളിത്തറ	119	101	220	12
VII	പ്ലാമ്പഴിഞ്ഞി	30-9-'96	2 P.M.	ബാലവാടി, പ്ലാമ്പഴിഞ്ഞി	119	101	190	12
VIII	ആലച്ചക്കോണം	24-9-'96	2 P.M.	എസ്. എൻ.ഡി.പി. ഹാൾ ആലച്ചക്കോണം	105	102	207	12
IX	വാഴിച്ചൽ	26-9-'96	2 P.M.	കുന്തളക്കോട് കമ്മ്യൂണിറ്റിഹാൾ	130	89	219	12
					1121	806	1927	108

കഴിഞ്ഞ പദ്ധതികളുടെ പോരായ്മകൾ

എട്ട് പഞ്ചവത്സര പദ്ധതികൾ നടപ്പിലാക്കിക്കഴിഞ്ഞു. ഇപ്പോൾ 9-ാം പദ്ധതിയിലേക്ക് കടക്കുകയാണ്. പദ്ധതികളുടെ നടത്തിപ്പിലെ ചില പോരായ്മകൾ ഇവയായിരുന്നു.

- ആസൂത്രണമെന്നത് പ്രയോഗത്തിൽ വിവിധ വകുപ്പുകളുടെ പരസ്പര ബന്ധമില്ലാത്ത സ്കീമുകളായി അധ:പതിച്ചു. സ്ഥലജല വിഭവങ്ങളുടെ കഴിവുകൾ പ്രയോജനപ്പെടുത്തുന്നതിന് പകരം 'ഡിപ്പാർട്ടുമെൻറലിസ'മായിതീർന്നു ആസൂത്രണം.
- ആസൂത്രണം കേന്ദ്രീകൃതമായിരുന്നു. മാത്രവുമല്ല ഉദ്യോഗസ്ഥമേധാവിത്വപരവുമായിരുന്നു. ജനങ്ങൾക്ക് അവ സംബന്ധിച്ച തീരുമാനങ്ങളിലോ നടത്തിപ്പിലോ ഒരു പങ്കുമില്ലായിരുന്നു.
- വിഭവ പരിമിതി പരിഗണിക്കാതെ ഒരേ സമയം ഒട്ടനവധി പദ്ധതികൾ ഏറ്റെടുത്തിരുന്നു.

വികേന്ദ്രീകൃത ആസൂത്രണത്തിന്റെ പ്രത്യേകതകൾ

★ ഓരോ പ്രദേശത്തേയും പ്രകൃതിയുടെ സാദ്ധ്യതകളെയും ജനങ്ങളുടെ ആവശ്യങ്ങളെയും കണക്കിലെടുത്ത് പരിപാടികൾ ആവിഷ്കരിക്കാൻ വികേന്ദ്രീകൃത ആസൂത്രണം കൊണ്ടു മാത്രമെ കഴിയൂ.

★ പ്രാദേശികാടിസ്ഥാനത്തിൽ പദ്ധതികൾ തയ്യാറാക്കുമ്പോൾ വിവിധ മേഖലകളുടെ പരസ്പര ബന്ധം മനസിലാക്കുന്നതിനും സംയോജിതമായി വികസനപരിപാടികൾ നടപ്പിലാക്കുന്നതിനും സാധിക്കും.

★ വികസനത്തിനാവശ്യമായ വിഭവങ്ങൾ പ്രാദേശികമായി സമാഹരിക്കാൻ കഴിയും. സംഭവനകളിലൂടെയോ സന്നദ്ധ പ്രവർത്തനങ്ങളിലൂടെയോ ആകാം ഈ വിഭവ സമാഹരണം.

പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും

പഞ്ചായത്തിന്റെ പേര്	ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന റവന്യൂ വില്ലേജ്	1. ഒറ്റശേഖരമംഗലം 2. വാഴിച്ചൽ
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ:	ഒറ്റശേഖരമംഗലം
ജില്ലാ പഞ്ചായത്ത് ഡിവിഷൻ	കാട്ടാക്കട
ബ്ലോക്ക് പഞ്ചായത്ത്	പെരുങ്കടവിള
താലൂക്ക്	നെയ്യാറ്റിൻകര
ജില്ല	തിരുവനന്തപുരം
അസംബ്ലിമണ്ഡലം	നെയ്യാറ്റിൻകര
പാർലമെന്റ് മണ്ഡലം	തിരുവനന്തപുരം
വിസ്തീർണ്ണം	18.14 ച. കി.മീ
ജനസംഖ്യ	
(1991 ലെ സെൻസസ്)	17434
പുരുഷന്മാർ	8685
സ്ത്രീകൾ	8749
ജനസാന്ദ്രത	961
സാക്ഷരത	78%
അതിരുകൾ	
വടക്ക്	കള്ളിക്കാട്, അമ്പൂരി പഞ്ചായത്തുകൾ.
തെക്ക്	ചിറ്റാർ, ആര്യങ്കോട് പഞ്ചായത്ത്
കിഴക്ക്	ചിറ്റാർ, ആര്യങ്കോട് വെള്ളറട പഞ്ചായത്തുകൾ
പടഞ്ഞാറ്	നെയ്യാർ
വാർഡുകൾ	9
പ്രസിഡൻറ്	പി.അപ്പുക്കുട്ടൻപിള്ള
വൈസ് പ്രസിഡൻറ്	ഐ.സെയ്നുലാബ്ദീൻ
സ്റ്റാൻഡിംഗ് കമ്മിറ്റി	
ചെയർമാൻ	പി. കുട്ടപ്പൻ
സെക്രട്ടറി	എസ്. സാനുമതി

1953 - ൽ ഒറ്റശേഖരമംഗലം പഞ്ചായത്ത് നിലവിൽ വന്നു. അന്ന് ഈ പഞ്ചായത്ത് ഇന്നത്തെ കള്ളിക്കാട് പഞ്ചായത്തും അമ്പൂരി പഞ്ചായത്തിന്റെ ചില ഭാഗങ്ങളും കൂടിചേർന്നതായിരുന്നു. കിഴക്ക് അഗസ്ത്യാർകൂടം മുതൽ പടിഞ്ഞാറ് നെയ്യാർ വരെയും വടക്ക് തേവൻകോട് മുതൽ തെക്ക് ചിറ്റാർവരെയും (53 ച. മൈൽ) വ്യാപിച്ചു കിടന്നു. ശ്രീ. പീരുസ സാഹിബ് വാടകഫീസില്ലാതെ നല്കിയകെട്ടിടത്തിൽ പുഴനാടാണ് പഞ്ചായത്താഫീസ് പ്രവർത്തനം ആരംഭിച്ചത്. 1962 - ൽ മണ്ഡപത്തിൽ കടവിൽ ശ്രീ. രാമകൃഷ്ണപിള്ള വാടക ഫീസില്ലാതെ നല്കിയ കെട്ടിടത്തിലേക്ക് പ്രവർത്തനം മാറ്റി.

1963 - ൽ പഞ്ചായത്തിനെ വിഭജിച്ച് കള്ളിക്കാട് പഞ്ചായത്ത് രൂപംകൊണ്ടു. 1968 - ൽ ശ്രീ. വീരണാകാവ് രാമവാര്യർ സംഭാവന ചെയ്ത സ്ഥലത്ത് ഇന്നു കാണുന്ന കെട്ടിടം പണിത് പ്രവർത്തനമാരംഭിച്ചു.

1953 - ൽ ഒറ്റശേഖര മംഗലം പഞ്ചായത്ത് രൂപീകരിച്ചതു മുതലുള്ള ഭരണസമിതി വിവരങ്ങൾ താഴെ ചേർക്കുന്നു. ഈ പഞ്ചായത്തിന്റെ ഒന്നാമത്തെ പ്രസിഡൻറ് ശ്രീ. ആർ. ജനാർദ്ദനൻ നായരും വൈസ്പ്രസിഡൻറ് ശ്രീ. കെ. എൻ. കേശവപ്പണിക്കരുമായിരുന്നു.

I 1953-1963 വാർഡ് മെമ്പർ

വാർഡ്	
1. കള്ളിക്കാട്	കള്ളിക്കാട് വേലുപ്പിള്ള
2. മൈലക്കര	കെ. എൻ. കേശവപ്പണിക്കർ
3. പുഴനാട്	പുഴനാട് വേലുപ്പിള്ള
4. കുന്നനാട്	കെ. ഗോവിന്ദപ്പിള്ള
5. കുരവറ	ആർ. ജനാർദ്ദനൻ നായർ
6. വാളിക്കോട്	വേലായുധപ്പണിക്കർ
7. പട്ടികജാതി സംവരണം	കെ. കൊച്ചു ചെറുക്കൻ
പ്രസിഡൻറ്	ആർ. ജനാർദ്ദനൻ നായർ
വൈസ് പ്രസിഡൻറ്	കെ. എൻ. കേശവപ്പണിക്കർ

II 1963-1979

1. പുഴനാട്	വി. ചെല്ലപ്പൻ
2. കുന്നനാട്	കെ. ഗോവിന്ദപ്പിള്ള
3. കുരവറ	വേലായുധൻ നായർ
4. വാളിക്കോട്	കുഞ്ഞുകൃഷ്ണപിള്ള
5. ഒറ്റശേഖരമംഗലം	ആർ. ജനാർദ്ദനൻ നായർ
6. വാഴിച്ചൽ	കെ. എൻ. മാധവൻ ശാസ്ത്രി
പട്ടികജാതി സംവരണം	ആർ. കൊച്ചു ചെറുക്കൻ
വനിതാ നോമിനേറ്റഡ്	ഡി. വിക്ടോറിയ
പ്രസിഡൻറ്	ആർ. ജനാർദ്ദനൻ നായർ
വൈസ് പ്രസിഡൻറ്	വി. ചെല്ലപ്പൻ

കുഞ്ഞുകൃഷ്ണപിള്ള വേലായുധൻ നായർ എന്നിവർ രാജി വച്ചതിനെ തുടർന്ന് ഈ സ്ഥാനങ്ങളിലേക്ക് യഥാക്രമം പി. സുകുമാരൻനായർ എൻ. ബാലകൃഷ്ണൻ നായർ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

ഈ കമ്മിറ്റി 12.8.79 വരെ തുടർന്നു. 12.8.79 മുതൽ 28.9.79 വരെ സ്പെഷ്യൽ ആഫീസർ ഭരണത്തിലായിരുന്നു

III 1979- 1984

1.	പൂഴനാട്	എൽ.എ. ജോൺ ഗിൽബർട്ട്
2.	കുന്നനാട്	വി. സോമൻ കുട്ടിനായർ
3	കുരവറ	എൻ. സുരേന്ദ്രൻ
4	ഒറ്റശേഖരമംഗലം -	ആർ. ജനാർദ്ദനൻ നായർ
5	വാളികോട്	ഡി. തങ്കയ്യൻ (പട്ടികജാതി സംവരണം)
6	പ്ലാമ്പഴിഞ്ഞി	എൽ. സരോജിനി അമ്മ (വനിതാസംവരണം)
7	ആലച്ചക്കോണം -	ജി. കൃഷ്ണൻ നായർ
8	വാഴിച്ചൽ	എൻ. കൃഷ്ൻകുട്ടി
പ്രസിഡൻറ്		വി. സോമൻകുട്ടി നായർ
വൈസ്പ്രസിഡൻറ് -		ഡി. തങ്കയ്യൻ

24.10.84 മുതൽ 30.1.1988 വരെ വീണ്ടും സ്പെഷ്യൽ ആഫീസർ ഭരണത്തിൻ കീഴിലായി.

IV 1988 - 1995

1.	പൂഴനാട്	എ. രാമചന്ദ്രൻ നായർ
2.	കുന്നനാട്	പി. ജഗദമ്മ (വനിതാ സംവരണം)
3.	കടമ്പറ	പി. വിജയൻ
4.	കുരവറ -	എൻ. ജഗന്നാഥൻ നായർ
5.	ഒറ്റശേഖരമംഗലം -	എൻ. രത്നകുമാരി (വനിതാ സംവരണം)
6.	വാളികോട്	ഡി. തങ്കയ്യൻ (പട്ടികജാതി സംവരണം)
7.	പ്ലാമ്പിഴിഞ്ഞി	ആർ. ജനാർദ്ദനൻ നായർ
8.	ആലച്ചക്കോണം -	പി. കെ. ശശി
9	വാഴിച്ചൽ	വാഴിച്ചൽ തോമസ്
പ്രസിഡൻറ്		പി. കെ. ശശി
വൈസ് പ്രസിഡൻറ്		ഡി. തങ്കയ്യൻ

സർക്കാർ ഉദ്യോഗം ലഭിച്ചതിനെ തുടർന്ന് വിജയൻ രാജിവച്ചു. ആർ. ജനാർദ്ദനൻ നായർ ഈ കാലയളവിൽ യശ്ശ:ശരീരനായി. ഈ വാർഡുകളിൽ ഉപതെരഞ്ഞെടുപ്പ് നടന്നില്ല.

V 1995 നിലവിൽ വന്ന ഇപ്പോഴത്തെ കമ്മിറ്റി

1.	പൂഴനാട്	സി. ലീലാബായ് (വനിതാ സംവരണം)
2.	കുന്നനാട്	എം. ബാലകൃഷ്ണൻ
3.	കടമ്പറ	ഐ. സെയ്നുലാബ്ദീൻ
4	കുരവറ	പി. കുട്ടപ്പൻ (പട്ടികജാതി സംവരണം)
5.	ഒറ്റശേഖരമംഗലം	പി. അപ്പുക്കുട്ടൻ പിള്ള
6.	വാളികോട്	പി. സുകുമാരൻ നായർ
7.	പ്ലാമ്പഴിഞ്ഞി	ദേവി ഭാസ്കരൻ (വനിതാ സംവരണം)
8.	ആലച്ചക്കോണം	പി. കെ. ശശി
9.	വാഴിച്ചൽ	ചന്ദ്രികാ കൃഷ്ണൻ (വനിതാ സംവരണം)
പ്രസിഡൻറ്		പി. അപ്പുക്കുട്ടൻ പിള്ള
വൈസ് പ്രസിഡൻറ്		ഐ. സെയ്നുലാബ്ദീൻ
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ		പി. കുട്ടപ്പൻ

പഞ്ചായത്തതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന സർക്കാരാഫീസുകൾ:-

വില്ലേജാഫീസ്, കൃഷിഭവൻ, മൃഗാശുപത്രി, ഇലക്ട്രിസിറ്റി ഓവർസിയർ ആഫീസ്, പൂഴനാട് പ്രൈമറി ഹെൽത്ത് സെൻറർ, പഞ്ചായത്താഫീസ്, കുടുംബക്ഷേമകേന്ദ്രങ്ങൾ, സബ്പോസ്റ്റാഫീസുകൾ, വി. ഇ. ഒ. ആഫീസ്, ICDP സബ്സെൻററുകൾ, ആയുർവേദാശുപത്രി, ബാംബു കോർപ്പറേഷൻ ഡിപ്പോ, സബ്രജിസ്റ്ററാഫീസ്, വാട്ടർ സപ്ലേ പമ്പ്ഹൗസ്, മണ്ണ് സംരക്ഷണയൂണിറ്റാഫീസ്, ദേവസ്വം സബ് ഗ്രൂപ്പ് ആഫീസ്.

സാമൂഹ്യ സാംസ്കാരിക - രാഷ്ട്രീയ ചരിത്രം

ഒറ്റശേഖരമംഗലത്തിൻെറ ചരിത്രം ഐതിഹ്യവും യാഥാർത്ഥ്യവും ഇഴചേർന്നതാണ്. പുരാണ കഥാപാത്രമായ 'ഖരൻ' പ്രതിഷ്ഠ നടത്തിയ ശിവക്ഷേത്രമാണ് 'ഒറ്റശേഖരമംഗല'മെന്ന പേരിൻെറ ഉല്പത്തിക്ക് കാരണമെന്നാണ് ഐതിഹ്യം. ഉജ്വല ശക്തി ചൈതന്യം ത്രസിച്ചു നിന്നിരുന്ന 'ഒറ്റശേഖര'ൻെറ ദേശം എന്ന അർത്ഥത്തിലാണ് ഈ പ്രദേശത്തിന് 'ഒറ്റശേഖരമംഗല'മെന്ന പേരു സിദ്ധിച്ചതെന്ന് പഴമക്കാർ പറയുന്നു.

ഇന്നത്തെ പൂഴനാട് വാർഡിലുൾപ്പെട്ട പുകിലന്തറ ശാസ്താക്ഷേത്രത്തിൽ നിന്നും കുഴിച്ചെടുത്ത ക്ഷേത്രാവശിഷ്ടങ്ങൾക്ക് 1000 വർഷത്തിലധികം പഴക്കമുണ്ടെന്ന് പുരാവസ്തു ഗവേഷകർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഉദ്ദേശം 500 വർഷങ്ങൾക്ക് മുമ്പ് വേണാടിനെ ആക്രമിച്ച 'മുകില'നും സൈന്യവും പടയോട്ടം നടത്തി അംബാസമുദ്രം വഴി കോട്ടൂരെത്തുകയും അവിടെ നിന്ന് കള്ളിക്കാട് വഴി പ്രകൃതിരമണീയവും വിസ്തൃതവുമായിരുന്ന ഈ സ്ഥലത്ത് എത്തുകയും താവളമടിക്കുകയും ചെയ്തുവെന്ന് വിശ്വസിക്കപ്പെടുന്നു. മുകിലൻ വന്ന് താവളമിട്ടതുകൊണ്ട് ഈ സ്ഥലത്തിന് 'മുകിലൻതറ' എന്ന പേരു വന്നു. കാലക്രമത്തിൽ ഈ വായ്മൊഴിക്ക് മാറ്റം

വന്നാണ് പുകിലന്തറയായി തീർന്നതെന്ന് അനുമാനിക്കാം. ഓരോ സ്ഥലനാമങ്ങൾക്കും ഇത്തരത്തിലുള്ള കഥകൾ പറയാനുണ്ടാകും. ഇക്കാര്യങ്ങൾ വിരൽ ചൂണ്ടുന്നത് ഒറ്റശേഖരമംഗലം പ്രാചീനകാലം മുതൽക്കെ ഒരു ജനവാസകേന്ദ്രമായിരുന്നുവെന്നാണ്.

പൂഴനാട് മുസ്ലീംപള്ളിക്കും, കുന്നനാട് ക്രൈസ്തവൻ ദേവാലയത്തിനും മണ്ട് നൂറ്റാണ്ടിലേറെപ്പഴക്കമുണ്ടെന്ന് പറയപ്പെടുന്നു. മതപരമായ സഹിഷ്ണുതയും യോജിപ്പും വളരെ മുമ്പുമുതൽക്കെ നിലനിന്നുവെന്നുള്ളത് ജനങ്ങളുടെ സംസ്കാര സമ്പന്നതക്ക് നിദർശനമാണ്.

ഈ പഞ്ചായത്തിന്റെ കിഴക്കൻ മേഖല റിസർവ്വ് വനവും കാണിപ്പറ്റ് പ്രദേശമുൾപ്പെട്ടതുമായിരുന്നു. വന്യമൃഗങ്ങളുടെ ആക്രമണം നിത്യസംഭവമായിരുന്നു. 1950 കൾക്ക് ശേഷം ഈ വനഭൂമി ചെറുകിട റബ്ബർ തോട്ടങ്ങൾക്ക് വഴിമാറിക്കൊടുത്തു.

മസൂരി, മലമ്പനി മുതലായവ മഹാമാരികൾ 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിലെ പ്രധാന ആരോഗ്യപ്രശ്നങ്ങളായിരുന്നു. കൊല്ലവർഷം 1108 - ൽ ഈ പ്രദേശത്ത് മലമ്പനി പടർന്നു പിടിച്ചിരുന്നു. മലമ്പനിക്ക് കൊയ്നാ കൊണ്ടു പോകാനായി പണികഴിപ്പിച്ച റോഡ് ഇന്നും ഈ പഞ്ചായത്തിലെ പ്രധാന റോഡുകളിലൊന്നാണ് തിരുവിതാംകൂർ മഹാരാജാവായിരുന്ന ശ്രീ ചിത്തിര തിരുനാൾ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാൻ ഈ പ്രദേശത്തെത്തിയിരുന്നു. ഇതിലേക്കായി ആലച്ചക്കോണത്ത് സ്ഥാപിച്ച മലേറിയ ഡിസ്പൻസറിയാണ് ഇന്നത്തെ പൂഴനാട് സർക്കാർ ആശുപ്രതി.

ഒരാഴ്ചക്കാലം നീണ്ടുനിന്ന, ME. 1108 ലുണ്ടായ വെള്ളപ്പൊക്കം നദികളാൽ ചുറ്റപ്പെട്ട ഈ പ്രദേശത്തിനുണ്ടാക്കിയ ദുരിതം ചില്ലറയല്ല.

1950 കൾ വരെ ഈ പഞ്ചായത്തിലെ 90 ശതമാനം ഭൂമിയും ജനസംഖ്യയുടെ 5 ശതമാനത്തോളം വരുന്ന, നായർ - നമ്പൂതിരി സമുദായങ്ങളിലെ, ധനിക കൃഷിക്കാരുടെ കൈവശമായിരുന്നു. ഭൂപരിഷ്കരണ നിയമവും മക്കത്തായ രീതിയിലുള്ള ഭാഗം വയ്ക്കലും ഭൂവികേന്ദ്രീകരണത്തിന്റെ ഗതിവേഗം വർദ്ധിപ്പിച്ചു. ഭൂരഹിതരായ അനേകം കർഷകത്തൊഴിലാളികൾക്കും മറ്റ് അധ:സ്ഥിതർക്കും ഇതുമൂലം ഭൂമി ലഭിച്ചു. ഇന്ന് അഞ്ചേക്കറിലധികം ഭൂമിയുള്ളവരുടെ എണ്ണം വിരലിലെണ്ണാവുന്നതേ വരൂ. ഭൂവുടമാ ബന്ധങ്ങളിൽ വന്ന മാറ്റം ഈ നാട്ടിലെ ബഹുഭൂരിപക്ഷം വരുന്ന ദരിദ്ര കൃഷിക്കാരുടേയും കർഷകത്തൊഴിലാളികളുടെയും വിലപേശൽ കഴിവ് ഉയർത്തി.

ഈ പ്രദേശത്തു നിന്ന് ഉദ്ദേശം 11 കിലോമീറ്റർ അകലെയാണ് ശ്രീനാരായണഗുരു പ്രതിഷ്ഠാ നടത്തിയ അരുവിപ്പുറം ശിവക്ഷേത്രം. സാമൂഹ്യ നീതിക്കായുള്ള ഗുരുവിന്റെ സന്ദേശം ഈ പ്രദേശത്തെ ജനമനസ്സുകളിലും ചലനങ്ങൾ സൃഷ്ടിച്ചിരുന്നു.

ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ കൊടുങ്കാറ്റുയർന്ന 30 കളിലെ ദേശീയ പ്രബുദ്ധതയുടെ കാലഘട്ടത്തിൽ രാഷ്ട്രീയ സാമൂഹ്യപ്രസ്ഥാനങ്ങൾക്ക് ഈ ഭൂമികയും വേദിയായി. ദേശീയ പ്രസ്ഥാനമെന്ന നിലയിൽ കോൺഗ്രസും അതിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയും തുടർന്നു രൂപംകൊണ്ട കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും ഈ നാട്ടിലെ സാമൂഹ്യമാറ്റത്തിന്റെ ഗതിവേഗം വർദ്ധിപ്പിച്ചു. മാറ്റത്തിന്റെ സരണി വെട്ടിത്തുറക്കുന്നതിൽ ഈ പ്രദേശത്തെ ജനങ്ങളും തങ്ങളുടെ കടമ നിർവ്വഹിച്ചിരുന്നു.

ഹിന്ദിഭാഷാപ്രചരണം നടത്തിയിരുന്ന ഗാന്ധിയനായ ശ്രീ. അയ്യപ്പൻ പിള്ള, സർവ്വശ്രീ. എം. ആർ. ബാലകൃഷ്ണൻനായർ, ആർ. ജനാർദ്ദനൻ നായർ, കെ. എൻ. കേശവപ്പണിക്കർ, പൂഴനാട് വേലുപ്പിള്ള തുടങ്ങിയവർ നേതൃനിരയിലേക്കുയർന്നു വന്നവരിൽ ചിലർ മാത്രമാണ്.

മലയോരം കാണിപ്പറ്റ് - കർഷകസമരങ്ങളുടെയും മിച്ച ഭൂമിസമരങ്ങളുടെയും ഈറ്റില്ലമായിരുന്നു ഈ പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങൾ. 1949-'50 കാലഘട്ടത്തിൽ ഭൂരിഹിത കർഷകർ ഭൂമിക്ക് വേണ്ടി കർഷകസംഘത്തിന്റെ നേതൃത്വത്തിൽ നടത്തിയ പോരാട്ടം വൻ ജനമുന്നേറ്റത്തിന് സാക്ഷ്യം വഹിച്ചു. നിരവധി കർഷകർക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം ലഭിച്ചു. സർവ്വശ്രീ എം. ആർ. ബാലകൃഷ്ണൻ നായർ, കള്ളിക്കാട് ഗംഗൻ, അവണാകുഴി സദാശിവൻ, ഫക്കീർഖാൻ, ആർ. ജനാർദ്ദനൻ നായർ തുടങ്ങിയവരാണ് അതിന് നേതൃത്വം വഹിച്ചത്. കർഷകത്തൊഴിലാളികൾക്ക് കൂലി വർദ്ധനവിനും അയിത്തോച്ചാടനത്തിനും മറ്റ് അവകാശങ്ങൾക്കും വേണ്ടിയുള്ള എണ്ണമറ്റ പോരാട്ടങ്ങൾ കമ്മ്യൂണിസ്റ്റ് പാർട്ടിയുടേയും മറ്റും നേതൃത്വത്തിൽ നടന്നു.

ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ നിമിത്തം വിദ്യാഭ്യാസ പിന്നോക്കാവസ്ഥ നിലനിന്നിരുന്ന ഈ പഞ്ചായത്തിൽ 1957 - ൽ സ്ഥാപിച്ച ഒറ്റശേഖരമംഗലം ഹൈസ്കൂൾ (ഇന്നത്തെ ജനാർദ്ദനപുരം എച്ച് എസ്.) നാടിന്റെയും സമീപസ്ഥമായ അഞ്ചു പഞ്ചായത്തുകളുടേയും വിദ്യാഭ്യാസ മണ്ഡലത്തിൽ വരുത്തിയ പരിവർത്തനം അനിർവചനീയമാണ്.

1948 ൽ ഒറ്റശേഖരമംഗലത്ത് ആദ്യത്തെ അഞ്ചലാഫീസ് സ്ഥാപിച്ചു. ശ്രീ. കൃഷ്ണപിള്ളയായിരുന്നു പോസ്റ്റ്മാസ്റ്റർ. ശ്രീ. വേലായുധൻ പിള്ളയായിരുന്നു ആദ്യത്തെ അഞ്ചലോട്ടക്കാരൻ.

ഐക്യകേരളം രൂപപ്പെട്ടതിനെത്തുടർന്ന് 1957 -ൽ നടന്ന ആദ്യത്തെ അസംബ്ലി തെരഞ്ഞെടുപ്പിൽ നെയ്യാറ്റിൻകര മണ്ഡലത്തിൽ നിന്നു തെരഞ്ഞെടുക്കപ്പെട്ട ശ്രീ. ആർ. ജനാർദ്ദനൻ നായരും 1971 - ൽ ഈ മണ്ഡലത്തെ പ്രതിനിധീകരിച്ച ശ്രീ. ആർ. പരമേശ്വരൻ പിള്ളയും ഈ പഞ്ചായത്തിൽ താമസക്കാരും നാടിന്റെ വികസന പ്ര

വർത്തനത്തിൽ നിർണായക പങ്കു വഹിച്ചവരുമാണെന്ന വസ്തുത നമ്മുടെ ജനാധിപത്യ ചരിത്രത്തിൽ ചിരസ്മരണീയമാണ്.

ഇല്ലായ്മകൾ മാത്രമുണ്ടായിരുന്ന ഇന്നലെകളിൽ നിന്നും ഈ നൂറ്റാണ്ടിന്റെ ഒടുവിലെത്തുമ്പോൾ എടുത്തു പറയാൻ കഴിയുന്ന ഒട്ടേറെ വികസനങ്ങൾ നമുക്ക് സാദ്ധ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രയത്നശാലികളും പുരോഗമനേച്ഛരുക്കളുമായിരുന്ന മുൻഗാമികളുടെ സ്മരണയിൽ നമുക്ക് അഭിമാനം കൊള്ളാം. എങ്കിലും വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾക്കനുസരിച്ച് നമുക്ക് നേട്ടങ്ങൾ കൈവരിക്കാൻ കഴിയാത്തതും ഉല്പാദനവും വിതരണവും നീതിപൂർവ്വകമല്ലാതിരുന്നതും പുതിയ പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഇന്നത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടത് നാം തന്നെയാണ്.

1997 ഏപ്രിലിൽ ആരംഭിക്കുന്ന 9-ാം പദ്ധതി നമ്മുടെ പ്രശ്നങ്ങൾക്ക് കാര്യമായ മാറ്റം വരുത്തുമെന്ന് പ്രത്യാശിക്കാം.

പഞ്ചായത്തിന്നഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

കാർഷിക ഉല്പാദന മേഖലയിലുണ്ടായ മുരടിപ്പ് (ഭക്ഷ്യവിളകളിൽ നിന്നും റബ്ബർ പോലുള്ള ദീർഘ കാല വിളകളിലേക്കുള്ള മാറ്റം).

- നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന പരമ്പരാഗത കുടിൽ വ്യവസായങ്ങൾ

ലാഭകരമല്ലാത്ത ചെറുകിട വ്യവസായങ്ങൾ.

- രൂക്ഷമായ തൊഴിലില്ലായ്മ.

വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരത്തകർച്ച.

ഇത്തരം കടമ്പകൾ കടന്ന് നമ്മുടെ ജനതയെ പുരോഗതിയിലേക്ക് നയിക്കണമെങ്കിൽ നാം പ്രാവർത്തികമാക്കേണ്ട അടിയന്തിര പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്.

ദരിദ്രരേഖയ്ക്ക് താഴെക്കിടക്കുന്നവരെ രേഖയ്ക്ക് മുകളിൽ കൊണ്ടുവരുക.

തൊഴിൽ അവസരം വർദ്ധിപ്പിക്കുക.

അധ്വാനത്തോടുള്ള മനോഭാവം മാറ്റുക.

കാർഷികവും വ്യാവസായികവുമായ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക.

വിതരണം സമതുലിതവും നീതിപൂർവ്വകവും ആക്കുക.

വികസനത്തിന് സ്ഥായിതം നല്കുക - പരിസരതകർച്ച തടയുക

- ആരോഗ്യ വിദ്യാഭ്യാസാദി സേവനങ്ങൾ മെച്ചപ്പെടുത്തുക. ●

"കാറ്റുമാറി വീശിയൊരിക്കാലമറിഞ്ഞ്
ഒത്തുചേർന്നു പുത്തൻ നാട് പണിതെടുക്കുക നാം
ഞാറ്റുപാട്ടും തേക്കുപാട്ടും പൊങ്ങി കേൾക്കട്ടെ
മൺതരിയും മാലോകരും പൊട്ടിച്ചിരിക്കട്ടെ"

ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

(അവലംബം: പഠന പര്യടനം, ദ്വിതീയ വിവരശേഖരണം)

തികച്ചും നിമ്നോന്നതമായ ഭൂപ്രകൃതിയുള്ള ഒറ്റ ശേഖരമംഗലം 3-ാം കാർഷിക മേഖലയായ സതേൺ മിഡ്‌ലാൻറ്സോണിൽ ഉൾപെടുന്നു. പ്രധാനമായും ഭൂപ്രകൃതിയെ '5' മേഖലകളായി തിരിക്കാം.

1. കുന്നുകൾ
2. പീഠഭൂമികൾ
3. ചെരിവുപ്രദേശങ്ങൾ
4. താഴ്വരകൾ
5. ചതുപ്പു നിലങ്ങൾ.

ഇവയിൽ ഓരോന്നിനേറയും വിസ്തൃതി താഴെ കൊടുക്കുന്നു.

പട്ടിക - 2

തരം	വിസ്തീർണ്ണം (ഹെക്ടർ)	ശതമാനം
1. കുന്നുകൾ	348.78	19
2. പീഠഭൂമികൾ	532.35	29
3. ചരിവ് പ്രദേശങ്ങൾ	587.42	32
4. താഴ്വരകൾ	330.42	18
5. ചതുപ്പു നിലങ്ങൾ	36.71	2
ആകെ	1835.68	100

I. കുന്നിൻ പ്രദേശങ്ങൾ

മൊത്തം വിസ്തൃതിയുടെ 29 ശതമാനത്തോളം വരുന്ന ഈ കുന്നുകളാണ് പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശം. ഇത് സമുദ്രനിരപ്പിൽ നിന്ന് ഏകദേശം 120 മീറ്ററിലധികം ഉയരത്തിൽ സ്ഥിതി ചെയ്യുന്നു. മുമ്പ് ഈ പ്രദേശം വനഭൂമിയായിരുന്നു. പ്ലാമ്പഴിഞ്ഞി, വാഴിച്ചൽ വാർഡുകളിലെ ചില പ്രദേശങ്ങളിൽ ഇപ്പോഴും കരിമണ്ണ് കാണപ്പെടുന്നു. മണ്ണ് സംരക്ഷണം ഇല്ലാത്തതിനാൽ ഉപരിതല മൺപരപ്പിൻെറ കട്ടി കുറവാണ്. പല ഭാഗങ്ങളിലും പാറ തെളിഞ്ഞ് കൃഷിയോഗ്യമല്ലാതെ കിടപ്പുണ്ട്. കല്ലുപാറ ക്കുഴി പ്രദേശത്ത് ഗ്രാനൈറ്റ് നിക്ഷേപം ഉള്ളതായി കാണുന്നുണ്ട്. വൻതോതിലുള്ള ഗ്രാനൈറ്റ് ഖനനം, മണ്ണൊലിപ്പ്, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ തുടങ്ങിയ പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകുന്നു. ഭൂരിഭാഗം പ്രദേശങ്ങളിലും വെട്ടുകൽ മണ്ണാണ്. ഇവിടത്തെ പ്രധാന വിള റബ്ബറാണ്. തെങ്ങ്, മാവ്, പ്ലാവ് തുടങ്ങിയ ഫലവൃക്ഷങ്ങളും ചെറിയ തോതിൽ കാണപ്പെടുന്നു. കശുമാവിൻകൃഷിക്ക് അനുയോജ്യമായ മണ്ണാണ് ഇവിടുള്ളത്. ജലസംഭരണത്തിനുള്ള മാർഗങ്ങൾ അവലംബിച്ചിട്ടില്ലാത്തതിനാൽ മഴവെള്ളം താഴ്ന്ന പ്രദേശങ്ങളിലേയ്ക്ക് ഒഴുകിപോകുന്നു. അത് ഈ പ്രദേശത്ത് ജലദൗർലഭ്യത്തിന് കാരണമാകുന്നു. പ്ലാമ്പഴിഞ്ഞി വാർഡിലെ 'ഉരിയരിക്കുന്നാ'ണ് ഏറ്റവും ഉയർന്ന കുന്നിൻ പ്രദേശം.

II. പീഠഭൂമികൾ

കുന്നുകൾക്ക് സമാന്തരമായി പീഠഭൂമികളുള്ളത് ഇവിടത്തെ ഭൂപ്രകൃതിയുടെ പ്രത്യേകതയാണ്. ഇത് മൊത്തം ഭൂവിസ്തൃതിയുടെ 29 ശതമാനത്തോളം വരും. ഇതിന് സമുദ്രനിരപ്പിൽ നിന്ന് ഏതാണ്ട് 100 മീറ്ററിലധികം ഉയരമുണ്ട്. ചരൽകലർന്ന വെട്ടുകൽ മണ്ണാണ് ഈ ഭാഗത്ത് കൂടുതലായുള്ളത്. മൺപുതപ്പിന് താരതമ്യേന കട്ടികൂടുതലായതിനാൽ ഈ ഭാഗങ്ങളിൽ മഴവെള്ളം കിനിഞ്ഞിറങ്ങുന്നുണ്ട്. മണ്ണ് സംരക്ഷണം ഇല്ലാത്തതിനാൽ തലനിരപ്പ്, വട്ടകക്കുഴി ഭാഗത്ത് മണ്ണൊലിപ്പ് കൂടുതലാണ്. കൂടാതെ കുന്തളക്കോട്, ഞാലിക്കുന്ന്, മേമലക്കുന്ന്, പാലോട്ടുകോണം, കയക്കോണത്തുകുഴി പ്രദേശങ്ങളിലും മണ്ണൊലിപ്പിൻെറ പ്രശ്നങ്ങളുണ്ട്. കടമ്പറ, പുഴനാട്, ആലച്ചക്കോണം, വാഴിച്ചൽ, ഒറ്റശേഖരമംഗലം, പ്ലാമ്പഴിഞ്ഞി തുടങ്ങിയ വാർഡുകളിലെ ഉയർന്ന പീഠഭൂമി പ്രദേശങ്ങളിൽ വേനൽക്കാലത്ത് ജലക്ഷാമം അനുഭവപ്പെടുന്നു.

ഈ പ്രദേശത്തെ 80 ശതമാനം ഭൂമിയിലും റബ്ബറാണ് പ്രധാന കൃഷി. മരച്ചീനി അപൂർവ്വമായി മാത്രം കൃഷി ചെയ്യുന്നുണ്ട്. തെങ്ങ്, കശുമാവ്, മാവ്, പ്ലാവ്, കുരുമുളക് തുടങ്ങിയ വിളകൾ വീടുകൾക്ക് സമീപമുള്ള സ്ഥലങ്ങളിൽ മാത്രം കൃഷി ചെയ്തുവരുന്നു.

III. ചരിവ് പ്രദേശങ്ങൾ

മൊത്തം ഭൂമിയുടെ 32 ശതമാനത്തോളം വരുന്ന ഈ പ്രദേശമാണ് താഴ്വരകളേയും പീഠഭൂമികളേയും തമ്മിൽ വേർതിരിക്കുന്നത്. ഇതിൽ മൊത്തം ഭൂമിയുടെ 80 ശതമാനവും കുത്തനെയുള്ള ചരിവുകളാണ്. ബാക്കി ഇടത്തരം ചരിവുകളാണ്. ചരൽ കലർന്ന ചെമ്മണ്ണാണ് പൊതുവേ കണ്ടുവരുന്നത്. 80 ശതമാനവും റബ്ബറാണ് ഇവിടത്തെ വിള. അപൂർവ്വമായി തെങ്ങ്, മരച്ചീനി കാച്ചിൽ, കുരുമുളക് മുതലായവും കൃഷി ചെയ്യുന്നുണ്ട്. കുത്തനെയുള്ള ചരിവുപ്രദേശങ്ങളിൽ പ്ലാറ്റ്ഫോമുകളുണ്ടാക്കി റബ്ബർകൃഷി ചെയ്യുന്നതിനാൽ മണ്ണൊലിപ്പ് ഒരു പരിധിവരെ തടയാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ പ്ലാമ്പഴിഞ്ഞി, വാഴിച്ചൽ, ആലച്ചക്കോണം, പുഴനാട്, കടമ്പറ വാർഡുകളിലെ ചില ഭാഗങ്ങളിൽ മണ്ണൊലിപ്പ് സംഭവിക്കുന്നുണ്ട്.

IV. താഴ്വര

പഞ്ചായത്തിലെ 18 ശതമാനം ഭൂപ്രദേശം താഴ്വരയാണ്. രണ്ട് തരത്തിലുള്ള താഴ്വരപ്രദേശങ്ങളാ

ണിവിടുള്ളത്. നെയ്യാറിന്റേറയും ചിറ്റാറിന്റേറയും തീര പ്രദേശങ്ങളും, കുന്നുകൾക്കിടയിലും പീഠഭൂമികൾക്കിടയിലുമായി താഴ്വരകളും കാണപ്പെടുന്നു. ഈ ഭാഗങ്ങളിൽ കൂടുതലും നെൽപ്പാടങ്ങളാണ്. ഇതിനെ പ്രാദേശികമായി ''ഏലായ്'' കളെന്ന് വിളിക്കുന്നു. ഏലാകളിൽ നെൽക്കൃഷിക്കനുയോജ്യമായ പശിമരാശി മണ്ണാണ്. കടമ്പറ, കുരവറ, ഒറ്റശേഖര മംഗലം, പ്ലാമ്പഴിഞ്ഞി എന്നീ വാർഡുകളിലെ നദീതടപ്രദേശങ്ങളിൽ എക്കൽ അടിഞ്ഞ ഫലഭൂയിഷ്ടമായ മണ്ണാണ്. ഇണ്ടന്നൂർ, പൂന്തോട്ടം, ആറ്റൂർ തുടങ്ങിയ സ്ഥലങ്ങളിൽ കളിമണ്ണ് ധാരാളമായി കാണപ്പെടുന്നു. അടുത്ത കാലത്ത് ഇവിടങ്ങളിൽ ഇഷ്ടിക വ്യവസായം ആരംഭിച്ചിട്ടുണ്ട്. നദികളിലേയും, തോടുകളിലേയും മണലൂറ്റ് മണ്ണിടിച്ചിലിന് കാരണമാകുന്നുണ്ട്. മഴക്കാലത്ത് ലഭിക്കുന്ന വെള്ളം ഏതാണ്ട് പൂർണ്ണമായും നദികളിലേക്ക് ഒഴുകി പോകുന്നുണ്ട്. വയലുകളിൽ മരച്ചീനി, ഇഞ്ചി, ഗ്രാമ്പൂ, വാഴ എന്നിവയും കൃഷി ചെയ്യുന്നുണ്ട്. വയലുകൾ നികത്തി കെട്ടിടങ്ങൾ വയ്ക്കുന്ന പ്രവണതയും തെങ്ങുവയ്ക്കുന്ന രീതിയും വളരെയധികം കണ്ടു വരുന്നു. റബ്ബർ നഴ്സറികൾ അധികമായി കണ്ടു വരുന്നു.

V. ചതുപ്പ് നിലങ്ങൾ

വാളികോട്, ഒറ്റശേഖരമംഗലം, പ്ലാമ്പഴിഞ്ഞി എന്നീ വാർഡ് പ്രദേശങ്ങളിലും കുന്നനാട് വാർഡിൽ കുറ്ററ, ചേനാട് ഭാഗങ്ങളിലും ചതുപ്പ് നിലങ്ങൾ കാണപ്പെടുന്നു.

നികത്തുന്ന വയലുകൾക്ക് മുകളിലുള്ള വയലുകളിലെ വെള്ളം ഒഴുകുന്നതിന് സ്വാഭാവികമായിട്ടുണ്ടാകുന്ന തടസ്സമാണിതിനു കാരണം. ഗിരിജൻ സെറ്റിൽമെൻറ് പ്രദേശമായ പെരുംകുന്നത്ത് ഉദ്ദേശം രണ്ട് ഏക്കറോളം ഭൂമി നാലുഭാഗത്തുമുള്ള ചരിഞ്ഞ പ്രദേശങ്ങളിൽ നിന്നുള്ള വെള്ളത്തിന്റെ വരവു കാരണം ചതുപ്പായി തീർന്നിട്ടുണ്ട്.

ജനപ്രകൃതി

(അവലംബം : 1991 ലെ കാനേഷുമാരി)

1991 - ലെ സെൻസസ് പ്രകാരം 17434 -ാണ് ഈ പഞ്ചായത്തിലെ ജനസംഖ്യ. ഇതിൽ 8685 പുരുഷന്മാരും 8749 സ്ത്രീകളുമാണുള്ളത്. വാർഡ് തിരിച്ചുള്ള കണക്കുകൾ പട്ടിക 3 ൽ കൊടുക്കുന്നു. ഇതിൽ മൊത്തം 6188 വീടുകളാണുള്ളത്. ചതുരശ്ര കി. മീറ്ററിന് 961 ആണ് ജനസാന്ദ്രത. ഇത് സംസ്ഥാന ശരാശരിയെക്കാൾ കൂടുതലാണ്.

പട്ടിക 3

(1991 ലെ കാനേഷുമാരി അനുസരിച്ച്)

വാർഡ്	പുരുഷന്മാർ	സ്ത്രീകൾ	ആകെ	സാക്ഷരർ		ആകെ
				പുരുഷന്മാർ	സ്ത്രീകൾ	
I	1362	1231	2597	1141	950	2091
II	821	880	1701	664	639	1303
III	846	839	1685	620	576	1196
IV	816	817	1633	678	603	1281
V	831	899	1739	668	699	1367
VI	910	962	1872	746	742	1488
VII	1186	1161	2347	917	836	1753
VIII	951	1023	1974	769	744	1513
IX	962	937	1899	767	698	1465
ആകെ	8685	8749	17434	6970	6487	13457

ഇവരിൽ 78 ശതമാനം സാക്ഷരരാണ്. ഇതിൽ 35 ശതമാനം പേർ എസ്. എസ്. എൽ. സി. പാസായവരാണ്. ഇതിൽ 4567 പുരുഷന്മാരും 771 സ്ത്രീകളും എന്തെങ്കിലും തരത്തിലുള്ള തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. ഈ പഞ്ചായത്തിൽ 221 സർക്കാർ ഉദ്യോഗസ്ഥന്മാരും 122 കച്ചവടക്കാരുമുണ്ട്. കർഷകതൊഴിലാളികൾ ഭാഗീകമായി തൊഴിലെടുക്കുന്നവരാണ്. കൃഷിയിടങ്ങൾ ഇതര ദീർഘകാലവിളകളിലേക്കു മാറിയതിനാലും റബ്ബർ പ്ലാന്റേഷൻ കാരണത്താലും കർഷകത്തൊഴിലാളികൾക്ക് വൻതോതിൽ തൊഴിലവസരങ്ങൾ നഷ്ടമാകുന്നു. ഇത് കൺസ്ട്രക്ഷൻ പോലുള്ള മറ്റു തൊഴിൽ മേഖലകളിലേക്ക് തൊഴിലെടുക്കാൻ അവരെ നിർബന്ധിതരാക്കുന്നു. ഇക്കാരണത്താലും പുതിയ തലമുറ കാർഷികവൃത്തി അന്തസ്സില്ലാത്ത ഒരു തൊഴിലായി കരുതുന്നതിനാലും കർഷകതൊഴിലാളികളുടെ എണ്ണം നാട്ടിൽ പൊതുവെ കുറഞ്ഞു വരുന്നു. തൊഴിൽ പങ്കാളിത്തത്തിൽ സ്ത്രീകളുടെ പങ്ക് കുറവാണ്.

പരമ്പരാഗത വ്യവസായ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളിലധികവും സ്ത്രീകളാണ്. ഈമേഖലയിലെ സ്ത്രീതൊഴിലാളികൾ അസംഘടിതരാണ്.

എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവരുടെ എണ്ണം 1000 - ത്തോളം ആണ്. എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യാത്ത അഭ്യസ്തവിദ്യരും ഉണ്ട്.

പേര് രജിസ്റ്റർ ചെയ്തവരിൽ തന്നെ പഠനം തുടരുന്നവരും പെയിൻറിംഗ്, ടാപ്പിംഗ് എന്നീ മേഖലകളിൽ പണിയെടുക്കുന്നവരുമുണ്ട്. ഏകദേശം 50 ഓളം പേർ സ്വകാര്യ ട്യൂട്ടോറിയൽ കോളേജിൽ ഭാഗീകമായി ജോലി ചെയ്യുന്നവരാണ്. തൊഴിലെടുക്കാൻ കഴിവുള്ളവരിൽ 60 ശത മാനംപേർ സുരക്ഷിതമായ തൊഴിലോ, തൊഴിലവസരങ്ങളോ ലഭിക്കാത്തവരാണ് വിദേശരാജ്യങ്ങളിൽ പണിയെടുക്കുന്നവർ 320-ഓളം പേരുണ്ട്. ജാതിയുടേയും മതത്തിന്റേറയും സ്വാധീനം താരതമ്യേന കുറവാണ്. ഹിന്ദുക്കൾ 57 ശതമാനവും ക്രിസ്ത്യാനികൾ 41 ശതമാ

നവും മുസ്ലീങ്ങൾ 2 ശതമാനവും ഉണ്ട്. ഇതിൽ മുസ്ലീങ്ങൾ ഒരു പ്രദേശത്തുമാത്രം ഒതുങ്ങിക്കഴിയുന്നു. മുസ്ലീം പുരുഷന്മാരിൽ ഭൂരിപക്ഷവും മത്സ്യ വിപണനരംഗത്താണ്.

തൊഴിലാളികളുടെ എണ്ണം വിവിധ മേഖലകളിൽ

പട്ടിക - 4

തൊഴിൽ	പുരുഷന്മാർ	സ്ത്രീകൾ	ആകെ	നിരക്ക്
കർഷകർ	774	25	799	
കർഷകത്തൊഴിലാളി	2541	228	2779	
മൃഗപരിപാലനം	114	8	120	
ഖനനം, പാറപൊട്ടിക്കൽ	33	10	43	
കുടിൽ വ്യവസായം	196	214	410	
കുടിലേതര വ്യവസായം	114	32	453	
കെട്ടിടനിർമ്മാണം	227	228	453	
വാണിജ്യം	227	43	270	
ഗതാഗതം, വാർത്താവിനിമം	128	7	135	
മറ്റു സേവനങ്ങൾ	453	207	660	
മൊത്തം തൊഴിലെടുക്കുന്നവർ	4817	998	5815	

ജലപ്രകൃതി

ഇരുപത്തിരണ്ടോളം കുളങ്ങളും അനുബന്ധ തോടുകളും നെയ്യാർ ഇടതുകര കനാലും നെയ്യാറും ചിറ്റാറും ചേർന്ന ഉപരിതല ജലസ്രോതസ്സാണ് ഈ പഞ്ചായത്തിലുള്ളത്. എങ്കിലും ഈ പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും മഴയെ ആശ്രയിച്ചുള്ള കാർഷിക വ്യവസ്ഥയാണ് നിലവിലുള്ളത്.

ജൂൺ - ജൂലൈ മാസങ്ങളിൽ ഇടവപ്പാതിയും ഒക്ടോബർ - നവംബർ മാസങ്ങളിൽ തുലാവർഷവും ലഭിക്കുന്നു. ഇടവപ്പാതി (തെക്കു പടിഞ്ഞാറൻ മൺസൂൺ) യിൽ നിന്ന് പ്രതിവർഷം ഏകദേശം 808 മി. മീറ്ററും തുലാവർഷത്തിൽ നിന്ന് (വടക്ക് കിഴക്കൻ മൺസൂർ) 848 മി. മീറ്ററുമാണ് മഴ കിട്ടുന്നത്. ഒരു വർഷത്തിൽ ശരാശരി ലഭിക്കുന്ന വർഷപാതം 1943 മി. മീറ്ററാണ്. എന്നാൽ നിമ്നോന്നതമായ ഭൂപ്രകൃതിയും ജലസംഭരണമാർഗങ്ങളുടെ അപര്യാപ്തതയും അധിക ജലവും പാഴായിപോകുന്നതിനിടയാക്കുന്നു.

നെയ്യാർ കനാൽ 6 കി. മീറ്ററോളം ദൂരം ഈ പഞ്ചായത്തിലൂടെ ഒഴുകുന്നു. പുഴനാട്, കുന്നനാട്, കടമ്പറ, കുരവറ, ഒറ്റശേഖരമംഗലം എന്നീ വാർഡുകളിലെ താഴ്വര പ്രദേശങ്ങൾക്കാണ് ഇതുകൊണ്ടുള്ള പ്രയോജനം. ഈ പ്രദേശത്തെ കുളങ്ങൾ നിറയ്ക്കുന്നത് ഈ ചാനൽ ജലം കൊണ്ടാണ് മറ്റ് വാർഡുപ്രദേശങ്ങൾ പൂർണ്ണമായും മഴയെ മാത്രമാണ് ആശ്രയിക്കുന്നത്. ഉപരിതല നീരുറവകൾ സംരക്ഷിക്കപ്പെടാത്തതിനാൽ മിക്ക കുളങ്ങളും വേനൽക്കാലത്ത് വറ്റുന്നു.

ഗ്രാമസഭകളിൽ നിന്നു വന്ന റിപ്പോർട്ടുകളുടെയും പഠന പര്യടനസംഘം ശേഖരിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ താഴ്വരകളിൽ 4 മീറ്റർ താഴ്ചയിൽ ജലം ലഭിക്കുന്നുണ്ട്. എന്നാൽ പീഠപ്രദേശങ്ങളിൽ 30 മീറ്റർ വരെ താഴ്ത്തിയിട്ടും ഭൂഗർഭജലം ലഭിക്കാത്ത കിണറുകളുമുണ്ട്. താഴെത്തട്ടിലെ പാറ കാരണം കുടിവെള്ളം പോലും ആവശ്യത്തിനു കിട്ടാത്ത പ്രശ്നങ്ങളുമുണ്ട്. ഭൂഗർഭജല സമ്പത്തും നീരുറവകളും സജീവമാണെങ്കിലും അതിനെ ശാസ്ത്രീയമായി ചൂഷണം ചെയ്യാൻ സാധിച്ചിട്ടില്ല.

വയലുകൾക്ക് സമീപമുള്ള ചില പ്രദേശങ്ങളിൽ ചെളി കലർന്ന ജലവും ഓരു ജലവുമാണുള്ളത്. എന്നാൽ ചെരിവ് പ്രദേശങ്ങളിലേയും പീഠഭൂമികളിലേയും ജലം ഗുണനിലവാരമുള്ളതാണ്. ●

കൃഷിയും ജലസേചനവും

(*അവലംബം:* പഠന പര്യടനം , സെറ്റിൽമെൻറ് രജിസ്റ്റർ, കൃഷിഭവൻ രേഖകൾ.)

പരമ്പരാഗത കാർഷികമേഖലയാണ് ഒറ്റശേഖര മംഗലം പഞ്ചായത്ത്. ഇന്ന് നമ്മുടെ പഞ്ചായത്തിൽ 11.52 ശതമാനം (211.5227 ഹെക്ടർ) ആണ് തരിശ് ഭൂമി. അതിൽതന്നെ 195.6839 ഹെക്ടർ പുറമ്പോക്ക് ഭൂമിയും ; 50083 ഹെക്ടർ പാറത്തരിശും ആണ്. കൃഷിയോഗ്യമായ തരിശ്ഭൂമി 10.83 ഹെക്ടർ മാത്രമാണ്. ഭൂമി സബന്ധിച്ച വിവരങ്ങൾചുവടെ ചേർക്കുന്നു.

പട്ടിക - 5

ഇനം	വിസ്തീർണ്ണം ഹെക്ടർ
നിലം	179.5298
പുരയിടം	1444.6211
പുറമ്പോക്ക് ഭൂമി	195.6839
തരിശ്	15.8388
ആകെ	1835.6736

1950 കളുടെ അവസാനത്തിൽ നിലവിൽ വന്ന കുടിയായ്മാ നിയമം പാട്ട കുടിയാന്മാർക്ക് സംരക്ഷണം നൽകി 1959 - ലെ ഭൂപരിഷ്കരണനിയമം വന്നതോടെ ഭൂ ഉടമാ ബന്ധങ്ങളിൽ സാരമായ വ്യതിയാനം സംഭവിച്ചു.

ഭൂപ്രദേശങ്ങൾ തുണ്ടുതുണ്ടുകളായി വിഭജിക്കുകയും തരിശ്ഭൂമികൾ കൃഷിയോഗ്യമാക്കുകയും ചെയ്തു.

കുടുംബങ്ങളുടെ എണ്ണവും കൈവശഭൂമിയുടെ വിസ്തീർണ്ണവും:

പട്ടിക - 6

മുറ്റത്തെ തോട്ടം	1-10 സെൻറ്	10-25 സെൻറ്	25-50 സെൻറ്	50-100 സെൻറ്	1-2 ഏക്കർ	2-5 ഏക്കർ	5 ഏക്കറിന് മേൽ
820	650	2047	1537	648	415	198	75

ആളോഹരി കൃഷിഭൂമി സംസ്ഥാനത്തിൻേറത് 0.07 ഹെക്ടർ ആണെങ്കിൽ പഞ്ചായത്തിൻേറത് 0.089 ഹെക്ടർ ആണ്.

ഈ നൂറ്റാണ്ടിൻെറ തുടക്കത്തിൽ ഏകദേശം 179 ഹെക്ടർ നിലങ്ങളിൽ നെൽക്കൃഷിയാണ് ചെയ്തിരുന്നത്. ആറോ ഏഴോ മേനി മാത്രം വിളയുന്ന നെല്ലാണ് ഇവിടങ്ങളിൽ കൃഷി ചെയ്തിരുന്നത്. ലാഭകരമല്ലാതിരുന്നിട്ടു പോലും 1950 കളുടെ അവസാനം വരെ ഈ രീതി തന്നെ തുടർന്നുവന്നു. ഇതിനു മുഖ്യ കാരണം അന്ന് നിലനിന്നിരുന്ന പാട്ടവ്യവസ്ഥയാണ്. ഈ പ്രദേശങ്ങളിൽ ഗണ്യമായ ഭാഗവും വിരളിലെണ്ണാവുന്ന ഏതാനും പേരുടെ വകയായിരുന്നു. 'വാരം എന്നറിയപ്പെടുന്ന പാട്ടവ്യവസ്ഥയിലാണ് അവർ കുടിയാന്മാർക്ക് ഭൂമി നൽകിയിരുന്നത്. ഈ വ്യവസ്ഥ പ്രകാരം തെങ്ങുപോലുള്ള സ്ഥിരവിളകൾ നിലങ്ങളിൽ കൃഷി ചെയ്യാൻ കഴിയുമായിരുന്നില്ല. അന്നാട്ടുകാരുടെ ആവശ്യത്തിനു വേണ്ടുന്ന നെല്ലും വളർത്തുമൃഗങ്ങൾക്ക് ആവശ്യമായ വയ്ക്കോലും കിട്ടുമായിരുന്നു. നിലങ്ങളിൽ ഇരുപ്പുകൃഷിയും ഇടവിളയായി പയർ, പച്ചക്കറി, തുടങ്ങിയവയും കൃഷി ചെയ്തിരുന്നു. കരഭൂമിയിൽ കൂടുതലും മരിച്ചീനി, തെങ്ങ്, കുരുമുളക് എന്നിവയാണ് കൃഷിചെയ്തിരുന്നത്. ഈർപ്പമുള്ള താഴ്വര പ്രദേശങ്ങളിൽ കൂടുതലും വാഴ, തെങ്ങ്, കമുക് തുടങ്ങിയവ കൃഷി ചെയ്തിരുന്നു.

ഇന്ന് നിലങ്ങളിൽ വെറും 50 ഹെക്ടർ സ്ഥലത്ത് മാത്രമാണ് നെൽകൃഷി ചെയ്യുന്നത്. നെൽപ്പാടങ്ങൾ നികത്തി തെങ്ങ്, റബ്ബർ തുടങ്ങിയ സ്ഥിര വിളകളും വാഴ, മരച്ചീനി, ഇഞ്ചി തുടങ്ങിയവയും കൃഷിചെയ്തു വരുന്നു. ഇതിനെതിരെ സാമൂഹ്യനിയന്ത്രണം ഉണ്ടായില്ലെങ്കിൽ അത് ഈ പഞ്ചായത്തിൻെറ പരിതസ്ഥിതിയെ പൊതുവേയും നെൽക്കൃഷിയെ പ്രത്യേകിച്ചും ബാധിക്കും. പുരയിടങ്ങളിൽ മരച്ചീനിയാണ് കൂടുതലായി കൃഷി ചെയ്തിരുന്നത്. എന്നാൽ ഇന്ന് നമ്മുടെ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ആധിപത്യം നേടിയിരുക്കുന്ന കൃഷി റബ്ബറാണ്. കുന്നിൻപ്രദേശങ്ങളിലും ചരിവ് പ്രദേശങ്ങളിലും ഇന്ന് പ്രധാന കൃഷി റബ്ബറാണ്. തെങ്ങിൻ തോപ്പുകൾ വരെ വെട്ടിമാറ്റി റബ്ബർ കൃഷി ചെയ്യുന്നു. ഏകദേശം 900 ഹെക്ടർ സ്ഥലത്ത് ഇന്ന് റബ്ബർ കൃഷിയുണ്ട്. ഈ പ്രദേശത്തിൻെറ ഭൂപ്രകൃതി, മണ്ണിൻെറ സ്വഭാവം എന്നിവ അനുസരിച്ച് അനുയോജ്യവും ആദായകരവുമായ ഒരു കൃഷിയാണിത് നിലവിലുള്ള കൃഷികളിൽ രണ്ടാംസ്ഥാനം വാഴകൃഷിക്കാണ്. ഏകദേശം 100 ഹെക്ടർ സ്ഥലത്ത് ഈ കൃഷി ചെയ്തു വരുന്നു. നിലങ്ങളിലും ഈർപ്പമുള്ള കരഭാഗങ്ങളിലും ഈ കൃഷി ചെയ്യുന്നു.

ഏകദേശം 90 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷിയുണ്ട്. ഈ അടുത്ത കാലത്തായി നിലംനികത്തി തെങ്ങ് കൃഷി തുടങ്ങിയിട്ടുണ്ട്. ഈ പ്രവണത അവസാനിപ്പിക്കേണ്ടതാണ്.

ഇവ കൂടാതെ നമ്മുടെ പഞ്ചായത്തിലെ പ്രധാന കാർഷികവിളകളാണ് മരച്ചീനി, കമുക്, കുരുമുളക്, ഇഞ്ചി, ജാതി, ഗ്രാമ്പ്, പച്ചക്കറി, പൈനാപ്പിൾ, വെറ്റില, മാഞ്ചിയം, തേക്ക് തുടങ്ങിയവ.

വിള വിസ്തീർണ്ണത്തെക്കുറിച്ചുള്ള പട്ടിക

വിള	വിസ്തീർണ്ണം	മൊത്തം ഉൽപന്നം	ഉല്പാദന ക്ഷമത (ഹെക്ടറിന്)
നെല്ല് (ഒന്നാംവിള)	50 ഹെക്ടർ	125. ടൺ	2500 k.g. / ഹെക്ടർ
നെല്ല് (രണ്ടാംവിള)	50 ഹെക്ടർ	125 ടൺ	2500 k.g. / ഹെക്ടർ
പയർ	1 ഹെക്ടർ	1 ടൺ	1000 kg/ ഹെക്ടർ
പച്ചക്കറികൾ	8 ഹെക്ടർ	3 ടൺ	500 kg. / ഹെക്ടർ
തെങ്ങ്	90 ഹെക്ടർ	13,50,000 Nuts	15000 Nuts/ ഹെക്ടർ
വാഴ	100 ഹെക്ടർ	20,0000 bunches	2000 bunches/ ഹെക്ടർ
മരിച്ചീനി	40 ഹെക്ടർ	360 ടൺ	9 ടൺ/ ഹെക്ടർ
കുരുമുളക്	2 ഹെക്ടർ	26 ടൺ	13 ടൺ/ ഹെക്ടർ
പ്ലാവ്	2 ഹെക്ടർ	26 ടൺ	13 ടൺ/ ഹെക്ടർ
മാവ്	2 ഹെക്ടർ	8 ടൺ	4 ടൺ/ ഹെക്ടർ
കശുമാവ്	2 ഹെക്ടർ	4 ടൺ	2 ടൺ/ ഹെക്ടർ
റബ്ബർ	900 ഹെക്ടർ	1350 ടൺ	1.5 / ഹെക്ടർ
കമുക്	2 ഹെക്ടർ	6 ടൺ	3 ടൺ/ ഹെക്ടർ
മറ്റു വൃക്ഷങ്ങൾ	3 ഹെക്ടർ		

ജനസംഖ്യാ വർദ്ധനവ് പാർപ്പിടങ്ങളുടെയും റോഡുകളുടെയും വർദ്ധനവിന് വഴിതെളിച്ചു. ഭൂമിയിൽ ചെലുത്തിയ ഈ സമ്മർദ്ദമാണ് കാർഷിക മേഖലയെ സ്വാധിനിച്ചു മറ്റൊരു ഘടകം.

ഇന്ന് നാം ജൈവവളങ്ങൾ വളരെ കുറച്ച് മാത്രമാണ് ഉപയോഗിക്കുന്നത്. രാസവളങ്ങൾ അശാസ്ത്രീയമായ രീതിയിൽ ഉപയോഗിക്കുന്നു. മണ്ണിന്റെ ഘടന പരിശോധിക്കാതെ രാസവളങ്ങൾ ചേർക്കുന്നു. ഇതുമൂലം മണ്ണിന്റെ ഗുണം നശിച്ചു വരുന്നു. കഴിഞ്ഞ ഏതാനും വർഷങ്ങളിൽ നാം ഉപയോഗിച്ച രാസവളങ്ങളുടെ കണക്ക് പട്ടിക 8 - ൽ ചേർക്കുന്നു:

പട്ടിക - 8

രാസവളം കീടനാശിനി ഇവയുടെ ഉപയോഗം

സ്ഥാപനത്തിന്റെ പേര്	1993-94			1994-95			1995-96		
	രാസവളം	കീടനാശിനി		രാസവളം	കീടനാശിനി		രാസവളം	കീടനാശിനി	
	ടൺ	ദ്രവം kg	ഖരം kg	ടൺ	ദ്രവം kg	ഖരം kg	ടൺ	ദ്രവം kg	ഖരം kg
സഹകരണ മേഖല	23	10	6	34	24	16	35	20	2
സ്വകാര്യ മേഖല	17	4	2	12	5	2	16	4	1
ആകെ	43	14	8	46	29	18	51	24	3

കൃഷിക്കാർക്ക് കാർഷികലോൺ നൽകുന്ന കാര്യത്തിൽ നമ്മുടെ ബാങ്കുകൾ അനുകരണീയമായ നിലപാടല്ല സ്വീകരിക്കുന്നത്. വിവിധ ബാങ്കുകളിൽ നിന്നും ലഭിച്ച കാർഷിക വായ്പയുടെ വിവരം ചുവടെ ചേർക്കുന്നു

പട്ടിക 9

വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച കാർഷിക വായ്പകൾ

സ്ഥാപനത്തിന്റെ പേര്	ഇനം	എണ്ണം	തുക
ഒറ്റശേഖരമംഗലം സർവീസ്സഹകരണ ബാങ്ക്	കാർഷിക വായ്പ		1187797
ഇന്ത്യൻ ഓവർസീസ് ബാങ്ക് പുഴനാട്	കാർഷിക വായ്പ	282	3149000
സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ (SBT)	കാർഷിക വായ്പ (ഹ്രസ്വകാല വായ്പ)	74	6,57000
ഒറ്റശേഖര മംഗലം ശാഖ	ദീർഘകാല വായ്പ	19	5,21,20
	K.H.D.P.	5	1,05,000
വാഴിച്ചൽ ഗിരിജൻ സർവീസ്സഹകരണ സംഘം	മരിച്ചീനി കൃഷിക്ക് വായ്പ		50,000

ഭൂരിഭാഗം കർഷകരുടെയും കാർഷിക വരുമാനം വളരെ തുച്ഛമാണ്. വെറും 10 ശതമാനം കുടുംബങ്ങൾക്കു മാത്രമാണ് വരുമാനത്തിന്റെ പകുതിയെങ്കിലും കൃഷിയിൽ നിന്നും ലഭിക്കുന്നത്. അതാകട്ടെ റബ്ബർ കൃഷിയിൽ നിന്നും മാത്രമാണ്. കൃഷി മുഖ്യവരുമാനമായി കരുതാത്തതിനാൽ കൃഷിക്കാരിൽ പലരും ഉല്പാദനം വർദ്ധിപ്പിക്കുന്നതിൽ ശ്രദ്ധിക്കുന്നില്ല.

കർഷകത്തൊഴിലാളികളെ കിട്ടാനുള്ള ബുദ്ധിമുട്ട് ഇന്ന് കാർഷികരംഗത്തെ സാരമായി ബാധിച്ചിട്ടുണ്ട്. കാർഷിക കുടുംബങ്ങളിലെ വിദ്യാഭ്യാസം സിദ്ധിച്ച യുവതലമുറ പാടത്തെ പണിയിൽ നിന്ന് പിന്മാറി. സ്ത്രീകളാണെങ്കിൽ കാർഷിക വൃത്തിയിൽ നിന്നും കെട്ടിടനിർമ്മാണം പരമ്പരാഗത തൊഴിൽ എന്നീ മേഖലകളിലേക്ക് വഴിമാറിപ്പോയിരിക്കുന്നു.

കൂലി താരതമ്യേന കുറവാണെങ്കിൽ പോലും സ്ത്രീകൾ ഇന്ന് കൂടുതലും പരമ്പരാഗത തൊഴിലുകളിലാണ് താൽപര്യം കാണിക്കുന്നത്. ഇത് കർഷകത്തൊഴിലാളികളുടെ കൂലിനിരക്ക് ഗണ്യമായി ഉയരാൻ സഹായിച്ചിട്ടുണ്ട്. സ്ത്രീകൾക്ക് 60-70 രൂപയും പുരുഷന്മാർക്ക് 90-100 രൂപയും ഇന്ന് കൂലി ലഭിക്കുന്നുണ്ട്.

കൃഷിഭവൻ

1968 ൽ സ്ഥാപച്ച 'ഏലാവികസന ആഫീസാ'ണ് ഇന്ന് 'കൃഷിഭവൻ' ആയി മാറിയത്. കൃഷിക്കാർക്ക് കൃഷി സംബന്ധമായ ഉപദേശം നൽകുന്നതിനും മണ്ണ് പരശോധിച്ച് വളപ്രയോഗ ക്രമങ്ങൾ നിർദ്ദേശിക്കുന്നതിനും ഈ ആഫീസിൽ പ്രത്യേകം സംവിധാനങ്ങൾ ഉണ്ട്. എന്നാൽ ഈ സ്ഥാപനത്തിന്റെ പ്രവർത്തനം കാര്യക്ഷമമായ നിലയിലാണെന്ന് പറയാൻ കഴിയുകയില്ല.

ജലസേചന സൗകര്യങ്ങൾ

ഈ പഞ്ചായത്തിൽ 56 തോടുകൾ ഉണ്ട്. മഴക്കാലങ്ങളിൽ മാത്രമേ ഈ തോടുകളിൽ വെള്ളം ലഭിക്കുന്നുള്ളു. 9 തോടുകളിൽക്കൂടി നെയ്യാർ പ്രോജക്ടിന്റെ LBC യിൽ നിന്നും വെള്ളം തിരിച്ചു വിടാൻ കഴിയും.

ഈ പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തിയിൽ കൂടി കുളങ്ങര മൂഴിയിൽ നിന്നും മൂന്നാറ്റുമുക്കുവരെ ഏഴ് കിലോമീറ്റർ ദൂരത്തിൽ നെയ്യാർ തെക്കു വടക്കായി ഒഴുകുന്നു.

ചിറ്റാറിന്റെ ഒരു ശാഖ ഈ ഗ്രാമപഞ്ചായത്തിൽ മാടശ്ശേരി മുതൽ ആറ്റൂർ വരെ രണ്ടു കിലോമീറ്റർ ദൂരത്തിൽ ഒഴുകുന്നു.

കുളങ്ങൾ

ഈ പഞ്ചായത്തിൽ 22 കുളങ്ങളുണ്ട്. ഇവ മുഴുവൻ ജലസേചനത്തിന് ആവശ്യമില്ലാതായി തീർന്നിരിക്കുന്നു. ചില കുളങ്ങൾ മത്സ്യം വളർത്തുന്നതിന് ഉപയോഗിക്കാവുന്നതാണ്. ഈ പഞ്ചായത്തിലെ പ്രധാന കുളങ്ങളുടെ പേര് ചുവടെ ചേർക്കുന്നു:

I പുഴനാട് വാർഡ്

1. കലവറക്കോണം കുളം
2. ചിറയ്ക്കോണം കുളം

II കുന്നനാട് വാർഡ്

1. ഇടയ്ക്കോണം കുളം
2. കളിയിയ്ക്കാകുളം
3. പാക്കോട്ടുകോണം കുളം

III. കടമ്പറ

1. കരിം ചെമ്പനാട് കുളം
2. ഗ്രാൻകുളം (കഞ്ചകരക്കോണം)

IV. കുരവറ

1. തച്ചൻകോണം കുളം

V. ഒറ്റശേഖരമംഗലം

1. മൈപറമ്പ് കുളം
2. പാലോട്ടുകോണം കുളം
3. പുള്ളിക്കോണം കുളം
4. ചടയമ്പറക്കോണം കുളം
5. പാവംകോടു കോണം കുളം
6. കാരാമം കുളം
7. ഇണ്ടന്നൂർ കുളം

VI. വാളികോട്

1. കക്കാട്ടുകുളം
2. ചാമൈക്കോണംകുളം

VII. പ്ലാമ്പഴിഞ്ഞി

1. പന്നിയോടുകോണം കുളം
2. ആങ്കോട്ടുകോണം കുളം (ചെട്ടികുന്ന്)

VIII. 1. ആലച്ചക്കോണം

1 പിറവൂർ കുളം
2. ആലച്ചക്കോണം കുളം

IX. വാഴിച്ചൽ

1. ആറ്റൂർകുളം

തോടുകൾ

ഈ പഞ്ചായത്തിൽ 56 തോടുകൾ ഉണ്ട്. ഇവ പൂർണ്ണമായും കൃഷിയോഗ്യമല്ല. ചില തോടുകൾ വശം ഇടിഞ്ഞു നിലങ്ങളിൽ കൂടി ഒഴുകുന്നു. ഉദാ: എലിവാലൻ കോണം ചാമുണ്ടിക്ഷേത്രം നടതോട്.

തോടുകളുടെ എണ്ണവും അവയുടെ വിസ്തീർണ്ണവും പട്ടിക 10 - ൽ വിവരിക്കുന്നു.

പട്ടിക- 10

നിലവിലുള്ള തോടുകളുടെ വിവരം

നമ്പർ	വാർഡ്	തോടിന്റെ പേര്	ആകെ നീളം	ശരാശരി വീതി
1	പിഴവൂർ	കലവറക്കോണം കമുകിൻകോട് മുള്ളെല്ലവിൻ മൂട്	2.5 K.M.	1. M
2.		തൊളിക്കോട്ടു കോണം - മംഗലത്തു കോണം മുള്ളെലവിൻ മൂട് തോട്	2.5 K.M.	80 CM.
3		എലിവാലൻകോണം ചാമുണ്ടി ക്ഷേത്ര നട	1.5 K.M.	70 CM
4.		വേങ്കോട്ടുകോണം കിഴക്കെ കര ചാമുണ്ടിനട	2.5 K.M.	60 C.M.
5		നീരാഴിക്കോണം കോട്ടിയക്കോണം രണ്ടാംതോട്	1 K.M.	70 CM.
1	കുന്നനാട്	ഇടക്കോണം തോട്	3 K.M.	1.M
2		കോലിയക്കോട് നട - കരുമണ്ണറക്കോണം	1.5 K.M.	80 CM.
3		കുറ്ററക്കോണം കളിയിക്കാകുളം വരെ	1.500 K.M.	80 CM.
4		കുറ്ററക്കോണം പച്ചീക്കോണം തോട്	2 K.M.	80 CM.
1	കടമ്പറ	കോലിയക്കോട് താവലോട്	2 K.M.	70 CM.
2		കുന്നനാട് മങ്കുഴിതോട്	1 K.M.	80 CM.
3.		കരിഞ്ചെമ്പനാട് ഇടയില കടമ്പറ കുടുവീട്ടു കടവ് തോട്	2 KM.	60 CM.
4		മുള്ളെലവിൻ മൂട് തോട്	1 K.M.	60 CM.
5		കൈതറ - കഞ്ചിക്കരക്കോണംതോട്	1. 5 K.M	80 CM.
1	കുരുവാ	തച്ചംകോണം അമ്പലത്തു നട മുലറത്തല നടതോട്	2 K.M.	1.M.
2		കുറ്റാമത്തുകോണം മുതൽ മുഴിനടവരെ	1 K.M.	80 C.M.
3		ചാവടി വിളാകം മുതൽ നെട്ടയം വരെ	1 K.M.	70 C.M
4		കാവും മൂല കവറ്റുകോണംതോട് വാഴവിള	2 K.M.	80 C.M.
5		ചുരുളോട് നട കൊല്ലകോണം തോട്	1 K.M.	80 C.M.
1.		പാലോട്ടുകോണം മണ്ണടികടവ്	1 K.M.	80 C.M.
2	ഒറ്റശേഖരമംഗലം	പുള്ളിക്കോണം - തെങ്ങുമൺമഠം	1. 5 K.M	70 C.M
3		പാവങ്കോട്ടുകോണം തോട്	0.500 M	60 C.M
4		ചടയമ്പ്രക്കോണം തെക്കും മണ്ണടികടവ്	1 KM	90 CM
5		ചടമ്പ്രക്കോണം തെങ്ങുമൺമഠം	750 M	1 M
6		കോളൂർ മുതൽ മൂന്നാറ്റിൻമുക്കുവരെയുള്ള ചിറ്റാർ	2.5 K.M	5 M
7		മൈപറമ്പ് ഇണ്ടന്നൂർ മൂന്നാറ്റിൻമുക്ക് തോട്	1.5 K.M	1 M.
1	വാളിക്കോട്	കമുകിൻകോട്ടുകോണം കുണ്ടറത്തല നടവാളിക്കോട് കോളൂർ ബണ്ട്	2 K.M	1.5 M.
2		ചാമേയ്ക്കോണം വാളിക്കോട്	2 K.M	1.M
3		കക്കാട്ടുകോണം വാളിക്കോട്	2 K.M	80 C.M.
4		ചാമൈക്കോണം പടിഞ്ഞാറെക്കരതോട്	1 K.M	80 C.M
5		പിരമ്പിൻ കുഴി തെക്കിൻകരതോട്	500 M.	80 C.M
6		വടക്കേക്കര പരമ്പിൻകുഴി	500 M	70 C.M
7		ആലച്ചക്കോണം കമുകറക്കോണം	500 M	70 C.M.
8		ആലച്ചക്കോണം ആശാരി വിളാകംതോട്	900 M	60 C.M
1	പുലിഞ്ഞി	ആങ്കോട്ടുകോണം - മാങ്കുളം കടവമ മണ്ണടി തോട്	2.5 K.M	80 C.M
2		പന്നിയോട്ടുകോണം- കോളൂർ തോട്	1.5 K.M	70 C.M
3			500 K.M	90 C.M
4		ചൂഴൈക്കോണം- കടവുമണ്ണടി തോട്	1 K.M	60 C.M
5		തോട്ടത്തുനട തോട്, ആറ്റൂർ മുതൽ കോളൂർ വരെ ചിറ്റാർ	3.5 K.M	70 C.M.
6		കമുകിൻ കോട്ടുകോണം - വാളിക്കോട് തോട്	500 M	60 C.M.
1	ആലച്ചക്കോണം	പിറവൂർ- അരുവിക്കുഴി തോട്	2.5 K.M	80 C.M.
2		ആലച്ചക്കോണംകുളം - തൊളിക്കോട്ടുകോണം തോട്	2 M	70 CM
3		മണക്കാല - വായ്പൂർ തോട്	800M	60 CM

4		വിയ്യക്കോണം - നാരകത്തിൻ കുഴി തോട്	750 M	60 CM
5		കോട്ടറക്കുഴി - പേരേക്കോണം	500 M	70 CM
6		തൊളിക്കോട്ടുകോണം തോട്	750 M	60 CM
7		പതിനാഴിമൂല തോട്	500 M	70 CM
1	വാഴിച്ചൽ	അരുവിക്കുഴി - കളിവിളാകം	1.5 K.M	80 CM
2		മണ്ണാം കോണം - മാടശ്ശേരി	300 M	80 CM.
3		പേക്കണ്ണൂർ മാടശ്ശേരി	1 KM	70 CM
4		കുന്തളക്കോട് തവരുകോണം തോട്	1 KM	70 CM
5		ആലമണ്ണൂർ - കുന്തളക്കോട് തോട്	1 KM	60 CM
6		ചിറയ്ക്കോണം - ആറ്റൂർ തോട്	1 KM	60 CM
7		നുള്ളിയോട് - കുതിര പാഞ്ചാൻ കുഴി തോട്	1 KM	60 CM
8		മാടശ്ശേരി - ആറ്റൂർ - ചിറ്റാർ	2 KM	60 CM
9		നെട്ട - തവരുകോണം ചിറ്റാർ	1 KM	70 CM

പ്രശ്നങ്ങൾ

ഗ്രാമസഭകളിൽ നടന്ന ചർച്ചകളുടേയും ശേഖരിച്ച വിവരങ്ങളുടേയും അടിസ്ഥാനത്തിൽ കാർഷിക രംഗത്ത് പരിഗണക്കേണ്ട പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

1. തുണ്ടുഭൂമികളിൽ ലാഭകരമായി കൃഷിചെയ്യാൻ പറ്റുന്നില്ല.
2. നെൽകൃഷി അന്യമായിതീരുന്നു. ഇത് പ്രയേണ നഷ്ടവുമാണ്.
3. കർഷകതൊഴിലാളികളെ വേണ്ടത്ര കിട്ടുന്നില്ല.
4. കർഷകതൊഴിലാളികളുടെ കൂലി നിരക്കു വളരെ കൂടുതലാണ്. അവരുടെ സേവന നിലവാരം വളരെ കുറഞ്ഞുവരുന്നു.
5. അശാസ്ത്രീയ വളപ്രയോഗം, മണ്ണ് പരിശോധന നടക്കുന്നില്ല.
6. ജൈവ വളങ്ങളുടെ ഉപയോഗം നാമമാത്രമാണ്. ജൈവവളം കിട്ടാനില്ല.
7. കാർഷിക യന്ത്രോപകരണങ്ങൾ വേണ്ടത്ര ലഭ്യമല്ല.
8. ജലസേചന സൗകര്യങ്ങൾ കുറവാണ്. കൃഷി മഴയെ മാത്രം ആശ്രയിച്ചാണ് നടത്തുന്നത്.
9. കൃഷി മുഖ്യ തൊഴിലായിട്ടുള്ളവരുടെ എണ്ണം കുറഞ്ഞുകുറഞ്ഞു വരുന്നു.
10. കാർഷികോൽപ്പന്നങ്ങൾക്ക് ശരിയായ വില ലഭിക്കുന്നില്ല.
11. കാർഷിക ഉല്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള ആധുനിക സജ്ജീകരണങ്ങൾ ഒന്നും തന്നെയില്ല.
12. ചില രോഗങ്ങൾ വ്യാപകമായി കണ്ടുവരുന്നു
13. കൃഷിഭവന്റെ സേവനം വേണ്ട അളവിൽ ലഭിക്കുന്നില്ല.
14. തെങ്ങുകൃഷിക്ക് അഭികാമ്യമായ പ്രാധാന്യം കല്പിക്കുന്നില്ല. കൊപ്രാവിപണനത്തിന് പ്രാദേശിക സൗകര്യങ്ങളില്ല.
15. നെൽപാടങ്ങളിൽ ഇടവിള കൃഷികൾ ചെയ്യുന്നില്ല.
16. ഇഞ്ചികൃഷിക്ക് തണ്ടുചീയൽ ഭീഷണി വ്യാപകമായി കണ്ടുവരുന്നു
17. ജലസ്രോതസുകൾ കൃഷിക്ക് വേണ്ടവണ്ണം പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.
18. കൃഷിചെയ്യാവുന്ന ഭൂമി മുഴുവൻ കൃഷി ചെയ്യുന്നില്ല. ചില സ്ഥലങ്ങൾ തരിശ് ഇട്ടിരിക്കുന്നു.
19. കുന്നിൻചരുവുകളിൽ മണ്ണൊലിപ്പ് ഗണ്യമായി ഉണ്ടാകുന്നു.
20. ചില പ്രദേശങ്ങളിൽ ജലസേചനത്തിനുള്ള വെള്ളം വേണ്ടത്ര കിട്ടുന്നില്ല.
21. നല്ല നടീൽ വസ്തുക്കൾ കൃഷിക്കാർക്ക് കിട്ടുന്നില്ല.
22. വായ്പാസൗകര്യങ്ങൾ കൃഷിക്കാർക്ക് കാലോചിതമായി ലഭിക്കുന്നില്ല.
23. സർക്കാർ പ്രഖ്യാപിക്കുന്ന സബ്സിഡികൾ യഥാർത്ഥ കൃഷിക്കാർക്ക് മുഴുവൻ ലഭിക്കുന്നില്ല. അതിനെക്കുറിച്ചുള്ള ബോധം അധികം കൃഷിക്കാർക്കും ഇല്ല.
24. കൃഷി ചെയ്തു ഉണ്ടാക്കുന്ന ഉല്പന്നങ്ങൾ സംസ്കരണം നടത്താനുള്ള സൗകര്യങ്ങൾ പഞ്ചായത്തിൽ ഇല്ല.

നിർദ്ദേശങ്ങൾ

നെൽകൃഷി

ഭക്ഷ്യോല്പാദനത്തിൽ സംസ്ഥാനത്തിന്റെ സ്വാശ്രയത്വത്തിന്റെ തോത് ഇന്നത്തെ നിലയിലെങ്കിലും നിലനിറുത്തണമെങ്കിൽ നെൽകൃഷിവികസനത്തിന് ഊന്നൽ നൽകിയേ മതിയാകൂ. ഇതിന് ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം അടയന്തിരമായി ആകർഷകമായ വ്യവസ്ഥയിൽ നടപ്പിലാക്കണം. 50 ശതമാനം സബ്സിഡി റേറ്റിൽ കൃഷിക്കാർക്ക് വിത്ത്, വളം കീടനാശിനി ഇവ വിതരണം ചെയ്യണം. അത് കൃത്യമായി യഥാസമയം ലഭിക്കുന്നതിന്

കുളങ്ങളേയും കിണറുകളേയും സംബന്ധിച്ച വിവരങ്ങൾ

പട്ടിക 11

വാർഡ്	കുളങ്ങളുടെ എണ്ണം (വിസ്തീർണ്ണമുസരിച്ച് - സെൻറിൽ)						കിണറുകൾ	കുഴൽ കിണറുകൾ	ക്രോസ് ബാറുകൾ	ആയക്കെട്ടുകൾ
	10 സെൻറിന് താഴെ	10-20	20-30	30-40	40-50	50 ന്				
1	2	3	4	5	6	7	8	9	10	11
I						1	7	1		
II					1	2	10	2	1	3
III					1	1	4	2	1	2
IV						1	4			
V			1	1	1	4	5			
VI			1			1	11	1		
VII						2	18	2		
VIII						2	7	2		
IX		1					5	2		
ആകെ		1	2	1	3	14	71	12	2	5

സർവ്വീസ് സഹകരണബാങ്കിൻറ കീഴിലുള്ള അംഗീകൃത വളം ഡിപ്പോകളുമായി കൃഷിഭവനെ ബന്ധപ്പെടുത്തണം. നെല്ലിന് കൃത്യമായി താങ്ങുവില കാലാനുസൃതമായി നിശ്ചയിച്ച് ഉറപ്പാക്കണം.

മറ്റു ദീർഘകാല വിളകളിലേക്കുള്ള മാറ്റം നിർബന്ധമായും തടയണം. ഇത് സാദ്ധ്യമാകണമെങ്കിൽ പാടങ്ങളിൽ നിന്നും ഉചിതമായ വരുമാനം കൃഷിക്കാർക്ക് ഉണ്ടാകണം. ഇതിലേക്കായിട്ട് വാഴകൃഷി, പച്ചക്കറി കൃഷി ഇവ പ്രോത്സാഹിപ്പിക്കണം.

സ്വന്തമായി കൃഷി ചെയ്യാൻ താൽപര്യമില്ലാത്ത കർഷകരിൽ നിന്നും കൃഷി ഭൂമി പാട്ടാദായത്തിന് താൽപര്യമുള്ള കൃഷിക്കാർക്ക് പ്രത്യേകിച്ചും യുവജനൾക്ക് കൃഷി ചെയ്യുന്നതിന് വിട്ടുകൊടുക്കാൻ പരിശ്രമിക്കണം.

കൃഷി, സഹകരണാടിസ്ഥാനത്തിൽ ചെയ്യണം. കൃഷിക്കാർക്ക് ആവശ്യമുള്ള സ്പ്രേയർ, കീടനശീകരണത്തിനുള്ള ലൈറ്റുട്രാപ്സ് എന്നിവ ഗ്രൂപ്പ്ഫാമിങ്ങിലൂടെ നൽകണം.

ഏലാവികസന സമിതി നാമമാത്രമായി പ്രവർത്തിക്കുന്നു. ഇതിൻറെ പ്രവർത്തനം വാർഡ് അടിസ്ഥാന ത്തിൽ ഊർജ്ജിതപ്പെടുത്തണം. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള വളപ്രയോഗം നടത്തുന്നതിന് കൃഷിഭവൻ കൃഷിക്കാർക്ക് വേണ്ട നിർദ്ദേശം നൽകണം. ജൈവളപ്രയോഗത്തിന് ആവശ്യമായ കമ്പോസ്റ്റ് വളങ്ങൾ നിർമ്മിക്കുന്നതിന് കർഷകരെ പ്രോത്സാഹിപ്പിക്കണം. ശീമകൊന്ന തുടങ്ങിയ ജൈവവേലികൾ വച്ച് പിടിപ്പിക്കണം.

കൃഷിക്ക് ആവശ്യമുള്ള ജലം ആവശ്യസമയത്ത് ലഭിക്കുന്നതിന് നിലവിലുള്ള ജലസ്രോതസുകളിൽ ലിഫ്റ്റ് ഇറിഗേഷൻ സമ്പ്രദായം ഏർപ്പെടുത്തണം. പൊതു ഞാറ്റടികൾ ഉണ്ടാക്കണം. നെയ്യാർഡാമിലെ ജലം കൃഷിക്കാർക്ക് ആവശ്യമുള്ള സമയങ്ങളിൽ തുറന്നുവിടണം. നെയ്യാറിൽ ഒരു അപ്പർ ഡാം സ്ഥാപിക്കണം. പയറ് കൃഷിക്ക് വിത്ത്, വളം ഇവ സബ്സിഡിയായി നൽകണം. നെല്ലിൻറെ ഇടവിളയായി ഇതു ചെയ്യാവുന്നതാണ്.

തെങ്ങ്

നമ്മുടെ പഞ്ചായത്തിൽ തെങ്ങ് ഇന്ന് റബ്ബറിന് വഴിമാറികൊടുത്തിരിക്കുന്നു. തേങ്ങയെക്കാൾ റബ്ബർ ലാഭകരമായതിനാലാണ് ഇങ്ങനെ സംഭവിക്കുന്നത്. ഇത് പരിഹരിക്കുന്നതിന് ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. പമ്പ്സെറ്റുകൾ, ട്രിപ്പ് പമ്പ്, കിണറുകൾ, കുഴിക്കുക എന്നിവ സബ്സിഡി ഇനത്തിൽ കൃഷിഭവൻ മുഖേന കാര്യക്ഷമമായി നടപ്പിലാക്കണം.

തെങ്ങിൻ തോട്ടങ്ങൾ മിശ്ര വിളതോട്ടങ്ങൾ ആക്കണം. കുരുമുളക്, പൈനാപ്പിൾ, വാഴ, ഗ്രാമ്പൂ ജാതി, നിലക്കടല, ഔഷധസസ്യങ്ങൾ എന്നിവ തെങ്ങിൻ തോട്ടങ്ങളിൽ കൃഷി ചെയ്യേണ്ടതാണ്. തേങ്ങയുടെ വില കാലോചിതമായി വർധിപ്പിക്കണം.

ചിരട്ടകൊണ്ട് കൗതുക വസ്തുക്കൾ നിർമ്മിക്കാവുന്നതാണ്. നമ്മുടെ വനിതാ വ്യവസായ സഹകരണ സംഘം ചെറിയ തോതിൽ അത് നടത്തുന്നുണ്ട്. അതിനെ പ്രോത്സാഹിപ്പിക്കുകയും കൂടുതൽ വ്യാപകമായ രീതിയിൽ നിർമ്മാണം ആരംഭിക്കുകയും ഇതിൻറെ വി

പണന സാദ്ധ്യത ആരംഭിക്കുകയും ഇതിന്റെ വിപണന സാദ്ധ്യത വർദ്ധിപ്പിക്കുകയും ചെയ്യണം.

കൊപ്ര, എണ്ണ എന്നിവയുടെ സംസ്കരണ യൂണിറ്റുകൾ പഞ്ചായത്തിൽ സഹകരണ അടിസ്ഥാനത്തിൽ സ്ഥാപിക്കണം.

കായ്ഫലമില്ലാത്ത തെങ്ങുകൾ റീപ്ലാന്റ് ചെയ്യണം. അതിന് കൃഷിക്കാർക്ക് സബ്സിഡി നിരക്കിൽ കൃഷിഭവന്റെ സഹായത്തോടുകൂടി ദേശസാൽകൃത ബാങ്കുകൾ വഴി ലോൺ അനുവദിക്കണം. കൃഷിഭവന്റെയും കേരവികസനസമിതിയുടേയും നേതൃത്വത്തിൽ ഒരു നഴ്സറി രൂപീകരിക്കണം. അതിലൂടെ നല്ലയിനം തെങ്ങിൻ തൈകൾ സബ്സിഡി നിരക്കിൽ കൃഷിക്കാർക്ക് വിതരണം ചെയ്യണം. കേരകർഷകസമിതിയുടെ പ്രവർത്തനം കുറ്റമറ്റതാക്കുകയും അത് കാലോചിതമായി പരിഷ്കരിക്കുകയും ചെയ്യണം. ഇതിന്റെ നേതൃത്വത്തിൽ കൃഷിക്കാർക്ക് വേണ്ട ബോധവത്കരണ ക്ലാസുകൾ കാലാകാലങ്ങളിൽ നൽകണം.

നീരൊലിപ്പ്, മണ്ടചീയൽ തുടങ്ങിയ രോഗങ്ങൾ പിടിപെട്ട തെങ്ങുകളെ മുറിച്ച് മാറ്റി നശിപ്പിക്കുന്നതിനും അവിടെ തെങ്ങ് നട്ട് പിടിപ്പിക്കുന്നതിനും കർഷകർക്ക് തെങ്ങ് ഒന്നിന് 500 രൂപ നിരക്കിൽ സഹായം നൽകണം. കൊപ്ര എണ്ണക്കുരുവായി പ്രഖ്യാപിച്ചതിന്റെ ആനുകൂല്യം മുഴുവൻ കർഷകർക്കും ലഭ്യമാക്കണം.

വാഴ

കരഭാഗങ്ങളിൽ വാഴ കൃഷി ചെയ്യുന്നതിന് സബ്സിഡിയോട് കൂടിയ ഹ്രസ്വകാല വായ്പ നൽകണം. ആ വായ്പയിൽ നിന്ന് സെന്റ് ഒന്നിന് 150 രൂപ സബ്സിഡി നൽണം. 25 സെന്റിൽ കൂടുതൽ വാഴ കൃഷി ചെയ്യാൻ ആഗ്രഹിക്കുന്ന കർഷകന് കൃഷിക്കും കിണർ കുഴിക്കുന്നതിനും ഹ്രസ്വകാല വായ്പ കൃഷിഭവന്റെ ശുപാർശയോടെ ബാങ്കുകളിൽ നിന്നും ലഭ്യമാക്കണം. പ്രകൃതിക്ഷോഭം മൂലമുള്ള നഷ്ടത്തിന് മതിയായ നഷ്ടപരിഹാരം നൽകണം.

പച്ചക്കറികൾ

പച്ചക്കറി വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുന്നതിന് സാദ്ധ്യതയുള്ള പ്രദേശമാണ് നമ്മുടേത്. വളരെ കുറച്ച് കൃഷിക്കാർ ഇപ്പോൾ തന്നെ അത് ചെയ്ത് വരുന്നു. ഇത് മറ്റ് കൃഷിക്കാർക്കിടയിലേക്കും വ്യാപിപ്പിക്കണം. പച്ചക്കറി കൃഷിക്കാരുടെ സഹകരണസംഘങ്ങൾ രൂപീകരിക്കണം. ഗുണമേന്മയുള്ള വിത്തിനങ്ങൾ കൃഷിഭവന്റെ നേതൃത്വത്തിൽ നൽകണം.

കൃഷിഭവന്റെ നിയന്ത്രണത്തിൽ സഹകരണസംഘം രൂപീകരിച്ച് അതിൽക്കൂടി ഈ ഗ്രാമപഞ്ചായത്തിൽ വിപുലമായ തോതിൽ പച്ചക്കറി തോട്ടം നിർമ്മിക്കാവുന്നതാണ്. അതിന് ആവശ്യമായ സ്ഥലം ഈ ഭാഗത്ത് ഉണ്ട്. നെയ്യാറിന്റെ സമീപത്തായതിനാൽ ജലസേചനത്തിന് ബുദ്ധിമുട്ട് ഉണ്ടാവുകയില്ല.

കീടനാശിനി, വളം, കാർഷികോപകരണങ്ങൾ സഹകരണസംഘത്തിലൂടെ ലഭ്യമാക്കണം. ഈ പഞ്ചായത്തിൽ ഒരു പച്ചക്കറി സംഭരണകേന്ദ്രം സ്ഥാപിക്കണം.

വീട്ട് വളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കണം. ഇതിന് സ്ത്രീകളെ പ്രത്യേകം ബോധവൽക്കരിക്കണം. ക്രയവിക്രയരീതിയിൽ ഇത് പ്രോത്സാഹിപ്പിക്കണം. KHDP ഹോർട്ടികോർപ്പ് തുടങ്ങിയവ മുഖേന ഇവ വിപണനം നടത്താൻ ആവശ്യമായ കരാർ പഞ്ചായത്തടിസ്ഥാനത്തിൽ ഉണ്ടാക്കണം.

കുമിൾ ഉല്പാദന പദ്ധതി

നല്ല ഔഷധമൂല്യമുള്ള പ്രോട്ടീൻ സമൃദ്ധമായ ഒരു സസ്യാഹാരമാണ് കുമിൾ. ഇത് വീടുകളിൽ ഉപയോഗിക്കുന്നത് കൂടാതെ വിപണന സാദ്ധ്യതയും ഉള്ളതാണ്. പട്ടണപ്രദേശങ്ങളിൽ ഇത് ധാരാളമായി വിറ്റഴിക്കാൻ കഴിയും. ഇത് ഉല്പാദിപ്പിക്കുന്നതിന് ആവശ്യമായ പ്രോത്സാഹനം കൃഷിക്കാർക്ക് നൽകണം. ഷെഡ്ഡുകൾ നിർമ്മിക്കുവാനും, വയ്ക്കോൽ, വിത്ത് എന്നിവ വാങ്ങുന്നതിനും ആവശ്യമായ സബ്സിഡി നൽകണം. ഇവയുടെ വിപണനത്തിന് ആവശ്യമായ സബ്സിഡി നൽകണം. ഇവയുടെ വിപണനത്തിന് ആവശ്യമായ സംവിധാനം പഞ്ചായത്ത് അടിസ്ഥാനത്തിൽ ഉണ്ടാക്കണം.

പുഷ്പകൃഷി

പുഷ്പകൃഷി, വിശേഷിച്ചും ഓർക്കിഡ്, ആന്തൂറിയം തുടങ്ങിയ ലാഭകരമായതും നമ്മുടെ കാലാവസ്ഥയ്ക്ക് വളരെ യോജച്ചതുമാണ്. ഇത് വ്യാവസായടിസ്ഥാനത്തിൽ ഉല്പാദനം നടത്താൻ കഴിയും. മുടക്ക് മുതൽ അല്പം കൂടുതലാണ്. അതായത് തൈ വാങ്ങാൻ വില കൂടുതലാണ്. ഇതിന് ബാങ്കുകൾ വഴി ലോൺ ലഭ്യമാക്കണം. ചെറുപ്പക്കാർക്കും വീട്ടമ്മമാർക്കും ഈ കൃഷി ഉല്ലാസകരമായി ഏറ്റെടുക്കാൻ കഴിയും.

അലങ്കാരച്ചെടികളും ഇതുപോലെ കൃഷിചെയ്യാവുന്നതാണ്.

കാർഷിക നഴ്സറികൾ

തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് നഴ്സറി മാനേജ്മെന്റിലും സ്ഥാപനത്തിലും ആവശ്യമായ ട്രെയിനിംഗ് നൽകണം. ഇത് ശ്രമകരമായ ജോലിയാണ്. അതോടൊപ്പം ആദായകരവുമാണ്. ഇതിന് ഗ്രീൻഹൗസുകൾ കലങ്ങൾ, പോളിത്തീൻ ബാഗുകൾ എന്നിവ ആവശ്യമാണ്. ഇത്തരം നഴ്സറികൾ സ്ഥാപിക്കാൻ തയ്യാറായി വരുന്ന ചെറുപ്പക്കാർക്ക് സബ്സഡി ഇനത്തിൽ ലോൺ ലഭ്യമാക്കണം.

പുൽകൃഷി

നമ്മുടെ നാട്ടിൽ വയ്ക്കോലിന്റെ ഉല്പാദനം കുറഞ്ഞിട്ടുണ്ട്. അതിനാൽ പുല്ല് ഉല്പാദനം വളരെ പ്രാധാന്യം അർഹിക്കുന്നു. തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളയായി ഇത് കൃഷിചെയ്യാവുന്നതാണ്. കൃഷിഭവന്റെ

നേതൃത്വത്തിൽ നല്ല ഇനം പുൽവിത്തുകൾ നൽകുകയും ഇവ കൃഷിചെയ്യുന്നതിന് കൃഷിക്കാർക്ക് സബ്സിഡി നൽകുകയും ചെയ്യണം. ഇത് മൃഗസംരക്ഷണത്തിനും സഹായകരമായിരിക്കും. മിൽമയിൽ നിന്നും ഇത്തരം കൃഷിക്കാർക്ക് സബ്സിഡി ഇനത്തിൽ ലോൺ ലഭ്യമാക്കണം.

കുരുമുളക്

എല്ലാ വീട്ട് വളപ്പുകളിലും 5 മുട് കുരുമുളകെങ്കിലും നിർബന്ധമായും ഉണ്ടായിരിക്കണമെന്ന നിലയിൽ കൃത്യമായും കൃഷിചെയ്യുന്നതിന് ശ്രദ്ധിക്കണം. ഏറ്റവും ഗുണനിലവാരമുള്ള കുരമുളകാണ് നമ്മുടെ നാട്ടിലുള്ളത്. അതിന് അനുയോജ്യമായ വിപണനമേഖല സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്ത് ഇടപെട്ട് കണ്ടുപിടിക്കണം. മേന്മയേറിയ കുരുമുളക് തൈകൾ കൃഷിഭവൻ മുഖേന കുറഞ്ഞ വിലക്ക് കൃഷിക്കാർക്ക് ലഭ്യമാക്കണം.

ഇഞ്ചി

രോഗപ്രതിരോധ ശേഷിയും അത്യുല്പാദന ശേഷിയുമുള്ള ഇഞ്ചി വിത്തുകൾ സംഭരിച്ച് കൃഷിക്കാർക്ക് കൃഷിഭവൻ മുഖേന വിതരണം ചെയ്യണം. ഇതിനകം വിപണനകേന്ദ്രങ്ങൾ കണ്ടുപിടിക്കണം.

പൈനാപ്പിൾ

വസ്തുക്കളുടെ അതിരുകളിലും തെങ്ങിൻ തോട്ടങ്ങൾക്കിടയിലും റബ്ബർ തോട്ടങ്ങൾക്കിടയിലും ഇത് വ്യാവസായികാടിസ്ഥാനത്തിൽ തന്നെ കൃഷിചെയ്യാവുന്നതാണ്. നല്ലയിനം തൈകൾ കൃഷിഭവൻ വഴി നൽകണം. വളരെ ചെലവ് കുറഞ്ഞ ഒരു കൃഷിയാണിത്. നല്ല വിപണന സാദ്ധ്യതയും ഉണ്ട്. സംസ്കരണത്തിനുള്ള സംവിധാനം ഉണ്ടാക്കണം.

വെറ്റില

ഇത് ശ്രമകരമായ ജോലിയാണ്. എന്നാൽ പല കുടുംബങ്ങളേയും സാമ്പത്തികമായി നിലനിർത്തുന്ന ഒരു കൃഷിയാണ് ഇത്. ജലസേചന സൗകര്യം ഈ കൃഷിക്ക് വളരെ അത്യാവശ്യമാണ്. നമ്മുടെ താഴ്വര പ്രദേശങ്ങളിൽ സമൃദ്ധമായി ഇവ കൃഷിചെയ്യാവുന്നതാണ്. വാൽകിണറുകളും മറ്റും കുഴിക്കുന്നതിന് സബ്സിഡി ഇനത്തിൽ ലോൺ അനുവദിക്കണം.

റബ്ബർ

ഈ പഞ്ചായത്തിലെ ഒരു വികസിത കൃഷിയാണിത്. റബ്ബറിനെ ബാധിക്കുന്ന കുമിൾ രോഗങ്ങളെ നിവാരണം ചെയ്യുന്നതിന് ഇലകളിൽ മരുന്നു തളിക്കുന്നതിനുള്ള ആധുനിക സമ്പ്രദായം ഉണ്ടാകണം. ഇറക്കുമതി മൂലം ഉണ്ടാകുന്ന വിലക്കുറവ് പരിഹരിച്ചുകൊടുക്കണം. റീപ്ലാൻറ് ചെയ്യുന്നതിന് പുതിയ ഇനം തൈകൾ ലഭ്യമാക്കണം.

ഔഷധച്ചെടികൾ

ഔഷധച്ചെടി നിർമ്മാണം വളരെ ആദായകരമായ കൃഷിയാണ്. നാം കൃഷിചെയ്ത് ഉണ്ടാക്കുന്ന ഔഷധച്ചെടികൾ കേരള സർക്കാരിന്റെ ഔഷധിയിൽ വിപണനം നടത്താവുന്നതാണ്. വസ്തുക്കളുടെ അതിരുകളിൽ രാമച്ചം കൃഷിചെയ്യാം. ഇത് എലിശല്യം കുറയ്ക്കുന്നതിന് കാരണമാകും.

കൃഷിവികസനത്തിനുള്ള പശ്ചാത്തല സൗകര്യങ്ങൾ

1. **മണ്ണ് സംരക്ഷണം**

ദ്രുതഗതിയിൽ കൃഷിഭൂമിയുടെ ഉപയോഗത്തിൽ ഉണ്ടാകുന്ന മാറ്റം മണ്ണൊലിപ്പിന് കാരണമാകുന്നു. മണ്ണ് സംരക്ഷണ മാർഗ്ഗങ്ങൾ ഉപയോഗിച്ച് ഇത് തടയാൻ കഴിയും. കൃഷിഭൂമി തട്ടുകളാക്കി മാറ്റി ബണ്ടുകൾ പിടിച്ച് മണ്ണൊലിപ്പ് തടയാവുന്നതാണ്. ഇതിനുവേണ്ടി കർഷകർക്ക് സബ്സിഡി നൽകണം.

2. **ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ലഭ്യത**

കർഷകർക്ക് ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ന്യായവിലക്ക് ലഭിക്കുന്നില്ല. ദീർഘവിളകളായ തെങ്ങ്, മാവ്, പ്ലാവ് തുടങ്ങിയവയും വാർഷികവിളകളും കൃഷിചെയ്യുന്നതിന് ആവശ്യമായ നല്ല ഇനം നടീൽ വസ്തുക്കൾ സബ്സിഡി ഇനത്തിൽ വിതരണം ചെയ്യണം.

3. പഞ്ചായത്ത് തലത്തിൽ വർഷം തോറും കാർഷിക മഹോത്സവങ്ങൾ സംഘടിപ്പിക്കണം. ഓരോ വാർഡിൽ നിന്നും ഓരോ ഇനം കൃഷിക്കും സമ്മാനങ്ങൾ നൽകണം.

4. വിള ഇൻഷ്വറൻസ് 100 ശതമാനം ധനസഹായത്തോടെ നടപ്പാക്കണം.

5. കൃഷി ഒരു വ്യവസായമായി പ്രഖ്യാപിക്കണം.

നടപ്പു പദ്ധതികളും സാദ്ധ്യതകളും

1. K.H.D.P. പദ്ധതിയെ കുറിച്ച് കർഷകരെ ബോധവാന്മാരാക്കണം. ഈ സ്കീമിന്റെ ഗുണഫലങ്ങൾ കൃഷിക്കാർക്ക് ലഭ്യമാക്കണം. ഈ പദ്ധതി മൂലം കൃഷിക്കാർക്ക് ബാങ്കുകൾ വഴി ആവശ്യമായ ലോൺ ലഭിക്കും. വാഴകൃഷി ചെയ്യുന്നവർക്ക് ഈ പദ്ധതി പ്രകാരം വാഴ ഒന്നിന് 40 രൂപ ലോൺ അനുവദിക്കും. ഉല്പന്നങ്ങൾ വിപണനം നടത്താനും ഈ പദ്ധതി കൃഷിക്കാരെ സഹായിക്കും.

2. **കമ്പോസ്റ്റ്, ബയോഗ്യാസ്, ഉല്പാദനം**

ജൈവാവശിഷ്ടങ്ങൾ ചെടികൾക്ക് ഏറ്റവും അത്യാവശ്യമായ ഒന്നാണ്. അതിലേക്കായി സാധാരണ കമ്പോസ്റ്റ് പിറ്റുകൾ, മണ്ണിര കമ്പോസ്റ്റ് പിറ്റുകൾ ഇവ നിർമ്മിക്കണം. മണ്ണിര കമ്പോസ്റ്റ് മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കും. ഇതിനുള്ള ട്രെയിനിംഗ് യുവാ

ക്കൾക്ക് നൽകണം. ഇത് ഒരു തൊഴിലായി സ്വീകരിക്കാവുന്നതാണ്. കൂഴികൾ എടുക്കുന്നതിന് ഇന്ന് നൽകുന്ന സബ്സിഡി വർദ്ധിപ്പിക്കണം.

ബയോഗ്യാസ് പ്ലാൻറുകൾ

ഇത് പാചകവാതകം നിർമ്മിക്കാൻ മാത്രമല്ല, ഇതിൽ നിന്നും ലഭിക്കുന്ന ചാണകം ഗുണമേന്മയുള്ള വളമാണ്. രണ്ട് പശുക്കളെ വളർത്തുന്ന എല്ലാ കൃഷിക്കാർക്കും ഇത് നിർമ്മിക്കാവുന്നതാണ്.

'ദീനബന്ധുമോഡൽ' ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കേണ്ടതാണ്. നമ്മുടെ പഞ്ചായത്തിൽ 15 പേർക്ക് ഇതിൻെറ സഹായം നൽകി കഴിഞ്ഞു.

റബ്ബർ റോളർ സ്ഥാപിച്ചിട്ടുള്ള ആൾക്കാർക്ക് അതിന് സമീപം ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കാവുന്നതാണ്. ഇതിന് ചാണകം ആവശ്യമില്ല. ഷീറ്റടിക്കുമ്പോൾ ഉണ്ടാകുന്ന ഫോമിക് ആസിഡ് കലർന്ന മലിനജലം കടത്തിവിട്ടാൽ മതി. ഇതിനോടൊപ്പം ചാണകവും ഉപയോഗിക്കാം. ഇത് പരിസ്ഥിതിപ്രശ്നത്തിന് പരിഹാരമാകും. ഇപ്പോൾ രണ്ടുപേർ ഈ വിധത്തിലുള്ള പ്ലാൻറുകൾ നിർമ്മിച്ചിട്ടുണ്ട്. കൃഷിഭവൻ മുഖാന്തിരം സബ്സിഡി ലഭിക്കും.

3. ഭക്ഷ്യസംസ്കരണം

ഏത്തക്കായ്, മരച്ചീനി, കൈതച്ചക്ക തുടങ്ങിയ കാർഷികോല്പന്നങ്ങളുടെ പ്രധാന ഉല്പാദനകേന്ദ്രമാണ് നമ്മുടെ പഞ്ചായത്ത് പ്രധാന ഭക്ഷ്യോല്പന്നങ്ങളായ വറ്റൽ, ജാം, സ്കോഷ്, അച്ചാറുകൾ തുടങ്ങിയ ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കാൻ നല്ല സാദ്ധ്യതകൾ ഉണ്ട്. പത്ത് യുവാക്കൾ ചേർന്ന ഒരു യൂണിറ്റ് സ്ഥാപിച്ചാൽ 8000 രൂപ വരെ സബ്സിഡി ലഭിക്കുന്നതാണ്. ഈ പഞ്ചായത്തിൽ ഓരോ ഇനത്തിലും ഓരോ യൂണിറ്റ് സ്ഥാപിക്കാവുന്നതാണ്.

4. 10 ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതി

ഈ പദ്ധതിയനുസരിച്ച്, കൃഷിഭവനിൽ 1000 രൂപ അടച്ച് പേർ രജിസ്റ്റർ ചെയ്താൽ യുവാക്കൾക്ക് കൃഷി അടിസ്ഥാനമാക്കിയുള്ള തൊഴിൽ സൗകര്യങ്ങൾ ഉണ്ടാക്കാൻ കഴിയും. നമ്മുടെ പഞ്ചായത്തിൽ 106 പേർ ഇത്തരത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

പട്ടിക - 12

ഇതുമൂലം ധനസഹായം ലഭിച്ചവർ

ഇനം	എണ്ണം	സബ്സിഡി
1. പച്ചക്കറിക്കറി കൃഷി	1 ആൾ	4000/-
2. തേനീച്ച വളർത്തൽ	1 ആൾ	1000/-
3. റബ്ബർ റോളർ വാങ്ങാൻ	1	5000/- (50% സബ്സിഡി)
4. ഒരു യൂണിറ്റ് വെറ്റില തോട്ടം	1 „	3000/-

5. മണ്ണ് സംരക്ഷണം

കുന്നനാട് വാർഡിൽ മണ്ണ് സംരക്ഷിക്കുന്നിനു വേണ്ടി റീസ്റ്റെച്ചേർഡ് സ്കീം അനുസരിച്ച് വിവിധ പരിപാടികൾ ചെയ്തു വരുന്നു. ഇതിനകം 25 ലക്ഷം രൂപ ഈ വകയിൽ ചെലവാക്കി. ഈ പദ്ധതി ഈ പഞ്ചായത്തിൻെറ മറ്റു ഭാഗങ്ങളിലും കൃഷിക്ക് അനുയോജ്യമായ രീതിയിൽ മണ്ണൊലിപ്പ് തടയുന്നതിനും വേണ്ടി നടപ്പിലാക്കേണ്ടതാണ്. നടപ്പു പദ്ധതികളുടെ വിശദവിവരണം ചുവടെ ചേർക്കുന്നു.

പട്ടിക 13

പദ്ധതിയുടെ പേര്	പദ്ധതിപ്രദേശം വിസ്തീർണ്ണം	പദ്ധതിപ്രദേശത്തിലെ നീർച്ചാലുകളുടെ നീളം.	അടങ്കൽ തുക	മൊത്തം ഗുണഭോക്താക്കൾ	പദ്ധതി ആരംഭിച്ച വർഷം.	പൂർത്തിയായ വർഷം.	സംരക്ഷിക്കപ്പെട്ടതുമൂലം പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം.	ചെലവായ തുക	ഗുണഭോക്തൃ വിഹിതം
റീസ്റ്റെച്ചേർഡ് സ്കീം കുന്നനാട് (RIDF)	210.67 ഹെക്ടർ	1) ഇടയ്ക്കോണം, ഒന്തൂർതോട് 2) കരിഞ്ഞുറുമ്പോണം - നെയ്യാർകോട്	Rs. 2997519/-	869	4.2.1993	നടപ്പിലായി കൊണ്ടിരിക്കുന്നു	190 ഹെക്ടർ	1000	Rs 2500000/-	350000/- (ബാക്കിയുള്ളതാകുന്നു)

6. അഗ്രിക്കൾച്ചറൽ മാഗ്നൈസേഷൻ

2 ഹെക്ടറിന് താഴെ കൃഷിഭൂമിയുള്ള ചെറുകിട കർഷകർക്ക് കാർഷികോപകരണങ്ങൾ വാങ്ങുന്നതിന് 30 ശതമാനം സബ്സിഡി ഇനത്തിൽ ലോൺ അനുവദിക്കും. പരമാവധി 30,000 രൂപ ലഭിക്കും.

ജലസേചനം

ധാരാളം നീരുറവകളും കുളങ്ങളും ഈ പഞ്ചായത്തിൽ ഉണ്ട്. അവ പൂർണ്ണമായും ചൂഷണം ചെയ്യുന്നില്ല. ചില കുളങ്ങൾ അറ്റകുറ്റപ്പണികൾ തീർക്കാനുണ്ട്. നീരുറവകൾ ഉപയോഗപ്പെടുത്തി ജലവിതരണം നടത്താൻ കഴിയും. ഇത്തരത്തിലുള്ള ജലസ്രോതസ്സ് മത്സ്യകൃഷിക്ക് യോജിച്ചതാണ്. പമ്പ്സെറ്റുകൾ സ്ഥാപിച്ച് ഉയർന്ന കുന്നിൻപ്രദേശങ്ങളിൽ ജലം എത്തിച്ച് ജലക്ഷാമം പരിഹരിക്കാൻ കഴിയും.

മിക്കവാറും തോടുകൾ നദിയുമായിയോജിക്കുന്ന ഭാഗങ്ങളിൽ വശങ്ങൾ തകർന്നും കുഴിഞ്ഞും കിടക്കുന്നു. ആയതിനാൽ തോട്ടിൽ വെള്ളംകെട്ടി നിൽക്കുന്നില്ല. കുത്തനെയുള്ള ഒഴുക്ക് മണ്ണൊലിപ്പിന് കാരണമാകുന്നു.

അതിനാൽ തോടുകൾ നദികളിൽ ചേരുന്ന ഭാഗത്ത് ചരിച്ച് പടികെട്ടി കുറച്ചു ഭാഗം ഉയർത്തണം. ഇടിഞ്ഞ ഭാഗങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തണം.

താഴെപ്പറയുന്ന കുളങ്ങൾ താഴ്ത്തി അവയുടെ ഉള്ളിൽ കിണർ നിർമ്മിച്ച് ലിഫ്റ്റ് ഇറിഗേഷനും ട്രാപ്പ് ഇറിഗേഷനും ഏർപ്പെടുത്തിയാൽ, ഈ പഞ്ചായത്തിലെ ഗണ്യമായ പ്രദേശത്ത് ഇന്ന് നിലങ്ങളിൽ നടത്തിവരുന്ന കൃഷികൾ പലതും കരഭൂമിയിൽ ചെയ്യാൻ കഴിയും.

പട്ടിക 14

	വാർഡ്	സ്ഥലം	റിമാർക്ക്
I	പൂഴനാട്	കലവറക്കോണം കുളം	
II	കുന്നനാട്	ഇടയ്ക്കോണം കുളം	
III	കടമ്പറ	കരിച്ചെമ്പനാട് കുളം	
V	ഒറ്റശേഖരമംഗലം	കാരാമത്ത് കുളം	
VI	വാളികോട്	കക്കാട്ട് കുളം	
VII	പ്ലാമ്പഴിഞ്ഞി	ആങ്കോട്ടുകോണം കുളം	
VIII	ആലച്ചക്കോണം	പിറവൂർകുളം ആലച്ചക്കോണം കുളം	
IX	വാഴിച്ചൽ	ആറ്റൂർകുളം	

ബാക്കിയുള്ള 13 കുളങ്ങളേയും ഉദ്ധാരണപ്പണികൾ ചെയ്തു സംരക്ഷിക്കണം. അവയിൽ പ്രധാനമായും ചയമ്പറക്കോണം കുളത്തിന്റെ ചോർച്ച അടയ്ക്കണം.

താഴെപ്പറയുന്ന തോടു ബണ്ടുകൾ തകർന്നു കിടക്കുന്നു. അവ കെട്ടി സംരക്ഷിക്കണം

പട്ടിക 15

	വാർഡ്	സ്ഥലം
I	പൂഴനാട്	നീർവാഴിക്കോണം മംഗലത്തുകോണം തോട് ബണ്ട്
II	കുന്നനാട്	കളിയ്ക്കാകുളം മുതൽ രാമൻ കുന്നു നട തോട് ബണ്ട് ഇടയ്ക്കോണം - പുള്ളിക്കോണം തോട് ബണ്ട്.
IV	കുരവറ ബണ്ട്	മുഖറത്തല നട - മുഴിനട തോട്
V	ഒറ്റശേഖരമംഗലം	തോപ്പിൽതോട് ബണ്ട്
VI	വാളികോട്	മണക്കാല - മണ്ണറത്തല തോട് ബണ്ട്
VII	പ്ലാമ്പഴിഞ്ഞി	വാളികോട് - പെരുമ്പിൻകുഴിതോട് ചൂഴൈക്കോണം കടവം മണ്ണടിതോട് ബണ്ട്, കോളൂർ - വാളികോട് ബണ്ട് പഴയാറ്റു നട - ഇടത്തറ വീട് നടബണ്ട്
VIII	ആലച്ചക്കോണം	പേരേക്കോണം പടുവത്തുമൂല നട ബണ്ട്
IX	വാഴിച്ചൽ	വെളിയന്നൂർ തോട് ബണ്ട്

നെയ്യാർഡാം ഇടതുചാനലിൽ താഴെപ്പറയുന്ന നിലവിലുള്ള സ്ലൂയിസുകൾ അറ്റകുറ്റപ്പണിചെയ്തും പുതിയത് സ്ഥാപിച്ചും ചാനൽവെള്ളം കൃഷിക്ക് ഉപയുക്തമാക്കണം.

പട്ടിക 16

	വാർഡ്	സ്ഥലം
II	കുന്നനാട്	കോലിയക്കോട്, തൊട്ടിപ്പാലത്തിന് സമീപം
III	കടമ്പറ	താവലോട്ടുനട
IV	കുരവറ	കുറ്റാമത്തു കോണം നെട്ടയം, അമ്പലത്തുനട
V	ഒറ്റശേഖരമംഗലം	പുള്ളിക്കോണം ചടയമ്പറക്കോണം, മൈപറമ്പ്

താഴെപ്പറയുന്ന സ്ഥലങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ പ്രയോജനം ലഭ്യമാക്കണം.

പട്ടിക 17

	വാർഡ്	സ്ഥലം
I	പൂഴനാട്	വീയ്യക്കോണം - നീറാഴികോണം
II	കുന്നനാട്	കാരോട്ടുകോണം പാക്കോട്ടുകോണം
III	കടമ്പറ	മേമലക്കുന്ന് ചരുവ് കുരുവിൽപ്പുറം
IV	കുരവറ	കവറ്റുകോണം
V	ഒറ്റശേഖരമംഗലം	ചിത്തൻ കാല
VI	വാളികോട്	ചെട്ടിക്കുന്ന്, കക്കാട് കല്ലംപൊറ്റ മണക്കാല
VII	പ്ലാമ്പിഴിഞ്ഞി	പാണ്ടിയാം പാറ പ്ലാമ്പിഴിഞ്ഞി വട്ടപ്പറമ്പ്
VIII	ആലച്ചക്കോണം	ഉലട്ടിമുട് തൊളിക്കോട്ടു കോണം മാറാൻകുഴി
IX	വാഴിച്ചൽ	ആറ്റൂർ കുന്തളക്കോട്

താഴെപ്പറയുന്ന സ്ഥലങ്ങളിൽ ചെക്കുഡാംസ്ഥാപിക്കണം.

പട്ടിക 18

II	കുന്നനാട്	കുറ്റാക്കോണം - ഇടയ്ക്കോണം തോട്ടിൽ
III	കടമ്പറ	കൊച്ചുവീട്ടുനട
VI	വാളികോട്	കുറണ്ടപ്പള്ളി നടതോട് / കമുകറ ത്തലനട തോട്
V	ഒറ്റശേഖരമംഗലം	കോളൂർ കടവ്
VII	പ്ലാമ്പഴിഞ്ഞി	ചൂഴൈക്കോണത്ത്
IX	ആലച്ചക്കോണം	പേരേക്കോണം മുക്ക് തോട്
IX	വാഴിച്ചൽ	ആറ്റൂർ വലിയ മണ്ണടി

❖

4.2 മൃഗസംരക്ഷണം

കഴിഞ്ഞ ദശാബ്ദ കാലയളവിൽ നമ്മുടെ സംസ്ഥാനത്തുണ്ടായ സാമ്പത്തിക - സാമൂഹിക വളർച്ചയ്ക്ക് മൃഗ സംരക്ഷണ മേഖല കാര്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. അല്ലോഹരി കൃഷി ഭൂമിയിൽ വന്ന കുറവും വ്യവസായ സംരംഭങ്ങളുടെ മുരടിപ്പുമൂലമുണ്ടായ തൊഴിലില്ലായ്മയും ഈ മേഖലയിലേക്ക് ജനശ്രദ്ധ തിരിയാൻ കാരണമായി. ഹ്രസ്വകാല അടിസ്ഥാനത്തിൽ ചുരുങ്ങിയ മൂലധനം മുടക്കിൽ കൂടുതൽ സമ്പദ്‌വർദ്ധനവിന് ഉതകുന്ന മേഖലയാണിത്. നാടൻ പശുക്കളിൽ നിന്നും മേൽത്തരം സങ്കരയിനം ജനുസ്സുകളിലേക്കുള്ള പരിവർത്തനവും തന്മൂലമുണ്ടായ പാൽ ഉൽപാദനവിപണന രംഗത്തെ വളർച്ചയും ഈ അവസരത്തിൽ എടുത്തു പറയത്തക്കതാണ്.

കന്നുകാലി ഉടമകളിൽ ബഹുഭൂരിപക്ഷവും ദരിദ്ര കർഷകരും കർഷതൊഴിലാളികളുമാണ്. അതുകൊണ്ട് ഗ്രാമീണ ജനതയുടെ ജീവിത നിലവാരം ഉയർത്താൻ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ഈ മേഖലക്ക് അർഹമായ പ്രാധാന്യം ലഭിക്കണം.

ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിൽ മൃഗസമ്പത്തിനെപ്പറ്റി പറയുകയാണെങ്കിൽ പശു, ആട്, എരുമ എന്നിവയാണ് ഈ പ്രദേശത്തെ പ്രധാന വളർത്തുമൃഗങ്ങൾ. വളർത്തു പക്ഷികളിൽ പ്രധാനം കോഴികളും (1996-97 ലെ കന്നുകാലി സെൻസസ് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു). ഈ ഗ്രാമപഞ്ചായത്തിൽ ഇന്നുള്ള കറവ പശുക്കളെല്ലാം തന്നെ സങ്കരയിനങ്ങളാണ്. അവയിൽ പകുതിയും 10 ലിറ്ററിൽ കുറയാതെ പാൽ തരുന്നവയാണ്. ഈ ഗ്രാമ പഞ്ചായത്തിൽ സഹകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന മൂന്ന് ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രങ്ങളുണ്ട്. എന്നാൽ മുട്ടക്കോഴി വളർത്തലും ആട് വളർത്തലും വ്യാവസായിക അടിസ്ഥാനത്തിൽ നടത്തുന്ന ഒറ്റ യൂണിറ്റും പഞ്ചായത്തിലില്ല.

ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന നാല് സ്ഥാപനങ്ങളാണ് ഉള്ളത്. 9.3.1996 - ൽ സ്ഥാപിതമായി കുരവറയിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രിയും, പുഴനാട്, വാഴിച്ചൽ, ഒറ്റശേഖരമംഗലം എന്നീ ഉപകേന്ദ്രങ്ങളും ആണ് ഇവ. കൃത്രിമ ബീജസങ്കലന പ്രവർത്തനങ്ങളും രോഗപ്രതിരോധ കുത്തിവയ്പുകളും ഉപകേന്ദ്രങ്ങൾ വഴിയും മൃഗചികിത്സ ആശുപത്രി മുഖേനയുമാണ് നടന്നുവരുന്നത് ഇത് കൂടാതെ പുഴനാട്, കുരവറ, ആലച്ചക്കോണം എന്നീ സ്ഥലങ്ങളിൽ ആയി പ്രവർത്തിക്കുന്ന മൂന്ന് ക്ഷീരോത്പാദക സഹകരണ സംഘങ്ങളുമുണ്ട്. ഈ പഞ്ചായത്തിലെ പാൽ വിപണനം മുഖ്യമായും നടക്കുന്നത് ഈ സംഘങ്ങളിലൂടെയാണ്.

മൃഗസംരക്ഷണ മേഖലയിലെ പ്രധാന പ്രശ്നങ്ങൾ

1. ഗുണനിലവാരമുള്ള കാലിത്തീറ്റയുടെ ദൗർലഭ്യവും അനിയന്ത്രിതമായ വിലയും ആണ് കർഷകർ നേരിടുന്ന മുഖ്യ പ്രശ്നം. കൂടാതെ വയ്ക്കോലിന്റെ ദൗർലഭ്യവും ചുരുങ്ങിയ തീറ്റപ്പുൽ കൃഷിയും കാലിവളർത്തൽ കർഷകരെ കൂടുതൽ ബുദ്ധിമുട്ടിലാക്കുന്നു.
2. പാൽ ഉൽപാദനചെലവിന് അനുസൃതമായ വില കർഷകന് ലഭിക്കുന്നില്ല.
3. പാൽ വിപണനത്തിനുള്ള അസൗകര്യം,. (മുഖ്യമായും വാളികോട്, പ്ലാമ്പഴിഞ്ഞി, വാഴിച്ചൽ, കുന്നനാട്, വാർഡുകളിൽ)

കൃത്രി ബീജസങ്കലന വിവരങ്ങൾ (1995-'96)

വളർത്തുമൃഗം ഇനം	ആകെ എണ്ണം	കൃത്രിമ ബീജസങ്കലനം നടത്തിയവ	ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജസങ്കലനം നടത്തിയവ
1. പശു	709	673	89
2. കിടാരി	320	271	39
3. എരുമ	122	120	18

4. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പകൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്.
5. ഇൻഷ്വറൻസ് പരിരക്ഷയുടെ അപര്യാപ്തത.
6. സമഗ്രമായ പേവിഷ നിയന്ത്രണ പദ്ധതികളുടെ അഭാവം.
7. കർഷകരുടെ ആവശ്യാനുസരണം ഗുണമേന്മയുള്ള പക്ഷി മൃഗാദികളുടെ ദൗർലഭ്യം.
8. ഈ മേഖലയിലുള്ള കുറഞ്ഞ വനിതാ പങ്കാളിത്തം.
9. സാങ്കേതിക പരിജ്ഞാനമില്ലാത്തവരുടെ അശാസ്ത്രീയമായ മൃഗചികിത്സ.
10. അശാസ്ത്രീയമായ മാംസോൽപാദനക വിപണന രീതികൾ.
11. കാലാനുസൃതമായ സൗകര്യങ്ങളില്ലാത്ത മൃഗാശുപത്രിയും ഉപകേന്ദ്രങ്ങളും.

പട്ടിക 19

കന്നുകാലി സെൻസസ് 1996-97

ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത്

വാർഡ് നമ്പർ	വാർഡിന്റെ പേര്	പശുക്കളും എരുമകളും	ആട്	കോഴി	പന്നി	മുയൽ	നായ
I	പുഴനാട്	238	186	1641			364
II	കുന്നനാട്	109	88	1545	2		220
III	കടമ്പ	100	122	1078		9	202
IV	കുറവറ	136	171	2822	-		196
V	ഒറ്റശേഖരമംഗലം	104	118	943	2		118
VI	വാളിക്കോട്	293	224	855	3		105
VII	പ്ലാമ്പഴഞ്ഞി	207	176	807	2		216
VIII	ആലച്ചക്കോണം	488	210	625			182
IX	വാഴിച്ചൽ	496	224	2863	25		164
	ആകെ	2171	1519	13179	34	9	1767

ഔദ്യോഗികമായി ഈ കണക്കുകൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ലെങ്കിലും കന്നുകാലി സമ്പത്തിനെ സംബന്ധിച്ച ഏറ്റവും പുതിയ സ്ഥിതിവിവരക്കണക്ക് എന്ന രീതിയിൽ ഇത് ഉപയോഗപ്പെടുത്തണം.

ഇതിൽ സ്വന്തമായ കെട്ടിടങ്ങൾ മൃഗാശുപത്രിക്കും മൂന്ന് ഉപകേന്ദ്രങ്ങൾക്കും നിലവില്ല. പുഴനാട് ഉപകേന്ദ്രത്തിൽ സ്ഥിരമായി ഒരു ലൈവ്സ്റ്റോക് ഇൻസ്പെക്ടർ ഇല്ല. വാഴിച്ചൽ ഉപകേന്ദ്രത്തിൽ പാർട് - ടൈം - സ്വീപ്പർ തസ്തിക ഒഴിവിലാണ്. മൃഗാശുപത്രിയിൽ വൈദ്യുതി, ജല കണക്ഷനുകളും, മറ്റ് പ്രാഥമിക സൗകര്യങ്ങളും നിലവിലില്ല. മൃഗാശുപത്രിയിൽ ബീജസങ്കലന സൗകര്യം, അവശ്യം വേണ്ടുന്ന മരുന്നുകൾ, മരുന്നുകൾ സൂക്ഷിക്കുന്നതിനുള്ള ഫ്രിജ്ഡ്, മറ്റ് ഉപകരണങ്ങൾ, ലബോറട്ടറി സൗകര്യങ്ങൾ എന്നിവ ലഭ്യമല്ല. പുഴനാട്, കുരവറ എന്നീ ഉപകേന്ദ്രങ്ങൾ കന്നുകാലികളെ പരിശോധിക്കുന്നതിനുള്ള കൂടുകൾ ഇല്ല. പ്ലാമ്പഴിഞ്ഞി, വാളിക്കോട്, വാഴിച്ചൽ വാർഡുകളിൽ ബീജസങ്കലന സൗകര്യങ്ങൾ അപര്യാപ്തമാണ്.

നിലവിലുള്ള പദ്ധതികൾ: പോരായ്മകൾ - മാറ്റങ്ങൾ

1. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

ഈ പദ്ധതി ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിൽ പുഴനാട് പാൽ ഉൽപാദക സഹകരണസംഘം വഴി മാത്രമേ നിലവിലുള്ളൂ. ഉയർന്ന ജനിതക ഗുണമുള്ള പശുക്കുട്ടികൾക്ക് സൗജന്യ നിരക്കിൽ കാലിത്തീറ്റ, ആരോഗ്യ പരിപാലനം, ഇൻഷ്വറൻസ്, പരിരക്ഷ എന്നിവ നൽകി ആദ്യപ്രസവം 30 മാസത്തിനുള്ളിൽ സാദ്ധ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതി ഇതര പാൽ സൊസൈറ്റികൾ വഴി പഞ്ചായത്തിലാകമാനം വ്യാപിപ്പിക്കേണ്ടതുണ്ട്. പശുക്കുട്ടികൾക്ക് പുറമെ എരുമകുട്ടികളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തണം.

2 കാലിരോഗ നിയന്ത്രണ പദ്ധതി:

കാലാകാലങ്ങളിൽ കന്നുകാലികൾക്കും കോഴികൾക്കും ഉണ്ടാകുന്ന പകർച്ചവ്യാധികൾക്കെതിരെ പ്രതിരോധ കുത്തിവയ്പ് നടത്തുകയാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമാക്കുന്നത്. ഈ പദ്ധതിയുടെ പ്രയോജനം പഞ്ചായത്തിലെ എല്ലാ കർഷകരും പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നില്ല. ഒരു പ്രദേശത്തെ എല്ലാ കന്നുകാലികളെയും യഥാസമയം പ്രതിരോധ കുത്തിവയ്പിന് വിധേയമാക്കണം.

3. പന്നി വളർത്തൽ

പന്നിക്കുഞ്ഞുങ്ങളുടെ ദൗർലഭ്യമാണ് പ്രധാന പ്രശ്നം. സർക്കാർ ഫാമുകളെ മാത്രം ആശ്രയിക്കാതെ ഇവ ലഭ്യമാക്കുന്നതിന് സ്വകാര്യ മേഖലയിലും പ്രദേശിക ജീവിത രീതിക്കനുസൃതമായും പന്നിവളർത്തൽ പ്രോത്സാഹിപ്പിക്കണം. അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

4. ആട് വളർത്തൽ

നല്ലയിനം ആട്ടിൻ കുട്ടികൾ ലഭ്യമല്ല. പച്ചിലത്തീറ്റയുടെ ദൗർലഭ്യവും പോരായ്മയാണ്. നല്ലയിനം ആട്ടിൻ കുട്ടികളെ ലഭ്യമാക്കുകയും സോഷ്യൽ ഫോറസ്ട്രി

മുതലായ പദ്ധതികൾ വഴി ഇതിന് വേണ്ട പച്ചിലത്തീറ്റ (പ്ലാവ്, സുബാബുൾ) കൂടുതൽ പ്രചരിപ്പിക്കുകയും വേണം.

5. ഇറച്ചിക്കോഴി വളർത്തൽ

ഈ മേഖല ഇന്ന് തികച്ചും അസംഘടിതമാണ്. തീറ്റയുടെയും കോഴിക്കുഞ്ഞുങ്ങളുടെയും അമിതമായ വിലയും ഇടത്തട്ടുകാരുടെ ചൂഷണവും ഈ മേഖല നേരിടുന്ന പ്രശ്നമാണ്. നല്ലയിനം കോഴിക്കുഞ്ഞുങ്ങളെയും തീറ്റയും കുറഞ്ഞ വിലക്ക് പഞ്ചായത്ത് തലത്തിൽ ലഭ്യമാക്കണം. ഇടത്തട്ടുകാരെ ഒഴിവാക്കുവാനും കോഴിയിറച്ചിയുടെ വിപണനത്തിനുമായി സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

6 എഗ്ഗർ നഴ്സറി

നല്ലയിനം കോഴിക്കുഞ്ഞുങ്ങൾ ലഭ്യമല്ല. സർക്കാർ ഫാമുകളിൽ നിന്നും ഇവ ലഭ്യമാക്കണം. ഈ പദ്ധതി മറ്റ് മുട്ടക്കോഴി വളർത്തൽ പദ്ധതിയുമായി ബന്ധപ്പെടുത്തി പ്രവർത്തിക്കണം.

7. അടുക്കള മുറ്റത്തെ കോഴിവളർത്തൽ

എല്ലാവർക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നില്ല. ആവശ്യക്കാർക്ക് രണ്ട് മാസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ സഹായ നിരക്കിൽ ലഭ്യമാക്കണം.

8. മുയൽ ഉത്പാദന പദ്ധതി

മാംസോൽപാദനത്തിനുവേണ്ടി മുയൽ വളർത്തൽ വ്യാപകമാക്കുകയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഈ മേഖലയ്ക്ക് കൂടുതൽ പ്രോത്സാഹനം നൽകുന്ന രീതിയിൽ പദ്ധതി ആവിഷ്കരിക്കേണ്ടതുണ്ട്.

9. വികസനവും, പരിശീലനവും, വിജ്ഞാന വ്യാപനവും

കർഷകർക്ക് ശാസ്ത്രീയമായ മൃഗപരിപാലനരീതികളെക്കുറിച്ചുള്ള അറിവ് പകരുകയാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. എല്ലാ കർഷകരെയും ബോധവൽക്കരിക്കത്തക്ക വിധത്തിൽ സെമിനാറുകൾ, ചർച്ചാക്ലാസുകൾ, പരിശീലനങ്ങൾ എന്നിവ വ്യാപകമായ തോതിൽ സംഘടിപ്പിക്കേണ്ടതുണ്ട്.

സാദ്ധ്യതകൾ

★ പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ സമാഹരിച്ച് സഹകരണാടിസ്ഥാനത്തിൽ തീറ്റ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കണം. അസംസ്കൃത സാധനങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനും നിയന്ത്രിത വിലയ്ക്ക് ഗുണ നിലവാരമുള്ള തീറ്റ ലഭിക്കുന്നതിനും , പ്രാദേശികമായി തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഇത് സഹായിക്കും.

★ പഞ്ചായത്ത് പുറമ്പോക്ക് സ്ഥലങ്ങൾ തീറ്റപ്പുല്ല് കൃഷിക്കുവേണ്ടി ലേല വ്യവസ്ഥയിൽ ഉപയോഗിക്കാവുന്നതാണ്.

★ പാൽ വിപണന സ്ഥാപനങ്ങൾ കർഷകന് പ്രാപ്യമായ രീതിയിൽ പുനരാസൂത്രണം ചെയ്യുകയും പാലിന് അർഹമായ വില ഉറപ്പ് വരുത്തുകയും വേണം.

★ പാൽ സൊസൈറ്റിയും ധനകാര്യ സ്ഥാപനങ്ങളും കർഷകനും ചേർന്ന കൂട്ടുത്തരവാദിത്വത്തോടെയുള്ള വായ്പാ സംവിധാനം ഉണ്ടാക്കുക.

★ മൃഗാശുപത്രികളിൽ അവശ്യം മരുന്നുകൾ ലഭ്യമാക്കുക.

★ പഞ്ചായത്ത് തലത്തിൽ പക്ഷി-മൃഗാദികൾക്ക് മാസ്റ്റർ പോളിസി വഴി ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുക.

★ വർഗ്ഗോദ്ധാരണത്തിനുവേണ്ടി 500 പശുക്കൾക്ക് ഒന്ന് എന്ന തോതിൽ ക്രിത്രിമ ബീജസങ്കലന സ്ഥാപനങ്ങൾ ആരംഭിക്കണം.

★ ആധുനിക രീതിയിലുള്ള ശാസ്ത്രീയമായ അറവുശാലകൾ പ്രദേശികമായി സ്ഥാപിക്കുകയും ശുദ്ധമായ മാംസവിപണന സൗകര്യങ്ങൾ ഉറപ്പാക്കുകയും ചെയ്യണം.

★ മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ശാസ്ത്രീയമായി നടപ്പിലാക്കാനുള്ള സൗകര്യം ഉണ്ടാക്കുക.

★ ചികിത്സാരംഗം രജിസ്ട്രേഷനുള്ളവർക്ക് മാത്രമായി നിജപ്പെടുത്തുക.

★ വനിതാ സംഘങ്ങളുടെ രൂപീകരണം വഴി മൃഗസംരക്ഷണ മേഖലയിലെ സ്ത്രീ പങ്കാളിത്തം ഉറപ്പു വരുത്തുക.

★ മൃഗാശുപത്രി വികസനത്തിന് ആവശ്യമായ ആധുനിക സൗകര്യങ്ങൾ മൃഗാശുപ്രതിയിൽ ലഭ്യമാക്കുകയും വേണം.

★ സമഗ്ര പേവിഷ നിയന്ത്രണ നയം ഉണ്ടാക്കുകയും പഞ്ചായത്തിലെ എല്ലാ വളർത്തു നായ്ക്കൾക്കും പ്രതിരോധ കുത്തിവയ്പ് നൽകുകയും ലൈസൻസിംഗ് നിർബന്ധമാക്കുകയും അലഞ്ഞു തിരിയുന്ന നായ്ക്കളെ നശിപ്പിക്കുകയും വേണം.

ഒൻപതാം പദ്ധതിക്കുവേണ്ടി മൃഗസംരക്ഷണ മേഖലയിൽ നിന്ന് പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ അടിസ്ഥാനമാക്കാനുതകുന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ചുവടെ ചേർക്കുന്നു.

1. ഉത്പാദന മേഖല

പാൽ ഉത്പാദനം: ചെറുകിട നാമമാത്ര കർഷകരെയും കർഷകതൊഴിലാളികളെയും ഈ മേഖലയിലേക്ക് ആകർഷിക്കുക, പാലിന്റെ ഉത്പാദനവും ഉപഭോഗവും വർദ്ധിപ്പിക്കുക, കാലിവളർത്തൽ മുഖ്യതൊഴിലായോ ഉപതൊഴിലായോ സ്വീകരിക്കുന്നതിന് പ്രോത്സാഹനം നൽകുക എന്നിവയാണ് മുഖ്യലക്ഷ്യങ്ങൾ.

A) ഡയറി യൂണിറ്റുകൾ:-

മുന്ന് പശുക്കൾ അടങ്ങുന്ന ഒരു യൂണിറ്റ് . ബാങ്ക് വായ്പയുടെയും സബ്സിഡിയുടെയും സഹായമുണ്ടെങ്കിൽ ആദായകരമായ രീതിയിൽ കർഷകന് ഈ യൂണിറ്റ് മുന്നോട്ടു കൊണ്ടുപോകാവുന്നതാണ്.

B. കന്നുകുട്ടി പരിപാലന പദ്ധതി:-

4 മുതൽ 32 മാസം വരെ പ്രായമുള്ള സങ്കര ഇനം പശുക്കുട്ടികൾക്ക് (എരുമക്കുട്ടികൾക്ക് 2 മുതൽ 42 മാസം വരെ) സൗജന്യ നിരക്കിൽ കാലിത്തീറ്റ, മരുന്ന്, ഇൻഷുറൻസ് പരിരക്ഷ എന്നിവ നൽകി ആദ്യപ്രസവം 30 മാസത്തിനുള്ളിൽ സാദ്ധ്യമാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

2. മുട്ട ഉത്പാദനം:-

A. വീട്ടുവളപ്പിലെ കോഴിവളർത്തൽ:-

വീടുകളിലേക്ക് ആവശ്യമായ മുട്ട ഉൽപാദിപ്പിക്കുന്നതിന് പുറമെ ഒരു വരുമാനമാർഗവും, തൊഴിലും ഉറപ്പു വരുത്തുകയാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമാക്കുന്നത്. 60 ദിവസം പ്രായമായ അഞ്ച് മുട്ടക്കോഴി കുഞ്ഞുങ്ങളെ സൗജന്യ നിരക്കിൽ വീട്ടമ്മമാർക്ക് വിതരണം ചെയ്യുന്നതാണ് രീതിയിൽ പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.

B. എഗ്ഗർ നഴ്സറി:-

ഗുണമേന്മയുള്ള മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുകയാണ് ലക്ഷ്യം. ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ 60 ദിവസം വരെ ശാസ്ത്രീയമായ രീതിയിൽ വളർത്തി വിപണനത്തിന് തയ്യാറാക്കുകയാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. അഭ്യസ്ത വിദ്യരായ ചെറുപ്പക്കാർക്ക് 500 കുഞ്ഞുങ്ങളടങ്ങുന്ന യൂണിറ്റുകൾ ആദായകരമായ രീതിയിൽ നടത്താവുന്നതാണ്.

C. സ്കൂൾ പൗൾട്രി ക്ലബ്ബ്:-

കുട്ടികളിൽ പഠനത്തോടൊപ്പം സമ്പാദ്യശീലവും കോഴിവളർത്തലിൽ താൽപര്യവും ഉണ്ടാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. രണ്ടുമാസം പ്രായമുള്ള മുന്ന് മുട്ടക്കോഴികുഞ്ഞുങ്ങളെ സൗജന്യമായി കുട്ടികൾക്ക് നൽകുന്ന രീതിയിൽ പദ്ധതി വിഭാവനം ചെയ്യാവുന്നതാണ്.

3. വ്യാവസായിക അടിസ്ഥാനത്തിൽ മുട്ടക്കോഴി വളർത്തൽ:-

സാമ്പത്തിക ശേഷിയുള്ള തൊഴിൽ രഹിതരായവർക്ക് മുട്ട ഉത്പാദന സഹകരണ സംഘങ്ങൾ സ്ഥാപിച്ച് മുട്ടക്കോഴി വളർത്തൽ ആദായകരമായി നടത്താം. കോഴി ത്തീറ്റ ഉൽപാദനവും മുട്ടയുടെ വിപണനവും സംഘം വഴി നടത്തണം.

4. മാംസ ഉത്പാദനം:-

A. ഇറച്ചിക്കോഴി വളർത്തൽ:-

രണ്ടാഴ്ചയിലൊരിക്കൽ വിപണന പ്രായമെത്തിയ 250 ഇറച്ചിക്കോഴികളെ വിൽപനക്ക് സജ്ജമാക്കുകയാണ് ഫാമുകളിൽ നിന്നോ സ്വകാര്യ ഹാച്ചറികളിൽ നിന്നോ കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കാം. ബാങ്ക് വായ്പകളുടെയും മറ്റ് സാമ്പത്തിക ആനുകൂല്യങ്ങളുടെയും പിൻബലമുണ്ടെങ്കിൽ ഈ രംഗം കൂടുതൽ ശോഭനമാക്കാം.

B. ആട് വളർത്തൽ:-

മാംസോൽപാദനത്തിനായി ആടുകളെ വളർത്തുന്നത് ആദായകരമായ ഒരു മാർഗ്ഗമാണ്. ഇടത്തരം കർഷകരുടെ സാമ്പത്തിക പരിമിതികൾക്ക് അനുസൃതമായി ആട് വളർത്തൽ പദ്ധതി ആവിഷ്ക്കരിക്കാവുന്നതാണ്. മാംസ സംസ്കരണ വിപണന സഹകരണ സംഘങ്ങൾ കൂടി ഉണ്ടായാൽ ഈ പദ്ധതി കൂടുതൽ ഫലപ്രദമാക്കാം.

C. പന്നി വളർത്തൽ:-

പന്നി ഇറച്ചിയുടെ ഉൽപാദനവും ലഭ്യതയും വർദ്ധിപ്പിക്കുന്നതിന് ഫലപ്രദമായ രീതിയിൽ മേഖലാടിസ്ഥാനത്തിലുള്ള സാദ്ധ്യതകളും മതപരമായ പരിഗണനകളും കണക്കിലെടുത്ത് ഈ പദ്ധതി നടപ്പിലാക്കാം. ഹോട്ടൽ അവശിഷ്ടങ്ങൾ, പച്ചക്കറി മാർക്കറ്റിലെ അവശിഷ്ടങ്ങൾ എന്നിവ ശാസ്ത്രീയമായ രീതിയിൽ സംസ്കരിച്ച് പന്നിയുടെ തീറ്റ തയ്യാറാക്കുന്നതോടൊപ്പം മാലിന്യ ദൂരീകരണവും സാദ്ധ്യമാക്കുന്നു.

D. കാളക്കുട്ടി പരിപാലനം:

മുന്ന് മാസം വരെ പ്രായമായ കാളക്കുട്ടികളെ പന്ത്രണ്ട് മാസം വരെ ശാസ്ത്രീയമായ രീതിയിൽ പരിചരിച്ച് മാംസ ആവശ്യത്തിനായി ഉപയോഗിക്കുകയാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമാക്കുന്നത്.

E. മുയൽ വളർത്തൽ:-

മാംസോൽപാദനത്തിനായി രണ്ട് പെൺമുയലുകളും ഒരു ആൺമുയലും അടങ്ങുന്ന യൂണിറ്റുകൾ വിദ്യാർത്ഥികൾക്കോ വീട്ടമ്മമാർക്കോ സൗജന്യ നിരക്കിൽ നൽകി ആദായകരമായ രീതിയിൽ ഈ പദ്ധതി നടപ്പിലാക്കാം.

5. ചെറുകിട കാലിത്തീറ്റ യൂണിറ്റുകൾ

പ്രദേശികമായി ലഭ്യമായ വിഭവങ്ങൾ സമാഹരിച്ച് സഹകരണ അടിസ്ഥാനത്തിൽ കാലിത്തീറ്റ നിർമ്മിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കണം.

II സേവന മേഖല:-

1. മെച്ചപ്പെട്ട മൃഗാശുപത്രി സൗകര്യങ്ങൾ:-

സ്വന്തമായ കെട്ടിടം, മരുന്നുകളുടെ ലഭ്യത, ലബോറട്ടറി സൗകര്യങ്ങൾ, കൃത്രിമ ബീജധാന സൗകര്യം, വാഹന സൗകര്യം, ടെലിഫോൺ എന്നിവ അവശ്യം ലഭ്യമാക്കേണ്ടതാണ്.

2. പേവിഷ നിയന്ത്രണം:-

പഞ്ചായത്തിലെ എല്ലാ വളർത്തു നായകൾക്കും പ്രതിരോധ കുത്തിവയ്പ് നൽകുകയും ലൈസൻസ്

നിർബ്ബന്ധമാക്കുകയും അലഞ്ഞു തിരിയുന്ന നായ്ക്കളെ നശിപ്പിക്കുകയും വേണം.

3. അറവ് ശാലകൾ:

ശാസ്ത്രീയമായ അറവ് ശാലകൾ സ്ഥാപിക്കുക, മാംസ പരിശോധനയും വിപണനവും കാര്യക്ഷമമാക്കുക.

4. വിജ്ഞാന വ്യാപനം:

വിജ്ഞാന വ്യാപന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

III ആസൂത്രണ മേഖല:

പ്രാദേശിക തലത്തിൽ പ്രയോഗികമായി വിജയിക്കുന്ന മൃഗസംരക്ഷണ പദ്ധതികൾക്ക് രൂപം നൽകുക.

IV വനിതാ പങ്കാളിത്തം

1. വനിതാ സംരംഭകർക്കുള്ള പശുവളർത്തൽ:

മഹിളാ സംഘങ്ങൾ വഴി പശു വളർത്തുന്ന പദ്ധതി

2. ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റ്

ചെറുകിട ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ മഹിളാ സംഘങ്ങൾ വഴി നടപ്പിലാക്കുന്ന പദ്ധതി

3. വിപണന കേന്ദ്രങ്ങൾ:

സംസ്കരിച്ച കോഴിയിറച്ചി, മുട്ട, കോഴിയിറച്ചിയും മുട്ടയും ഉപയോഗിച്ചുണ്ടാക്കുന്ന വിവിധ വിഭവങ്ങൾ എന്നിവയുടെ വിപണനം വനിതകളുടെ ആഭിമുഖ്യത്തിലുള്ള വിപണന കേന്ദ്രങ്ങളിൽ നടത്താവുന്നതാണ്.

മൃഗസംരക്ഷണ രംഗത്തെ പ്രവർത്തന മേഖല പരിശോധിച്ച് സമഗ്ര ആസൂത്രണ പദ്ധതികൾ രൂപപ്പെടുത്തുകയും അതിനെ കേരളത്തിലെ ജനങ്ങളുടെ ആഹാരക്രമം, പോഷക ലഭ്യത, അദ്ധ്വാനം, ആരോഗ്യം എന്നിവയുമായി ബന്ധപ്പെടുത്തി ജനങ്ങളുടെ സർവ്വതോന്മുഖമായ പുരോഗതിക്ക് സഹായമാക്കുകയും ചെയ്യുക എന്നതായിരിക്കണം ലക്ഷ്യം. ഗ്രാമതല ആസൂത്രണത്തിലൂടെ തീർച്ചയായും അത് സാധിതമാക്കാം.

❖

4.3 വിദ്യാഭ്യാസം

ദേശീയ പ്രസ്ഥാനവും അതിന്റെ ഭാഗമായ സാമൂഹ്യപരിഷ്കരണ പ്രവർത്തനങ്ങളും ഒറ്റശേഖരമംഗലം പഞ്ചായത്തിലെ വിദ്യാഭ്യാസ രംഗത്ത് നിർണ്ണായകമായ സ്വാധീനം ചെലുത്തുകയുണ്ടായി. ഒറ്റശേഖരമംഗലത്തു പ്രവർത്തിക്കുന്ന കിസാൻ ഗ്രന്ഥശാല അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് ഗണ്യമായ സംഭാവനകൾ നൽകി. സമൂഹത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിക്കു വേണ്ടി ആസൂത്രിതമായി പ്രവർത്തിക്കുന്ന പ്രതിബദ്ധതയുള്ള തലമുറയെ വാർത്തെടുക്കുന്ന ഒരു വിദ്യാഭ്യാസനയമാണ് നമുക്കാവശ്യം. ഈ സത്യം ഓർമ്മിച്ചുകൊണ്ടുവേണം വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത്.

പഞ്ചായത്തിൽ 1857 - ൽ കുന്നനാട് സ്ഥാപിച്ച കുന്നനാട് ഗവ: എൽ. പി. സ്കൂളാണ് (ആൺ പള്ളിക്കൂടം) ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനം. പുരാതന ദേവാലയം, (ഒറ്റശേഖരമംഗലം ക്ഷേത്രം) കുടിപ്പള്ളിക്കൂടങ്ങൾ, മിഷനറിമാർ, കളരികൾ എന്നിവയാണ് ഈ പഞ്ചായത്തിലെ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ശിലകൾ.

1948 - ൽ നിർബ്ബന്ധമായും വിദ്യാഭ്യാസം നടപ്പിലാക്കുന്നതിനുമുൻപുതന്നെ ഈ പഞ്ചായത്തിൽ വിദ്യാലയങ്ങൾ ആരംഭിച്ചു കഴിഞ്ഞു. പല മാന്യവ്യക്തികളുടെ സഹായസഹകരണങ്ങളോടെ വിദ്യാഭ്യാസരംഗം അഭിവൃദ്ധി പ്രാപിച്ചു. ഇവരിൽ ഹിന്ദി അദ്ധ്യാപകനായ അയ്യപ്പൻ പിള്ള, ഈനോസ് സാർ, തിരുവിളശ്ശേരി കൃഷ്ണപിള്ള, സേതുവാര്യർ, ആർ. ജനാർദ്ദനൻ നായർ ഡോ. കാനക്കോട് പരമേശ്വരൻ നാടാർ, ചടയമ്പറക്കോണം വേലായുധൻ പിള്ള, തെങ്ങുമൺമഠം ഗിരീശൻ നമ്പൂതിരി, പടപ്പറത്തല പത്മനാഭപിള്ള തുടങ്ങിയവർ സ്മരിക്കപ്പെടേണ്ടവരിൽ ചിലരാണ്.

കുന്നനാട് എൽ. പി. എസ്സ് കൂടാതെ പാലോട്ടുകോണ ഫെയ്ത്തു മിഷനറിമാർ ഒരു പ്രൈമറി സ്കൂൾ ആരംഭിച്ചു. എന്നാൽ ഇവിടെ ആ മിഷന്റെ പ്രവർത്തനം അധികനാൾ നീണ്ടു നിന്നില്ല. അവർ ഇവിടംവിട്ടുപോയപ്പോൾ ഇവിടുള്ള ചില നാട്ടുകാർ ഒരു കമ്മറ്റി രൂപീകരിച്ച് സ്കൂൾ എറ്റെടുത്തു. ഒറ്റശേഖരമംഗലത്ത് ഈ സ്കൂൾ ആരംഭിച്ചു. അതാണ് ഒറ്റശേഖരംഗംഘം എൽ. പി. എസ്സ്,. ഇത് ഇന്ന് മാനേജ് മെൻറ് തർക്കത്തിൽ കേസിലാണ്. ഇത് ഈ സകൂളിന്റെ പുരോഗതിയെ സാരമായി ബാധിക്കുന്നു. ഇതുകൂടാതെ പുഴനാട് എൽ. പി. ജി. എസും സ്വാതന്ത്ര്യലബ്ധിക്ക് മുൻപ് സ്ഥാപിച്ചതാണ്. ഇപ്പോൾ ഇവിടെ നിലവിലുള്ള വിദ്യാലയങ്ങളുടെ വിശദവിവരങ്ങൾപട്ടിക 20 പട്ടിക 21 എന്നിവയിൽ വിവരിച്ചിരിക്കുന്നു.

സ്വാതന്ത്ര്യത്തിനുശേഷം സ്ഥാപിതമായ വിദ്യാലയങ്ങളാണ് എസ്. എൽ. ഡി. പി. എൽ. പി. എസ്. പ്ലാമ്പഴിഞ്ഞി, ഒറ്റശേഖരമംഗലം ഹൈസ്കൂൾ (ഇത് പിന്നീട് ജനാർദ്ദനപുരം ഹൈസ്കൂളെന്ന് നാമകരണം ചെയ്തു) എം. ജി. എം. ഹൈസ്കൂൾ പുഴനാട്, എസ്. എസ്. എം. യു. പി. എസ്. പുഴനാട് എന്നിവ.

1957 - ൽ അധികാരത്തിൽ വന്ന കേരളാ ഗവൺമെൻറ് മലമ്പ്രദേശങ്ങളിൽ അനുവദിച്ച 12 ഹൈസ്കൂളുകളിൽ ഒന്നാണ് ഒറ്റശേഖരമംഗലം ഹൈസ്കൂൾ. മറ്റ് 11 സ്കൂളുകളും സർക്കാർ വിദ്യാലയങ്ങളാണ്.

പട്ടിക 20

ക്രമ നമ്പർ	സ്കൂളിന്റെ പേര്	മാനേജ് മെൻറ്	വിദ്യാർത്ഥികളുടെ എണ്ണം			അദ്ധ്യാപകർ			അദ്ധ്യാപകപരിശീലനയോഗ്യത	
			ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	BEd	TTC
1	ജനാർദ്ദനപുരം ഹൈസ്കൂൾ കുരവറ	എയ് ഡഡ്	373	396	769	15	16	31	17	14
2	MGM, HS പുഴനാട്		259	269	528	8	17	25	25	
3	S.S.M. UPS പുഴനാട്	,,	281	220	501	3	13	16	1	13
4	ഗവ.എൽ. പി. എസ്. കുന്നനാട്	ഗവ	22	10	32	2	2	4		4
5	ഗവ. എൽ. പി. ജി. എസ്. പുഴനാട്		159	179	338	3	9	12		10
6	ഒറ്റശേഖരമംഗലം എൽ. പി. എസ്	എയ് ഡഡ്	149	125	274	2	6	8		7
7	SNDP LPS പ്ലാമ്പഴിഞ്ഞി	,,	110	92	202	3	2	5		5
	ആകെ		1353	1291	2644	36	65	101	42	54

അൺ എയ്ഡഡ് വിദ്യാലയങ്ങൾ

മണ്ഡപത്തിൻ കടവ് വിവേകാനന്ദ നഴ്സറി & എൽ. പി. എസ്. വാഴിച്ചൽ ഓസ്കീലിയ യു. പി. സ്കൂൾ എന്നീ അൺ എയ്ഡഡ് സ്കൂളുകളും പ്രവർത്തിക്കുന്നു. വിവേകാനന്ദ എൽ. പി. എസ്സിൽ ഒന്നു മുതൽ മൂന്നുവരെയുള്ള സ്റ്റാൻഡേർഡുകളിലായി 41 കുട്ടികൾ പഠിക്കുന്നുണ്ട്. ഓസ്കീലിയം യു. പി. സ്കൂളിൽ അഞ്ചു മുതൽ ഏഴുവരെയുള്ള ക്ലാസ്സുകളിലായി 128 കുട്ടികൾ ഉണ്ട്. അവിടെ ഈ വർഷം ഒന്നാംസ്റ്റാൻഡേർഡും ആരംഭിച്ചിട്ടുണ്ട്. അതിൽ 35 കുട്ടികൾ ഉണ്ട്.

വാഴിച്ചൽ ഇമ്മാനുവേൽ കോളേജ് എന്നൊരു സ്വാശ്രയ കോളേജും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇവിടെ ഡിഗ്രി ക്ലാസ്സുകൾ മാത്രമാണ് ഉള്ളത്. കേരളാ യൂണിവേഴ്സിറ്റിയുടെ അംഗീകാരം ഈ കോഴ്സുകൾക്ക് ലഭിച്ചിട്ടുണ്ട്. ഇവിടെ നടക്കുന്ന കോഴ്സുകൾ BSc കംപ്യൂട്ടർ സയൻസ് (22 കുട്ടികൾ) BSc ഇലക്ട്രോണിക്സ് (26 കുട്ടികൾ) BCom, (36 കുട്ടികൾ) എന്നിവയാണ്. മൂന്നുവർഷം 6 സെമസ്റ്ററായിട്ടാണ് ക്ലാസ്സുകൾ നടക്കുന്നത്. ഇവിടെ 3 പട്ടിക ജാതി കുട്ടികൾ പഠിക്കുന്നുണ്ട്.

അനൗപചാരിക വിദ്യാലയങ്ങൾ

ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുറമേ 5 ട്യൂട്ടോറിയൽ കോളേജും 2 ടൈപ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടും ഒരു സംഗീതവിദ്യാലയവും 54 സ്വകാര്യ നഴ്സറിസ്കൂളുകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

സാങ്കേതിക വിദ്യാലയങ്ങൾ

പ്രീഡിഗ്രി വിദ്യാഭ്യാസത്തിനുവേണ്ടി അടുത്ത പഞ്ചായത്തിലുള്ള (9 കി. മീ അകലെ) കാട്ടാക്കട ക്രിസ്ത്യൻകോളേജിൽ പോകണം. സാങ്കേതിക വിദ്യാഭ്യാസത്തിനുവേണ്ടി നെയ്യാറ്റിൻകര, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലുള്ള ടെക്നിക്കൽ ഹൈസ്കൂൾ, പോളിടെക്നിക് വിമൻസ് പോളിടെക്നിക്, ഫൈൻ ആർട്സ് കോളേജ് എന്നീ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. കാട്ടാക്കട സബ്ജില്ലയിൽ പോലും സർക്കാർ വക ഒരു ITC ഇല്ല. ഈ പഞ്ചായത്തിൽ ഒരു വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂൾ പോലും ഇല്ല.

വിദ്യാർത്ഥികൾ

പഞ്ചായത്തിനകത്തുള്ള വിദ്യാർത്ഥികളുടെ എണ്ണം പട്ടിക - 21 ൽ കൊടുത്തിരിക്കുന്നു. ഇതിന് പുറമേ 300-ഓളം കുട്ടികൾ അടുത്ത പഞ്ചായത്തിലെ കുച്ചപ്പുറം സെൻറ്മാത്യൂസ് എൽ. പി. എസ്. പ്ലാവൂർ ഹൈസ്കൂൾ, മാവോട് ഹൈസ്കൂൾ, കുട്ടമല യു. പി. എസ്. എന്നീ വിദ്യാലയങ്ങളിലേക്ക് പോകുന്നു. സാമ്പത്തികമായി ഉയർന്ന വിഭാഗത്തിലെ 100-ാഓളം കുട്ടികൾ കാട്ടാക്കട, ഒറ്റശേഖരമംഗലം, പെരുങ്കടവിള, പുന്നാവൂർ കാർമ്മൽ സ്കൂൾ തുടങ്ങിയ സ്ഥലങ്ങളിൽ ഉള്ള ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലേക്ക് പോകുന്നതായി കണക്കാക്കാവുന്നതാണ്. മറ്റ് പഞ്ചായത്തുകളിൽ നിന്നും ഇവിടെ വന്ന് പഠിക്കുന്ന കുട്ടികളുടെ എണ്ണം താരതമ്യേന കുറവാണ്. 5 വയസു കഴിഞ്ഞ മിക്കവാറും കുട്ടികൾ സ്കൂളിൽ പോകുന്നുണ്ട്. കഴിഞ്ഞ ഏഴ് വർഷത്തെ കണക്ക് പരിശോധിച്ചാൽ മിക്ക വിദ്യാലയങ്ങളിലും വിദ്യാർത്ഥികളുടെ എണ്ണം തുടർച്ചയായി കുറഞ്ഞു വരുന്നതായി കാണാം. ജനനനിരക്കിലുള്ള കുറവ്, അടുത്ത പ്രദേശങ്ങളിൽ ആരംഭിച്ച ആകർഷകമായ വിദ്യാലയങ്ങളുടെ ആധിക്യം കൂടുതൽ മെച്ചപ്പെട്ട വിദ്യാലയങ്ങളുടെ പ്രചരണം, ഇംഗ്ലീഷ് മീഡിയം ഭ്രമം ഇവയൊക്കെ ഇതിന് മതിയായ കാരണമാണെന്നു കാണാം. വിദ്യാർത്ഥികളുടെ എണ്ണം ഏറ്റവും കുറഞ്ഞിരിക്കുന്നത് ഈ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയമായ കുന്നനാട് ഗവ. എൽ. പി. എസ്സിലാണ് (32 കുട്ടികൾ) ഈ സ്കൂൾ ഇന്ന് അൺ ഇക്കണോമിക്കായി ഗവൺമെൻറ് പ്രഖ്യാപിച്ചിട്ടുണ്ട്. അതിൻെറ മേൽക്കൂര ഓട് തകർന്ന് നശിക്കാറായിരിക്കുന്നു. സർക്കാർ സ്കൂളുകളിൽ വിദ്യാർത്ഥികൾ കുറയുന്നതിൻെറ മറ്റൊരു കാരണം ആവശ്യമുള്ള അദ്ധ്യാപകരെ കൃത്യസമയത്ത് നിയമിക്കുന്നില്ല എന്നുള്ളതാണ്. എതെങ്കിലും അദ്ധ്യാപകൻ സ്ഥലം മാറിപ്പോയാൽ പിന്നെ കുറേക്കാലത്തേക്ക് അവിടെ അദ്ധ്യാപകർ ഉണ്ടാകില്ല. ഇത് രക്ഷകർത്താക്കളിൽ ആശങ്ക ഉണ്ടാക്കുന്നു.

ഈ പഞ്ചായത്തിൻെറ കിഴക്കൻ മലയോരഭാഗങ്ങളിൽ നടന്നെത്താവുന്ന ദൂരത്തിൽ വിദ്യാലയങ്ങൾ വിരളമാണ്. നിലവിലുള്ള വിദ്യാലയങ്ങളുടെ ദൂരപരിധി പട്ടിക 22- ൽ കൊടുത്തിരിക്കുന്നു.

പട്ടിക 22

സ്കൂളുകളിലേക്കുള്ള യാത്രാ ദൂരം

തരം	ശരാശരി ദൂരം (കി.മീ)	പരമാവധി ദൂരം (കി. മീ)
ലോവർ പ്രൈമറി സ്കൂൾ	2	3
അപ്പർ പ്രൈമറി സ്കൂൾ	2.5	5
ഹൈസ്കൂൾ	2.5	5

അദ്ധ്യാപകർ

വിദ്യാലയ സർവ്വേയിലെ വിവരങ്ങൾ വെളിപ്പെടുത്തുന്നത് പഞ്ചായത്തിലെ അദ്ധ്യാപകരിൽ ഭൂരിഭാഗവും സ്ത്രീകളാണെന്നുള്ളതാണ്. 101 ൽ 65 പേർ. അദ്ധ്യാപകരിൽ നല്ലൊരു ഭാഗം വേണ്ടത്ര ഇൻസർവീസ് ട്രെയിനിംഗ് നേടിയിട്ടുള്ളവരല്ല. വിദ്യാഭ്യാസം ഒരു സാമൂഹ്യ പ്രവർത്തനവും വികസന പ്രവർത്തനവും ആണ്. ശാസ്ത്രീയ വിശകലന ശേഷി ഉണ്ടാക്കുകയും പഠിക്കാൻ പഠിപ്പിക്കുകയാണെന്ന ബോധം വിദ്യാഭ്യാസ പ്രവർത്തകരിൽ ഉണ്ടാകേണ്ടതുണ്ട്. സാമൂഹ്യമായ പ്രതിബദ്ധതയും ഉണ്ടാകേണ്ടിയിരിക്കുന്നു.

പട്ടിക 21

കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

സ്റ്റാൻഡേർഡ്	ആകെ കുട്ടികൾ			SC/ST കുട്ടികളുടെ എണ്ണം			തോറ്റുപഠിക്കുന്നവർ						പഠനം നിറുത്തിയവർ						പഠനം നിറുത്തിയവരുടെ മൊത്തം എണ്ണം	റിമാർക്ക്
							SC/ST കുട്ടികൾ			മറ്റുള്ളവർ			SC/ST കുട്ടികൾ			മറ്റുള്ളവർ				
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ		
I	84	84	168	15	14	29				0						1		1	1	
II	105	90	195	17	17	34				6	3	9				2	5	7	7	
III	119	93	212	16	22	38		3	3	7	1	8				2	1	3	3	
IV	109	107	216	16	14	30	1		1	1	1	2				4	3	7	7	
V	155	161	316	23	23	46			8	1	9									
VI	160	135	295	23	29	52			9	2	11									
VII	166	164	330	30	26	56	2	3	5	20	10	30								
VIII	160	167	327	29	30	59	2	1	3	4	3	7								
IX	168	150	318	25	28	53	2	2	4	6	5	11								
X	127	140	267	27	26	53														
ആകെ	1353	1291	2644	221	229	450	7	9	16	61	26	87				9	9	18	18	

ഭൗതിക സാഹചര്യങ്ങൾ

ഈ പഞ്ചായത്തിലെ ഹൈസ്കൂളുകളിൽ വൈദ്യുതി എത്തിയിട്ടുണ്ട്. പ്രൈമറി സ്കൂളുകൾക്ക് കക്കൂസ്, ലബോറട്ടറി, ലൈബ്രറി, എന്നിവപോലും ഇല്ല. പാചകത്തിന് പുഴനാട്, എൽ. പി. ജി. എസ്സ്. ഒഴിച്ച് മറ്റ് സ്കൂളുകൾക്ക് താൽക്കാലികമായ പ്രത്യേക പാചക പുരകൾ മാത്രമേ ഉള്ളൂ. പുഴനാട് എൽ. പി. ജി. എസ്സിന് JRY പദ്ധതി പ്രകാരം സ്ഥിരം കെട്ടിടം നിർമ്മിച്ചു. ദൃശ്യ, ശ്രാവ്യ ഉപകരണങ്ങൾ വിദ്യാലയങ്ങളിൽ ഇല്ല. ജനാർദ്ദനപുരം ഹൈസ്കൂളിന് ഒരു സ്റ്റേഡിയം ഉണ്ട്. നമ്മുടെ പ്രൈമറി സ്കൂളുകൾക്കും കളിസ്ഥലം വളരെ കുറവാണ്. വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങളെക്കുറിച്ചുള്ള സ്ഥിതി വിവരം പട്ടിക 23, പട്ടിക 24 എന്നിവയിൽ കൊടുത്തിരിക്കുന്നു.

പഠനനിലവാരം

വിദ്യാലയങ്ങളിലെ പഠനനിലവാരത്തെക്കുറിച്ച് വിശദമായ പഠനങ്ങൾ നടത്തിയിട്ടില്ലെങ്കിലും 1998 സ്കൂൾ വർഷാരംഭത്തിൽ നടത്തിയ പ്രാഥമിക പഠനം കാണിക്കുന്നത് 35 ശതമാനത്തിലധികം വിദ്യാർത്ഥികൾ പ്രതീക്ഷിത മിനിമം നിലവാരത്തിലും താഴെയാണെന്നാണ് . ചുരുക്കത്തിൽ വിദ്യാഭ്യാസ ഗുണനിലവാരത്തിൽ നാം വളരെ പിന്നിലാണ്. കാരണം അദ്ധ്യാപക പരിശീലനത്തിലെ അപര്യാപ്തത, പഴഞ്ചൻ ബോധന രീതി മോണിറ്ററിംഗിന്റെ കുറവ്, പാരാ അക്കാഡമിക് തലത്തോടുള്ള അലംഭാവം, വീട്ടിലെ പഠന സാഹചര്യങ്ങളുടെ പരിമിതികൾ, സാമൂഹ്യമായ പിന്നോക്കാവസ്ഥ വിദ്യാഭ്യാസവും ജീവിതവും തമ്മിലുള്ള അകൽച്ച, പരീക്ഷ മാത്രം ലക്ഷ്യം വയ്ക്കുന്ന പഠനരീതി, വിദ്യാഭ്യാസത്തെക്കുറിച്ചുള്ള തെറ്റായ ധാരണ, അദ്ധ്യാപകരിൽ ചിലരുടെ പ്രതിബദ്ധത ഇല്ലായ്മ, രക്ഷകർത്താക്കളുടെ അശ്രദ്ധ ഇവയാണെന്ന് കാണാം. പഠനകാര്യങ്ങളിൽ ഇന്ന് പ്രദേശിക സമൂഹത്തിന് യാതൊരു പങ്കും ഇല്ല. സ്കൂളുകളിലെ അക്കാഡമിക് നിലവാരം പട്ടിക 25 - ൽ കൊടുത്തിരിക്കുന്നു. ഇതുപോലെ തന്നെ പട്ടിക 26 - ൽ കഴിഞ്ഞ ഏതാനും വർഷങ്ങളിലെ SSLC വിജയശതമാനവും കൊടുത്തിരിക്കുന്നു.

പട്ടിക 25

അക്കാഡമിക് നിലവാരം

(സ്റ്റാൻഡേർഡ് 3 മുതലുള്ള കുട്ടികൾ)

30 ശതമാനത്തിന് താഴെ	30-40	40-50	50-59	60%	60 ന് മേൽ
445	511	590	375	240	120

പട്ടിക - 26

SSLC വിജയ ശതമാനം

വർഷം	മൊത്തം വിദ്യാർത്ഥികൾ	വിജയിച്ചവർ	ശതമാനം
1992-93	102	58	53
1993-94	237	104	44
1994-95	236	118	50
1995-96	232	115	49.6

സ്കൂൾ ലൈബ്രറി

2 ഹൈസ്കൂളുകളിലും ലൈബ്രറി പുസ്തകങ്ങൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നുണ്ട്. എന്നാൽ പ്രവർത്തനം ഫലപ്രദമാണെന്ന് പറയാൻ കഴിയുകയില്ല. പ്രൈമറി സ്കൂളുകളിൽ ധാരാളം പുസ്തകം ഇന്ന് ലഭിക്കുന്നുണ്ട്. എന്നാൽ അവ കുട്ടികൾക്ക് വിതരണം ചെയ്യുന്ന കാര്യത്തിൽ ശ്രദ്ധിക്കുന്നില്ല. രക്ഷാകർതൃസമിതിയുമായി യോജിച്ച് സ്കൂൾ ലൈബ്രറി അവർക്ക് കൂടി ഉപയോഗപ്രദമായ രീതിയിൽ പ്രവർത്തിപ്പിക്കാൻ കഴിയുന്നതാണ്.

സ്കൂൾ ലബോട്ടറി

നമ്മുടെ പ്രൈമറി സ്കൂളുകളിൽ UNICEF ന്റെ സഹായത്താൽ ധാരാളം സയൻസ് കിറ്റുകൾ ലഭിച്ചിട്ടുണ്ട്. എന്നാൽ അവ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ല. ഹൈസ്കൂളുകളിൽ പോലും കുട്ടികളുടെ ശാസ്ത്രീയബോധം വളർത്തുന്നതിനുള്ള പരീക്ഷണ നിരീക്ഷണക്ലാസ്സുകൾ വിരളമാണ്.

കലാകായിക പ്രവർത്തനങ്ങൾ

സ്കൂൾ, സബ്ജില്ല, ജില്ല, സംസ്ഥാന യുവജനോത്സവങ്ങളിലും കായിക മേളകളിലും കുട്ടികളെ തയ്യാറാക്കുക എന്ന പ്രവർത്തനം എല്ലാ സ്കൂളുകളിലും നടക്കുന്നുണ്ട്. സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുത്ത് വിജയിച്ച വിദ്യാർത്ഥികൾ ഈ പഞ്ചായത്തിൽ ഉണ്ട്. എന്നാൽ പ്രതിഭാശാലികളായ കുട്ടികളെ കണ്ടെത്തി അവർക്ക് സ്ഥിരമായ ഒരു പരിശീലനം ഇവിടെ നൽകുന്നില്ല. അത് ഉണ്ടാകണം. കുട്ടികൾക്ക് ലഭിച്ചിട്ടുള്ള അവാർഡുകളുടെ വിവരണ പട്ടിക 27 ൽ കൊടുക്കുന്നു.

സാമ്പത്തികാനുകൂല്യങ്ങൾ

1995-96 സ്കൂൾ വർഷത്തിൽ വിദ്യാർത്ഥികൾക്ക് ലഭിച്ച സാമ്പത്തിക ആനുകൂല്യങ്ങളുടെ വിവര പട്ടിക 28 - ൽ കൊടുക്കുന്നു. മത്സ്യതൊഴിലാളികൾ ധാരാളം പുഴനാട് കടമ്പറ വാർഡുകളിൽ താമസിക്കുന്നു. എന്നാൽ അവരുടെ കുട്ടികൾക്ക് ആനുകൂല്യം ലഭിച്ചതായി കാണുന്നില്ല.

പട്ടിക 27

കുട്ടികൾക്ക് ലഭിച്ച അവാർഡുകൾ

സ്കൂളിന്റെ പേര്	ഇനവിവരം	ജില്ലാ തലത്തിൽ			സംസ്ഥാന തലത്തിൽ			ദേശീയ തലത്തിൽ			റിമാർക്ക്
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
ജനാർദ്ദനപുരം HS ഒറ്റശേഖരമംഗലം	ക്കായികം	3	2	5	1		1				
	കലാരംഗം	8	3	11							
	ശാസ്ത്രരംഗം	2		2							
MGM HS പൂഴനാട്	കായികരംഗം	3		3	1		1				
	കലാരംഗം (നാടകം)	7		7							

പട്ടിക 28

സാമ്പത്തികാനുകൂല്യങ്ങളും ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരണവും

ക്രമ നമ്പർ	സ്കൂളിന്റെ പേര്	മെരിറ്റ് സ്കോളർഷിപ്പ്	മൊത്ത ഗ്രാന്റ്	മുസ്ലീം കുട്ടികളുടെ സ്കോളർഷിപ്പ്	വികലാംഗ സ്കോളർഷിപ്പ്	ജവാന്മാരുടെ മക്കൾക്കായുള്ള വിദ്യാഭ്യാനുകൂല്യം	ബീഡിത്തൊഴിലാളി സ്കോളർഷിപ്പ്	മത്സ്യതൊഴിലാളികുട്ടികൾക്കായുള്ള സ്കോളർഷിപ്പ്	റിമാർക്ക്
1	ജനാർദ്ദനപുരം HS	5	122		3				
2	MGM HS പൂഴനാട്		105	12	2				
3	SSM UPS പൂഴനാട്	1	72	10	2	1			
4	LPGS പൂഴനാട്		75	6	2				
5	Govt LPS കുന്നനാട്		4						
6	LPS ഒറ്റശേഖരമംഗലം		40			1			
7	SNDP LPS പ്ലാമ്പഴിഞ്ഞി		18						
	ആകെ	6	456	28	9	2			

അംഗൻവാടികൾ

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള 13 അംഗൻ വാടികളും സ്വകാര്യ നഴ്സറി സ്കൂളുമടക്കം 19 ശിശുവിദ്യാലയങ്ങളാണ് ഈ ഗ്രാമത്തിൽ പ്രവർത്തിക്കുന്നത്. ഇവയിൽ 8 അംഗൻ വാടികൾക്ക് സ്വന്തമായി കെട്ടിടം ഉണ്ട്. 5 അംഗൻവാടികൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. മുഴുവൻ അംഗൻ വാടികളുടേയും ഭൗതികസൗകര്യങ്ങൾ തീരെ തൃപ്തികരമല്ല. ഇവിടെ നിന്നും 80 ഓളം കുഞ്ഞുങ്ങൾ അടുത്ത പഞ്ചായത്തിലെ നഴ്സറി സ്കൂളുകളിൽ പോയി പഠിക്കുന്നു. ഈ ഗ്രാമത്തിലെ നഴ്സറി സ്കൂളുകളിൽ 186 കുട്ടികളും 13 അംഗൻ വാടികളിലായി 449 കുഞ്ഞുങ്ങളും പഠിക്കുന്നു. ഇവിടത്തെ മുഴുവൻ ശിശുവിദ്യാലയങ്ങളിലേയും പഠനഭാഷ മലയാളമാണ്. നഴ്സറി സ്കൂളുകളിൽ കുട്ടികൾക്ക് അക്ഷരാഭ്യാസം നടത്തുന്നു. ഈ പ്രവണത ശരിയല്ല. ഇത് അശാസ്ത്രീയമാണ്.

അദ്ധ്യാപക രക്ഷകർത്തൃസംഘടന

ഈ ഗ്രാമത്തിലെ മുഴുവൻ വിദ്യാലയങ്ങളിലും അദ്ധ്യാപക രക്ഷകർത്തൃസംഘടന ഉണ്ട്. മിക്കവാറും സ്കൂളുകളിൽ ഇത് കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങളിൽ ഗുണപരമായ വ്യതിയാനം വരുത്താൻ ഈ സംഘടനയ്ക്കു കഴിയും. വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്താനും കാര്യമായി ശ്രദ്ധിക്കാവുന്നതാണ്. പ്രഗത്ഭരായ അദ്ധ്യാ

പകരെ പ്രോത്സാഹിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മുഴുവൻ P.T.A കമ്മറ്റികൾക്കും ഏകോപിച്ചുള്ള ഒരു പ്രവർത്തനം ഇന്ന് ഇല്ല. ഈ കമ്മറ്റിഫലപ്രദമായി പ്രവർത്തിച്ചാൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഒരു പരിധിവരെ അവസാനിപ്പിക്കാൻ കഴിയും.

മാതൃസംഗമം

എല്ലാ വിദ്യാലയങ്ങളിലും മാതൃസംഗമങ്ങൾ ചേരുന്നുണ്ട്. അംഗൻവാടികളിലും ഇത് നടക്കുന്നുണ്ട്. കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിന് ഇത് വളരെ സഹായകരമാണ്. പഞ്ചായത്തു തലത്തിൽ ഒരു ഏകോപിച്ചുള്ള പ്രവർത്തനം ഉണ്ടാകേണ്ടിയിരിക്കുന്നു.

പ്രശ്നങ്ങൾ

1. സർക്കാർ വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങൾ തൃപ്തികരമല്ല.
2. പിന്നോക്കം നിൽക്കുന്ന കുട്ടികളേയും, വളരെ മുന്നോക്കം നില്ക്കുന്ന കുട്ടികളേയും പ്രത്യേകം ശ്രദ്ധിക്കുന്നില്ല. അവരുടെ പഠനനിലവാരം ഉയർത്തുന്ന തിനുവേണ്ടി പ്രത്യേക പ്രവർത്തനങ്ങൾ ഒന്നും തന്നെ വിദ്യാലയങ്ങളിൽ നടത്തുന്നില്ല.
3. ഗവൺമെൻറ് സ്കൂളുകളിൽ യഥാസമയം മുഴുവൻ അദ്ധ്യാപകരേയും നിയമിക്കാത്തതിനാൽ പാഠഭാഗങ്ങൾ കൃത്യസമയത്ത് തീർക്കാൻ കഴിയുന്നില്ല.
4. സാദ്ധ്യായ ദിവസങ്ങൾ പല കാരണങ്ങളാൽ കുറയുന്നു.
5. സ്കൂൾ വിദ്യാർത്ഥികളിൽ നിരക്ഷരത ഇപ്പോഴും നിലനിൽക്കുന്നു.
6. നിർദ്ധനരായ കുട്ടുകൾക്ക് ആവശ്യമായ പഠനോപകരണങ്ങൾ കൃത്യസമയത്ത് വാങ്ങാൻ കഴിയുന്നില്ല.
7. മുഴുവൻ അദ്ധ്യാപകർക്കും കൃത്യസമയത്ത് ഇൻസർവീസ് കോഴ്സുകൾ കാര്യക്ഷമമായി ലഭിക്കുന്നില്ല.
8. പഞ്ചായത്ത് നിലവാരത്തിൽ ഒരു സ്കൂൾ കോംപ്ലക്സ് രൂപീകരിക്കാത്തതിനാൽ പ്രഗൽഭരായ അദ്ധ്യാപകരുടെ സേവനം മറ്റ് വിദ്യാലയങ്ങൾക്ക് ലഭിക്കുന്നില്ല.
9. ശരിയായ മോണിറ്ററിംഗ് നടക്കുന്നില്ല.
10. കലാകായികാഭ്യാസത്തിന് ശരിയായ പ്രോത്സാഹനം നൽകുന്നില്ല.
11. ശിശുവിദ്യാഭ്യാസത്തിനും അനൗപചാരിക വിദ്യാഭ്യാസത്തിനും വേണ്ടി ആസൂത്രിതമായ പരിപാടികൾ ഒന്നും തന്നെ ഇല്ല.
12. നഴ്സറി സ്കൂളുകൾക്ക് ഏകീകൃതമായ വിദ്യാഭ്യാസ രീതി ഇല്ല.

സാദ്ധ്യതകളും പരിഹാര നിർദ്ദേശങ്ങളും

1. പ്രശ്നപരിഹാരത്തിന് P.T.A സജീവമാകണം. അദ്ധ്യാപകരും വിദ്യാർത്ഥികളും രക്ഷകർത്താക്കളും തമ്മിലുള്ള ബന്ധം കൂടുതൽ ദൃഢമാകണം.
2. ഓരോ സ്റ്റാൻഡേർഡിലും വേണ്ടത്ര ഏറ്റവും കുറഞ്ഞ പഠനനിവാരം (M.L.L.) നേടിയിട്ടില്ലാത്ത വിദ്യാർത്ഥികളെ സ്കൂളിൽ തന്നെ പ്രത്യേകം തിരിച്ചിരുത്തി അവർക്ക് പരിഹാര ബോധനം നൽകുകയും ഏറ്റവും കുറഞ്ഞ നിലവാരമെങ്കിലും നേടിയെന്ന് ഉറപ്പു വരുത്തുകയും ചെയ്യണം.
3. പ്രഗത്ഭരായ കുട്ടികളെ തരംതിരിച്ച് അവർക്ക് അവരുടെ കഴിവ് വർദ്ധിപ്പിക്കുന്നതിന് ആവശ്യമായുള്ള ബോധനം പ്രത്യേകം നൽകണം.
4. കുട്ടികളുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിന് ശരിയായ രീതിയിലുള്ള പരിശോധന നടത്തി അവർക്ക് ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യണം. ഈ പ്രവർത്തനം പഞ്ചായത്തു തലത്തിൽ തന്നെ കാര്യക്ഷമമായി നടത്തണം.
5. അർപ്പണ മനോഭാവത്തോടെ ആത്മാർത്ഥമായി പ്രവർത്തിക്കുന്ന പ്രതിഭാശാലികളായ അദ്ധ്യാപകരെ കണ്ടെത്തി പഞ്ചായത്തു തലത്തിൽ അവരെ ആദരിക്കുന്ന പരിപാടികൾ ഉണ്ടാകണം.
6. ഒന്നാംസ്റ്റാൻഡേർഡിൽ എത്തുന്ന മുഴുവൻ കുട്ടികളും പത്താം സ്റ്റാൻഡേഡിൽ എത്തുന്നുണ്ടോ എന്ന് പരിശോധിക്കുകയും കുട്ടികൾ കൊഴിഞ്ഞു പോകുന്നതിനുള്ള കാരണങ്ങൾ കണ്ടു പിടിച്ച് അവർക്ക് വേണ്ടത്ര പരിഹാരങ്ങൾ അദ്ധ്യാപക രക്ഷാകർത്തൃ സംഘടനയുടെ നേതൃത്വത്തിൽ നടപ്പിലാക്കണം.
7. SSLC ക്ലാസ്സിലെ കുട്ടികളെ പ്രത്യേകം നിരീക്ഷിച്ച് അവരിൽ വേണ്ടനിലവാരമില്ലാത്ത കുട്ടികൾക്ക് സ്കൂൾ സമയത്തിനു ശേഷം ക്ലാസ്സുകൾ നടത്തണം. ഈ വിധത്തിൽ ക്ലാസ്സുകൾ നടത്തുന്ന അദ്ധ്യാപകരെ പ്രോത്സാഹിപ്പിക്കാൻ PTA തയ്യാറാകണം.
8. പഞ്ചായത്ത് നിലവാരത്തിൽ സ്കൂൾ കോംപ്ലക്സ് അദ്ധ്യാപക രക്ഷകർത്തൃസമിതി, മാതൃസംഗമം എന്നിവ പ്രവർത്തിപ്പിക്കണം.
9. നിർദ്ധനരായ കുട്ടികൾക്ക് ആവശ്യമുള്ള പഠനോപകരണങ്ങൾ സന്നദ്ധസംഘടനകളുടെ സഹായത്തോടെ ഗ്രാമപഞ്ചായത്തുകൾ നേരിട്ട് നല്കണം.
10. ആവശ്യക്കാരായ എല്ലാ വിദ്യാർത്ഥികൾക്കും സൗജ്യമായി ഉച്ചഭക്ഷണം ഹൈസ്കൂൾ തലം വരെ നൽകണം.

11. മുഴുവൻ അദ്ധ്യാപകർക്കും കാലാകാലങ്ങളിൽ ഇൻസർവീസ് ട്രെയിനിംഗ് നൽകണം. ''ടയറ്റ്'' തുടങ്ങിയ വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങളുടെ സഹായത്തോടെ സ്കൂൾ കോംപ്ലക്സിന്റെ നേതൃത്വത്തിൽ പഞ്ചായത്ത് നിലവാരത്തിൽ നടത്തണം.

12. എല്ലാ പ്രൈമറി സ്കൂളുകളോടും അനുബന്ധമായി പ്രീ - പ്രൈമറി ക്ലാസുകൾ ആരംഭിക്കണം. ഈ പ്രീ-പ്രൈമറി ക്ലാസ്സുകളിൽ ശാസ്ത്രീയമായ പഠനരീതി ആവിഷ്കരിക്കണം.

13. സ്കൂൾ കോമ്പൗണ്ടിൽ കൃഷിത്തോട്ടങ്ങൾ ഉണ്ടാക്കുകയും എല്ലാ ഹൈസ്കൂളുകളിലും കാർഷിക ക്ലബ് രൂപീകരിക്കുകയും ചെയ്യണം. വിദ്യാർത്ഥികൾക്ക് പച്ചക്കറി തോട്ടങ്ങൾ വച്ചു പിടിപ്പിക്കുന്നതിന് ക്ലാസ്തിരിച്ച് പ്രോത്സാഹനം നൽകുകയും ഏറ്റവും നല്ല രീതിയിൽ സംരക്ഷിക്കുന്ന തോട്ടത്തിന് സമ്മാനങ്ങൾ നൽകുകയും ചെയ്യണം.

14. കുട്ടികളുടെ പഠനനിലവാരം പരിശോധിക്കുന്നതിന് മോണിറ്ററിംഗ് സൂശക്തമാക്കണം. കുട്ടികളുടെ പഠനനിലവാരവും സ്കൂളിലെ മറ്റ് പ്രവർത്തനങ്ങളും വിലയിരുത്തുന്ന തലത്തിലുള്ള മോണിറ്ററിംഗ് ഉണ്ടാകണം.

15. സ്വന്തമായി കെട്ടിടമില്ലാത്ത '5' അംഗൻവാടികൾക്കും കെട്ടിടങ്ങൾ നിർമ്മിക്കണം. അതിന് വേണ്ടുന്ന വസ്തു പഞ്ചായത്ത് കണ്ടെത്തണം.

16. അംഗൻ വാടികൾക്ക് ആവശ്യമുള്ള കളിക്കോപ്പുകൾ സന്നദ്ധസംഘടനകൾ, അദ്ധ്യാപകർ എന്നിവരുടെ ഒരു ശില്പശാല സംഘടിപ്പിച്ച് അതിലൂടെ ഉണ്ടാക്കണം.

17. എല്ലാ സ്കൂളുകളിലും സ്കൗട്ട് - ഗൈഡ് ട്രൂപ്പുകൾ ആരംഭിക്കണം.

പ്രശ്നപരിഹാരത്തിന് ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങൾ

1. ഈ ഗ്രാമപഞ്ചായത്തിലെ ഒരു ഹൈസ്കൂളിനെ വൊക്കേഷണൽ ഹയർസെക്കൻറി സ്കൂളായി ഉയർത്തണം.
2. കുന്നനാട് എൽ. പി. സ്കൂളിന്റെ അറ്റകുറ്റപ്പണി ചെയ്തു അവിടെ കുട്ടികൾക്ക് കുടിവെള്ളം കിട്ടുന്നതിന് വാട്ടർ ടാപ്പ് സ്ഥാപിക്കണം.
3. പുഴനാട് LPG സ്കൂളിൽ കുടിവെള്ളം ലഭിക്കുന്നതിന് പൈപ്പ് ലൈൻ സ്കൂൾ കോമ്പൗണ്ടിലേക്ക് നീട്ടി വാട്ടർ ടാപ്പ് സ്ഥാപിക്കണം.
4. വാളികോട് - ചെട്ടികുന്ന് ഭാഗത്ത് ഒരു ലോവർ പ്രൈമറി സ്കൂൾ സ്ഥാപിക്കണം.
5. ആലച്ചക്കോണം വാർഡിൽ ആനക്കുഴി ഭാഗത്ത് പ്രീപ്രൈമറി മുതൽ യു. പി. തലം വരെയുള്ള ഒരു സ്കൂൾ ആരംഭിക്കണം.
6. വാഴിച്ചൽ ജഗ്ഷന് സമീപം ഒരു ഹൈസ്കൂൾ ആരംഭിക്കണം.
7. വാഴിച്ചൽ വാർഡിൽ കുന്തളക്കോട് ഒരു ടൈബ്രൽ എൽ. പി. സ്കൂൾ ആരംഭിക്കണം.
8. നമ്മുടെ പഞ്ചായത്തിൽ ഒരു ഹൈസ്കൂൾ കേന്ദ്രമാക്കി വിദ്യാഭ്യാസ ഡിപ്പാർട്ട്മെൻറിന്റെ ഒരു നോട്ടുബുക്ക് നിർമ്മാണ കേന്ദ്രം തുടങ്ങണം.
9. എല്ലാ ഹൈസ്കൂളുകളിലും N.C.C. പുനരാരംഭിക്കണം.
10. ഈ പഞ്ചായത്തിൽ ഒരു ടെക്നിക് സ്കൂൾ ആരംഭിക്കേണ്ടതാണ്.

❖

പിന്നോക്കം നില്ക്കുന്ന കുട്ടികളുടെ നിലവാരം ഉയർത്താൻ പ്രത്യേക ശ്രദ്ധപതിപ്പിച്ച് ക്ലാസാകെ പൊതുനിലവാരത്തിൽ എത്തിക്കേണ്ടതിന്റെ ആവശ്യം വിദ്യാഭ്യാസാധികൃതർ ഒന്നുകിൽ മനസിലാക്കിയില്ല, അല്ലെങ്കിൽ അതിനുള്ള നടപടി കൈക്കൊണ്ടില്ല. അധ്യാപകരും ഇക്കാര്യം ഗൗനിച്ചില്ല. എഴുപതുകളായപ്പോഴേയ്ക്കും സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 'മണ്ടന്മാർ' വിർധിച്ചത് ഈ പശ്ചാത്തലത്തിലാണ്.

★ പ്രാഥമിക ശ്രദ്ധപതിയേണ്ടത് ഇക്കാര്യത്തിലാണ്.

പട്ടിക 23

സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ

ക്രമനമ്പർ	സ്കൂളിന്റെ പേര്	വിസ്തീർണ്ണം	ആകെ ഡിവിഷനുകളുടെ എണ്ണം	കെട്ടിടങ്ങൾ എണ്ണം			മുറികളുടെ എണ്ണം			ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം	ഇനി ആവശ്യമുള്ള കെട്ടിടങ്ങൾ നിർമ്മിക്കാനുള്ള ഭൂമി ഉണ്ട്/ഇല്ല	നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം	ഇനി ആവശ്യമുള്ളതിന്റെ എണ്ണം	നിലവിലുള്ള കക്കൂസിന്റെ എണ്ണം	ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം	കുടിവെള്ള സംവിധാനം ഉണ്ട്/ഇല്ല - കിണർ/പൈപ്പ്	വൈദ്യുതീകരണം ഉണ്ട്/ഇല്ല	പാചകപ്പുര	സ്റ്റാഫ് മുറി	നിലവിലുള്ളഫർണിച്ചർ മതിയാകും/ഇല്ല	ഇനി ആവശ്യമുള്ള ഫർണിച്ചർ			
				സ്ഥിരം	അർദ്ധസ്ഥിരം	താൽക്കാലികം	സ്ഥിരം	അർദ്ധസ്ഥിരം	താൽക്കാലികം												ഡസ്ക്	ബഞ്ച്	മേശ	കസേര
1	കുന്നനാട് ഗവ.എൽ.പി.എസ്.	45 സെൻറ്	4.	1			2			ഇല്ല		1			1	ഉണ്ട് കിണർ	ഇല്ല	താൽക്കാലിക ഷെഡ്	ഇല്ല	ഇല്ല		8	3	4
2	പുഴനാട് L.P. G. S.	40 സെൻറ്	10	1	1	2			80' x 20'-1	-1	ഉണ്ട്	2	1	1	1	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	5	10		4
3	S.S.M. UPS പുഴനാട്	1.09 ഏക്കർ	12	3			15					2				പൈപ്പ്	ഉണ്ട്	ഷെഡ്	ഉണ്ട്	മതിയാകും				
4	MGM HS പുഴനാട്	3.29 ഏക്കർ	14	4			18					2		2		പൈപ്പ്	ഉണ്ട്	ഷെഡ്	ഉണ്ട്	മതിയാകും				
5	ജനാർദ്ദനപുരം H.S	3.50 ഏക്കർ	19	4			25					2		3		പൈപ്പ്	ഉണ്ട്	ഷെഡ്	ഉണ്ട്	മതിയാകും				
6	LPS ഒറ്റശേഖരമംഗലം	45 സെൻറ്	7	1	2		1			80'x 20'-1	ഉണ്ട്	1	1	1		പൈപ്പ്	ഇല്ല	ഷെഡ്	ഇല്ല	മതിയാകും				
7	SNDP LPS പ്ലാമ്പഴിഞ്ഞി	40 സെൻറ്	5	2			3					1	1			കിണർ	ഇല്ല	ഷെഡ്	ഉണ്ട്	മതിയാകും				

പട്ടിക 24

അക്കാഡമിക് സൗകര്യങ്ങൾ

സ്കൂളിന്റെ പേര്	ലൈബ്രറി ഉണ്ട്/ ഇല്ല/പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല	ലബോറട്ടറി/സയൻസ് കോർണർ ഉണ്ട്/ ഇല്ല പ്രവർത്തിക്കുന്നു /പ്രവർത്തിക്കുന്നില്ല	പഠനോപകരണങ്ങൾ വേണ്ടത്ര ഉണ്ട്/ ഇല്ല	ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ (എണ്ണം)								ബ്ലാക്ക് ബോർഡ്		95-96 ൽ ലഭിച്ച അദ്ധ്യയന ദിവസം	സമരങ്ങളിലൂടെ നഷ്ടപ്പെട്ട അദ്ധ്യയന ദിവസങ്ങൾ	പ്രത്യേക പൊതു അവധികളിലൂടെ നഷ്ടപ്പെട്ട അദ്ധ്യയന ദിവസങ്ങൾ	മാതൃസംഗമം സജീവം/ സജീവമല്ല	ക്ലാസ്സ്റൂം പി.റ്റി.എ. കൾ പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല
				റേഡിയോ	ടേപ്പ് റെക്കോർഡർ	ടി. വി. സെറ്റ്	VCR/ VCP	സിനിമാ പ്രൊജക്ടർ	സ്ലൈഡ് പ്രൊജക്ടർ	ഓവർ ഹെഡ് പ്രൊജക്ടർ	കമ്പ്യൂട്ടർ	ആവശ്യമുള്ളത്	നിലവിലുള്ളത്					
LPS ഒറ്റശേഖരമംഗലം	ഉണ്ട് പ്രവർത്തനമില്ല	ഇല്ല	വേണ്ടത്ര ഇല്ല									10	8	192	2	4	സജീവം	ഉണ്ട്
LPGS പുഴനാട്	ഇല്ല	ഇല്ല	do	1	1							12	9	195			സജീവം	ഉണ്ട്
SSM UPS പുഴനാട്	ഉണ്ട്	ഉണ്ട്	മാപ്പുകൾ ഉണ്ട്											195			സജീവം	ഉണ്ട്
Govt LPS കുന്നനാട്	ഉണ്ട്	പ്രവർത്തിക്കുന്നില്ല	ഇല്ല	ഉണ്ട്									4	195		5	സജീവം	ഉണ്ട്
SNDP LPSപ്ലാമ്പഴിഞ്ഞി	ഇല്ല	ഇല്ല	ഇല്ല									5		195			സജീവം	ഉണ്ട്
MGM HS പുഴനാട്	ഉണ്ട്	ഉണ്ട്	ഉണ്ട്		1	1	1		ഉണ്ട്	ഉണ്ട്	ഇല്ല	14	14	181		സജീവം	സജീവം	ഉണ്ട്
ജനാർദ്ദനപുരം HS ഒറ്റശേഖരമംഗലം	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്			ഉണ്ട്	ഉണ്ട് പ്രവർത്തനമില്ല		ഇല്ല	ഇല്ല	19	202	ഇല്ല	ഇല്ല	സജീവം	ഉണ്ട്

പട്ടിക 29

ചെലവ് സംബന്ധിച്ച വിവരങ്ങൾ (ആവർത്തന സ്വഭാവമുള്ളത്)

സ്കൂളിന്റെ പേര്	ചെലവ്								വരവ് എ			വരവ് ബി				ആകെ വരവ്
	കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്ക്	ഉപകരണങ്ങൾ/ഫർണിച്ചറുകൾ അറ്റകുറ്റപ്പണികൾക്ക്	ഉപകരണങ്ങൾ/രാസവസ്തുക്കൾ ഉപയോഗിക്കാനുള്ള സാധനങ്ങൾ	സ്പോർട്സ്	കലാവിനോദങ്ങൾക്ക്	ലൈബ്രറികൾക്ക്	ഉച്ചക്കഞ്ഞിക്ക്	മറ്റിനങ്ങൾക്ക്	സർക്കാർ	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ	ആകെ	ഫീസിനത്തിൽ	എൻഡോവ്മെന്റ്	പി.റ്റി.എ ഫണ്ട്	മറ്റ് മാർഗങ്ങളിലുള്ള വരവ്	
LPS ഒറ്റശേഖരമംഗലം	13,000	500			7000		5000	1000						1200		1200
SSM LPS പുഴനാട്							3184	1435	561		561	3409		4004		7974
Govt. LPS കുന്നനാട്							712									
Govt LPGS പുഴനാട്	5000	500		500	500		3700		1020		1020	409		2710		3119
SNDP LPS പ്ലാമ്പഴിഞ്ഞി																
MGM HS പുഴനാട്	1500	2000	2000	1500		1500		2500	2500		2500	4600		4000		11,000
ജനാർദ്ദനപുരം HS ഒറ്റശേഖരമംഗലം	20,000	25,00	125	1026	1000	136	1025	460				5417		10,000		15417

4.4 കുടിവെള്ളവും പൊതുജനാരോഗ്യവും

കുടിവെള്ളം

''ശുദ്ധമായ ജലവും വായുവും ജീവൻ നിലനിറുത്തുന്നതിന് അത്യന്താപേക്ഷിതമായ ഘടകങ്ങളാണ്. അരോഗ്യമുള്ള ജനതയാണ് ഒരു രാഷ്ട്രത്തിന്റെ സമ്പത്ത്.

ഒറ്റശേഖരമംഗലം പഞ്ചായത്തിലെ മുഖ്യ കുടിനീർ സ്രോതസ്സ് കിണറുകളാണ്. ഈ പഞ്ചായത്തിൽ 6188 വീടുകളാണുള്ളത്. അതിൽ 1985 വീടുകളിലും സ്വന്തമായി കിണറുകൾ ഉണ്ട്. 50% കുടുംബങ്ങളും കുടിവെള്ളത്തിനായി സ്വന്തം കിണറുകളെ ആശ്രയിക്കുന്നു. അയൽ വീടുകളിലെ കിണറുകളെ ആശ്രയിക്കുന്നവർ നാമമാത്രമാണ്. പൊതു ജലവിതരണസംവിധാനങ്ങളെ ആശ്രയിക്കുന്നവർ 10 ശതമാനത്തോളം വരും. ഇതിൽ പൊതു കിണറുകളെ ആശ്രയിക്കുന്നവർ 6 ശതമാനം വരും. ഈ പഞ്ചായത്തിൽ 71 പൊതു കിണറുകളാണ് ഉള്ളത്. പൊതുടാപ്പുകൾ ഉപയോഗിക്കുന്ന കുടുംബങ്ങൾ 4 ശതമാനം ഉണ്ടാകും. പഞ്ചായത്തിൽ 41 പൊതു ടാപ്പുകൾ ഉണ്ട്. വീടുകളിൽ സ്വന്തമായി പൈപ്പ് കണക്ഷൻ ഉള്ളവർ 4 ശതമാനത്തോളം വരും. നെയ്യാറിൽ മണ്ഡപത്തിൽ കടവിലുള്ള ശുദ്ധജല പദ്ധതി മുഖാന്തിരമാണ് ഇവിടെ ശുദ്ധജലം ലഭിക്കുന്നത്. ഈ പദ്ധതിയിൽ നിന്നു തന്നെ കാട്ടാക്കട പഞ്ചായത്ത് പ്രദേശങ്ങളിലും ജലം കൊണ്ടു പോകുന്നു. പഞ്ചായത്തിലെ ഉയർന്ന കുന്നിൻ പ്രദേശങ്ങളിൽ കുടിവെള്ളത്തിന് ക്ഷാമം അനുഭവപ്പെടുന്നു. നിലവിലുള്ള പമ്പ് ഹൗസിന്റെ പ്രവർത്തനശേഷി വർദ്ധിപ്പിച്ചാൽ ഭൂരിഭാഗം വാർഡുകളിലും ശുദ്ധജലം എത്തിക്കാം. പുഴനാട് വാർഡിലെ ഞാലിക്കുന്ന് വിയ്യക്കോണം, കുന്നനാട് വാർഡിലെ പാക്കോട്ടുകോണം, മുഴങ്ങിൽ, കാരക്കോണം, കടമ്പറ വാർഡിൽ മേമലക്കുന്ന്, കുഴിക്കാലവിള, കുരുവിൽപ്പുറം, ഇടയില, കടമ്പറ, ഒറ്റശേഖരമംഗലം വാർഡിലെ പാലോട്ടുകോണം, പ്ലാവറത്തല, പ്ലാമ്പഴിഞ്ഞി വാർഡിൽ - ആനക്കുഴി, പാണ്ടിയാൻ പാറ, പൂവൻകുഴി, പെരുംകുന്നം, വട്ടകക്കുഴി, വാളിക്കോട് വാർഡിലെ കയക്കോണത്തുകുഴി, കുളത്തുംതലമേലേ, കൊക്കോട്ടുകോണം, ആലച്ചക്കോണം, വാഴിച്ചൽ വാർഡുകളിലെ മുഴുവൻ പ്രദേശങ്ങളിലും വേനൽക്കാലത്ത് ജലദൗർലഭ്യം കൂടുതലായി അനുഭവപ്പെടുന്നു.

മണ്ഡപത്തിൽ കടവ് പമ്പ്ഹൗസ്

പമ്പ്ഹൗസിന് സമീപം മണൽ ഊറ്റുന്നതിന്റെ ഫലമായി കരകൾ ഇടിഞ്ഞ് പമ്പ്ഹൗസിന് സമീപമുള്ള പാലത്തിന് തകരാറ് സംഭവിക്കാൻ സാദ്ധ്യതയുണ്ട്. ആയതിനാൽ ഈ ഭാഗങ്ങളിൽ മണൽ ഊറ്റ് കർശനമായി നിരോധിക്കേണ്ടതാണ്.

കുഴൽക്കിണർ

ഈ പഞ്ചായത്തിൽ 9 കുഴൽക്കിണറുകളാണ് ഉള്ളത് പ്ലാമ്പഴിഞ്ഞി വാർഡിൽ തലനിരപ്പു ഭാഗത്ത് സമീപകാലത്ത് കുഴിച്ച രണ്ട് കിണറുകളും ജലം കിട്ടാതെ മൂടേണ്ടിവന്നു. ഇവിടെത്തന്നെ വട്ടകക്കുഴി താഴ്വര ഭാഗത്ത് ഓരു വെള്ളമാണ് കാണുന്നത്.

പ്രശ്നങ്ങൾ

പഞ്ചായത്തിലെ കുന്നിൻ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

ജലസംഭരണി വ്യത്തിയാക്കുന്നില്ല. അതിന്റെ ഉയരവും വ്യാപ്തവും കുറവാണ്.

കിണറുകളിൽ വേനൽക്കാലത്ത് ജലം കിട്ടുന്നില്ല. വെള്ളക്കരം അടയ്ക്കുന്നതിന് ആളുകൾ 28 കി. മീറ്റർ അകലെയുള്ള നെയ്യാറ്റിൻകരയിൽ പോകേണ്ടിവരുന്നു.

നിർദ്ദേശങ്ങൾ

1. എല്ലാ കുടുംബങ്ങൾക്കും മൊത്തം ജലംഎത്തിക്കാൻ കഴിയുന്ന മിനി പദ്ധതികൾ, കുഴൽ കിണർ മുതലായവയും, പമ്പ് സെറ്റ് സ്ഥാപിച്ചും ജലദൗർലഭ്യം പരിഹരിക്കാം.
2. മണ്ഡപത്തിൽ കടവ് പമ്പ്ഹൗസിന് സമീപമുള്ള നദിയുടെ ഭാഗം സംരക്ഷണ മേഖലയായി പ്രഖ്യാപിക്കണം. ആറ്റിൽ റോഡരികിൽ കെട്ടാത്ത ഭാഗത്ത് ''സൈഡ്വാൾ'' കെട്ടണം.
3. ഉയർന്ന പ്രദേശങ്ങളിൽ കുഴൽ കിണർ കുഴിച്ച് പമ്പ്സെറ്റ് സ്ഥാപിക്കണം.
4. കുന്നിൻ പ്രദേശങ്ങളിൽ കൂടുതൽ വ്യാസമുള്ള കിണറുകൾ കുഴിക്കണം.
5. വർഷത്തിൽ ഒരു മാസം ജലശുചികരണമാസമായി ആചരിച്ച് എല്ലാ കിണറുകളിലും ക്ലോറിനേഷൻ നടത്തുകയും അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യണം.
6. പഞ്ചായത്ത് കേന്ദ്രങ്ങളിൽ തന്നെ വെള്ളക്കരം സ്വീകരിക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കണം.

പട്ടിക 30

പഞ്ചായത്തിലെ കുടിവെള്ളക്ഷാമ മേഖലകളും നിർദ്ദേശിക്കാവുന്ന പരിഹാരമാർഗ്ഗങ്ങളും

വാർഡ്	പ്രശ്ന മേഖലകൾ	നിർദേശിക്കുന്ന പരിഹാര മാർഗങ്ങൾ
I പൂഴനാട്	ഞാലിക്കുന്ന്, വിയ്യക്കോണം 4 സെൻറ് കോളിനി, ഇലിപ്പിച്ചാംകാല	മംഗലത്തുകോണം തോട്ടിൻ കരയിൽ ഒരു കിണർ കുഴിച്ച് അവിടെനിന്നും വെള്ളം, ഞാലിക്കുന്ന് ഭാഗത്ത് ഒരു ജല സംഭരണി സ്ഥാപിച്ച്, പമ്പ്ചെയ്ത് ഈ പ്രദേശങ്ങളിൽ എത്തിക്കാം. (ഞാലിക്കുന്ന്) വിയ്യക്കോണത്ത് ഉലട്ടിമൂട്ടിൽ നിന്നുള്ള പൈപ്പ് ലൈൻ നീട്ടി ഈ ഭാഗങ്ങളിൽ വെള്ളം എത്തിക്കാം. അവിടെ ഒരു പൊതുകിണർ കുഴിക്കണം. ഇലിപ്പിച്ചാംകാലയിൽ പൊതുകിണർ കുഴിക്കണം.
II കുന്നനാട്	പാക്കോട്ടുകോണം മുഴങ്ങിൽ	ആശുപത്രി ജംഗ്ഷനിൽ നിന്നുള്ള പൈപ്പ് ലൈൻ നീട്ടണം. ആശുപത്രി ജംഗ്ഷനിൽ ഉപയോഗശൂന്യമായി കിടക്കുന്ന കുഴൽ കിണറുകൾ ഉപയോഗപ്രദമാക്കണം.
	പൂഴനാട് PHC മണക്കാല മണ്ണാംവിളാകം എള്ളുവിള ചാലറക്കുഴി മുതൽ വലിയറത്തല നടവരെ കമുകറക്കോണം	പൂഴനാട് PHC നട മുതൽ മണക്കാല ജംഗ്ഷൻ വരെ പൈപ്പ് ലൈൻ നീട്ടണം. പുതിയ കിണറുകൾ കുഴിക്കണം. പൈപ്പ് ലൈൻ നിട്ടണം.
III കടമ്പറ	കുരുവിൽപ്പുറം ഹരിജൻകോളനി ഇടയിലകടമ്പറ മൺക്കുഴി കുഴിക്കാലവിള	മണ്ഡപത്തിൻ കടവിലെ ടാങ്കിൻെറ കപ്പാസിറ്റി വർദ്ധിപ്പിച്ച് അതിൻെറ ഉയരം കൂട്ടിയാൽ കുരുവിൽപ്പുറത്ത് സ്ഥാപിച്ചിരിക്കുന്ന പൈപ്പ് ലൈനിൽകൂടി വെള്ളം കിട്ടുന്നതാണ്. കുരുവിൽ പുറത്തുള്ള കുഴൽ കിണറിൽ നിന്നും ഇരുമ്പ് ഊറൽ ഉള്ള വെള്ളമാണ് കിട്ടുന്നത്. അതിനാൽ ഇരുമ്പ് കുഴൽ മാറ്റി PVC കുഴൽ സ്ഥാപിക്കണം. കുരിവിൽപ്പുറം പൂഴനാട് റോഡിൽ നിന്നും പൈപ്പ് ലൈൻ നീട്ടിയാൽ ഇടയില കടമ്പറയിലെ ജലക്ഷാമം ഒഴിവാക്കാവുന്നതാണ്. കുന്നനാട് റോഡിൽ.നിന്നും പൈപ്പ് ലൈൻ നീട്ടിയാൽ മൺകുഴിയിലെ ജലക്ഷാമം പരിഹരിക്കാം. കുഴിക്കാലവിളയിൽ പൊതുകിണർ കുഴിക്കണം.
IV കുരവറ	കുണ്ടാമം, കവറ്റുകോണം തച്ചൻകോണം, പ്ലാങ്കാലവിള മേലേത്തോട്ടം, നെട്ടയം കുറ്റാമം, പേരേത്ത് ലക്ഷംവീട് പാലോട്ടുകോണം	കുണ്ടാമം, കവറ്റുകോണം, തച്ചംകോണം ഈ സ്ഥലങ്ങളിലേക്ക് മണ്ഡപത്തിൻ കടവിൽ നിന്നുള്ള പൈപ്പ് ലൈൻ നീട്ടണം. പ്ലാങ്കാലവിള, മേലേതോട്ടം, നെട്ടയം, കുറ്റാമം, പേരേത്ത് ലക്ഷംവീട് ഈ ഭാഗങ്ങളിലേക്ക് ജനാർദ്ദനപുരം ഹൈസ്കൂൾ നടയിൽ നിന്നുള്ള പൈപ്പ് ലൈൻ നീട്ടണം. ജനാർദ്ദനപുരം ഹൈസ്കൂൾ നടയിൽ നിന്ന് ചേനാടിലേക്കുള്ള റോഡിൽ ചേനാട് വരെ പൈപ്പ് ലൈൻ നീട്ടണം.

വാർഡ്	പ്രശ്ന മേഖലകൾ	നിർദേശിക്കുന്ന പരിഹാര മാർഗങ്ങൾ
V ഒറ്റശേഖരമംഗലം	ചിത്തൻകാല പുള്ളീക്കോണം	ചിത്തൻ കാലയിൽ പൈപ്പ് ലൈൻ ഉണ്ട്. അവിടെ ടാപ്പുകൾ സ്ഥാപിക്കണം. കുരവറ സ്കൂൾ നടയിൽ നിന്ന് പൈപ്പ് ലൈൻ നീട്ടികൊടുക്കണം. പാലോട്ടുകോണം ലക്ഷംവീടിന് സമീപമുള്ള നീരൂറവ കെട്ടി സംരക്ഷിക്കണം.
VI വാളിക്കോട്	കുഴിവിള പാലോട്ടുകോണം	ചേനാട് ബാലവാടി മുതൽ കക്കാട്ടുകോണം വരെ പൈപ്പ് ലൈൻ നീട്ടണം.
	കക്കാട്ടുകോണം വാളിക്കോട് കയക്കോണത്ത് കുഴി	വാളിക്കോട് ജംഗ്ഷനിൽ നിന്നും പൈപ്പ്ലൈൻ കയക്കോണത്തു കുഴി വരെ നീട്ടണം. കക്കാട്ടുകോണത്ത് ഒരു കുഴൽ കിണർ സ്ഥാപിക്കണം. ഇരുമ്പ് കുഴലിനു പകരം PVC പൈപ്പുകൾ സ്ഥാപിക്കണം. ചെട്ടിക്കുന്ന് മുതൽ ഉലട്ടിമൂട് വരെയുള്ള പൈപ്പ് ലൈൻ നീട്ടണം.
	കൊച്ചുകോണം കുളത്തിൻതല കൊക്കോട്ടുകോണം ആശാരിവിളാകം കമുകറക്കോണം കല്ലംപൊറ്റ കുറ്ററ - അരത്തുവിള പള്ളിത്തറ ഹരിജൻ കോളനി ചെട്ടിക്കുന്ന്	ഈ ഭാഗങ്ങളിൽ പൊതു കിണർ കുഴിക്കണം.
VII പ്ലാമ്പഴിഞ്ഞി	ആനക്കുഴി പാണ്ടിയാംപാറ പൂവൻകുഴി പെരുങ്കുന്നം വട്ടകക്കുഴി	ചെട്ടികുന്നിൽ നിന്നും പ്ലാമ്പഴിഞ്ഞിയിലേക്ക് പോകുന്ന ബണ്ട്റോഡിന്റെ വശത്തുള്ള ഏലാക്കരയിൽ കിണർ കുഴിച്ച് വട്ടകകുഴിയിൽ ഒരു ടാങ്ക് കെട്ടി ജലവിതരണം നടത്താവുന്നതാണ്. ആനക്കുഴിയിൽ ഒരു കുഴൽക്കിണർ കുഴിക്കേണ്ടതാണ്. ഉലട്ടിമൂട്ടിൽ നിന്നും പൈപ്പ് ലൈൻ നീട്ടി ആനക്കുഴിയിൽ ജലം എത്തിക്കാം. പാണ്ടിമാംപാറയിൽ കിണർ സ്ഥാപിക്കണം. പെരുകുന്നം, പൂവൻ കുഴിഭാഗത്ത് പൊതുകിണർ കുഴിക്കണം.
VIII ആലച്ചക്കോണം	പേരേക്കോണം കൈതക്കുഴി IHDP കോളനി വിയക്കോണം IHDP കോളനി നെല്ലിവിള ഹരിജൻ കോളനി	ആലച്ചക്കോണം മുതൽ വാഴിച്ചൽ വരെയുള്ള പൈപ്പ് ലൈൻ കേടായികിടക്കുന്നു. ഈ കുഴൽ മാറ്റി പകരം വലിപ്പമുള്ള കുഴൽ സ്ഥാപിച്ച് ഈ ഭാഗങ്ങളിൽ ടാപ്പുകൾ സ്ഥാപിക്കണം. ഈ ഭാഗങ്ങളിൽ പൈപ്പ് ലൈൻ നീട്ടണം.
	തൊളിക്കോട്ടുകോണം പറമ്പ്വാരം വിയ്യക്കോണം വിയ്യക്കോണം - പത്തേക്കർ തൊളിക്കോട്ട് കോണം ഞാലിക്കുന്ന്	ഈ ഭാഗങ്ങളിൽ പൈപ്പ് ലൈൻ നീട്ടണം.

വാർഡ്	പ്രശ്ന മേഖലകൾ	നിർദേശിക്കുന്ന പരിഹാര മാർഗങ്ങൾ
	മൈലാടുംപാറ	കൈതക്കുഴിയിൽ കിണർ കുഴിച്ച് മിനിവാട്ടർ സർവ്വേ സ്കീം നടപ്പിലാക്കണം. ഇതോടൊപ്പം മണ്ഡപത്തിൻകടവിലെ പമ്പ്ഹൗസിന്റെ ശേഷി വർദ്ധിപ്പിക്കണം. ജലസംഭരണിയുടെ ഉയരം വർദ്ധിപ്പിച്ച് സംഭരണശേഷി കൂട്ടണം.
IX വാഴിച്ചൽ	കുന്തളക്കോട് വിട്ടിയോട്	മണ്ഡപത്തിൻ കടവിൽ നിന്നും വാഴിച്ചൽ വരെ എത്തുന്ന പൈപ്പ് ലൈൻ കുന്തളക്കോട് റോഡിലേക്കും വാഴിച്ചലിൽ നിന്നും വിട്ടിയോട് ഭാഗത്തേക്കും വെള്ളം എത്തിക്കാവുന്നതാണ്. വിട്ടിയോടുള്ള കുഴൽക്കിണർ ഇരുമ്പ് പൈപ്പ് മാറ്റി PVC പൈപ്പ് ആക്കണം. കുന്തളക്കോട് ഒരു കുഴൽക്കിണറും 4 സെൻറ് കോളനി പ്രദേശത്ത് ഒരു പൊതുകിണറും സ്ഥാപിക്കണം.
		കന്യാകുഴിയിൽ കിണർ കുഴിച്ച് പാണ്ടിമാംപാറയിൽ ടാങ്ക് നിർമ്മിച്ച് മിനിവാട്ടർ സപ്ലേസ്കീം നടപ്പിലാക്കിയാൽ വാഴിച്ചൽ, ആലച്ചക്കോണം, പ്ലാമ്പഴിഞ്ഞി എന്നീ ഭാഗങ്ങളിൽ ജലക്ഷാമം പരിഹരിക്കാവുന്നതാണ്. പാണ്ടിയാംപാറയിൽ സ്ഥിരമായി ജലം ലഭിക്കുന്ന സ്രോതസ്സുകൾ ഉണ്ട്. അവിടെ കുളം കുഴിച്ചാൽ എപ്പോഴും വെള്ളം ലഭിക്കും.
	പ്ലാമ്പഴിഞ്ഞി ആറ്റൂർ	ആര്യങ്കോട് പഞ്ചായത്തിന്റെ ജലസേചനപദ്ധതി അനുസരിച്ച് ആറ്റൂരിലുള്ള ജലസംഭരണിയിൽ നിന്നും പൈപ്പ് ലൈൻ നീട്ടിയാൽ ഈ ഭാഗങ്ങളിൽ ജലം എത്തിക്കാവുന്നതാണ്.

പട്ടിക 31
നീരുറവകൾ

I	പൂഴനാട്	മണ്ണാംകോണം നീരുറവ കെട്ടി സംരക്ഷിച്ച് പമ്പ് ചെയ്താൽ 20 കുടുംബങ്ങൾക്ക് പ്രയോജനം ഉണ്ടാകും. പൂഴനാട്, കമുകിൻകോട് നീരുറവകൾ കെട്ടി സംരക്ഷിച്ചാൽ ആ പ്രദേശത്തെ 10 വീടുകൾക്ക് പ്രയോജനം ചെയ്യും.
II	കുന്നനാട്	പൊത്തോട് നീരുറവ, ചേനാട് ലക്ഷം വീടിന് സമീപമുള്ള നീരുറവ.
III	കടമ്പറ	കഞ്ചിക്കരക്കോണം, കൈതറ നട, കടമ്പറ ലക്ഷം വീടിന് താഴ്വശം
IV	കുരവറ	കിടാരക്കോണം നീരുറവ, പുതുവീട്ടു നട നീരുറവ, നെട്ടയം ചിറ്റയത്തു വിളാകം നീരുറവ, കുറ്ററ നാൽപ്പറത്തലയ്ക്കൽ
V	ഒറ്റശേഖരമംഗലം	കോളൂർ അരുവി, പുള്ളിക്കോണം നീരുറവ, പാലോട്ടുകോണം നീരുറവ
VI	വാളികോട്	കമുകറക്കോണം, പെരമ്പൻകുഴി, കമുകിൻകോട്ടുകോണം, കൊച്ചുകോണം, പ്ലാവറത്തല നട, നാൽപ്പറത്തലയ്ക്കൽ നട
VII	പ്ലാമ്പഴിഞ്ഞി	പെരുംകുന്നം, കന്യാകുഴിക്കര, വട്ടകക്കുഴി, ആങ്കോട്ടുകോണം ഉരിയരികുന്ന്
VIII	ആലച്ചക്കോണം	കോട്ടറക്കുഴി, കൈതക്കുഴി, പതിനാഴിമൂല, തൊളിക്കോട്ടുകോണം, മണക്കാല ആശാരിവിളാകം, വിയ്യക്കോണം
IX	വാഴിച്ചൽ	വിട്ടിയോട് കുന്തളക്കോട്, ആറ്റൂർ, കുതിരപാഞ്ചാംകുഴി, പാണ്ടിയാം പാറ ഈ നീരുറവകൾ സംരക്ഷിച്ചു ശുദ്ധീകരിച്ച് എടുത്താൽ സമീപപ്രദേശത്തുള്ള യഥാക്രമം 30 നും 50 നും മദ്ധ്യേയുള്ള വീടുകൾക്ക് ഓരോ നീരുറവയിലേയും ജലം പ്രയോജനപ്പെടുന്നതാണ്.

പൊതുജനാരോഗ്യം

ഒറ്റശേഖരമംഗലം പഞ്ചായത്തിൽ ഏകദേശം 70 വർഷങ്ങൾക്കു മുൻപ് മലമ്പനി, വസൂരി, കോളറ എന്നീ പകർച്ചവ്യാധികൾ അനേകം മനുഷ്യജീവൻ അപഹരിച്ചിരുന്നു. രാജഭരണകാലത്ത് ആലച്ചക്കോണത്ത് മലമ്പനി ചികത്സയ്ക്കുവേണ്ടി ഒരു ആശുപത്രി സ്ഥാപിച്ചു. അതാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ പൊതുജനാരോഗ്യകേന്ദ്രം. ഈ ആശുപത്രി അതിനുശേഷം പൂഴനാട്ടിലേക്കു മാറ്റി. 1957 - ൽ കുമാരപിള്ള എന്ന വ്യക്തി സൗജന്യമായി നൽകിയ 88 സെൻറ് വസ്തുവിൽ സ്ഥാപിച്ച ആശുപത്രിയാണ് ഇന്നു കാണുന്ന പൂഴനാട് പ്രൈമറി ഹെൽത്ത് സെൻറർ.

1.2.1970 - ൽ വാഴിച്ചൽ ഭാഗത്ത് ഒരു വാടക കെട്ടിടത്തിൽ ആയുർവേദാശുപത്രി സ്ഥാപിച്ചു. ഇത് 1971 വരെ വാടക കെട്ടിടത്തിൽ തന്നെ പ്രവർത്തിച്ചു. 1991 - ൽ JRY സ്കീം അനുസരിച്ച് ഫോറസ്റ്റ് ഡിപ്പാർട്ട്മെൻറിൽ നിന്നും പഞ്ചായത്ത് പ്രതിഫലം കൊടുത്ത് വിലയ്ക്കു വാങ്ങിയ 56 സെൻറ് സ്ഥലത്ത് ഒരു കെട്ടിടം പണികഴിപ്പിച്ചു കൊടുത്തതാണ് ഇന്നു കാണുന്ന ആയുർവേദാശുപ്രതി. 1970 മുതൽ 1971 വരെയുള്ള വാടക ഒന്നായി 48,000 ത്തിൽ പരം രൂപ പഞ്ചായത്ത് ഈ അവസരത്തിൽ നൽകുകയുണ്ടായി. ഈ രണ്ട് ആശുപത്രികളും, പ്രൈമറി ഹെൽത്തുസെൻററിൻെറ കീഴിലുള്ള 2 സബ്സെൻററുകളുമാണ് ഈ പഞ്ചായത്തിൻെറ പൊതുജനാരോഗ്യ സംവിധാനം.

ഈ പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യ നിലയിൽ ഗുണപരമായ വൻ വ്യതിയാനം വരുത്താൻ കഴിഞ്ഞിട്ടില്ല. എന്നാലും ജനന മരണനിരക്കുകൾ സംസ്ഥാന നിലവാരത്തെക്കാൾ കുറവാണ്. ഈ പഞ്ചായത്തിലെ ജനനനിരക്ക് 10.42 -ം മരണമുരക്ക് 4.2 - ം ആണ്. 1995 - 96 ൽ 195 ജനനവും 77 മരണവും നടന്നിട്ടുണ്ട്. സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ ജലജന്യ രോഗങ്ങൾ 306 - ം വായുജന്യ രോഗങ്ങൾ 34-ം പ്രാണിജന്യരോഗങ്ങൾ 8 -ം എന്ന നിലയൽ കണ്ടു വരുന്നു. കുഷ്ഠരോഗം ബാധിച്ച് ചികിത്സയിൽ കഴിയുന്നവർ 7-ഓളം പേരുണ്ട്. കഴിഞ്ഞ 3 വർഷത്തെ പകർച്ചവ്യാധി വിവരങ്ങൾപട്ടിക 33 ലും രോഗങ്ങളെ സംബന്ധിച്ച് മറ്റു വിവരങ്ങൾ പട്ടിക 34 ലും. കൊടുത്തിരിക്കുന്നു.

മാതൃമരണം ഈ പഞ്ചായത്തിൽ തീരെ ഇല്ല എന്നുതന്നെപറയാം. അതുപോലെ ചാപ്പിള്ള മരണവും തീരെ കുറവാണ്. ഈ പഞ്ചായത്തിൽ ഇപ്പോൾ 188 ഗർഭിണികൾ ഉണ്ട്. ഇവരിൽ പ്രത്യേക പരിചരണം ആവശ്യമുള്ളവർ 10 പേർ ഉണ്ട്. ശരാശരി കുടുംബ വിലപ്പം 4.4 ആണ്. പ്രൈമറി ഹെൽത്തു സെൻററിൽ കിടത്തി ചികിത്സയ്ക്കുള്ള സൗകര്യം തീരെ കുറവാണ്. ആരോഗ്യകേന്ദ്രങ്ങളിൽ പരമാവധി 8 കി. മീറ്ററും വിദഗ്ധ ചികിത്സയ്ക്കായി പരമാവധി 32 കി. മീറ്ററും സഞ്ചരിക്കേണ്ടതായിട്ടുണ്ട്.

കുടുംബക്ഷേമപദ്ധതിയുടെ പരിധിയിൽ വരുന്ന 60 ശതമാനം ദമ്പതികളും സ്ഥിരമായി സന്താനനിയന്ത്രണ ഉപാധികൾ സ്വീകരിച്ചവരാണ്. കുട്ടികളുടെ എണ്ണം സംസ്ഥാന ശരാശരിയോട് തുല്യമാക്കാൻ ഈ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. മൂന്നോ അതിലധികമോ കുട്ടികളുള്ള കുടുംബങ്ങൾ 45 ശതമാനത്തിന് താഴെയായിരിക്കും.

കുഞ്ഞുങ്ങൾക്ക് നൽകേണ്ട പ്രാഥമിക കുത്തിവയ്പുകൾ പഞ്ചായത്തിൻെറ സഹായത്തോടെ PHC യുടെ നേതൃത്വത്തിൽ കൃത്യമായും ഫലപ്രദമായും നൽകുന്നുണ്ട്. എന്നാൽ മുഴുവൻ ജനങ്ങളും അതിനെക്കുറിച്ച് പൂർണ്ണബോധവാന്മാരല്ല. കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരത്തെക്കുറിച്ചും ഗർഭിണികളുടെ പ്രതിരോധ കുത്തിവയ്പിനെക്കുറിച്ചും പട്ടിക 35 ലും 36 ലും ആയി കൊടുത്തിരിക്കുന്നു.

വികലാംഗരായി 132 പേർ ഉള്ളതായി സ്ഥിതിവിവരക്കണക്കുകളിൽ നിന്നും മനസ്സിലാക്കാം. വികലാംഗരെ സംബന്ധിക്കുന്ന വാർഡ് തിരിച്ചുള്ള വിവരം പട്ടിക 38 ൽ കൊടുത്തിരിക്കുന്നു.

അവരുടെ പുരോഗമനത്തിനുവേണ്ടി പ്രത്യേക ക്ഷേമപരിപാടികൾ ഒന്നും തന്നെയില്ല. എന്നാൽ ഇവരിൽ 120 പേർക്ക് പെൻഷൻ ലഭിക്കുന്നുണ്ട്.

ആയുർവേദ ചികിത്സാരംഗത്ത് പ്രസിദ്ധന്മാരായ നാട്ടുവൈദ്യന്മാരും ഈ ഗ്രാമത്തിൽ ഉണ്ടായിരുന്നു. ചൂഴെക്കോണം വി. ചെല്ലപ്പൻ നാടാർ, പൂഴനാട് ദേവസഹായം, പാസ്റ്റർപൂരം എം. ജാനോസ് എന്നിവർ ഇവരിൽ ചിലർ മാത്രമാണ്. അതുപോലെ അയ്യി കിഴക്കേവിള എൻ.പൊന്നയ്യൻ തുടങ്ങിയ വിഷവൈദ്യന്മാരും ഇന്നാട്ടിൻെറ അഭിമാനങ്ങളായിരുന്നു.

പഞ്ചായത്തിലെ പൊതുജനാരോഗ്യ പ്രശ്നങ്ങൾ

1. നിലവിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെയും ആശുപ്രതികളുടേയും ശോചനീയാവസ്ഥ.
2. വളരെ ദൂരം സഞ്ചരിച്ച് ആരോഗ്യ ക്രേന്ദങ്ങളിൽ എത്തേണ്ടുന്ന ദു:സ്ഥിതി
3. ഡോക്ടർമാരുടേയും പാരാമെഡിക്കൽ സ്റ്റാഫിൻേറയും അപര്യാപ്തത.
4. പാരാമെഡിക്കൽ സംവിധാനങ്ങളുടെ അപര്യാപ്തത.
5. ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ജനങ്ങളുടെ ധാരണയില്ലായ്മ.
6. സ്ത്രീകൾക്കുവേണ്ടിയുള്ള പ്രത്യേക ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത.
7. വിഷചികിത്സക്ക് യാതൊരു സംവിധാനവും ഇല്ലാത്ത അവസ്ഥ.
8. ഗവൺമെൻറ് ഹോമിയോ ആശുപത്രിയില്ല.

9. ആയുർവേദ ചികിത്സാ രീതികളെക്കുറിച്ചുള്ള ധാരണയില്ലായ്മ.
10. ആവശ്യാനുസരണമുള്ള മരുന്നിന്റെ ലഭ്യത കുറവ്.

സാദ്ധ്യതകളും നിർദ്ദേശങ്ങളും

I ആയുർവേദാശുപത്രി

1. ഡിസ്പൻസറിയായി പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തെ കുറഞ്ഞത് 20 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തണം.
2. ജനകീയ പങ്കാളിത്വത്തോടു കൂടി സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുക.
3. ഒരു ഔഷധത്തോട്ടം വച്ചു പിടിപ്പിക്കുക. ഇതോടൊപ്പം തന്നെ ഒരു ചുറ്റുമതിൽ കെട്ടുകയും കെട്ടിടം വൈദ്യുതീകരിക്കുകയും ചോർച്ച തടയുകയും ചെയ്യണം.
4. സ്ഥാപനം ആശുപ്രതിയാക്കി ഉയർത്തുന്നതോടൊപ്പം പ്രത്യേക വിഭാഗങ്ങൾ, സ്ത്രീബാലരോഗ ചികിത്സ, പഞ്ചകർമ്മ ചികിത്സ, മർമ്മ ചികിത്സ, നേത്രം, വിഷം, സിദ്ധം, പ്രകൃതി ചികിത്സ എന്നിവ ആരംഭിക്കുക. ഇവയുടെ ഗുണവശങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുക.
5. ആശുപത്രി കെട്ടിടം അറ്റകുറ്റപ്പണി നടത്തുക.
6. ആശുപത്രിയിൽ വൈദ്യുതീകരണം നടപ്പിലാക്കുക.
7. ശുദ്ധജലത്തിനുള്ള സംവിധാനം ഉണ്ടാക്കുക.
8. ആശുപത്രിക്ക് ആവശ്യമായ ഫർണിച്ചറുകൾ കിടക്കകൾ, വസ്ത്രങ്ങൾ മുതലായവ സംഭരിക്കുക.
9. പുറം കക്കൂസ് സൗകര്യം ഏർപ്പെടുത്തണം.
10. മലയോര ഗിരിവർഗ്ഗ പ്രദേശ പരിഗണന നൽകി ഔഷധവിതരണം വർദ്ധിപ്പിക്കണം.

II പ്രൈമറി ഹെൽത്ത് സെൻറർ, പൂഴനാട്

1. പൂഴനാട് പ്രൈമറി ഹെൽത്ത് സെൻററിന് 125 കിടക്കകളോടു കൂടിയ ഒരു പ്രസവ, ജനറൽ വാർഡുകൾ സ്ഥാപിക്കണം.
2. PHC യിൽ ആധുനിക സജ്ജീകരണങ്ങളോടു കൂടിയ എക്സ്ട്രേ പ്ലാൻറ്, ലബോറട്ടറി തുടങ്ങിയവ സ്ഥാപിക്കണം.
3. ഇവിടെ ധാരാളം സ്ത്രീരോഗികൾ വരുന്നതിനാൽ ഒരു വനിതാ ഡോക്ടറേയും മറ്റ് സ്റ്റാഫുകളേയും നിയമിക്കണം.
4. ആശുപത്രിക്ക് ആവശ്യാനുസരണം മരുന്ന് എത്തിക്കണം.
5. ശുദ്ധജലം, ഇലക്ട്രിസിറ്റി, ടെലിഫോൺ എന്നിവ ഏർപ്പെടുത്തണം.
6. മലമൂത്ര വിസർജ്ജനത്തിനുള്ള സംവിധാനം കൂടുതൽ കാര്യക്ഷമമായി സ്ഥാപിക്കുക.
7. ഫർണിച്ചർ സൗകര്യങ്ങൾ അടിയന്തിരമായി ഉണ്ടാക്കണം.
8. നിലവിലുള്ള കെട്ടിടം എത്രയും വേഗം പുതുക്കി പണിയണം.
9. രോഗികൾക്ക് ആശുപത്രിയിൽ എത്താനുള്ള യാത്രാ ബുദ്ധിമുട്ട് പരിഹരിക്കണം.
10. നഴ്സ് കോട്ടേഴ്സ് സ്ഥാപിക്കണം.
11. ഡോക്ടർമാർ സ്ഥിരമായി രാത്രികാലങ്ങളിലും ആശുപ്രതികളിൽ ഉണ്ടാകുന്ന സാഹചര്യം സൃഷ്ടിക്കണം.
12. ഇന്ന് പ്രവർത്തിക്കുന്ന കുരവറ, വാഴിച്ചൽ, ഫാമിലി ഹെൽത്ത് സെൻററുകളുടെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.
13. പൂഴനാട്, പ്ലാമ്പഴിഞ്ഞി ഈ സ്ഥലങ്ങളിൽ അനുവദിച്ച ഫാമിലി ഹെൽത്ത് സെൻററുകൾ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ കെട്ടിടം നിർമ്മിക്കുകയോ അടിയന്തിരമായി വാടക കെട്ടിടങ്ങൾ കണ്ടെത്തുകയോ ചെയ്യണം.

പൊതുനിർദ്ദേശങ്ങൾ

1. ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കണം.
2. ഓരോ വാർഡിലും പ്രൈമറി ഹെൽത്ത് സെൻറിന്റെ ഓരോ സബ്സെൻററുകൾ തുടങ്ങുകയും ഓരോ ANM നെ നിയമിക്കുകയും ചെയ്യണം.
3. രോഗ പ്രതിരോധ പ്രവർത്തനങ്ങളിൽ സമഗ്ര പഠനം നടത്തണം.
4. ജനങ്ങളിൽ കാൻസർ, എയ്ഡ്സ്, റ്റി. ബി. എന്നിവയെക്കുറിച്ച് ശരിയായ ബോധവൽക്കരണം നടത്തണം.
5. 5 വയസ്സിന് താഴെയുള്ള മുഴുവൻ കുട്ടികൾക്കും പോഷകാഹാരം ഉറപ്പാക്കണം.
6. അമ്മമാർക്ക് ഹെർബൽ ചികിത്സയ്ക്കുള്ള പരിശീലനം നൽകണം.
7. പാമ്പുകടിക്ക് ചികിത്സിക്കുന്ന വരെ കണ്ടുപിടിച്ച് അവർക്ക് ഗ്രാൻറ് അനുവദിച്ച് നാടൻ ചികിത്സാ രീതികളെ പ്രോത്സാഹിപ്പിക്കണം. ഈ പഞ്ചായത്തിൽ ഇത്തരത്തിൽ രണ്ട് പേർ ഇന്ന് ഉണ്ട്.
8. പഞ്ചായത്തിലുള്ള അംഗൻവാടികളിൽ കൂടെ സ്ത്രീകളെ ആരോഗ്യ ശുചിത്വ കുടുംബക്ഷേമ ആസൂത്രണ പരിപാടികളിൽ ബോധവതികളാക്കുന്നതിന് മാസത്തിലൊരു പ്രാവശ്യം ചർച്ചാ ക്ലാസ്സുകൾ സംഘടിപ്പിക്കണം.

9. സ്കൂൾ ആരോഗ്യപരിപാടി പഞ്ചായത്തിന്റെ നേതൃത്വത്തിൽ പഞ്ചായത്തിലെ PHC വഴി കാര്യക്ഷമമായി നടത്തണം.

10. വികലാംഗരായ ആളുകൾക്ക് ടെലിഫോൺ ബൂത്തുപോലുള്ള സ്ഥാപനങ്ങൾ ധനകാര്യ സ്ഥാപനങ്ങൾ വഴി നടത്തണം.

പട്ടിക 32

പഞ്ചായത്തിലെ ആരോഗ്യ രംഗത്തെ പൊതു സ്ഥാപനങ്ങൾ

വാർഡ്	സ്ഥാപനത്തിന്റെ പേര്	ജീവനക്കാരുടെ എണ്ണം
സർക്കാർ സ്ഥാപനങ്ങൾ		
II കുന്നനാട്	പ്രൈമറി ഹെൽത്ത് സെന്റർ	31
VIII ആലച്ചക്കോണം	ആയുർവേദ ഡിസ്പൻസറി	3
IV കുരവറ	മിഡ്- വൈഫറി സബ്സെന്റർ കുരവറ	1
IX വാഴിച്ചൽ	മിഡ് - വൈഫറി സബ്സെന്റർ വാഴിച്ചൽ	1
സഹകാര്യ സ്ഥാപനങ്ങൾ		
I പുഴനാട്	S.R. ആശുപത്രി പുഴനാട്	4
III കടമ്പറ	സിദ്ധ മർമ്മവൈദ്യശാല	1
IV കുരവറ	ഹോമിയോ ആശുപത്രി മണ്ഡപത്തിൽ കടവ്	1
	സിദ്ധമർമ്മ വൈദ്യശാല കുരവറ	1
VI വാളിക്കോട്	E.C.I. ആശുപത്രി	4
IX വാഴിച്ചൽ	മറിഗനികേതൻ ഡിസ്പെൻസറി വാഴിച്ചൽ	5

പട്ടിക 33

പകർച്ചവ്യാധിവിവരങ്ങൾ

വർഷം	ജലജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ	മറ്റുള്ളവ
1993-94	210	42	1	
1994-95	185	47	1	-
1995-96	308	34	8	

11. ഒരു പ്രകൃതി ചികിത്സാകേന്ദ്രം പഞ്ചായത്തിൽ സ്ഥാപിക്കണം.

പരിസരശുചിത്വം

രോഗാണുക്കൾക്ക് വളരാനും വസിക്കാനും, മനുഷ്യ ശരീരത്തിൽ കടന്ന് രോഗം വളർത്തുവാനും കാരണമാകുന്ന സാഹചര്യങ്ങളെ തടയുവാനും, ഇല്ലാതാക്കുവാനും കഴിയുന്ന അവസ്ഥയെയാണ് ശുചിത്വം എന്നു പറയുന്നത്. വ്യവസായവൽക്കരണം കുറഞ്ഞ പ്രദേശമായതിനാൽ പരസരമലിനീകരണം ഗുരുതരമല്ല. എന്നാൽ പഞ്ചായത്തിന്റെ മിക്ക വാർഡുകളിൽ നിന്നും ശുചീകരണത്തിന്റെ അഭാവങ്ങൾ ഗ്രാമസഭയിലൂടെ പൊന്തി വന്നിട്ടുണ്ട്. പൊതുമാർക്കറ്റായ പുഴനാട് ചന്തയിൽ എല്ലാ ദിവസവും ഉപേക്ഷിക്കപ്പെടുന്ന മാലിന്യങ്ങൾ മാറ്റി ശുചിയാക്കുന്നതിനും വേണ്ടി നടപടി കൈക്കൊള്ളണം.

അലഞ്ഞു തിരിഞ്ഞു നടക്കുന്ന പട്ടികൾ മൂലം പേവിഷബാധ ഉണ്ടാക്കുന്നതോടൊപ്പം പരിസരമലിനീകരണത്തിനും സാദ്ധ്യതയുണ്ട്. മണ്ഡപത്തിൽകടവ്, പുഴനാട്, തുടങ്ങിയ പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ മലിനജലം ഒഴുക്കിവിടുന്നു. കടക്കാരും വീട്ടുകാരും ചപ്പുചവറുകൾ പൊതുസ്ഥലങ്ങളിൽ വലിച്ചെറിയുന്ന പ്രവണത കണ്ടുവരുന്നു. അത് അവസാനിപ്പിക്കേണ്ടതുണ്ട്.

ശുചീകരണ പ്രവർത്തനത്തിന് പഞ്ചായത്തിൽ ജീവനക്കാരെ സ്ഥിരമായി നിയമിക്കണം. സ്കൂളുകളിൽ വിശേഷിച്ചും പ്രൈമറി സ്കൂളുകളിൽ മൂത്രപ്പുരകളും കക്കൂസുകളും സ്ഥാപിക്കണം. പ്രധാന റോഡിന്റെ ഇരുവശങ്ങളിലും ചോലമരങ്ങൾ വച്ചു പിടിപ്പിക്കണം. ഈവിധ പ്രവർത്തനങ്ങൾ അടിയന്തിരമായി നടപ്പിലാക്കാൻ മുൻകൈ എടുക്കേണ്ടതുണ്ട്.

പഞ്ചായത്ത് അതിർത്തിക്കുള്ളിൽ വില്പന നടത്തുന്ന മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തണം. അവശിഷ്ടങ്ങൾ പൊതു നിരത്തുകളിൽ ഉപേക്ഷിക്കുന്ന രീതി അവസാനിപ്പിക്കണം. പഞ്ചായത്തിൽ മൊത്തത്തിൽ ഒരു അറവുശാല സ്ഥാപിച്ച് പരിശോ

പട്ടിക 34

ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ

വർഷം	ഇൻ പേഷ്യൻറ് എണ്ണം	ഔട്ട് പേഷ്യൻറ് എണ്ണം	രോഗങ്ങൾ സംബന്ധിച്ച വിവരം (പ്രതിവർഷം എണ്ണം)					
			ത്വക്ക് രോഗം	വാത രോഗം	പകർച്ച വ്യാധികൾ	വിഷ ചികിത്സ (പാമ്പുകടി)	മറ്റുള്ള രോഗങ്ങൾ	ആകെ
1992-93	-	20850	16	18	250	40	20526	20850
1993-94	263	22793	15	12	252	66	22710	23055
1994-95	262	21655	10	10	233	40	21604	21917
1995-96	746	18164	8	15	348	38	18501	18950
ആകെ	1471	83461	49	55	1073	184	83341	84772

പട്ടിക 35

കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം

പ്രായം	നോർമൽ		1-ാം ഗ്രേഡ്		2-ാം ഗ്രേഡ്		3-ാം ഗ്രേഡ്	
	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
1 വയസ്സിന് താഴെ	160	167	48	36	14	10	6	2
1-3 വയസ്സ്	180	188	24	20	8	8	2	1
3-6 വയസ്സ്	260	264	25	23	7	9	1	-

പട്ടിക 36

കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവയ്പ്

കുട്ടികൾ	ബി. സി. ജി	ഡി.പി.റ്റി				പോളിയോ				ഡി.റ്റി.				മീസിൽസ്
		1D	2D	3D	BD	1D	2D	3D	BD	1D	2D	3D	BD	
1 വയസ്സിനു താഴെ	327	353	393											
1-3 വയസ്സ്				389		353	393	389	320	8	547			243
3-6 വയസ്സ്														

പട്ടിക 37

ടെറ്റനസ് ടോക്സോയിഡ് (TT)

ഗർഭിണികൾ	1D	2D	BD
	167	163	53

ഇരുമ്പ്/ ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭിണകളുടെ എണ്ണം	167
ഇരുമ്പ്/ ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച കുട്ടികളുടെ എണ്ണം	867
വിറ്റാമിൻ എ തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം	635
ആശുപത്രിയിൽ വന്ന പ്രസവങ്ങളുടെ എണ്ണം	152
വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം	3

പട്ടിക 38

വികലാംഗരെ സംബന്ധിച്ച വിവരങ്ങൾ

	5 വയസ്സ്		5-10		10-18		18-25		25-45		45-60		60 ന് മേൽ		ആകെ	
	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ
I	3	3	1	2	1		2	3	5	5	1	1	5	1	18	15
II	2	1	4	4	2	3		2	4	2	1	2		1	13	15
III		1		2					2	1		1	1		3	6
IV	2	1				1	2	1	2			1		3	6	7
V	1	1		1		2				1	1			1	2	6
VI	2	1	1	1		1	1		1		1	1	1	1	7	5
VII		1	1		2		1		2	1			1		7	2
VIII	1		2		3	1		1		1		1	1	1	4	7
IX		1			1		1		2			2		2	4	5
ആകെ	11	10	9	10	6	11	7	7	18	11	4	9	9	10	64	68

ധനയ്ക്കു വിധേയമാക്കിയ മൃഗങ്ങളെ മാത്രം അറക്കുന്നതിനുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്. അതുപോലെ തന്നെ അവിടെ നിന്നും ഉപേക്ഷിക്കപ്പെടുന്ന വസ്തുക്കൾ പ്രത്യേക കുഴികളിൽ സ്ഥാപിക്കേണ്ടതും പക്ഷികളും മൃഗങ്ങളും ഇവ എടുത്ത് മറ്റ് സ്ഥലങ്ങളിൽ കൊണ്ട് നിക്ഷേപിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

കേരളത്തിലെ ആളോഹരി മാലിന്യോല്പാദനം 0.33 കിലോഗ്രാമാണ്.

കക്കൂസുകൾ

പഞ്ചായത്തിലെ 3160 വീടുകളിൽ സ്വന്തമായി കക്കൂസുകൾ ഇല്ല. ഈ പഞ്ചായത്ത് താരതമ്യേന കുന്നിൻ പ്രദേശമായതിനാൽ ചെറിയ ചെലവിൽ പണിയാവുന്ന E.W.S.P കക്കൂസുകൾ ഉപയോഗിക്കാവുന്നതാണ്. മലിന ജലം ഒഴുക്കിക്കളയാവുന്നതാണ്. പ്രത്യേക സംവിധാനം ഒന്നും തന്നെ ഇല്ല. റബ്ബർ ഷീറ്റ് അടിക്കുന്ന ഭാഗത്തുനിന്നും ഒഴുകി വരുന്ന വിഷവസ്തുക്കൾ ശുദ്ധ ജലസ്രോതസുകളെ മലിനമാക്കുന്നു. ദുസ്സഹമായ ദുർഗന്ധം ഉണ്ടാക്കുന്നതിന് ഇടയാക്കുന്നു. കൂടുതൽ വീടുകൾക്കും കക്കൂസുകൾ ഇല്ലാത്തതിനാൽ വിരശല്യം, വയറിളക്കം, മഞ്ഞപിത്തം എന്നിവ കണ്ടുവരുന്നു.

പ്രശ്നങ്ങൾ

1. നഗരവൽക്കരണത്തിന്റെ ഫലമായി മാലിന്യങ്ങൾ വർദ്ധിക്കുന്നു.
2. നദികളിലേക്ക് മാലിന്യങ്ങൾ ഒഴുക്കി വിടുന്നു.
3. ബോധവൽക്കരണത്തിന്റെ കുറവ്
4. കൊതുകിന്റെ ശല്യം

നിർദ്ദേശങ്ങളും പരിഹാരങ്ങളും

1. ജലത്തിൽ കൂടിയാണ് ഏറ്റവും കൂടുതൽ രോഗങ്ങൾ പകരുന്നത്. ആയതിനാൽ മാലിന്യങ്ങൾ ഒഴുക്കുവെള്ളത്തിൽ (കനാൽ, തോട്) ഒഴുക്കി വിടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.
2. ദ്രവിക്കുന്ന മാലിന്യങ്ങളെ വീട്ടുപരിസരത്തു തന്നെ കുഴികുഴിച്ച് അതിൽ നിക്ഷേപിക്കണം. അവ വളമാക്കി മാറ്റാനും കഴിയും. പ്ലാസ്റ്റിക്, കുപ്പി, തകരപ്പാട്ട, തുടങ്ങിയ ദ്രവിക്കാത്ത ഉപയോഗശൂന്യമായ വസ്തുക്കളെ ഒരു ഭാഗത്ത് ശേഖരിച്ച് വിൽക്കാവുന്നതാണ്.
3. അംഗൻവാടി, സാംസ്കാരിക കേന്ദ്രങ്ങൾ എന്നിവയിലൂടെ പ്രചാരണ പ്രവർത്തനങ്ങൾ നടത്തി ജനതയെ ബോധവൽക്കരിക്കേണ്ടതാണ്.
4. പൊതുസ്ഥലങ്ങളിൽ നിന്നും മാലിന്യങ്ങൾ ശേഖരിക്കാനും അവയെ നശിപ്പിക്കുന്നതിനും പ്രത്യേക സംവിധാനം ഗ്രാമപഞ്ചായത്തു കമ്മറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടാകണം.
5. സ്കൂൾ കുട്ടികളെ പരിസര ശുചീകരണത്തിന്റെ ബാലപാഠങ്ങൾ പഠിപ്പിക്കണം.
6. ജനപങ്കാളിത്തത്തോടെ ശുചീകരണ പ്രവർത്തനങ്ങൾ മാസത്തിൽ ഒരു ദിവസമെങ്കിലും കൃത്യമായി നടത്തണം.
7. കിണറുകളിൽ ബ്ലീച്ചിംഗ് പൗഡർ നിക്ഷേപിച്ച് നന്നായി ഇടിച്ചു കലക്കണം. 1000 ലിറ്റർ വെള്ളമുള്ള കിണറ്റിൽ 2.34 ഗ്രാം (ഒരു തീപ്പെട്ടിക്കൂടിൽ കൊള്ളുന്നത്ര) ഉപയോഗിക്കാവുന്നതാണ്.
8. കൊതുകു നിവാരണത്തിനു വേണ്ടി D.D.T. സ്പ്രേ, പഞ്ചായത്തിന്റെ മുഴുവൻ ഭാഗത്തും അടിയന്തിരമായി നടത്തണം.

പകർച്ച വ്യാധികൾ

ഈ പഞ്ചായത്തിൽ പ്ലാമ്പഴിഞ്ഞി വാർഡിൽ വട്ടകക്കുഴി എന്ന ഭാഗത്ത് 18 കുട്ടുകൾക്ക് മഞ്ഞപിത്തത്തിന്റെ അസുഖം ഉണ്ടായി. ഈ പഞ്ചായത്തിൽ മൊത്തം 238 കേസുകൾ ഈ വിധത്തിൽ ഉണ്ടായി. ഈ ഗ്രാമത്തിൽ മഞ്ഞപ്പിത്തം കൂടുതലായി ഉണ്ടായത് ഈ വർഷമാണ്. ശുദ്ധ ജലക്ഷാമമാണ് ഇതിന് പ്രധാന കാരണം. ചിക്കൺപോക്സ് 17 പേർക്ക് ഉണ്ടായി. കഴിഞ്ഞ വർഷം വട്ടപ്പാമ്പ് ഭാഗത്ത് ശരിയായ ശ്രദ്ധയില്ലാതെ ഒരു കുട്ടി ഈ രോഗം മൂലം മരിക്കുന്നതിന് ഇടയായിട്ടുണ്ട്. മലമ്പനി ഈ വർഷം 4 പേർക്ക് ഉണ്ടായി. ഈ 4 പേരും രോഗബാധിതരായി പുറത്തു നിന്നും വന്നവരാണ്. ഇന്നത് പൂണ്ണമായി പ്രതിരോധിക്കാൻ കഴിഞ്ഞിട്ടുണ്ട്.

നടപ്പു പദ്ധതികൾ

I. രാജീവ് ഗാന്ധി നാഷണൽ ട്രിങ്കിംഗ് വാട്ടർമിഷൻ

സംസ്ഥാനത്തിലെ പ്രൈമറി സ്കൂളുകളിൽ ശുദ്ധ ജലവിതരണത്തിനും കക്കൂസ് സ്ഥാപിക്കുന്നതിനും ഈ പദ്ധതി സഹായിക്കുന്നു. ഇതിന്റെ മുഴുവൻ ചെലവും മിഷൻ വഹിക്കുന്നു. ഈ പദ്ധതിയുടെ സഹായത്തിൽ നമ്മുടെ പഞ്ചായത്തിലെ 4 പ്രൈമറി സ്കൂളുകളിലും ശുദ്ധജലം എത്തിക്കുന്നതിനും കക്കൂസ് നിർമ്മിക്കുന്നതിനും കഴിയുന്നതാണ്. ശുദ്ധ ജലവിതരണം നടപ്പിലാക്കാത്ത വാഴിച്ചൽ, പ്ലാമ്പഴിഞ്ഞി വാർഡുകളിലും ഈ പദ്ധതി പ്രകാരം ശുദ്ധജലം എത്തിക്കാൻ ശ്രമിക്കാവുന്നതാണ്.

II. കേന്ദ്രാവിഷ്കൃത ഗ്രാമീണ ശുചീകരണപദ്ധതി *കുടിവെള്ളം, ശുചീകരണം എന്നിവക്കുള്ള സംയോജിത പദ്ധതി:-*

ദാരിദ്ര്യ രേഖക്ക് താഴെ വരുമാനമുള്ള ഗ്രാമീണ ജനതക്ക് ചെലവു കുറഞ്ഞ കക്കൂസുകൾ, മറ്റ് ശുചീകരണ സൗകര്യങ്ങൾ എന്നിവ ജനങ്ങളുടെ സഹകരണത്തോടെ നിർമ്മിക്കുന്നതിന് അർഹരായ ഒരു കുടുംബത്തിന് 2000/- രൂപ സഹായധനമായി ലഭിക്കും. 500/- ഗുണഭോക്താവ് വഹിക്കണം. ഈ പദ്ധതിമൂലം കക്കൂസ് ഇല്ലാത്ത ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ കഴിയുന്നു.

III. പൈപ്പ്ലൈൻ നീട്ടുന്നതിനുള്ള പണികൾ ത്വരിതമായി നടന്നു വരുന്നു. അത്യാവശ്യം വേണ്ടിടത്ത് കൂഴൽക്കിണറും സാധാരണകിണറും കുഴിക്കാനുള്ള നടപടികൾ പൂർത്തിയാകുന്നു. വരാൻ പോകുന്ന വരൾച്ചാകാലത്തിനു മുൻപ് ഇവ പൂർത്തീകരിക്കേണ്ടതാണ്.

IV. റബ്ബർ ഷീറ്റ് അടിക്കുന്ന ഭാഗത്തിന് സമീപം ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കാവുന്നതാണ്. ദുർഗന്ധം വമിക്കുന്ന മലിനജലം ചാണകത്തിനു പകരം പ്ലാന്റിൽ ഉപയോഗിക്കാം. ഇത് പരിസര ശുചീകരണത്തിനും സഹായകമാകും.

❖

"നാം പാഴാക്കുന്ന ഓരോതുള്ളി ജലവും മറ്റൊരാളുടെ കുടിവെള്ളം മുട്ടിക്കുന്നു എന്ന് എപ്പോഴും ഓർക്കുക".

4.5 വ്യവസായം

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലേക്ക് കടക്കുന്ന ഒരു പരിഷ്കൃത സമൂഹമെന്ന നിലയിൽ ഉല്പാദന സേവനമേഖലകളെ ഉപയോഗപ്പെടുത്തി, തൊഴിലില്ലായ്മ പരിഹരിക്കണമെങ്കിൽ വൻതോതിലുള്ള വ്യവസായവത്കരണം അനിവാര്യമാണ്. ഈ പഞ്ചായത്തിൽ നിലവിലുള്ള തൊഴിൽ പരിചയം, പ്രകൃതി വിഭവങ്ങൾ, പ്രാപ്യമായ വിപണി, സ്ഥലം, ജലം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങളെകുറിച്ചുള്ള സൂക്ഷ്മമായ പഠനവും വിലയിരുത്തലും നടത്തിയശേഷം മാത്രമേ വ്യവസായ വികസനപ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയൂ.

വ്യവസായത്തിന് ഈ പഞ്ചായത്തിലെ തൊഴിൽ മേഖലയിലുള്ള പങ്ക് വളരെ ചെറുതാണ്. ഒരു ആധുനിക ഇടത്തരം വൻകിട വ്യവസായ യൂണിറ്റ് പോലും ഈ പഞ്ചായത്തിലില്ല. പരമ്പരാഗത-കുടിൽ വ്യവസായങ്ങൾ വളരെ പരിമിതമെന്നെന്ന് മാത്രമല്ല. വൻ തകർച്ചയെ അഭിമുഖീകരിക്കുന്നവയുമാണ്.

വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികളുടെ എണ്ണം ഏകദേശം 826 ഓളം വരും. തീപ്പെട്ടി, തീപ്പെട്ടിക്കോൽ, മെഴുകുതിരി, നെയ്ത്ത്, ഈറ്റപ്പായ്, നെയ്ത്ത് തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരിൽ 95% പേരും സ്ത്രീകളാണ്. കൂടുതൽ പേരും അസംഘടിതരായ ഈ വിഭാഗത്തിന് ജോലിക്ക് തക്ക കൂലി ലഭിക്കുന്നില്ലയെന്നു പരാതിയേറെയാണ്.

ആലച്ചക്കോണം ഹരിജൻ വീവേഴ്സ് സൊസൈറ്റി, ചേനാട് സ്ഥിതിചെയ്യുന്ന ഖാദിബോർഡിന്റെ കീഴിലുള്ള "കേരള പ്രൊഡക്ഷൻ സ്പിന്നിംഗ് ആൻഡ് വീവിംഗ് സെൻറർ" എന്നിവയാണ് നെയ്ത്തു വ്യവസായം നടത്തുന്നത്. ആലച്ചക്കോണം സൊസൈറ്റിയിൽ 49 തറികളുണ്ടെങ്കിലും 20 തൊഴിലാളികൾ മാത്രമേ പണിയെടുക്കുന്നുള്ളൂ. ഒറ്റശേഖരമംഗലത്ത് വില്ലേജ് ആൻഡ് ഖാദി ഇൻഡസ്ട്രീസ് സൊസൈറ്റിയുടെ കീഴിൽ ഒരു തീപ്പെട്ടി നിർമ്മാണ യൂണിറ്റും ഒരു മെഴുകുതിരി നിർമ്മാണ യൂണിറ്റും നിലവിലുണ്ട്. തീപ്പെട്ടി നിർമ്മാണ യൂണിറ്റിൽ 48 സ്ത്രീകളുൾപ്പെടെ 50 തൊഴിലാളികളും മെഴുകുതിരി നിർമ്മാണ യൂണിറ്റിൽ 5 തൊഴിലാളികളും പണിയെടുക്കുന്നു. കുരവറ വാർഡിൽ പ്രവർത്തിക്കുന്ന വനിതാ ഇൻഡസ്ട്രീസിൽ ചിരട്ടയിൽ നിന്നും കരകൗശല വസ്തുക്കൾ നിർമ്മിക്കുന്ന ഒരു യൂണിറ്റും ഒരു റെഡിമെയ്ഡ് ഗാർമെൻറ്സ് യൂണിറ്റും നിലവിലുണ്ട്. അവിടെ പരിശീലനം നേടുന്നവർ ഉൾപ്പെടെ 43 പേർ തൊഴിലാളികളായുണ്ട്. ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്താൻ കഴിയാത്തതിനാൽ ഇപ്പോൾ ഇതിന്റെ പ്രവർത്തനം തീർത്തും മന്ദഗതിയിലാണ്.

പട്ടിക 39

	വിഭാഗം	തൊഴിലാളികളുടെ എണ്ണം
1.	കൈത്തറി	49
2.	തീപ്പെട്ടി നിർമ്മാണം	63
3.	മെഴുകുതിരി	5
4.	ചെറുകിടഫാക്ടറി	10
5.	ഈറ്റപ്പായ് നെയ്ത്ത്	410
6.	കരകൗശലനിർമ്മാണം	43
7.	മെറ്റൽ വെൽഡിംഗ്	15
8.	ചൂരൽ കസേര നിർമ്മാണം	9
9.	ചെങ്കൽ വ്യവസായം	32
10.	കൊപ്ര വ്യവസായം	42
11.	ഫർണിച്ചർ നിർമ്മാണം	8
12.	സൈക്കൾ വർക്ഷോപ്പ്	16
13.	സ്കൂട്ടർ വർക്ഷോപ്പ്	2
14.	പ്രിൻറിംഗ് പ്രസ് (2)	5
15.	സോഡാഫാക്ടറി	4
16.	കയറി വ്യവസായം	105
	ആകെ	826

തീപ്പെട്ടിക്കോൽ നിർമ്മാണം നടത്തുന്ന ഒരു സഹകാര്യ സ്ഥാപനം (റഷീദാ മാച്ച് ഇൻഡസ്ട്രീസ്) കടമ്പറവാർഡിലുണ്ട്. ഇവിടെ 13 സ്ത്രീകളും 2 പുരുഷൻമാരും തൊഴിലെടുക്കുന്നു. പുരുഷന്മാർ രണ്ടുപേരും തമിഴ് നാട്ടുകാരാണ്. സാമാന്യം ഭേദപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നു.

ചൂരൽ കസേര നിർമ്മിക്കുന്ന ഒരു സ്ഥാപനം വാളിക്കോട് വാർഡിൽ പ്രവർത്തിക്കുന്നു. ചെങ്കല്ല്, വ്യവസായാടിസ്ഥാനത്തിൽ, കടമ്പറ, ആറ്റൂർ, എന്നീ പ്രദേശങ്ങളിൽ നിർമ്മിക്കുന്നുണ്ട്. 32 തൊഴിലാളികൾ ഈ മേഖലയിൽ പണിയെടുക്കുന്നു. ഹോളോ ബ്രിക്സ്, കോൺക്രീറ്റ് കെട്ടിട നിർമ്മാണ സാമഗ്രികൾ എന്നിവ നിർമ്മിക്കുന്നതിനുള്ള ചെറിയ യൂണിറ്റുകൾ ആരംഭിക്കാൻ ചില വ്യക്തികൾ ശ്രമം മുന്നോട്ടുവന്നിട്ടുണ്ട്.

കൊപ്ര വ്യവസായം പരമ്പരാഗതമായി നടത്തുന്ന കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. എന്നാൽ സംഘടിതമായ ഒരു വ്യവസായ യൂണിറ്റായി ഇതിനെ മാറ്റാൻ കഴിഞ്ഞിട്ടില്ല. മണ്ഡപത്തിൻകടവിൽ ഒരു എണ്ണയാട്ടു മില്ല് പ്രവർത്തനമുണ്ട്.

ബാംബൂകോർപ്പറേഷന്റെ ഒരു ഡിപ്പോ ചേനാട് സ്ഥിതിചെയ്യുന്നു. ഇത് തൊഴിലാളികൾക്ക് ഈറ്റ നൽകുകയും ഉൽപ്പന്നമായ ഈറ്റപ്പായ് വാങ്ങുകയും ചെയ്യുന്നു. ഉല്പന്നത്തിന് ന്യായമായ വിലകിട്ടുന്നില്ല. മൂന്ന് അംഗീകൃത തൊഴിലാളികളും കുരവറ, വാളികോട്, വാർഡുകളിലെ 300 ഓളം കുടുംബങ്ങളിലെ 410 ഓളം തൊഴിലാളികൾ ഈ ഡിപ്പോയെ ആശ്രയിക്കുന്നു. വിതരണം ചെയ്യുന്ന ഈറ്റയുടെ ഗുണമേന്മയെക്കുറിച്ചും, കാലതാമസത്തെക്കുറിച്ചും പരാതിയുണ്ട്.

ഇരുന്നൂറോളം തയ്യൽ തൊഴിലാളികൾ ഈ പഞ്ചായത്തിലുണ്ട്. ഒറ്റയ്ക്കും, കൂട്ടായും പ്രവർത്തിക്കുന്ന തയ്യൽ കടകളുണ്ടെങ്കിലും ഒരു വ്യവസായ സ്ഥാപനമെന്ന രീതിയിൽ ഉയർന്നുവന്നിട്ടുള്ള യൂണിറ്റുകൾ വിരളമാണ്.

മെറ്റൽ വെൽഡിംഗ് നടത്തുന്ന മൂന്ന് യൂണിറ്റുകൾ നിലവിലുണ്ട്. മൂന്ന് യൂണിറ്റുലുമായി പത്തിലധികം തൊഴിലാളികൾ പണിയെടുക്കുന്നു.

ഈ പഞ്ചായത്തിലെ ഏക ആധുനിക വ്യവസായസ്ഥാപനമാണ് നീർവാളിക്കോണത്ത് സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന 'ജാഗോ റബ്ബേഴ്സ്'. റബ്ബർ ത്രഡ് ഉല്പാദനം നടത്തുന്ന ഈ സ്ഥാപനത്തിൽ 10 തൊഴിലാളികളുണ്ട്.വിപണനസാദ്ധ്യതയുള്ള ഉല്പന്നമാണെങ്കിലും അതിനനുസരണമായി ഉല്പാദനം വർദ്ധിപ്പിക്കാൻ കഴിയുന്നില്ല.

പേരേക്കോണം, വാഴിച്ചൽ എന്നീ വാർഡുകളിൽ യന്ത്രവൽകൃത ഗ്രാനൈറ്റ് ഖനനം നടക്കുന്നുണ്ട്. വാഴിച്ചൽ വാർഡിൽ പണിയെടുക്കുന്നവരിൽ ഭൂരിഭാഗം പേരും തമിഴ്നാട്ടുകാരാണ്. തദ്ദേശീയരായ തൊഴിലാളികൾക്ക് പരിശീലനമില്ലാത്തതിനാൽ അവരെ മാറ്റി നിർത്തുന്നു. കയറ്റിയിറക്ക് ജോലികൾ മാത്രമാണ് അവർ ചെയ്യുന്നത്. നീർവാളികോണത്ത് കെട്ടിട നിർമ്മാണത്തിനാവശ്യത്തിനുള്ള പാറപൊട്ടിക്കുന്നുണ്ട്. 50 ഓളം തൊഴിലാളികൾ ഈ പാറമടയിൽ പണിയെടുക്കുന്നു.

ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന റിപ്പോർട്ടിന്റെയും ചർച്ചകളുടേയും അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ വിവിധ തൊഴിലുകളിൽ പരിശീലനം നേടിയിട്ടുള്ള അഭ്യസ്തവിദ്യർക്ക് പോലും വ്യവസായ സംരംഭങ്ങളെ കുറിച്ചും സ്വയം തൊഴിൽ കണ്ടെത്തൽ മാർഗങ്ങളെ കുറിച്ചും അജ്ഞതയുള്ളതായി കാണാം. ചെറുകിട സംരംഭകർക്ക് മൂലധനത്തിന്റെ കുറവ് പ്രധാന പ്രശ്നമാണ്. താല്പര്യത്തോടെ മുന്നോട്ടു വരുന്നവരെപ്പോലും ദേശസാൽകൃത വാണിജ്യ ബാങ്കുകൾ സൃഷ്ടിക്കുന്ന നിയമങ്ങളുടെ നൂലാമാലകൾ പിന്നോട്ടടിപ്പിച്ച സംഭവങ്ങൾ നിരവധിയാണ്.

വൻകിട - ഇടത്തരം ആധുനിക വ്യവസായ മേഖലയിൽ പ്രാദേശിക ആസൂത്രണവും ഇടപെടലും ശ്രമകരമാണ്. ഗ്രാമപഞ്ചായത്തുകളുടെ പ്രാദേശികാസൂത്രണത്തിന് കാര്യക്ഷമമായ പങ്കു വഹിക്കാൻ കഴിയുന്നവ പരമ്പരാഗത - ചെറുകിട വ്യവസായ മേഖലകളാണ്. ഈ മേഖലകളിൽ പോലും പഞ്ചായത്തുകൾക്ക് വേണ്ടത്ര അധികാരങ്ങൾ ലഭിച്ചിട്ടില്ലായെന്ന വസ്തുതയും നിലനില്ക്കുന്നു.

നിലവിലുള്ള പ്രശ്നങ്ങൾ

1. കൈത്തറി, തീപ്പെട്ടി, മെഴുകുതിരി, ഈറ്റതൊഴിലാളികളുടെ കൂലിനിരക്ക് വളരെ കുറവാണ്.
2. തൊഴിൽ നൈപുണ്യമുണ്ടായിട്ടും ബന്ധപ്പെട്ട തൊഴിൽ എടുക്കുന്നതിന് കുറഞ്ഞ കൂലിനിരക്ക് പിന്നോട്ടടിക്കാൻ കാരണമാകുന്നു.
3. മേൽപ്പറഞ്ഞ വ്യവസായങ്ങൾക്ക് അസംസ്കൃത സാധനങ്ങളുടെ ലഭ്യതയില്ലായ്മ.
4. വൈദ്യുതി, ഗതാഗതം, സ്ഥലം, തുടങ്ങിയവയുടെ അപര്യാപ്തത.
5. സാങ്കേതിക വിദ്യാഭ്യാസം ലഭിച്ച തൊഴിൽ രഹിതർക്ക് തൊഴിൽ നൽകാനുള്ള സംവിധാനം നിലവിലില്ല.
6. പരമ്പരാഗത മേഖലകളിലെ തൊഴിലാളികൾക്ക് കാലാകാലങ്ങളിൽ ആധുനിക പരിശീലനം ലഭിക്കുന്നില്ല.
7. കാർഷിക ഉല്പന്നങ്ങളായ റബ്ബർ, തേങ്ങ എന്നിവ വ്യവസായ രംഗത്ത് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ല.
8. തേനീച്ച വളർത്തൽ, കയറ് നിർമ്മാണം എന്നിവയ്ക്ക് സാദ്ധ്യതയുണ്ടെങ്കിലും അത് പ്രയോജനപ്പെടുത്തുന്നില്ല.
9. റബ്ബർ, അൽപശി, തുടങ്ങിയ സോഫ്ട് വുഡ്ഡ് ലഭ്യമാണെങ്കിലും അതിലധിഷ്ഠിതമായ വ്യവസായ സംരംഭങ്ങൾ ഉണ്ടാകുന്നില്ല.
10. തയ്യൽ തൊഴിലാളികൾ നിരവധിയാണെങ്കിലും അവരെ അനുബന്ധ വ്യവസായത്തിലേക്ക് നയിക്കാൻ കഴിയുന്നില്ല.

പരിഹാര മാർഗ്ഗങ്ങളും സാദ്ധ്യതകളും

ഗ്രാമസഭകളിൽ നടന്ന ചർച്ചയിൽ നിന്ന് ഉയർന്നുവന്ന പരിഹാരമാർഗ്ഗങ്ങളും ഏതാനും സാദ്ധ്യതകളും ചുവടെ കൊടുത്തിരിക്കുന്നു.

1. ബാംബൂ പ്ലൈ, പാനലിംഗ് ബോർഡ് വാൾ ഡിവിഷൻസ് ഹൗസ് ഹോൾഡ് മെറ്റീരിയൽസ്,

ടേബിൾ ഫർണിച്ചർ ഓർണമെൻറ്സ് എന്നിവയുടെ ഉല്പാദനത്തിനും അനുയോജ്യമായ രീതിയിൽ ഈറ്റപ്പായ് വ്യവസായം ആധുനികവത്കരിക്കുക.

2. കൈത്തറി മേഖലയെ ആധുനികവൽക്കരിക്കുകയും വൈവിദ്ധ്യമുള്ള ഉല്പന്നങ്ങൾ ഉണ്ടാക്കുകയും വേണം. കാര്യക്ഷമതയുള്ള മാനേജ്മെൻറിന്റെ കീഴിൽ വിപണന സൗദ്ധ്യതകൾ വർദ്ധിപ്പിക്കുകയും വേണം.

3. പഞ്ചായത്തിലെ തൊഴിൽ പരിശീലനം നേടിയ തൊഴിലാളികളെ കണ്ടെത്തി അവർക്ക് മെച്ചപ്പെട്ട പരിശീലനം നല്കണം. ട്രൈസം പോലുള്ള കോഴ്സുകൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ നടത്തുക.

4. ചിരട്ട, വാഴനാര് എന്നിവ കൊണ്ടുള്ള ഉല്പന്നങ്ങൾക്ക് കൂടുതൽ വിപണന സൗകര്യം ഉണ്ടാക്കുകയും വനിതാ ഇൻഡസ്ട്രിയൽ സൊസൈറ്റിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്യുക.

5. പാൽ ഉല്പന്നങ്ങൾ കൊണ്ട് ഉണ്ടാക്കുന്ന വ്യവസായ യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുന്നത് സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസര ങ്ങൾ ലഭ്യമാക്കും.

6. കൈതച്ചക്കയുടേയും മറ്റ് പഴവർഗ്ഗങ്ങളുടേയും സംസ്കരണം, നേന്ത്രക്കായ് ചിപ്സ്, അച്ചാറുകൾ കറിപ്പൊടികൾ തുടങ്ങിയവയുടെ നിർമ്മാണത്തിന് ചെറിയ യൂണിറ്റുകൾ സഹകരണ അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നത് സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സാദ്ധ്യമാക്കും.

7. കൊപ്രാ വ്യവസായം ഗ്രൂപ്പടിസ്ഥാനത്തിൽ ആരംഭിക്കാനുള്ള സാദ്ധ്യതയുണ്ട്. ഇത് സോപ്പ് നിർമ്മാണ യൂണിറ്റുകൾ തുടങ്ങാൻ പ്രേരകമായേക്കും.

8. മില്ലുകളിൽ നിന്നും നേരിട്ട് തുണികൾ വാങ്ങി ഗ്രൂപ്പ് അടിസ്ഥാനത്തിൽ റെഡിമെയ്ഡ് ഗാർമെൻറ് യൂണിറ്റ് തുടങ്ങിയാൽ നിരവധി സ്ത്രീകൾക്ക് തൊഴിൽ നൽകാൻ കഴിയും. മെച്ചപ്പെട്ട മാനേജ്മെൻറും വിദഗ്ധോപദേശവും ഇക്കാര്യത്തിൽ ആവശ്യമാണ്.

9. റബ്ബർ തടി, അൽപശി എന്നിവ ഉപയോഗിച്ച് തീപ്പെട്ടി കോൽ, പാക്കിംഗ് കേയ്സുകൾ എന്നിവ നിർമ്മിക്കാം. റബ്ബർ തടി പരിഷ്കരിച്ച് ഉപയോഗിക്കുന്നത് വൈവിധ്യമുള്ള ഉല്പന്നങ്ങളുടെ നിർമ്മാണത്തെ സഹായിക്കും. മരപ്പണിക്കാർ ധാരാളമായി ഈ പഞ്ചായത്തിലുണ്ട്.

10. ഗ്രാനൈറ്റ് നിക്ഷേപം പല ഭാഗത്തും ഉള്ളതിനാൽ കോറി വ്യവസായത്തിന് സാദ്ധ്യതയുണ്ട്.

11. അസംസ്കൃത വസ്തുക്കൾ ലഭ്യമായാൽ സാമ്പ്രാണിത്തിരി നിർമ്മാണയൂണിറ്റിന് സാദ്ധ്യതയുണ്ട്. സാങ്കേതിക ജ്ഞാനമുള്ള തൊഴിലാളികളുണ്ട്.

12. പച്ചതൊണ്ടിൽ നിന്നും കയർ ഉണ്ടാക്കുന്നത് കൂടിൽ വ്യവസായമായി പരിക്ഷിക്കാം.

13. തേനീച്ച വളർത്തൽ, പട്ടുനൂൽ പുഴു വളർത്തൽ തുടങ്ങിയവ വാണിജ്യാടിസ്ഥാനത്തിൽ സംഘടിപ്പിക്കാൻ കഴിയും.

14. പരമ്പരാഗതമായി മത്സ്യവിപണനം നടത്തുന്ന പുഴനാട് പ്രദേശത്തുള്ള മത്സ്യതൊഴിലാളികൾക്ക് ആധുനിക കോൾഡ് സ്റ്റോറേജ് ഉപകരണങ്ങളും വാഹന സൗകര്യവും ആവശ്യമാണ്. ഇതിന് കുറഞ്ഞ പലിശനിരക്കിൽ വായ്പ ആവശ്യമാണ്.

15. ഒരു കാലിത്തീറ്റ മിക്സിംഗ് യൂണിറ്റ് സ്ഥാപിച്ചാൽ നല്ല വിപണന സാദ്ധ്യതയുണ്ട്. ഇതിലേക്കാവശ്യമായ അംസ്കൃത സാധനങ്ങൾ സ്വരൂപിക്കാൻ കഴിയും.

16. ഈ പഞ്ചായത്തിലെ പ്രധാന കാർഷിക വ്യവസായ ഉല്പന്നമാണ് റബ്ബർ, ചെറുകിട- റബ്ബർ വ്യവസായ യൂണിറ്റിന് ഈ പഞ്ചായത്തിൽ വലിയ സാദ്ധ്യതയുണ്ട്.

17. ഹോളോബ്രിക്സ്, കോൺക്രീറ്റ് കെട്ടിട നിർമ്മാണസാമഗ്രികൾ എന്നിവയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉല്പാദനത്തിന് സാദ്ധ്യതയും മെച്ചപ്പെട്ട വിപണന സാദ്ധ്യതയും ഉണ്ട്.

18. ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ രൂപീകരണത്തിന് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങളെക്കുറിച്ചും മാർക്കറ്റിംഗിനെക്കുറിച്ചും സർവെ നടത്തുക.

19. വ്യവസായ ഗ്രൂപ്പുകളുടെ പ്രതിനിധികളും, ജനപ്രതിനിധികളും സാങ്കേതിക ജ്ഞാനികളും അടങ്ങിയ കോർ ഗ്രൂപ്പ് മോണിറ്ററിംഗിനായി പഞ്ചായത്ത് അടിസ്ഥാനത്തിൽ രൂപീകരിക്കുക.

20. സഹകരണ-ഗ്രൂപ്പ് അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് സബ്സിഡി നിരക്കിൽ വായ്പ നൽകുക.

21. വാഴിച്ചൽ, ആലച്ചക്കോണം വാർഡുകളിലെ ഗ്രാനൈറ്റ് വ്യവസായത്തിൽ തൊഴിലെടുക്കാൻ ആ പ്രദേശത്തെ തൊഴിലാളികൾക്ക് പരിശീലനം നൽകുക.

22. ബാങ്കിൽ നിന്ന് വായ്പയെടുത്ത് തുടങ്ങുന്ന വ്യവസായ യൂണിറ്റുകളെ കൃത്യമായ മോണിട്ടറിംഗിന് വിധേയമാക്കുകയും ആവശ്യമായ ഉപദേശവും പരിശീലനവും യഥാസമയം നല്കുകയും ചെയ്യുക.

പട്ടിക 40

വിവിധ ഏജൻസികൾവഴി നല്കിയ വ്യവസായ വായ്പകൾ

സ്ഥാപനത്തിന്റെ പേര്	ഇനം	എണ്ണം	തുക (രൂപ)
സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, ഒറ്റശേഖര മംഗലം ശാഖ	ചെറുകിട വ്യവസായം	2	905,000
	P. M.RY	3	1,90,000
	CCDP	4	22,300
	IRDP	10	66,000
	DWCRA	1	75,000
ഇന്ത്യൻ ഓവർസീയേഴ്സ് ബാങ്ക് പുഴനാട്	മറ്റ് വായ്പകൾ	84	8,67,000
ഒറ്റ ശേഖരമംഗലം സർവീസ് സഹകരണ ബാങ്ക്	വ്യവസായ വായ്പ		98669

23. ചെറുകിട- കൂടിൽ വ്യവസായ പദ്ധതികളെ സംബന്ധിച്ച പൂർണ്ണ അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നല്കാൻ ഗവൺമെൻറ് തലത്തിൽ നടപടിയെടുക്കണം.

24. ചെറുകിട വ്യവസായങ്ങളുടെ ഒരു ഇൻറസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനെക്കുറിച്ച് പഞ്ചായത്ത് ആലോചിക്കുക.

❖

"സമഗ്ര ഗ്രാമവികസനം നമ്മുടെ ലക്ഷ്യം ഗ്രാമവികസനത്തിന് വിഭവം ആവശ്യം വിഭവമില്ലെങ്കിൽ വികസനം സാദ്ധ്യമല്ല".

4.6 ഗതാഗതം , വാണിജ്യം, ഊർജ്ജം

ഗതാഗതം

ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ നിമിത്തം 1950 കൾ വരെ ഈ പഞ്ചായത്ത് മറ്റ് പ്രദേശങ്ങളിൽ നിന്നും തീർത്തും ഒറ്റപ്പെട്ട ഒരു തുരുത്തായിരുന്നു. തിരുവിതാംകൂർ മഹാരാജാവായിരുന്ന ശ്രീമൂലം തിരുനാളിന്റെ കാലത്ത് പണിത ആരുവാമൊഴി-ഷൊർണൂക്കോട് റോഡ് കടന്നുപോകുന്നത് ഈ പഞ്ചായത്തിലൂടെയാണ്. ഈ പഞ്ചായത്തിലുണ്ടായ ആദ്യത്തെ റോഡ് ഇതാണെന്നു വേണം കരുതാൻ. കൊല്ലവർഷം 1108- ൽ ഒറ്റശേഖരമംഗലം - മണ്ഡപത്തിൽ കടവ് റോഡുണ്ടായി. ഇന്ന്, നിരവധി പരിമിതികളോടെയാണെങ്കിലും റോഡുകളുടെ സാമാന്യം നീണ്ട ശൃംഖലതന്നെയുണ്ട്.

1955 ൽ ഒറ്റശേഖരമംഗലത്ത് ചിറ്റാറിന് കുറുകെയും 1973 -ൽ നെയ്യാറിന് കുറുകെയും പാലങ്ങൾ പണിതീർത്തത് ഈ പഞ്ചായത്തിലെ ഗതാഗതരംഗത്തെ നാഴികകല്ലുകളാണ്. ആദ്യമായി ടാറിട്ടത് ഒറ്റശേഖരമംഗലം മണ്ഡപ ത്തിൻ കടവ് റോഡാണ്.

ഈ പഞ്ചായത്തിൽ ആദ്യമായി ഒരു മോട്ടോർ വാഹനം ഓടിയത് 1951 -ൽ മുൻ തിരുകൊച്ചി മന്ത്രി ജി. ചന്ദ്രശേഖരപിള്ള സഞ്ചരിച്ചിതായിരുന്നു. 1980 ൽ K.S.R.T.C. വാഴിച്ചൽ റൂട്ടിൽ സർവ്വീസ് ആരംഭിച്ചു.

1975 - ൽ കാട്ടാക്കടയിൽ K.S.R.T.C. ഡിപ്പോ നിലവിൽ വന്നതിനുശേഷമാണ് കൂടുതൽ മേഖലകളിൽ ബസ് റൂട്ടുകൾ ആരംഭിച്ചത്. ബസുകളുടെ കുറവും ഉള്ള ഷെഡ്യൂളുകൾ തന്നെ സമയത്തിന് എത്താത്തതും മൂലം ഈ പഞ്ചായത്തിൽ യാത്രാക്ലേശം രൂക്ഷമായിരിക്കുന്നു. റോഡുകളുടെയും ബസ് റൂട്ടുകളുടെയും നീണ്ട പട്ടിക തന്നെ എല്ലാ ഗ്രാമസഭകളിൽ നിന്നും വന്നിട്ടുണ്ട്. റോഡുകൾ ശ്രമദാനത്തിലൂടെ വെട്ടാൻ കഴിഞ്ഞിട്ടുള്ളതും ഇന്നും ആ പ്രവണത തുടരാൻ കഴിയുന്നതും വളരെ ആശ്വാസകരമാണ്.

പ്രശ്നങ്ങൾ

1. പഞ്ചായത്ത് റോഡുകളിൽ 90 ശതമാനവും മെറ്റലിംഗ്, ടാറിംഗ് ഇവ നടത്തിയിട്ടില്ല.
2. നിലവിലുള്ള പഞ്ചായത്ത് റോഡുകൾക്ക് ലഭിക്കുന്ന മെയിൻറനൻസ് ഗ്രാൻറ് പര്യാപ്തമല്ല.
3. P.W.D റോഡുകൾ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നില്ല. ഇത് മൂലം വാഹനയാത്രക്കാർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.
4. P.W.D റോഡുകളിൽ ഒന്നിൽ പോലും ഓടകൾ ഇല്ല. അതിനാൽ റോഡുകൾ ഒലിപ്പെടുക്കുന്നു.
5. ഒറ്റശേഖരമംഗലം - വാളികോട് - ഉലട്ടിമൂട് റോഡ് മെറ്റലിംഗ്, ടാറിംഗ് ഇവ പൂർത്തീകരിച്ചിട്ടില്ല.
6. ഒറ്റശേഖരമംഗലം ആര്യങ്കോട് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന വലിയ വഴി - ഇളങ്കോണം ഉലട്ടിമൂട് റോഡിന്റെ പണി പൂർത്തീകരിച്ചിട്ടില്ല.
7. കളിവിളാകം - ആറ്റൂർ റോഡിന്റെ പണിമുടങ്ങിക്കിടപ്പാണ്.
8. മണ്ഡപത്തിൽ കടവ് വാട്ടർ പമ്പിന് സമീപമുള്ള പുഴനാട് റോഡിന്റെ വശങ്ങൾ ഇടിയാൻ സാദ്ധ്യതയുണ്ട്.
9. പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും രൂക്ഷ മായ യാത്രാക്ലേശം അനുഭവപ്പെടുന്നു.
10. പ്ലാമ്പഴിഞ്ഞി, കുന്നളക്കോട്, ആറ്റൂർ, ഭാഗങ്ങളിൽ ബസ് സർവ്വീസ് ആരംഭിച്ചിട്ടില്ല.

പരിഹാരമാർഗ്ഗങ്ങൾ

1. മുൻഗണനാക്രമത്തിൽ അത്യാവശ്യറോഡുകളുടെ പണി പൂർത്തീകരിക്കുക.
2. നിലവിലുള്ള P.W.D റോഡുകളിൽ ഓടകൾ നിർമ്മിക്കുകയും യഥാസമയം അറ്റകുറ്റപണികൾ നടത്തുകയും ചെയ്യുക.
3. ശ്രമദാനത്തിലൂടെ വെട്ടിയ റോഡുകളെല്ലാം പഞ്ചായത്ത് ഏറ്റെടുക്കുക.
4. മണ്ഡപത്തിൽ കടവ് പുഴനാട് റോഡിൽ പമ്പ് ഹൗസിന് സമീപമുള്ള ഭാഗത്ത് ഭിത്തികെട്ടി റോഡ് ഇടിയുന്നത് തടയുക.
5. കാരാമം - പുഞ്ചിരിവിള - ചിത്തൻകാല പഞ്ചായത്ത് റോഡിൽ ചിറ്റാറിൽ ഇടിഞ്ഞുകിടക്കുന്ന ഭാഗത്ത് കല്ല് അടുക്കുകയും കലുങ്ക് നിർമ്മിക്കുകയും ചെയ്യുക.
6. കളിവിളാകം - ആറ്റൂർ, വലിയ വഴി - ഇളങ്കോണം - ഉലട്ടിമൂട്റോഡുകൾ പണി പൂർത്തീകരിക്കണം.
7. നെയ്യാറിന്റെറയും ചിറ്റാറിന്റേറയും തീരങ്ങളിൽ സൗകര്യപ്രദമായി റാംബുകൾ നിർമ്മിക്കുക.
8. നെയ്യാർ ഇടതുകര കനാലിൽ നെട്ടയത്തുകോണത്തും കാനക്കോട്ടും പുതിയ പാലങ്ങൾ നിർമ്മിക്കണം.
9. കാട്ടാക്കട- മനയ്യാറ്റിൻകര ഡിപ്പോകളിൽ നിന്നും കൂടുതൽ ബസ് റൂട്ടുകൾ അനുവദിക്കുകയും ബസുകളുടെ യാത്രാസമയം കൃത്യമാക്കുകയും ഷെഡ്യൂളുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും വേണം.

പുതുതായി നിർമ്മിക്കേണ്ട പാലങ്ങൾ

1. കടമ്പറ വാർഡിൽ കുടുവീട്ടു കടവിൽ നെയ്യാറിന് കുറുകേ പാലം നിർമ്മിച്ചു പൂവച്ചൽ പഞ്ചായത്തുമായി യോജിപ്പിക്കുക.
2. പ്ലാമ്പഴിഞ്ഞി വാർഡിൽ കോളൂർ കടവിൽ ചിറ്റാറിന് കുറുകേ പാലം നിർമ്മിച്ച് ആര്യങ്കോട് പഞ്ചായത്തുമായി ബന്ധിപ്പിക്കണം.
3. ഒറ്റശേഖരമംഗലം വാർഡിൽ ഇണ്ടന്നൂർ ഭാഗത്ത് ചിറ്റാറിന് കുറകേ ഒരു പാലം നിർമ്മിച്ചു ആര്യങ്കോടുമായി ബന്ധിപ്പിക്കുക.
4. പ്ലാമ്പഴിഞ്ഞി വാർഡിൽ വലിയ വഴി പ്ലാമ്പഴിഞ്ഞി റോഡിൽ ചിറ്റാറിന് കുറുകെ.
5. കുന്തളക്കോട് റോഡും ചിലമ്പറ കോളനിയുമായി ബന്ധിക്കുന്ന ചിറ്റാറിന് കുറുകെ.

പുതുതായി നിർമ്മിക്കേണ്ട ചാനൽ പാലങ്ങൾ

1. കുരവറ വാർഡിൽ നെട്ടയത്ത്
2. ഒറ്റശേഖരമംഗലം വാർഡിൽ കുഴിവിള കുളത്തിൻ കരഭാഗത്ത്
3. ഒറ്റശേഖരമംഗലം വാർഡിൽ കാനക്കോട് ചാനൽ അകവഡക്ട് മുകളിലുള്ള നടപ്പാത വീതി കൂട്ടി ഗതാഗതം ഉറപ്പു വരുത്തുക.
4. പുഴനാട് വാർഡിൽ മംഗലത്തു കോണത്ത്
5. കുന്നനാട് വാർഡിൽ പാക്കോട്ടുകോണം മുഴങ്ങിൽ
6. കുന്നനാട് വാർഡിൽ തേരിയിൽ ഭാഗത്ത്

കടത്തുവള്ളം ആവശ്യമുള്ള കടവുകൾ

1. കുടുവീട്ടു കടവ്
2. നീലാംമണ്ണടി കടവ്
3. ചായ്ക്കുളം കടവ്

കലുങ്കുകൾ ആവശ്യമുള്ള സ്ഥലങ്ങൾ

1. കുന്നനാട് കുഴിക്കാല ഇടയില കടമ്പറ റോഡിൽ ഇടയില കടമ്പറ ഭാഗത്ത്.
2. വാളികോട് കൊക്കോട്ടുകോണം റോഡിൽ.

റാമ്പുകൾ ആവശ്യമുള്ള സ്ഥലങ്ങൾ

1. കുരുവിലപ്പുറം ആറ്റുകടവ്
2. ചായ്ക്കുളം കടവ്
3. കുടുവീട്ടുകടവ്
4. എള്ളുവിള കടവ്
5. കുണ്ടാമം
6. ഇണ്ടന്നൂർ
7. ശൂലംകുഴി
8. ചിത്തൻകാല
9. കോളൂർ
10. പ്ലാമ്പഴിഞ്ഞി

വാണിജ്യം

ഇന്നത്തെ കടമ്പറ വാർഡിൽ സ്ഥിതിചെയ്യുന്ന കുന്നനാട് പബ്ലിക് മാർക്കറ്റാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ മാർക്കറ്റ്. ഈ പഞ്ചായത്തിലെ ഏക മാർക്കറ്റായ ഇതിന് ഒരു നൂറ്റാണ്ടിലേറെ പഴക്കമുണ്ട്. നമ്മുടെ പഞ്ചായ ത്തിലെ മാർക്കറ്റിംഗ് സംവിധാനം തീരെ അപര്യാപ്തമാണ്.

ഈ പഞ്ചായത്തിലെ ആളുകൾ കൂടുതലായി ആശ്രയിക്കുന്നത് സമീപ പഞ്ചായത്തുകളിലെ കാട്ടാക്കട, ആര്യങ്കോട്, കള്ളിക്കാട്, അമ്പൂരി, പനച്ചമൂട്, ഉദിയൻകുളങ്ങര ആറാലുംമൂട് മാർക്കറ്റുകളെയാണ്. തിരുവനന്തപുരത്തെ ചാല,പാളയം, മാർക്കറ്റുകളിലും, തമിഴ്നാട്ടിലെ കുഴിത്തുറ, കളിയിക്കാവിള, മാർക്കറ്റുകളിലും ക്രയവിക്രയം നടത്തുന്നവരുടെ എണ്ണവും കുറവല്ല. അരി, പലവ്യഞ്ജനങ്ങൾ,തുടങ്ങിയവ വാങ്ങാനായി നാഗർകോവിൽ, പനച്ചമൂട് ഭാഗങ്ങളിലെ മാർക്കറ്റുകളെ ആശ്രയിക്കുന്നവർ നിരവധിയാണ്.

വിവാഹ ആവശ്യങ്ങൾക്കുള്ള വസ്ത്രങ്ങൾ ഓണക്കോടികൾ, സ്കൂൾ യൂണിഫോമുകൾ, തുടങ്ങിയവ വാങ്ങാനായി തിരുവനന്തപുരം, ബാലരാമപുരം, തമിഴ്നാട്ടിലെ മധുര, നാഗർകോവിൽ മാർക്കറ്റുകളിൽ പോകുന്ന വരുണ്ട്.

പ്രശ്നങ്ങൾ

1. കുന്നനാട് പബ്ലിക് മാർക്കറ്റിന്റെ സ്ഥലസൗകര്യ കുറവും വികസനമില്ലായ്മയും. ഈ മാർക്കറ്റിലേക്കുള്ള യാത്രാ സൗകര്യം കുറവാണ്.
2. ചേനാട്, പേരേക്കോണം, മണ്ഡപത്തിൻ കടവ് എന്നീ സ്ഥലങ്ങളിൽ റോഡുവക്കിൽ അന്തിചന്തകൾ ചേരുന്നു. ഇവയ്ക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.
3. ജൈവാവശിഷ്ടങ്ങൾ, ചപ്പുചവറുകൾ എന്നിവ സംസ്കരിക്കാനുള്ള സംവിധാനങ്ങളില്ല.
4. മത്സ്യം, മാംസം എന്നിവ വിൽക്കാൻ പ്രത്യേക സജ്ജീകരണങ്ങൾ മാർക്കറ്റിലില്ല.
5. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ മാർക്കറ്റില്ല.

പരിഹാരമാർഗ്ഗങ്ങൾ

1. കുന്നനാട് മാർക്കറ്റ് ആധുനികവൽക്കരിക്കുകയും പുഴനാട് റോഡിൽ യാത്രാ സൗകര്യം ഉണ്ടാക്കുകയും വേണം. ഈ മാർക്കറ്റിനകത്ത് മീൻ സ്റ്റാളുകൾ നിർമ്മിക്കണം.
2. മണ്ഡപത്തിൻ കടവിൽ ഒരു പബ്ലിക് മാർക്കറ്റും ഷോപ്പിംഗ് കോംപ്ലക്സും പണിയുക.
3. കുന്തളക്കോട്, പ്ലാമ്പഴിഞ്ഞി, കാരാമം എന്നീ പ്രദേശങ്ങളിൽ അന്തിച്ചന്തകൾ ആവശ്യമാണ്.
4. നിലവിലുള്ള അന്തിച്ചന്തകൾക്ക് സ്ഥിരമായ

സ്ഥലം കണ്ടെത്തുകയും ഷോപ്പിംഗ് സ്റ്റാളുകൾ പണിത് വാടകയ്ക്ക് നൽകുകയും ചെയ്യുക.

5. ചന്തപ്പിരിവ് നീതിയുക്തവും പഞ്ചായത്ത് മോണിറ്ററിംഗിന് വിധേയമാക്കുകയും ചെയ്യുക.
6. പഞ്ചായത്ത് പ്രധാന ജംഗ്ഷനുകളിൽ ബങ്കുകൾ സ്ഥാപിച്ച് വാടകയ്ക്ക് കൊടുക്കുക.
7. സിവിൽ സപ്ലേയ്സ് കോർപ്പറേഷന്റെ ന്യായവില കടകൾ മാർക്കറ്റുകളിൽ ആരംഭിക്കുക.
8. റഗുലേറ്റ് മാർക്കറ്റിംഗ് സംവിധാനം ഉണ്ടാക്കാനുള്ള സാദ്ധ്യതകൾ പരിഗണിക്കുക.
9. കുന്നനാട് മാർക്കറ്റിൽ 50 സെന്റ് സ്ഥലം കൂടി വിലക്കെടുത്ത് ചന്തമുഴുവനായി ചുറ്റുമതിൽ കെട്ടി വിപുലീകരിക്കുക.
10. ജില്ലാഗ്രാമവികസന ഏജൻസിയുടെ IRDP ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽ നിന്നും കുന്നനാട് മാർക്കറ്റിൽ ഒരു സ്റ്റാൾ പണിയണം.
11. ചേനാട് ഇപ്പോൾ അന്തിചന്ത നടത്തുന്ന സ്ഥലത്തിനടുത്ത് പഞ്ചായത്തിൽ നിന്നു തന്നെ 50 സെന്റ് വസ്തു വാങ്ങി ഒരു മാർക്കറ്റ് സ്ഥാപിക്കണം.
12. വാളികോട് വാർഡിൽ വാളികോട് ഭാഗത്ത് മുൻകാലത്ത് പ്രവർത്തിച്ചിരുന്ന ചന്ത വീണ്ടും തുടങ്ങേണ്ടതാണ്.

ഊർജ്ജം

സാമൂഹിക പുരോഗതിക്ക് ആവശ്യമായ ജീവവായുവാണ് ഊർജ്ജം. ഈ പഞ്ചായത്തിൽ പ്രധാന ഊർജ്ജ ഉപയോഗങ്ങളെ ഗാർഹികം, കാർഷികം, വാണിജ്യം, എന്നിങ്ങനെ മൂന്നായി തിരിക്കാം.

ഗാർഹിക മേഖലയിൽ 95 ശതമാനം പേരും വിറക്, തെങ്ങുല്പന്നങ്ങൾ, റബ്ബർ കായ്തോട്, കരിയില എന്നിവ പാചക ഇന്ധനമായി ഉപയോഗിക്കുന്നു. 65,000 ടണ്ണോളം വിറകാണ് പ്രതിവർഷ ഉപഭോഗം.

ചായക്കടകൾ ഉൾപ്പെടെ 4 ശതമാനം പേർ മണ്ണെണ്ണ പാചക ഇന്ധനമായി ഉപയോഗിക്കുന്നു. 48 കുടുബങ്ങൾ L.P.G. ഉപയോഗിക്കുന്നവരാണ്. ഗോബർ ഗ്യാസ് പ്ലാന്റുകൾ ഉപയോഗിക്കുന്നവരുടെ എണ്ണം 15-ഓളം വരും.

57 ശതമാനം പേർ വെളിച്ചത്തിന് മണ്ണെണ്ണ വിളക്ക് ഉപയോഗിക്കുന്നു.

1,26,060 ലിറ്റർ മണ്ണെണ്ണയാണ് പ്രതിവർഷ ഉപഭോഗം.

1961- ൽ ആണ് ഈ പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി എത്തുന്നത്. കാട്ടക്കടയിൽ സ്ഥാപിച്ചിട്ടുള്ള 110 കെ. വി. സബ്സ്റ്റേഷനിൽ നിന്നാണ് ഈ പഞ്ചായത്തിൽ വൈദ്യുതി വിതരണം നടത്തുന്നത്. കാട്ടാക്കട ഇലക്ട്രിക്കൽ മേജർ സെക്ഷന്റെയും വെള്ളറട സാറ്റലൈറ്റ് ഇലക്ട്രിക് സെക്ഷന്റെയും പ്രവർത്തന പരിധിയിലാണ് ഈ പഞ്ചായത്ത് ഉൾപ്പെടുന്നത്. അതിനാൽ അറ്റകുറ്റപ്പണികൾക്കും മറ്റും പല വിഷമതകളും നേരിടുന്നു. ആകെ കുടുംബങ്ങളുടെ 42.86 ശതമാനം മാത്രമാണ് ഗാർഹിക ഉപഭോക്താക്കൾ.

നിലവിലുള്ള ഉപഭോക്താക്കളെ സംബന്ധിച്ച് വിവരം

ഗാർഹികം	2652
വ്യാപാരം	717
വ്യാവസായികം	14
കാർഷികം	41

കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം

Ordinary	178
OTP	16
DYEC	29

പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന LT ട്രാൻസ്ഫോർമറുകളുടെ പേരുകൾ

1. വാഴിച്ചൽ
2. പേരേക്കോണം
3. വിയ്യക്കോണം
4. ഉലട്ടിമൂട്
5. ചിലമ്പറ
6. വാളികോട്
7. ഒറ്റശേഖരമംഗലം
8. വിളവൂർക്കോണം
9. മണ്ഡപത്തിൻ കടവ്

കാർഷിക - വ്യാവസായിക ആവശ്യങ്ങൾക്ക് അത്യന്താപേക്ഷിതമായ വൈദ്യുതിയുടെ കുറവ് പ്രധാനമായും ഈ മേഖലയുടെ വളർച്ചയെ പുറകോട്ടടിക്കുന്നുണ്ട്.

പ്രശ്നങ്ങൾ

1. 57% കുടുംബങ്ങൾക്കും വൈദ്യുതി ലഭിച്ചിട്ടില്ല. പുഴനാട്, കടമ്പറ, മണക്കാല, ചേനാട്, പേരേക്കോണം, പ്ലാമ്പഴിഞ്ഞി, വട്ടകക്കുഴി, ചെട്ടികുന്ന്, വാഴിച്ചൽ എന്നീ ഭാഗങ്ങളിൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു.
2. ട്രാൻസ്ഫോർമറുകളുടെ എണ്ണത്തിലെ കുറവും അധിക ലോഡ് താങ്ങുന്ന ട്രാൻഫോർമറുകളും
3. രണ്ട് ഇലക്ട്രിക് സെക്ഷനുകൾക്ക് കീഴിലാണ് ഈ പഞ്ചായത്ത് പ്രദേശങ്ങൾ വരുന്നത്.
4. 110 കെ.വി. പ്രധാന ലൈൻ കലാഹരണപ്പെട്ടതാണ്. ഇതിന് 30 വർഷത്തോളം പഴക്കമുണ്ട്.

5. ഊർജ്ജവിനിയോഗത്തേയും സംരക്ഷണത്തേയും കുറിച്ചുള്ള ബോധവത്കരണത്തിന്റെ കുറവ്.
6. 60, 100 W ബൾബുകൾ അമിതമായി ഉപയോഗിക്കുന്നു.
7. അപാരമ്പര്യ ഊർജ്ജരൂപങ്ങളെക്കുറിച്ചും അവയുടെ ഉപയോഗങ്ങളെക്കുറിച്ചും അറിവില്ലായ്മ.
8. കേടായ മീറ്ററുകൾ ഉപയോഗിക്കുന്നവരും, കേടാക്കി ഉപയോഗിക്കുന്നവരും
9. ഹരിജൻ കോളനികൾ, ലക്ഷംവീട് കോളനികൾ എന്നിവിടങ്ങളിൽ വൈദ്യുതി വിതരണം പൂർണമല്ല.
10. കണക്ഷന് അപേക്ഷ നൽകിയാൽ അധികം പേർക്കും വർഷങ്ങളോളം കാത്തിരിക്കേണ്ടി വരുന്നു.
11. ഉൾപ്രദേശങ്ങളിലുള്ളവർക്ക് അധികചിലവ് കാരണം വൈദ്യുതി എടുക്കാൻ കഴിയുന്നില്ല.
12. ഗോബർഗ്യാസ് പ്ലാൻറുകൾ പ്രവർത്തനസജ്ജമല്ല.
13. വിറകുകളുടെ ലഭ്യതക്കുറവും വില വർദ്ധനവും

സാദ്ധ്യതകൾ, പരിഹാര മാർഗ്ഗങ്ങൾ

1. ഈ പഞ്ചായത്തിൽ വൈദ്യുതി ലൈൻ എത്തിക്കാൻ ബുദ്ധിമുട്ടുള്ള പ്രദേശത്ത് അപാരമ്പര്യ വൈദ്യുതോല്പാദനം സാദ്ധ്യമാക്കുക. ഇതിനായുള്ള പ്രാഥമിക പഠനങ്ങളും സർവ്വെയും അനർട്ടിന്റെ സഹായത്തോടെ നടത്തണം.
2. ഒറ്റശേഖരമംഗലം കേന്ദ്രമാക്കി ഒരു സെക്ഷൻ ഓഫീസ് വന്നാൽ ഈ പ്രദേശത്തെ വൈദ്യുതി വിതരണ പോരായ്മകൾക്ക് പരിഹാരം കാണാം.
3. ട്രാൻഫോർമർ ലൈനിന്റെ ദൈർഘ്യം കുറച്ച് വോൾട്ടേജ് ക്ഷാമം കൂടുതലുള്ള പ്രദേശങ്ങളിൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
4. ലൈൻ ടച്ചിംഗ് യഥാസമയം വെട്ടിമാറ്റി വൈദ്യുതി നഷ്ടം ഒഴിവാക്കാം. ഇക്കാര്യത്തിൽ ഗുണഭോക്താക്കളുടെ സന്നദ്ധപ്രവർത്തനം സംഘടിപ്പിക്കണം.
5. സൗരോർജ്ജവിളക്ക് വ്യാപകമായി ഉപയോഗപ്പെടുത്തണം. അതിനായി ബോധവൽക്കരണം ആവശ്യമാണ്.
6. ബൾബുകൾക്ക് പകരം ട്യൂബുലൈറ്റുകൾക്ക് പ്രചാരം വർദ്ധിപ്പിക്കുക. ഇതിനായി സബ്സിഡി നിരക്കിൽ വിപണനം നടത്തുന്നതിനെക്കുറിച്ച് പഞ്ചായത്ത് തലത്തിൽ തീരുമാനിക്കുക.
7. ദക്ഷത കൂടിയ വിറകടുപ്പുകൾ അനർട്ടിന്റെ സഹായത്തോടെ പ്രചരിപ്പിക്കുകയും സ്ഥാപിക്കുകയും വേണം.
8. പ്രവർത്തന രഹിതമായി കിടക്കുന്ന ഗോബർഗ്യാസ് പ്ലാൻറുകൾ പ്രവർത്തന സജ്ജമാക്കുകയും പുതിയ പ്ലാൻറുകൾ ഗ്രൂപ്പടിസ്ഥാനത്തിൽ ആരംഭിക്കുന്ന കാര്യം ചിന്തിക്കുകയും വേണം.

ട്രാൻസ്ഫോർമർ ആവശ്യമുള്ള സ്ഥലങ്ങൾ

1. പുഴനാട്
2. ചേനാട് ബാലവാടി ജഗ്ഷൻ
3. കുന്നനാട് ആശുപത്രി നട
4. പ്ലാമ്പഴിഞ്ഞി വാർഡിൽ വട്ടപ്പറമ്പിൽ
5. പ്ലാമ്പഴിഞ്ഞി ജഗ്ഷനിൽ
6. വാഴിച്ചൽ വാർഡിൽ ആറ്റൂർ
7. കടമ്പറ വാർഡിൽ മങ്കുഴി ഭാഗത്ത്
8. വാഴിച്ചൽ വാർഡിൽ കുന്തളക്കോട്
9. വാഴിച്ചൽ വാർഡിൽ വിട്ടിയോട്
10. വാളികോട് വാർഡിൽ ചെട്ടികുന്ന് ഭാഗത്ത്

വേപ്പർ ലാംബ് ആവശ്യമുള്ള സ്ഥലങ്ങൾ

1. പുഴനാട് - ചന്തനട, പള്ളിനട
2. കുന്നനാട് - ആശുപത്രിനട, മണക്കാല
3. കടമ്പറ - MGM ഹൈസ്കൂൾ നട
4. കുരവറ - മണ്ഡപത്തിൻ കടവ് ജംഗ്ഷൻ, കുരവറ ഹൈസ്കൂൾ നട, മില്ല് നട, തൊട്ടിപ്പാലം നട, കുറ്ററ
5. ഒറ്റശേഖരമംഗലം - ക്ഷേത്രനട, വാളികോട് റോഡ് തിരിയുന്ന ഭാഗം, കാനക്കോട്ടേയ്ക്ക് തിരിയുന്ന ഭാഗം
6. വാളികോട് - ചേനാട് ജംഗ്ഷൻ, പള്ളത്തറ, വാളികോട് ജംഗ്ഷൻ
7. പ്ലാമ്പഴിഞ്ഞി - പ്ലാമ്പഴിഞ്ഞി ജംഗ്ഷൻ പാണ്ഡിമാംപാറ സ്കൂൾ നട
8. ആലച്ചക്കോണം - ആലച്ചക്കോണം റേഷൻകട നട,ഉലട്ടി മുട്, പേരേക്കോണം ജംഗ്ഷൻ
9. വാഴിച്ചൽ - അരുവിക്കുഴി, കളിവിളാകം, വാഴിച്ചൽ ജംഗ്ഷൻ, നുള്ളിയോട്

പട്ടിക 41

വാർഡ് തലത്തിൽ ആവശ്യമുള്ള റോഡുകൾ മുൻഗണനാ ക്രമത്തിൽ

നമ്പർ	വാർഡ് നമ്പർ	റോഡിന്റെ പേര്	ദൂരം കി. മീ.	ഒരു വശത്തിൽ ചെലവഴിച്ച് ഫണ്ട്	ടാർ		ഓട		വീതി		കലുങ്ക്		RT Wall വേണ്ടത്	ആക്കിപ്പണി	ശ്രമദാനം	റിമാർക്സ്
					ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്				
1.		മുള്ളലിൻ മൂട്														
		ഉലട്ടിമൂട്	1½		✔			✔		✔		✔	✔	✔	✔	
2.		പുഴനാട്														
		മണക്കാല	2		✔			✔		✔		✔	✔	✔	✔	
3.		പുഴനാട് LPGS														
		പറമ്പുവാരം	1½		✔			✔		✔		✔	✔	✔	✔	
4		നീർവാളിക്കോണം														
		കോട്ടിയക്കോണം	1			✔		✔		✔		✔		✔	✔	
5		പറമ്പുവാരം														
		മണക്കാല	1½			✔		✔		✔		✔		✔		
6		ചുനപ്പാറ														
		ഞാലിക്കുന്ന്	1			✔		✔		✔				✔		
7		ക്ഷേത്രനട														
		ചാനൽബണ്ട്	5			✔	✔					✔	✔	✔		
8.		പുഴനാട്														
		ഞാലിക്കുന്ന്	1			✔		✔		✔				✔		
9.		ഇലിപ്പിച്ചാംകാല														
		മംഗലത്തുകോണം	1			✔		✔		✔		✔		✔	✔	
10		പുലിക്കുട്ടിത്തലയ്ക്കൽ														
		മണ്ണാംകോണം														
		ചാനൽബണ്ട്														
		റോഡ്	1			✔		✔		✔		✔	✔	✔		
1.		മണ്ഡപത്തിൽ കടവ്														
		മണക്കാല റോഡ്	2		✔			✔		✔		✔	✔	✔		
2.		മണ്ഡപത്തിൻകടവ്														
		പുഴനാട് റോഡ്	2		✔			✔		✔		✔	✔	✔		
3.		ആശുപത്രി നട														
		പാക്കോട്ടുകോണം														
		മണ്ഡപത്തിൻ കടവ്	2		✔			✔		✔		✔	✔	✔		
4.		പുഴനാട്														
		മണക്കാല	2		✔			✔		✔		✔	✔	✔		
5.		കമുകറക്കോണം														
		റോഡ്	2		✔			✔		✔		✔	✔	✔		
6.		മണ്ഡപത്തിൻ കടവ്														
		പുഴനാട് റോഡ്	2			✔		✔		✔		✔	✔	✔		
7.		മണ്ഡപത്തിൻ കടവ്														
		വാഴിച്ചൽ റോഡ്	2			✔		✔		✔		✔	✔	✔		
8.		കമുകറക്കോറം														
		മുഴങ്ങിൽ റോഡ്	1			✔		✔		✔		✔	✔	✔		
9.		ആശുപത്രി നട														
		ചേനാട്														

നമ്പർ	വാർഡ് നമ്പർ	റോഡിന്റെ പേര്	ദൂരം കി. മീ.	ഒരു വർഷത്തിൽ ചെലവഴിച്ച തുക	ടാർ		ഓട		വീതി		കലുങ്ക്		RT Wall വേണ്ടത്	ആറുകുറ്റിപ്പണി	ശ്രമദാനം	റിമാർക്സ്
					ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്				
10.		പുഴനാട് പാലം ജംഗ്ഷൻ മുതൽ മണ്ഡപത്തിൻ കടവ് തൊട്ടിപ്പാലം വരെ കനാൽ ബണ്ട് റോഡ്	2			✔		✔		✔		✔	✔	✔		
11.		മുഴങ്ങിൽ പൊത്തോട് റോഡ്	1			✔		✔		✔		✔	✔	✔		
12		ആശുപത്രി നട മുതൽ വെള്ളം കൊള്ളി റോഡ്	1			✔		✔		✔		✔	✔	✔		
13		കുന്നനാട് ഇടയ്ക്കോണം തോട് വരമ്പ് ബണ്ട് റോഡ്	1			✔		✔		✔		✔	✔	✔		
1	കടമ്പറ	മുള്ളലിൻ മൂട് കുളങ്ങര റോഡ്	1			✔		✔		✔		✔	✔	✔		
2		പുഴനാട് കരിച്ചെമ്പനാട് ലക്ഷംവീടുനട മേമലക്കുന്ന് കുഴിക്കാലവിള റോഡ്	2			✔		✔		✔		✔	✔	✔		
3		താവലകോട് ആഴാംകാലഗ്രാം കുളംറോഡ്	75			✔		✔		✔		✔	✔	✔		
4		മണ്ഡപത്തിൻ കടവ്, പുഴനാട്, മുള്ളലിൻമൂട് റോഡ്	3			✔		✔		✔		✔	✔	✔		
5		പുഴനാട് കുരുവിൽപ്പുറം	1.5			✔		✔		✔		✔	✔	✔		
6		കുരുവിൽപ്പുറം ഇടയിലകടമ്പറ	2			✔		✔		✔		✔	✔	✔		
7		കുന്നനാട് മങ്കുഴി, ഇടയില കടമ്പറ കുടുവീട്ടുകടവ് പുഴനാട് റോഡ്	3.5			✔		✔		✔		✔	✔	✔		
8		എം.ജി. എം. ഹൈസ്കൂൾ മേമലക്കുന്ന് റോഡ് കുഴിക്കാലവിള കുടു വീട്ടു കടവ്	2			✔		✔		✔		✔	✔	✔		
9		കുന്നനാട് കഞ്ഞിക്കര കോണം-കുഴിക്കാലവിള	1			✔		✔		✔		✔	✔	✔		

നമ്പർ	വാർഡ് നമ്പർ	റോഡിന്റെ പേര്	ദൂരം കി. മീ	ഒരു വശത്തിൽ ചെലവഴിച്ചു എങ്ങ്	ടാർ		ഓട		വീതി		കലുങ്ക്		RT Wall വേണ്ടത്	ഇന്റർലോക്ക്	ശ്രമദാനം	റിമാർക്സ്
					ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്				
10		കുടുവീട്ടു കടവ് - പുഴനാട്	1			✔		✔		✔		✔	✔	✔		
1	കുരവറ	മൂലറത്തല നട വിലവൂർക്കോണം റോഡ്	2			✔		✔		✔		✔	✔	✔		
2		മൂലറത്തല നെട്ടയം റോഡ്	2			✔		✔		✔		✔	✔	✔		
3		തിയേറ്റർ നട, കണ്ടാമം ഇണ്ടന്നൂർ റോഡ്	2			✔		✔		✔		✔	✔	✔		
4		തച്ചംകോണം മടത്തുവിളാകം	1			✔		✔		✔		✔	✔	✔		
5		കൊല്ലകോണം- നെട്ടയം	1.5			✔		✔		✔		✔	✔	✔		
6		വാഴവിള മുള്ളലുംമൂട്	1			✔		✔		✔		✔	✔	✔		
7		മണ്ഡപത്തിൻകടവ് O.L.H.Sകോളനിറോഡ്	0.5			✔		✔		✔		✔	✔	✔		
1.	ഒറ്റശേഖരമംഗലം	കുരവറ - കാനക്കോട് ചാനൽ ബണ്ട്	2			✔		✔		✔		✔	✔	✔		15 സ്റ്റാൻഡ് വേണം.
2		ഒറ്റശേഖരമംഗലം മൈപറമ്പ്	2			✔		✔		✔		✔	✔	✔		
3		കാരാമം-പുഞ്ചിരിവിള - കോളൂർ	2			✔		✔		✔		✔	✔	✔		
4		ഒറ്റശേഖരമംഗലം പാലോട്ടുകോണം	2			✔		✔		✔		✔	✔	✔		
5		കൊക്കോട്ടുകോണം പാലോട്ടുകോണം	1			✔		✔		✔		✔	✔	✔		
6		കുരവറ പാലോട്ടുകോണം	1			✔		✔		✔		✔	✔	✔		
7		ഒറ്റശേഖരമംഗലം കുഴിവിള റോഡ്	1			✔		✔		✔		✔	✔	✔		
8		മൂന്നാറ്റിൻമുക്ക് കാഞ്ഞിരംവിള	1			✔		✔		✔		✔	✔	✔		
9		കാനക്കോട് മണ്ണടി	1			✔		✔		✔		✔	✔	✔		
10		പ്ലാവർത്തല ഒറ്റശേഖരമംഗലം	1			✔		✔		✔		✔	✔	✔		
11		ക്ഷേത്രനട ശൂലംകുഴി ചിത്തൻകാല	1			✔		✔		✔		✔	✔	✔		
12		പാലോട്ടുകോണം ചിത്തൻകാല														

നമ്പർ	വാർഡ് നമ്പർ	റോഡിന്റെ പേര്	ദൂരം കി. മീ.	ഒരു വർഷത്തിൽ ചെലവഴിച്ച ഫണ്ട്	ടാർ		ഓട		വീതി		കലുങ്ക്		RT Wall വേണ്ടത്	അറ്റകുറ്റപ്പണി	ശ്രമദാനം	റിമാർക്സ്
					ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്				
13		മൈപറമ്പ് ഇണ്ടന്നൂർ	75			✔		✔		✔		✔	✔	✔		
14		ചടയമ്പറക്കോണം ചാനൽബണ്ട് കല്ലറത്തലയ്ക്കൽ ഒറ്റശേഖരമംഗലം	.75			✔		✔		✔		✔	✔	✔		
15		പാവൻകോട്ടുകോണം ഒറ്റശേഖരമംഗലം	.5			✔		✔		✔		✔	✔	✔		
1	വാളിക്കോട്	ഒറ്റശേഖരമംഗലം - വാളിക്കോട് പെരമ്പിൻകുഴി- ചെട്ടികുന്ന്, ഉലട്ടിമൂട്	4			✔		✔		✔		✔	✔	✔		15 സ്റ്റാബ് വേണം.
2		മണക്കാലചെക്കിൻമൂട് റോഡ്	.6			✔		✔		✔		✔	✔	✔		
3		ചേനാട്- വാളിക്കോട് റോഡ്	1.5			✔		✔		✔		✔	✔	✔		
4		ചേനാട്- കക്കാട്ടു കോണം പാലോട്ടുകോണം റോഡ്	2			✔		✔		✔		✔	✔	✔		
5		വാളിക്കോട്- കക്കാട്ടു കോണം-നെട്ടയം ബണ്ട് റോഡ്	1.5			✔		✔		✔		✔	✔	✔		
6		വാളിക്കോട് - കൊക്കോട്ടുകോണം ലക്ഷംവീട്	1			✔		✔		✔		✔	✔	✔		
7		വാളിക്കോട് - കയക്കോണത്ത് കുഴി	1			✔		✔		✔		✔	✔	✔		
8		ആലച്ചക്കോണം ഇട ത്തറവിളാകം ചെട്ടിക്കുന്ന് റോഡ്	1.5			✔		✔		✔		✔	✔	✔		
9		ഖാദി ബോർഡ് ചാമേ യ്ക്കോണം പിരമ്പിൻ കുഴി വാളിക്കോട്റോഡ്	2			✔		✔		✔		✔	✔	✔		
10		പള്ളിത്തറ കോളനിവാ ചാമേയ്ക്കോണം - പുതിയത്	1			✔		✔		✔		✔	✔	✔		
11		കുറ്റ സ്റ്റേഡിയം കക്കാട്ടുകോണം	.8			✔		✔		✔		✔	✔	✔		
12		കുളത്തിൽ തല വഴി പാലോട്ടുകോണം ലക്ഷം വീട് കോളനി	1			✔		✔		✔		✔	✔	✔		



നമ്പർ	വാർഡ് നമ്പർ	റോഡിന്റെ പേര്	നീളം കി.മീ.	ഒരു വർഷത്തിൽ ചെലവഴിച്ച പണം	ടാർ		മാറ		വീതി		കലുങ്ക്		RT Wall വേണ്ടത്	അറ്റകുറ്റപ്പണി	ശ്രമദാനം	റിമാർക്സ്
					ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്				
13		കൊല്ലം വിളാകം കൊച്ചു കോണം	1			✔		✔		✔		✔	✔	✔		
1.		ഒറ്റശേഖരമംഗലം വാളികോട് പിരമ്പിൻ കുഴി ചെട്ടിക്കുന്ന്, ഉലട്ടിമൂട്	4			✔		✔		✔		✔	✔	✔		8 സ്ലാബ് വേണം.
2.		ഉലട്ടിമൂട് പെരുകുന്നം, ആനക്കുഴി പാണ്ടിമാംപാറ, പ്ലാമ്പഴിഞ്ഞി	3			✔		✔		✔		✔	✔	✔		
3.		പിരമ്പിൻകുഴി, വട്ടകക്കുഴി, പട്ടപ്പറമ്പ് കോളനിറോഡ്	2			✔		✔		✔		✔	✔	✔		
4.		വാളികോട്, വട്ടപ്പറമ്പ് I.H.D.P കോളനി	1.5			✔		✔		✔		✔	✔	✔		
5.		വെക്കിൻമൂട്, പ്ലാമ്പഴിഞ്ഞി	1.5			✔		✔		✔		✔	✔	✔		
6.		ആശാരി നട കമുകിൻ കോടുകോണം														
		വട്ടകക്കുഴി റോഡ്	1.5			✔		✔		✔		✔	✔	✔		
7.	പ്ലാമ്പഴിഞ്ഞി	പ്ലാമ്പഴിഞ്ഞി, തോട്ടത്തുനട പാണ്ടിമാം പാറ	1			✔		✔		✔		✔	✔	✔		
8.		ആനക്കുഴി പള്ളിനട ഇരപ്പിൻ മുഖം,														
		മുടിപ്പുര നട	1			✔		✔		✔		✔	✔	✔		
9.		പെരുകുന്നം ചുഴക്കോണം, പ്ലാമ്പഴിഞ്ഞി														
10.		പുനയ്ക്കോട്, പുറുത്തിക്കുഴി വാളിക്കാട്	1.5			✔		✔		✔		✔	✔	✔		
1.		കൈതക്കുഴി, വാവോട്														
2.		വിയ്യക്കോണം നെല്ലിവിള ആല														
		ച്ചൽക്കോണം	1.5			✔		✔		✔		✔	✔	✔		
3.		ആലച്ചക്കോണം, പുഴനാട് ബണ്ട് റോഡ്	1			✔		✔		✔		✔	✔	✔		
4.		തൊളിക്കോട്ടുകോണം മണ്ണറത്തല റോഡ്	1			✔		✔		✔		✔	✔	✔		
5.		വിയ്യക്കോണം, തൊളിക്കോട്ടുകോണം	2			✔		✔		✔		✔	✔	✔		

നമ്പർ	വാർഡ് നമ്പർ	റോഡിന്റെ പേര്	ദൂരം കി. മീ.	ഒരു വശത്തിൽ പ്രവർത്തിച്ച വേണ്ട	ടാർ		ഓട		വീതി		കലുങ്ക്		RT Wall വേണ്ടത്	അറ്റകുറ്റപ്പണി	ശ്രമദാനം	റിമാർക്സ്
					ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്				
6.	ആലച്ചിക്കോണം	പേരേക്കോണം,														5 സ്റ്റാണ്ട് വേണം.
		ഇളംകോണം	1.5			✔		✔		✔		✔	✔	✔		
7.		വിയ്യക്കോണം														
		ഹരിജൻ കോളനി														
		പത്തേക്കർ	1.5			✔		✔		✔		✔	✔	✔		
8.		അരുവിക്കുഴി കല്ലു														
		പാറക്കുഴി	1			✔		✔		✔		✔	✔	✔		
9.		ഒലിപ്പുറം,പതിനാഴിമുല	1.5			✔		✔		✔		✔	✔	✔		
10.		ഉലട്ടിമൂട്,														
		മൈലാടുപാറ	1			✔		✔		✔		✔	✔	✔		
11.		പേരേക്കോണം														
		കോട്ടറക്കുഴി	1.5			✔		✔		✔		✔	✔	✔		
1	വാഴിച്ചൽ	വാഴിച്ചൽ														7 സ്റ്റാണ്ട് വേണം.
		തവരുകോണം	2			✔		✔		✔		✔	✔	✔		
2.		കുഴിയാർ -														
		പ്രാകൽ റോഡ്	2			✔		✔		✔		✔	✔	✔		
3.		ഇളംകോണം														
		അമ്മണം പാറ	1.5			✔		✔		✔		✔	✔	✔		
4.		കുന്തളക്കോട്, ആറ്റൂർ	1			✔		✔		✔		✔	✔	✔		
5.		കുഴിയാർ, അമ്മണം														
		പാറ	1.5			✔		✔		✔		✔	✔	✔		
6.		കളിവിളാകം, ആറ്റൂർ	3			✔		✔		✔		✔	✔	✔		
7.		പാണ്ടിമാംപാറ ആറ്റൂർ	1.5			✔		✔		✔		✔	✔	✔		
8.		നുള്ളിയോട്,														
		കാപ്പിയോട്	1			✔		✔		✔		✔	✔	✔		
9.		വിട്ടിയോട്														
		വിലങ്ങുമല	1			✔		✔		✔		✔	✔	✔		
		കുന്തളക്കോട്	1			✔		✔		✔		✔	✔	✔		

പട്ടിക 42

റോഡ് തലത്തിൽ മുൻഗണനാ ക്രമത്തിൽ ഇലക്ട്രിക്സിറ്റി വേണ്ടത്

ക്രമ നമ്പർ	വാർഡ്	സ്ഥലം	ലൈൻ വേണ്ടത്	സ്ട്രീറ്റ് ലൈറ്റ്	വീട്ടിലേയ്ക്ക് കണക്ഷൻ
1	പുഴനാട്	പുഴനാട് കാവിക്കോണം	✔	✔	✔
2		മംഗലത്തുകോണം പറമ്പുവാരം	✔	✔	✔
3		ഇലിപ്പിച്ചാംകാല	✔	✔	✔
4		കോട്ടിയക്കോണം അണക്കര	✔	✔	✔
5		വിയക്കോണം ഞാലിക്കുന്ന്	✔	✔	✔
6		പുഴനാട് കമുകിൻകോട്	✔	✔	✔
		ഞാലിക്കുന്ന്	✔	✔	✔
1	കുന്നനാട്	പാലോട്ടുകോണം ഹരിജൻ കോളനി	✔	✔	✔
2		കമുകറ ക്കോണം വലിയറത്തല	✔	✔	✔
		കുരുവിയോടുകോണം	✔	✔	✔
3		എള്ളുവിള- പൊത്തോട്	✔	✔	✔
4		കുറ്റക്കോണം ആശുപത്രി നട	✔	✔	✔
5		മണക്കാല കാരോട്ടുകോണം	✔	✔	✔
6		രാമൻ കുന്ന്	✔	✔	✔
1	കടമ്പറ	കുന്നനാട് മങ്കുഴി ഇടയില			
		കടമ്പറ പുഴനാട് റോഡ്	✔	✔	✔
2		M.G.M.HS കുഴിക്കാലവിള			
		കുടുവീട്ടു കടവ് റോഡ്	✔	✔	✔
3.		മുള്ളലവിൻ മൂട്			
		കുളങ്ങര മുഴി	✔	✔	✔
4		പുഴനാട് കരിച്ചെമ്പനാട്			
		ലക്ഷംവീട് കോളനി കുഴിക്കാലവിള റോഡ്	✔	✔	✔
1	കുരവറ	മൂലറത്തല നട നെട്ടയം	✔	✔	✔
2		തിയേറ്റർ നട താഴെ കുണ്ടോമം, കവറ്റുകോണം	✔	✔	✔
3		കൊല്ലകോണം നെട്ടയം	✔	✔	✔
4		തച്ചംകോണം, മഠത്തുവിളാകം	✔	✔	✔
5		മണ്ഡപത്തിൻകടവ് OLHSകോളനി റോഡ്	✔	✔	✔
6		കുറ്ററ പഞ്ചായത്തു സ്റ്റേഡിയം	✔	✔	✔
		മുതൽ കക്കാട് വരെ	✔	✔	✔
7		നെട്ടയം കവറ്റുകോണം	✔	✔	✔
		കുഞ്ഞാലികോളനി കുരവറ ചാനൽ ബണ്ട്	✔	✔	✔
8		താഴെ കുണ്ടോമം കവറ്റുകോണം	✔	✔	✔
9		വാഴവിള മുള്ളലിൻ മൂട്, കുണ്ടോമം	✔	✔	✔
1	ഒറ്റശേഖരമംഗലം	ഒറ്റശേഖരമംഗലം ക്ഷേത്ര			
		നട മുതൽ ചാനൽ ബണ്ടു വരെ	✔	✔	✔
2		ചാനൽക്കര മുതൽ കല്ലറത്തലയ്ക്കലൽ വരെ	✔	✔	✔
3		കാനക്കോട് കിഴക്കും കര, കണ്ണറത്തല നട റോഡ്	✔	✔	✔
4		പന്താടിനട മുതൽ ലക്ഷം വീട്	✔	✔	✔
5		പാലോട്ടുകോണം വാളികോട്	✔	✔	✔
6		പാലോട്ടുകോണം ചിത്തൻകാല	✔	✔	✔

ക്രമ നമ്പർ	വാർഡ്	സ്ഥലം	ലൈൻ വേണ്ടത്	സ്ട്രീറ്റ് ലൈറ്റ്	വീട്ടിലേയ്ക്ക് കണക്ഷൻ
7	ഒറ്റശേഖരമംഗലം	ചിത്തൻ കാല - കാരാമം പുഞ്ചിരി വിള- കോളൂർ കടവ് റോഡ്	✔	✔	✔
8		മണ്ണടി നട മുതൽ കാനക്കോട്	✔	✔	✔
9		പുള്ളിക്കോണം കുഴിവിളറോഡ്	✔	✔	✔
10.		ഒറ്റശേഖരമംഗലം പാവംകോട് കോണം ഏലാബണ്ട് റോഡ്	✔	✔	✔
11.		ക്ഷേത്രനട നെട്ടത്തോട്ടം റോഡ്	✔	✔	✔
12		പടയമ്പ്രക്കോണം ചാനൽബണ്ട് മുതൽ ഇണ്ടന്നൂർ വരെ	✔	✔	✔
13		ഹൈസ്കൂൾ ജംഗ്ഷൻ നെട്ടയത്തു കോണം ചേനാട്	✔	✔	✔
14		പാലോട്ടുകോണം നിരപ്പൽ റോഡ് ലക്ഷംവീട് വരെ	✔	✔	✔
1	വാളിക്കോട്	ചേനാട് മുതൽ വാളികോട് ജംഗ്ഷൻ	✔	✔	✔
2		വാളികോട് കൊക്കോട്ടുകോണം	✔	✔	✔
3		വാളികോട് കക്കാട്ടുകോണം നെട്ടയത്തു റോഡ്	✔	✔	✔
4		ഖാദി ബോർഡ് പിരമ്പിൻകുഴി ചാമേയ്ക്കോണം റോഡ്	✔	✔	✔
5		വാളികോട് കയക്കോണത്ത്കുഴി	✔	✔	✔
6		കൊല്ലംവിളാകം പാലോട്ടുകോണം ലക്ഷംവീട്	✔	✔	✔
7		ചേനാട് മുതൽ പള്ളിത്തറ ബാലവാടി വരെ	✔	✔	✔
8		ആലച്ചക്കോണം ഇടത്തറവിളാകം റോഡ്	✔	✔	✔
9		ചെട്ടിക്കുന്ന് ഇടത്തറവിളാകം	✔	✔	✔
10.		മണക്കാല ചെക്കിൻമുട് റോഡ്	✔	✔	✔
11		കുറ്ററ സ്റ്റേഡിയം കക്കാട്ടുകോണം വരെ	✔	✔	✔
12		നെട്ടയം പാലോട്ടുകോണം	✔	✔	✔
13		ചേനാട് മുതൽ പള്ളിത്തറ	✔	✔	✔
14		ചേനാട് ഡിപ്പോ മുതൽ പള്ളിത്തറ ചാമേയ്ക്കോണം പിരമ്പിൻ കുഴി റോഡ്	✔	✔	✔
15		കമുകറക്കോണം ചെട്ടിക്കുന്ന്	✔	✔	✔
16		കുളത്തിൻതല പാലോട്ടുകോണം,കൊച്ചുകൊണം റോഡ്	✔	✔	✔
17		കണ്ണേറ് മുതൽ വാളികോട് R.C വരമ്പ് വരെ	✔	✔	✔
1	പ്ലാമ്പഴിഞ്ഞി	പെരുകുന്നം പാണ്ടിമാംപാറ	✔	✔	✔
2		വട്ടകക്കുഴി വട്ടപ്പറമ്പ്	✔	✔	✔
3		പാണ്ടിമാംപാറ ആനക്കുഴി	✔	✔	✔
4		ചെക്കും മൂട് മാങ്കുളം പ്ലാമ്പഴഞ്ഞി റോഡ്	✔	✔	✔
5		പ്ലാമ്പഴിഞ്ഞി കൈതറക്കുഴി റോഡ്	✔	✔	✔
6		കൈതറക്കുഴി പാണ്ടിമാംപാറ റോഡ്	✔	✔	✔
7		ചുഴേക്കോണം വഴി ഇരപ്പിൻ മുഖം	✔	✔	✔
8		വട്ടപ്പറമ്പ് പിരമ്പിൻകുഴി റോഡ്	✔	✔	✔
9		ആനക്കുഴി മാങ്കുളം റോഡ്	✔	✔	✔
10.		മാങ്കുളം വട്ടകക്കുഴി വാളികോട് പൊതുവഴി	✔	✔	✔
11		പ്ലാമ്പഴിഞ്ഞി കൈതറകുഴി ആറ്റൂർ	✔	✔	✔
12		കളിവിളാകം ആറ്റൂർ റോഡ്	✔	✔	✔
13		വാളികോട് കോളൂർ കടവ് ബണ്ട് റോഡ്	✔	✔	✔
14		വാളികോട് പുനയ്ക്കോട് റോഡ്	✔	✔	✔

ക്രമ നമ്പർ	വാർഡ്	സ്ഥലം	ലൈൻ വേണ്ടത്	സ്ട്രീറ്റ് ലൈറ്റ്	വീട്ടിലേയ്ക്ക് കണക്ഷൻ
1	ആലച്ചക്കോണം	വിയ്യക്കോണം തൊളിക്കോട്ടു കോണം റോഡ്	✔	✔	✔
2		വിയ്യക്കോണം ഹരിജൻ കോളനി മുതൽ വടക്കേക്കര വരെ	✔	✔	✔
3		ഉലട്ടിമൂട് മുതൽ ആനക്കുഴി വരെ	✔	✔	✔
4		പേരേക്കോണം മുതൽ ഇളംകോണം വരെ	✔	✔	✔
5		ആലച്ചക്കോണം തൊളിക്കോട്ടുകോണം	✔	✔	✔
6		പേരേക്കോണം മുതൽ മുക്കോണം വിള റോഡ്	✔	✔	✔
7		ആലച്ചക്കോണം പുഴനാട് ബണ്ട് റോഡ്	✔	✔	✔
1	വാഴിച്ചൽ	കളിവിളാകം വലിയമണ്ണടി റോഡ്	✔	✔	✔
2		നുള്ളിയോട് - വിട്ടിയോട് ഗിരിജൻ കോളനി റോഡ്	✔	✔	✔
3		വാഴിച്ചൽ കുന്തളക്കോട് റോഡ്	✔	✔	✔
4		വാഴിച്ചൽ തവരുകോണം	✔	✔	✔
5		കുഴിയാർ പ്രാകൽ റോഡ്	✔	✔	✔
6		ഇളങ്കോണം അമ്മണം പാറ	✔	✔	✔
7		പാണ്ടിമാംപാറ ആറ്റൂർ	✔	✔	✔
8		നുള്ളിയോട് കാപ്പിയാട്	✔	✔	✔
9		വിട്ടിയോട്	✔	✔	✔
10		കുന്തളക്കോട് ആറ്റുമുക്ക്	✔	✔	✔
11		കുഴിയോടൽ പാണ്ടിമാംപാറ	✔	✔	✔

4.7 ഭവനനിർമ്മാണവും സാമൂഹ്യക്ഷേമവും

ഭവനനിർമ്മാണം

ചരിത്രപരമായും വിദ്യാഭ്യാസപരമായും സാംസ്കാരികമായും എന്നെ മുൻപന്തിയിൽ നില്ക്കുന്ന ഒരു പഞ്ചായത്താണ് ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത്. ഒറ്റശേഖരമംഗലം വില്ലേജ് പൂർണമായും ഈ പഞ്ചായത്തിലാണ്. ഒൻപത് വാർഡുകളിലായി 1835.6736 ഹെക്ടർ ഭൂമിയുണ്ട്. കൂടുതൽ ആളുകളും ദരിദ്ര കർഷകരും കർഷക തൊഴിലാളികളുമാണ്.

ഈ ഗ്രാമത്തിലെ പാർപ്പിട സ്ഥിതി അല്പം പോലും തൃപ്തികരമല്ല. ഗൗരവമായ ഈ പഞ്ചായത്തിലെ ചില മേഖലകളിൽ കെട്ടിട നിർമ്മാണത്തിന് അല്പമാത്ര സ്വാധീനം ചെലുത്തിയിട്ടുള്ളതായി കാണാം. കഴിഞ്ഞ 5 വർഷങ്ങളിൽ 39 വീതം കെട്ടിടങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടാകും. ഇവിടെ 6168 വീടുകൾ നിലവിലുണ്ട്. ഇതിൽ 1960 കൂടിലുകളും 1220 ഓലമേഞ്ഞ വീടുകളുമാണ്. കോൺക്രീറ്റ് മേൽക്കൂരയുള്ള 1072 എണ്ണമുണ്ട്. 1824 വീടുകൾ ഓടു മേഞ്ഞവയാണ്. ഒന്നിൽ കൂടുതൽ നിലകളുള്ള 106 വീടുകളും ഈ ഗ്രാമത്തിലുണ്ട്. 40 ശതമാനത്തോളം വീടുകളുടേയും ചുമർ ഇഷ്ടികകൊണ്ട് പണിതിരിക്കുന്നു. പാരമ്പര്യഗതമായ രീതിയിൽ തറ, മണ്ണും ചാണകവും ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള വീടുകൾ 50 ശതമാനത്തോളവും. ഒരു ശതമാനം വീടുകൾക്ക് മാത്രമേ മൊസൈക്ക് തറ കാണുകയുള്ളൂ. 200 മുതൽ 500 വരെ ചതുരശ്ര അടി വിസ്തീർണമുള്ള ചെറു ഭവനങ്ങൾ ആകെയുള്ളതിന്റെ 60 ശതമാനം വരും. 200 ചതുരശ്ര അടിയിൽ കുറഞ്ഞ വിസ്തൃതിയുള്ള കുടിലുകൾ 39 ശതമാനം ഉണ്ട്. തറ, ചുവർ, മേൽക്കൂര, വിസ്തീർണം എന്നിവ ഘടകങ്ങളെല്ലാം പരിഗണിച്ചാൽ തൃപ്തികരമല്ലാത്തതും അടിയന്തിരമായി മാറ്റം ആവശ്യമുള്ളതുമായ വീടുകൾ 38 ശതമാനമാണെന്ന് കണക്കുകൾ കാണിക്കുന്നു.

കുരവാ, ഒറ്റശേഖരമംഗലം എന്നീ വാർഡുകളിലെ റോഡിന് സമീപമുള്ള പാടങ്ങൾ നികത്തി വീടുകൾ പണിയാൻ തുടക്കം കുറിച്ചിരിക്കുന്നു. നാന്നൂറോളം കുടുംബങ്ങൾക്ക് സ്വന്തമായി സ്ഥലമില്ല. ഇതിൽ ഒരു ചെറിയ വിഭാഗം ഹരിജനങ്ങളുമുണ്ട്. കൂടുതൽ ആൾക്കാരും മറ്റ് വിഭാഗങ്ങളിൽ പെട്ടവരാണ്. സ്വന്തമായി സ്ഥലമുണ്ടെങ്കിലും മറ്റൊരു 618 കുടുംബങ്ങൾക്ക് വസ്തുവിന്റെ പട്ടയമോ, വസ്തുസംബന്ധമായ രേഖകളോ ഇല്ല. അതിനാൽ ഇവർക്ക് വീട് പണിയുന്നതിന് ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുക്കാൻ കഴിയാതെ വരുന്നു. ഈ വിഭാഗത്തിലുള്ളവർ P. W. D. റോഡിന്റെ പുറമ്പോക്കുകളിലും, മറ്റ് പുറമ്പോക്കുകളിലും, കൂട്ടുകുടുംബമായിട്ടാണ് താമസിക്കുന്നത്. ലോണുകൾ ലഭിച്ചാൽ വീടുവയ്ക്കാൻ താല്പര്യമുള്ളവരും ഉണ്ട്. തിരിച്ചടയ്ക്കാൻ കഴിവില്ലാത്തവരും ഈ വിഭാഗങ്ങളിൽ ഉണ്ട്.

ഈ പഞ്ചായത്തിൽ '5' ലക്ഷം വീട് കോളനികളും പതിനഞ്ച് മറ്റ് കോളനികളും ഉണ്ട്. പ്ലാമ്പഴിഞ്ഞി, വാഴിച്ചൽ എന്നീ വാർഡുകളിൽ ഓരോ ഗിരിജൻ കോളനികളും ഉണ്ട്. ഹരിജൻ കോളനി നിവാസികളുടെ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള കക്കൂസുകൾ, ശുദ്ധജലം, വൈദ്യുതി എന്നിവ പൂർണമായി എത്തിയിട്ടില്ല.

മിക്ക കോളനികളിലും കുടിവെള്ളക്ഷാമമുണ്ട്. പ്രാഥമിക ആവശ്യത്തിനു പോലും മതിയായ തോതിൽ ജലം കിട്ടുന്നില്ല. വിഭാവനം ചെയ്തിരിക്കുന്നത് നാലു സെന്റ് കോളനിയിലുള്ള കുഴൽക്കിണറിലെ വെള്ളം ഉപയോഗയോഗ്യമല്ല. കക്കൂസുകൾ എല്ലാ കോളനികളിലും പൂർണമായി ഇല്ല. ഉള്ളവ ഇപ്പോൾ ഉപയോഗശൂന്യമായിരിക്കുന്നു. വൈദ്യുതി എല്ലാ കോളനികളിലും എത്തിയിട്ടില്ല. ലക്ഷം വീടുകൾ താമസയോഗ്യമല്ല. ചുവരുകൾ വിണ്ടുകീറിയിട്ടുണ്ട്. മേൽക്കൂരകൾ തകർന്ന് നിലംപൊത്താറായ അവസ്ഥയിലാണ്.

പട്ടിക 13

നിലവിലുള്ള കോളനികളും അവയുടെ ഭൗതിക സൗകര്യങ്ങളും

ക്രമ നമ്പർ	പേര്	വീടുകളുടെ സ്ഥിതി	വീടുകളുടെ എണ്ണം	ശുദ്ധജലം	വൈദ്യുതി	കക്കൂസ്
I	*ലക്ഷം വീട് കോളനികൾ*					
	1. ചേനാട് ലക്ഷം വീട്	ശോചനീയാവസ്ഥ താമസയോഗ്യമല്ല	13 (26)	തൃപ്തികരമല്ല (2 കിണർ)	ഭാഗികം (15 കുടുംബം)	ഭാഗികം
	2. പാലോട്ടുകോണം ലക്ഷം വീട്		18 (36)	വേനൽക്കാലത്ത് ക്ഷാമമുണ്ട്	ഭാഗികം (20 കുടുംബം)	
	3. പേരേത്ത് ലക്ഷം വീട്		9 (18)	ജലക്ഷാമം ഉണ്ട്	ഭാഗികം	
	4. കടമ്പറ ലക്ഷം വീട്		5 (10)			
	5. തേരിനട ലക്ഷം വീട്		5 (10)			"
II	*ഗിരിജൻ കോളനികൾ*					
	1. പൊരുകുന്നം കോളനി		30	തൃപ്തികരം	(10 കുടുംബം)	ഇല്ല
	2. വിട്ടിയോട് കോളനി		40	കിണർ		ഇല്ല
III	*I. H. D. P. കോളനി*					
	1. വിയ്യക്കോണം കോളനി		40	ജലക്ഷാമം ഉണ്ട്	(15 കുടുംബം)	ഉണ്ട്
	2. കൈതക്കുഴി കോളനി		38	ജലക്ഷാമം ഉണ്ട്	ഉണ്ട്	ഉണ്ട്
	3. വട്ടപ്പറമ്പ് കോളനി		50	ജലക്ഷാമം ഉണ്ട്	ഉണ്ട്	ഉണ്ട്
IV	*മറ്റ് കോളനികൾ*					
	1. വിയ്യക്കോണം 4 സെന്റ് കോളനി		30	ജലക്ഷാമം ഉണ്ട്	ഉണ്ട്	ഇല്ല
	2. കുന്നുക്കോട് ഹരിജൻ സെറ്റിൽമെന്റ് കോളനി		20	ജലക്ഷാമം ഉണ്ട്	ഇല്ല	ഇല്ല
	3. കുരുവിത്പുറം ഹരിജൻ കോളനി		30	ജലക്ഷാമം ഉണ്ട്	(10 കുടുംബം)	ഭാഗികം
	4. ചെട്ടികുന്ന് കോളനി		36	ജലക്ഷാമം ഉണ്ട്	ഇല്ല	
	5. നെല്ലിവിള ഹരിജൻ കോളനി		15	ജലക്ഷാമം ഉണ്ട്	(10 കുടുംബം)	
	6. പള്ളിത്തറ കോളനി		80	കിണറുണ്ട്	(5 കുടുംബം)	
	7. കുറ്റ അകത്തുവിള കോളനി		69	ജലക്ഷാമം ഉണ്ട്	(5 കുടുംബം)	
	8. വിലവൂർക്കോണം സെറ്റിൽമെന്റ് കോളനി		28	തൃപ്തികരം	(5 കുടുംബം)	
	9. പ്ലാങ്കാലവിള ഹരിജൻ കോളനി		15	ജലക്ഷാമം ഉണ്ട്	ഭാഗികം	
	10. നെടിയം - കുഞ്ഞാലി കോളനി		10	തൃപ്തികരം	ഇല്ല	ഉണ്ട്
	11. കരുവാട്ടുകോണം ഹരിജൻ കോളനി		20	ജലക്ഷാമം ഉണ്ട്	ഇല്ല	ഭാഗികം
	12. പാക്കോട്ടുകോണം ഹരിജൻ കോളനി		15	ജലക്ഷാമം ഉണ്ട്	ഇല്ല	
	13. മൈപറമ്പ് കോളനി		15	ജലക്ഷാമം ഉണ്ട്	ഭാഗികം	

പട്ടിക 44

പുറമ്പോക്ക് സ്ഥലം
(റോഡ്, തോട്, കുളം ഇവ ഒഴികെ)

വാർഡ്	ഏക്കർ	വിസ്തീർണ്ണം (ഏക്കർ)								
തരം	I	II	III	IV	V	VI	VII	VIII	IX	ആകെ
റോഡ്	1.50	1.50	1.50	3.50	2.50	1.50	3.00	3.50	2.96	21.46
ഇടവഴി	0.75	0.50	0.75	0.75	0.75	1.00	1.00	1.50	1.20	8.20
തോട്	0.74	1.00	1.00	2.00	1.50	1.00	2.00	2.00	1.80	13.04
കുളം എണ്ണം	2	5	2	1	6	2	3	2	1	24
വിസ്തീർണ്ണം	2.06	3.78	1.02	0.48	4.32	1.96	1.68	0.98	0.11	16.39
മറ്റുള്ളവ	8.00	6.72		10.00	8.00					32.72
ആകെ	13.05	13.50	4.27	16.73	17.07	6.46	7.68	7.98	6.07	92.81

നമ്മുടെ പഞ്ചായത്തിൽ 92.81 ഏക്കർ പുറമ്പോക്ക് ഭൂമിയുണ്ട്. ഈ പുറമ്പോക്ക് ഭൂമികൾ പതിച്ചെടുക്കാൻ വെമ്പൽകൊള്ളുന്ന ചില സ്വാർത്ഥതാൽപര്യക്കാരും ഇതിനിടയിലുണ്ട് എന്ന സത്യം മറക്കാവുന്നതല്ല. ഇക്കാര്യം വളരെ ഗൗരവമായി കാണേണ്ടതാണ്.

സർക്കാർ ഭവന നിർമ്മാണ ബോർഡുവഴി ദുർബല ഇടത്തര വിഭാഗങ്ങൾക്ക് നടപ്പിലാക്കി കൊണ്ടിരിക്കുന്ന ഭവന നിർമ്മാണ വായ്പ വിരലിൽ എണ്ണാവുന്നവർക്ക് മാത്രമാണ് ലഭിച്ചിട്ടുള്ളത്.

നമ്മുടെ പഞ്ചായത്തിൽ ദുർബല വിഭാഗത്തിൽപെട്ട 1018 കുടുംബങ്ങൾക്ക് വീട് ലഭിക്കേണ്ടതായിട്ടുണ്ട്. ഈ പഞ്ചായത്തിനകത്ത് ഹൗസിംഗ് സൊസൈറ്റികൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. ഈ പഞ്ചായത്തിലുള്ളവർ നെയ്യാറ്റിൻകര ഹൗസിംഗ് സൊസൈറ്റിയെയാണ് സമീപിക്കേണ്ടത്. എട്ടു കുടുംബങ്ങൾക്ക് 1,52,000 രൂപ വായ്പയായി കഴിഞ്ഞ വർഷം നല്കിയിട്ടുണ്ട്. കാര്യമായ സഹകരണം ആ മേഖലയിൽ നിന്നും ലഭിക്കുന്നില്ല. റോഡ് പുറമ്പോക്കിൽ ആലച്ചക്കോണം, വാഴിച്ചൽ എന്നീ വാർഡുകളിൽ അൻപതോളം കുടുംബങ്ങൾ കഴിയുന്നു. ചാനൽ പുറമ്പോക്കിൽ കഴിയുന്നവരായി പൂഴനാട്, കുന്നനാട്, കുരവറ, ഒറ്റശേഖരമംഗലം എന്നീ വാർഡുകളിൽ എഴുപത്തഞ്ചോളം കുടുംബങ്ങൾ ഉണ്ടാകും. തമിഴ്നാട്ടിൽ നിന്നും ജോലിക്കായി ഇവിടെ വന്നിട്ടുള്ള 37 ആളുകൾ പാർപ്പിട സൗകര്യമില്ലാതെ പണിസ്ഥലത്തും കടതിണ്ണകളിലും മറ്റും കഴിഞ്ഞുകൂടുന്നു. കഴിഞ്ഞ രണ്ടുമൂന്നു വർഷമായി കോൺക്രീറ്റ് കെട്ടിടങ്ങളുടെ എണ്ണം താരതമ്യേന കൂടിവരുന്നു. വീടുകളിൽ 30 ശതമാനത്തോളം അത്തരത്തിലുള്ളവയാണ്. ചിലവ് കുറഞ്ഞ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രത്യേക ഏജൻസികൾ ഒന്നും തന്നെ ഇവിടെയില്ല.

കെട്ടിട നിർമ്മാണ തൊഴിലാളികളുടെ യൂണിയനുകൾ ഇവിടെയുണ്ട്. 503 തൊഴിലാളികൾ ഉണ്ടെന്നാണ് പഠനം തെളിയിക്കുന്നത്. ഇവരിൽ കൂടുതലും പട്ടണപ്രദേശങ്ങളിൽ ജോലിതേടി പോകുന്നവരാണ്. മറ്റ് വിഭാഗം തൊഴിലാളികളെ അപേക്ഷിച്ച് ഈ വിഭാഗം തൊഴിലാളികളുടെ വേതനം കാലോചിതമാംവണ്ണം ഭേദപ്പെട്ടതാണെന്ന് പറയാം. ഈ പഞ്ചായത്തിനുള്ളിൽ കെട്ടിട നിർമ്മാണത്തിന് തൊഴിലാളികളെ കിട്ടാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. വളരെ വിദഗ്ദ്ധരായ തൊഴിലാളും അവർക്ക് പ്രത്യേക സംഘടനകളുമുണ്ട്. എന്നാൽ ഈ വിഭാഗം തൊഴിലാളികൾക്ക് സഹകരണ സംഘങ്ങൾ ഒന്നുംതന്നെയില്ല. വീടുപണിക്ക് കോൺട്രാക്ട് സമ്പ്രദായം ഈ പഞ്ചായത്തിൽ വ്യാപകമല്ല. നേരിട്ട് വീട് പണിയുന്നവരാണ് കൂടുതലും.

കെട്ടിട നിർമ്മാണ സാമഗ്രികൾ വളരെ വിരളമായി മാത്രമേ ഇവിടെ നിന്നും ലഭിക്കുന്നുള്ളൂ. അതും പാറയും മണലും മറ്റ് സാമഗ്രികൾ എല്ലാംതന്നെ മറ്റ് ഭാഗങ്ങളിൽ നിന്നും കൊണ്ട് വരേണ്ടതായിട്ടുണ്ട്. അസംസ്കൃത സാധന ങ്ങളുടെ അപര്യാപ്തത ഇവിടെ ഒരു വലിയ പ്രശ്നമായി നിലനിൽക്കുന്നു.

പട്ടിക 45

ഐ. ആർ. ഡി. പി. സർവ്വേ പ്രകാരം വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം

വാർഡ് നമ്പർ	വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം
I	84
II	76
III	95
IV	120
V	128
VI	132
VII	131
VIII	118
IX	134

പ്രശ്നങ്ങൾ

1. വീടുനിർമ്മാണത്തിന് സ്ഥിരവരുമാനം ഇല്ലാത്തവർക്കും താല്പര്യമുള്ളവർക്കും വായ്പ ലഭിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.
2. അഞ്ഞൂറോളം കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് ഭൂമിയില്ല.
3. ഈ പഞ്ചായത്തിൽ ദൈനംദിന ചിലവിന് പോലും പ്രയാസം നേരിടുന്ന കുടുംബങ്ങൾ 2500 എണ്ണം ഉണ്ട്.
4. 1226 വീടുകൾ ഓല മേഞ്ഞവയാണ്. കൂടുതൽ വീടുകളിൽ താമസിക്കുന്നവർക്കും വീണ്ടും ഓല മേയാൻ നിവർത്തിയില്ലാത്തവരാണ്.
5. കെട്ടിട നിർമ്മാണ സാമഗ്രികളുടേയും ഭൂമിയുടേയും ദൗർലഭ്യം അനുഭവപ്പെടുന്നു.
6. നിർമ്മാണ തൊഴിലാളികളുടെ കുറവ് അനുഭവപ്പെടുന്നു.
7. പുറമ്പോക്ക് ഭൂമി ഭൂരഹിതർക്ക് പതിച്ച് കൊടുക്കുന്ന പദ്ധതി വിജയകരമായി നടക്കുന്നില്ല.
8. ലക്ഷം വീട് കോളനികളുടെ ഭൗതിക സൗകര്യങ്ങൾ തീരെ അപര്യാപ്തമാണ്.
9. മറ്റ് കോളനിവാസികളുടെ സ്ഥിതിയും ആശാവഹമല്ല.
10. ദുർവ്യയമില്ലാതെ വീടുകൾ നിർമ്മിക്കുന്നതിന് വേണ്ട വിദഗ്ദ്ധരെ ഈ പഞ്ചായത്തിൽ ലഭിക്കുന്നില്ല.
11. ഹൗസിംഗ് സൊസൈറ്റിയിൽ നിന്നും അർഹരായ ആൾക്കാർക്ക് യഥാസമയം വായ്പ ലഭിക്കുന്നില്ല.
12. പഞ്ചായത്തുവക പുറമ്പോക്ക് പലരും കൈവശമാക്കിയിരിക്കുന്നു.
13. സർക്കാർ വക മിച്ചഭൂമി ഭൂരഹിതർക്ക് പതിച്ചു നല്കാൻ വേണ്ട നടപടി വേണ്ടവിധത്തിൽ പുരോഗമിച്ച് കാണുന്നില്ല.
14. പുറമ്പോക്കിൽ താമസിക്കുന്നവരെ മാറ്റി പാർപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നില്ല.

സാദ്ധ്യതകളും പരിഹാര നിർദ്ദേശങ്ങളും

1. സ്വന്തമായി ഭൂമിയുള്ളവർക്ക് ലഘുവായ വ്യവസ്ഥയിൽ വീട് നിർമ്മാണത്തിന് വേണ്ടിവരുന്ന തുക വായ്പയായി ലഭ്യമാക്കണം. നിലവിലുള്ള സബ്സിഡി സമ്പ്രദായം നിലനിർത്തണം. സ്ഥിരമായ വരുമാനമില്ലാത്തവർക്കും താല്പര്യമുള്ളവർക്കും വീടുനിർമ്മാണ വായ്പ ലഭിക്കണം. തിരിച്ചടവിന്റെ തുക ലഘുവാക്കുകയും സബ്സിഡി ഉയർത്തുകയും ചെയ്യേണ്ടതുണ്ട്.
2. ഒരു വർഷം 100 കുടുംബങ്ങൾക്ക് എന്ന കണക്കിൽ '5' വർഷം കൊണ്ട് 500 കുടുംബങ്ങൾക്ക് നാലു സെന്റ് ഭൂമി വീതം സൗജന്യമായി നല്കണം. ഈ ഭൂമി കൈമാറ്റം ചെയ്യുന്നത് കർശനമായി നിയമം മൂലം നിയന്ത്രിക്കണം.
3. ഒരു വർഷം 392 കുടുംബങ്ങൾക്ക് 30,000 രൂപ എന്ന നിരക്കിൽ 5 വർഷം കൊണ്ട് 1960 കുടിലുകളെ വാസയോഗ്യമായ വീടുകളാക്കി നിർമ്മിക്കുന്നതിന് 5,88,00,000 രൂപ ഗ്രാന്റായി നല്കേണ്ടി വരും. ഇത്തരം ഭവനങ്ങളുടെ നിർമ്മാണത്തിന് J. R. Y.,U. T. F, ഇന്ദിര ആവാസ് യോജന, മൈത്രീഭവന പദ്ധതി എന്നീ ഫണ്ടുകളിൽ നിന്നും ലഭിക്കുന്ന തുക ഉപയോഗിക്കാവുന്നതാണ്. ഇത്തരം വീടുകളുടെ നിർമ്മാണത്തിന് കെട്ടിട നിർമ്മാണ തൊഴിലാളികളുടെ സേവന യൂണിയൻ നിലവാരത്തിൽ പ്രതിബദ്ധതയോടെ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കണം.
4. കുറഞ്ഞ പലിശ നിരക്കിൽ നിലവിലുള്ള ഭവന നിർമ്മാണ വായ്പാ നിബന്ധനകൾ ലഘൂകരിച്ച് വീടൊന്നിന് 30,000 രൂപ വച്ചുള്ള ലോൺ ലഭ്യമാക്കണം.
5. വീടു നിർമ്മാണത്തിന് തടിസാധനങ്ങളുടെ ഉപയോഗം കുറച്ച് പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിക്കണം.

6. ഹൗസിംഗ് സൊസൈറ്റികളുടെ പ്രവർത്തനം കൂടുതൽ ആൾക്കാർക്ക് വായ്പ കിട്ടത്തക്ക വിധം ഉദാരമാക്കണം.

7. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില കുറയ്ക്കുന്നതിനുള്ള സാദ്ധ്യതകൾ ആരായണം.

8. ചെലവു കുറഞ്ഞ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് വേണ്ട ബോധവൽക്കരണം ജനങ്ങളിൽ വളർത്തണം.

9. കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് ആധുനിക രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് പരിശീലനം നല്കണം.

10. ഭൂരഹിതർക്കും നിർദ്ധനർക്കുമുള്ള പ്രത്യേക ഭവന നിർമ്മാണ പരിപാടി ആവിഷ്കരിക്കണം.

11. ദുർവ്യയ ഭവന നിർമ്മാണം നിരുത്സാഹപ്പെടുത്തുന്നതിന് അത്തരം വീടുകൾക്ക് പ്രത്യേക നികുതി ഏർപ്പെടുത്തണം.

12. ഇന്നത്തെ രീതിയിൽ മതിൽ കെട്ടുന്നത് നിരുത്സാഹപ്പെടുത്തുകയും ആ സ്ഥാനത്ത് ജൈവ വേലികൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നല്കുകയും വേണം.

13. സൗജന്യമായി ലഭിക്കുന്നതുൾപ്പെടെയുള്ള വീടുകൾ സംരക്ഷിക്കുന്നതിനും വൃത്തിയായി സൂക്ഷിക്കാനും ബോധവൽക്കരണം നടത്തണം.

14. ദുർബല വിഭാഗത്തൽപ്പെട്ടവരുടെ ജീർണ്ണിച്ച വീടുകൾ പുനരുദ്ധരിക്കുന്നതിന് സബ്സിഡി നിരക്കിൽ വായ്പ അനുവദിക്കണം.

15. കെട്ടിട നിർമ്മാണത്തിന് കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ സഹായം ലഭ്യമാക്കണം.

16. കടമ്പറ, പൂഴനാട് വാർഡുകളിൽ 400 മത്സ്യതൊഴിലാളി കുടുംബങ്ങൾ താമസമുണ്ട്. അവരിൽ 80 കുടുംബങ്ങൾക്ക് സ്വന്തമായി വീട് ഇല്ല. ഇവർക്ക് വീട് നിർമ്മിക്കുന്നതിനുള്ള ധനസഹായം നല്കേണ്ടതാണ്.

II സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ രംഗത്ത് നിർദ്ധനരേയും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരേയും ഉദ്ധരിക്കാനുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും, സംഘടിത - അസംഘടിത മേഖലകളിലെ കർഷക, കർഷകത്തൊഴിലാളികളുടെ ക്ഷേമത്തിനും വേണ്ടിയുള്ള പദ്ധതികളുമാണ് ഇന്നുള്ളത്. രണ്ട് വിധത്തിലുള്ള സാമൂഹ്യക്ഷേമ പദ്ധതികളാണ് പഞ്ചായത്തിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. (1) ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി (2) വിവിധ വിഭാഗക്കാർക്കായുള്ള പെൻഷൻ സഹായ പദ്ധതി. ഐ. ആർ. ഡി. പി. സർവ്വേ പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ 3342 ആണ്. ഇത് നമ്മുടെ പഞ്ചായത്തിലുള്ള മൊത്തം കുടുംബങ്ങളുടെ 54 ശതമാനം വരും. ഇതിൽ പട്ടികജാതി വിഭാഗത്തിൽപെട്ട കുടുംബങ്ങൾ 381 ആണ്. പട്ടികവർഗ്ഗ കുടുംബങ്ങൾ 18 ആണ്. 1992 ന് ശേഷം നാളിതുവരെ 187 കുടുംബങ്ങൾക്ക് ഐ. ആർ. ഡി. പി. സഹായം നല്കിയിട്ടുണ്ട്. അതിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ടവർ 100 കുടുംബങ്ങൾ ഉണ്ട്. സഹായം ലഭിച്ചവരിൽ ദാരിദ്ര്യരേഖയ്ക്ക് മുകളിൽ വന്നവർ ഇന്ന് 138 കുടുംബങ്ങൾ ഉണ്ട്. അർഹരായവരിൽ ഒരു ചെറിയ വിഭാഗത്തിന് മാത്രമേ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നുള്ളൂ. ഈ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ വാർഡ് തിരിച്ചുള്ള പട്ടിക 46-ൽ കൊടുക്കുന്നു.

ദുർബല വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ

പട്ടിക 46

വാർഡ് നമ്പർ	ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ	അതിൽ പട്ടികജാതി കുടുംബങ്ങൾ	അതിൽ പട്ടികവർഗ്ഗ കുടുംബങ്ങൾ	92 ന് ശേഷം കുടുംബ സഹായം ലഭിച്ചവർ	ഈ വിഭാഗത്തിൽ SC, ST വിഭാഗത്തിൽപ്പെട്ടവർ	സഹായം ലഭിച്ചവരിൽ ദാരിദ്ര്യരേഖയ്ക്ക് മുകളിൽ എത്തിയവർ
I	494	34	1	18	6	15
II	338	24		24	14	19
III	327	33		19	8	14
IV	375	52		26	19	18
V	317	32		20	8	14
VI	296	59		22	14	19
VII	457	50	11	24	12	20
VIII	342	58		18	12	6
IX	396	39	6	16	7	13
ആകെ	3342	381	18	187	100	138

1995 ലെ കണക്കനുസരിച്ച് പഞ്ചായത്തിൽ വിവിധ ധനസഹായങ്ങൾ ലഭിച്ചവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

പട്ടിക 47

സഹായധനത്തിന്റെ ഇനം	ലഭിച്ചവരുടെ എണ്ണം	തീരുമാനമാകാത്ത അപേക്ഷകളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	3346	308
തൊഴിലില്ലായ്മാ വേതനം	537	416
വികലാംഗ പെൻഷൻ	120	7
കാൻസർ രോഗ പെൻഷൻ	3	1
അവശകലാകാര സാഹിത്യകാര പെൻഷൻ	4	2
അഗതി പെൻഷൻ	412	327
ക്ഷയരോഗ പെൻഷൻ	2	2
വിധവാ പെൻഷൻ	250	200
വാർദ്ധക്യകാല പെൻഷൻ	42	80
സ്വാതന്ത്ര്യസമര സേനാനി പെൻഷൻ	2	–

ഏറ്റെടുത്ത JRY പണികൾ സംബന്ധിച്ച വിവരങ്ങൾ (96 - 97)

പട്ടിക 48

	പണിയുടെ പേര്	ജനറൽ		SC/ST	
		എസ്റ്റിമേറ്റ് തുക	നല്കിയത്	എസ്റ്റിമേറ്റ് തുക	നല്കിയത്
1.	9 വാർഡുകളിലെ ദുർബല വിഭാഗത്തിൽപ്പെട്ട 81 കുടുംബങ്ങൾക്ക് 1,200 രൂപാ ക്രമത്തിൽ കക്കൂസ് നിർമ്മാണം	97200			
2.	പ്ലാമ്പഴിഞ്ഞി വാർഡിൽ വട്ടകക്കുഴി എന്ന സ്ഥലത്ത് ഒരു കിണർ	16500			
3.	ഒറ്റശേഖരമംഗലം പഞ്ചായത്തിലെ SC വിഭാഗത്തിൽപ്പെട്ട ഒരു കുടുംബത്തിന് ഒരു വീട്			15850	
4.	8 ഹരിജൻ കുടുംബത്തിന് 1,500 രൂപാ നിരക്കിൽ കക്കൂസ് നിർമ്മാണം			12,000	

ധനസഹായം ലഭിച്ചവർ എല്ലാം അതിന് അർഹരാണ്. എന്നാൽ അർഹതയുള്ള മുഴുവൻ ജനവിഭാഗത്തിനും ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. കർഷകത്തൊഴിലാളി ക്ഷേമപദ്ധതികൾ പോലുള്ള ക്ഷേമപദ്ധതികളുടെ നടത്തിപ്പ് ഇനിയും കാര്യക്ഷമമാകേണ്ടതായിട്ടാണിരിക്കുന്നത്. നിലവിലുള്ള എല്ലാ ക്ഷേമപദ്ധതികളും അർഹരായ മുഴുവൻ ആൾക്കാർക്കും കിട്ടത്തക്കവണ്ണം പരിഷ്ക്കരിക്കേണ്ടത് ഏറ്റവും അത്യാവശ്യമാണ്. വിവിധ ക്ഷേമപദ്ധതികളിൽ അപേക്ഷ നല്കി കാത്തിരിക്കുന്നവർ 1483 പേർ ഉണ്ട്. പെൻഷൻ വിതരണം ജില്ലാ പഞ്ചായത്തിനെ ഏൽപ്പിച്ചതിനു ശേഷവും ഈ മേഖലയിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. ഈ പഞ്ചായത്തിൽ ഒരു വൃദ്ധമന്ദിരം ഉണ്ടാക്കേണ്ടത് അത്യാവശ്യമാണ്. വിവിധ ഏജൻസികൾ നല്കുന്ന എല്ലാവിധ ക്ഷേമപ്രവർത്തനങ്ങളും പഞ്ചായത്ത് മുഖാന്തിരം തന്നെ നല്കേണ്ടതാണ്. ഇന്ന്

വിവിധ ഏജൻസികളുടെ പല ആനുകൂല്യങ്ങൾ ഒരേ കുടുംബം തന്നെ സ്വീകരിക്കുന്നതായും പരാതിയുണ്ട്.

ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവർ, അവിവാഹിതരായ അമ്മമാർ, അശരണരായ വൃദ്ധന്മാർ, 18 വയസ്സ് തികഞ്ഞ മകനോ മകളുടെ മകനോ ഉള്ള വിധവകൾ, വിഭാര്യന്മാർ എന്നിവരെ അഗതികളുടെ പട്ടികയിൽ പെടുത്തിയിട്ടില്ല. വിധവകളുടെ പെൺമക്കളുടെ വിവാഹസഹായ തുകയുടെ കുറവും അവ ലഭിക്കുവാനുള്ള ബുദ്ധിമുട്ടിക്കുന്ന നടപടി ക്രമങ്ങളും പ്രശ്നങ്ങളായിട്ടുണ്ട്.

ഈ പഞ്ചായത്തിൽ 13 അംഗൻവാടികൾ പ്രവർത്തിക്കുന്നു. ഇതിൽ 8 അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം ഉണ്ട്. അവ അറ്റകുറ്റപ്പണികൾ ചെയ്തിട്ടില്ല. ബാക്കിയുള്ള 5 അംഗൻവാടികൾക്ക് സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല. അംഗൻവാടികളുടെ പ്രവർത്തനങ്ങൾ പൊതുവേ തൃപ്തികരമല്ല. കുഞ്ഞുങ്ങളുടെ മാനസിക വികാസത്തിനാവശ്യമായ ഉപകരണങ്ങളും സൗകര്യങ്ങളും അവിടെ ഇല്ല. ആരോഗ്യബോധന ക്ലാസ്സുകൾ നാമമാത്രമാണ്. അമ്മമാരുടെ പങ്കാളിത്തം വിരളമാണ്. നമ്മുടെ പഞ്ചായത്തിലെ അംഗൻവാടികളുടെ പൊതുസ്ഥിതി പട്ടിക 49-ൽ കൊടുത്തിരിക്കുന്നു.

പട്ടിക 49

അംഗൻവാടികളുടെ ഭൗതിക സൗകര്യങ്ങൾ

ക്രമ നമ്പർ	അംഗൻ വാടികളുടെ പേര്	വാർഡ്	ജീവനക്കാർ			വിദ്യാർത്ഥികൾ			കെട്ടിടങ്ങൾ		ഫർണിച്ചറുകൾ	
			ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	വേണ്ടത്ര	വേണ്ടത്രയില്ല	വേണ്ടവ ഉള്ളവ	വേണ്ടത്ര
1.	115 പുഴനാട്	I		2	2	25	35	60	✓			✓
2.	56 പുഴനാട്	I		2	2	28	32	60	✓			✓
3.	58 കുന്നനാട്	II		2	2	6	14	20		✓		✓
4.	57 കടമ്പറ	III		2	2	16	24	40	✓			✓
5.	59 കുരവറ	IV		2	2	21	27	48		✓		✓
6.	60 ഒറ്റശേഖരമംഗലം	V		2	2	17	18	35		✓		✓
7.	61 മണക്കാല	VI		2	2	21	29	50	✓			✓
8.	116 ചേനാട്	VI		2	2	10	15	25	✓			✓
9.	114 പ്ലാമ്പഴിഞ്ഞി	VII		2	2	9	11	20	✓			✓
10.	62 ആനക്കുഴി	VIII		2	2	20	7	27	✓			✓
11.	63 ആലച്ചക്കോണം	VIII		2	2	14	10	24		✓		✓
12.	64 വിട്ടിയോട്	IX		2	2	15	10	25	✓			✓
13.	65 ആറ്റൂർ	IX		2	2	5	10	15		✓		✓
	ആകെ			26	26	207	242	449	8	5	–	13

സാമൂഹ്യക്ഷേമ വകുപ്പ് വഴി നടപ്പിലാക്കി വരുന്ന വിവിധ സ്കീമുകളുടെ സഹായം 471 പേർക്ക് ലഭിക്കുന്നു.

താഴെ കൊടുത്തിരിക്കുന്ന പട്ടിക സാമൂഹ്യ ക്ഷേമ വകുപ്പു വഴി ലഭിക്കുന്ന ക്ഷേമപ്രവർത്തന ങ്ങളെ വിശദീകരിക്കുന്നു.

പട്ടിക 50

1.	വികലാംഗർക്കുള്ള യാത്രാ ബത്ത	5 പേർക്ക്
2.	വികലാംഗ വിദ്യാർത്ഥികൾക്കുള്ള സംസ്ഥാന സ്കോളർഷിപ്പ്	7 കുട്ടികൾക്ക്
3.	ജവാന്മാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം	2 കുട്ടികൾക്ക്
4.	മുസ്ലീം പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ്	47 കുട്ടികൾക്ക്
5.	പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മൊത്തം ഗ്രാൻറ്	374 കുട്ടികൾക്ക്
6.	ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കുള്ള സ്കോളർഷിപ്പ്	2 കുട്ടികൾക്ക്
7.	പട്ടികജാതി/പട്ടികവർഗ്ഗേതര മിശ്ര വിവാഹിത ദമ്പതികൾക്കുള്ള ധനസഹായ പദ്ധതി	34 പേർക്ക്

ഈ പദ്ധതികളിലും അർഹരായ മുഴുവൻ ആൾക്കാർക്കും ആനുകൂല്യം ലഭിച്ചിട്ടില്ല.

പെരുങ്കടവിള ബ്ലോക്ക് ട്രൈസം പദ്ധതിയിൽ 5 പേർക്ക് ഇതിനകം പരിശീലനം നല്കിയിട്ടുണ്ട്. അതിന്റെ പട്ടിക 51-ൽ ചേർക്കുന്നു.

പരിശീലനം ലഭിച്ചവർക്ക് തുടർന്ന് യോഗ്യതാടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുന്നില്ല എന്നത് ഈ പദ്ധതിയുടെ പോരായ്മയാണ്. ഓരോ തൊഴിലിനും അനുയോജ്യമായ രീതിയിൽ വേണ്ടത്ര അസംസ്കൃത സാധനങ്ങളുടെ ലഭ്യത അനുസരിച്ച് പരിശീലനം ലഭിക്കേണ്ടവരുടെ എണ്ണം പരമാവധി വർധിപ്പിക്കുകയും ഇപ്പോൾ നല്കുന്ന സ്റ്റൈപ്പൻറ് തുക കൂട്ടുകയും വേണം.

പരമ്പരാഗത കുടിൽ വ്യവസായം

നമ്മുടെ പഞ്ചായത്തിലെ പ്രധാന പരമ്പരാഗത വ്യവസായം ഈറ വ്യവസായമാണ്. സമൂഹത്തിലെ ഏറ്റവും ദുർബല വിഭാഗത്തിൽപ്പെട്ട ആൾക്കാരാണ് ഈ വ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ളത്. ബാംബൂ കോർപ്പറേഷനിൽ നിന്നും ലഭിക്കുന്ന ഈറയാണ് ഇവർ ഈ വ്യവസായത്തിനു വേണ്ടി ഉപയോഗിക്കുന്നത്. ഇവരുടെ ആവശ്യത്തിനുള്ള ഈറ ഇവർക്ക് ലഭിക്കുന്നില്ല. കിട്ടുന്ന കൂലിയും വളരെ തുച്ഛമാണ്. നമ്മുടെ ഗ്രാമപഞ്ചായത്തിൽ കുരവറ, വാളികോട് എന്നീ വാർഡുകളിൽ ഈ വ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ള കുടുംബങ്ങൾ ഉണ്ട്.

DWCRA പദ്ധതിപ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

പട്ടിക 51

ട്രൈസം - തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

വാർഡ്	പരിശീലന വിഷയ ത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ പേര്	സ്വയം തൊഴിൽ കണ്ടെത്തിവരുടെ എണ്ണം
II	ഇലക്ട്രീഷ്യൻ	1	
V	കംപ്യൂട്ടർ പ്രോഗ്രാമിംഗ്	1	
VII	കോറോ ഗ്രാഫ്സ്	1	1
VIII	ബുക്ക് ബൈൻറിംഗ് & ടൈപ്പ് റൈറ്റിംഗ്	2	2

പട്ടിക 52

വാർഡ്	തൊഴിൽ സംരംഭത്തിന്റെ ഇനം	ആരംഭിച്ച വർഷം	പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം	പ്രവർത്തന ക്ഷമത സംബന്ധിച്ച കുറിപ്പ്
VI	ഈറപ്പണി	1993-94	10	തൃപ്തികരമല്ല
VIII	ഡയറി യൂണിറ്റ്	1996-97	10	പ്രവർത്തന മൂലധനം ലഭ്യമായിട്ടില്ല

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ ഈ പഞ്ചായത്തിൽ 12 മഹിളാ സമാജങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവ എല്ലാം തന്നെ പ്രവർത്തനരഹിതമാണ്. 3 മഹിളാ സ്വസ്ത്തു സംഘങ്ങൾ പ്രവർത്തിക്കുന്നു. 45 അംഗങ്ങൾ ഈ 3 സംഘങ്ങളിലായിട്ടുണ്ട്. ഇവർ പൊതുജനാരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്നു.

പൊതുവിതരണ സമ്പ്രദായം

പഞ്ചായത്തിൽ 13 പൊതു വിതരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. മൊത്തം 4358 കാർഡുകളിൽ NE വിഭാഗത്തിൽ 2860 - ം, E വിഭാഗത്തിൽ 1498 കാർഡുകളും ഉണ്ട്,. ചില കുടുംബങ്ങൾ മറ്റ് കുടുംബ കാർഡുകളിൽ കഴിയുന്നു. ചിലർക്ക് കാർഡ് ലഭിച്ചിട്ടില്ല. 30 ശതമാനത്തോളം കുടുംബങ്ങൾക്ക് പുതുതായി കാർഡ് നല്കേണ്ടതായിട്ടുണ്ട്. പ്രായപൂർത്തിയായ 15012 അംഗങ്ങളും പ്രായപൂർത്തിയാകാത്ത 2278 അംഗങ്ങളും ഉൾപ്പെടെ 17290 പേർ വിവിധ പൊതുവിതരണ കേന്ദ്രങ്ങളിൽ നിന്നും റേഷൻ സാധനങ്ങൾ വാങ്ങുന്നു. അരി തുടങ്ങിയ സാധനങ്ങളുടെ ഗുണനിലവാരം ചില സമയങ്ങളിൽ മോശമായി പോകുന്നു. ഈ ന്യൂനത പരിഹരിക്കേണ്ടതാണ്. നല്ല ഗുണനിലവാരമുള്ള സാധനങ്ങൾ വിതരണം ചെയ്യാൻ ബന്ധപ്പെട്ടവർ പ്രത്യേകം ശ്രദ്ധിക്കണം. ഇന്ന് കൃത്യമായി റേഷൻ നല്കുന്നതിന് ഒരു ആഴ്ചയിൽ 335 കിന്റൽ അരി ആവശ്യമാണ്.

പ്രശ്നങ്ങൾ

1. പെൻഷന് അർഹതയുള്ളവരിൽ വളരെ കുറച്ചു പേർക്ക് മാത്രമേ ലഭിക്കുന്നുള്ളൂ.
2. അവശ വിഭാഗത്തിൽ അർഹതയുള്ള ധാരാളം പേർ അപേക്ഷ നല്കിയിട്ടും ധനസഹായം ലഭിക്കുന്നില്ല.
3. പല ക്ഷേമപദ്ധതികളുടെയും നടത്തിപ്പ് കാര്യക്ഷമമല്ല.
4. ട്രൈസം പദ്ധതിപ്രകാരം പരിശീലനം നേടുന്നവർക്ക് തൊഴിൽ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ വേണ്ട സഹായങ്ങൾ ചെയ്യുന്നില്ല.
5. ഐ. ആർ. ഡി. പി. ലിസ്റ്റിൽ അർഹതയുള്ള മുഴുവൻ കുടുംബങ്ങളേയും ഉൾപ്പെടുത്തിയിട്ടില്ല. അർഹതയില്ലാത്ത ചില കുടുംബങ്ങളെങ്കിലും ഉൾപ്പെട്ടിട്ടുണ്ട്.
6. അംഗൻവാടികൾക്ക് പുതിയ കെട്ടിടങ്ങളും ഉള്ളവയുടെ അറ്റകുറ്റപ്പണികളും നടത്തുന്നില്ല.
7. അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ശരിയായ വേതനം ലഭിക്കുന്നില്ല.
8. പൊതു ശ്മശാനങ്ങൾ ഒന്നുംതന്നെ പഞ്ചായത്തിൽ ഇല്ല.
9. ഗുണനിലവാരമുള്ള റേഷൻ സാധനങ്ങൾ വിതരണം ചെയ്യാൻ ശ്രദ്ധിക്കുന്നില്ല.
10. പരമ്പരാഗത തൊഴിലാളികൾക്ക് ക്ഷേമനിധി, പെൻഷൻ ഇവ നല്കുന്നില്ല. അവർക്ക് ആവശ്യമുള്ള അസംസ്കൃത സാധനങ്ങൾ ലഭിക്കുന്നില്ല.

സാദ്ധ്യതകളും പരിഹാര നിർദ്ദേശങ്ങളും

പെൻഷൻ പദ്ധതികൾ

വിധവാ പെൻഷൻ

പ്രായപൂർത്തിയായ ആൺമക്കൾ ഉണ്ടെങ്കിൽ ഈ പെൻഷന് അർഹതയില്ലായെന്നതാണ് ഇതിന്റെ പ്രധാന ന്യൂനത. ഇതിന് മാറ്റം വരുത്തണം. വരുമാനത്തിന്റെ പരിധിയിൽ പെൻഷൻ നല്കണം. ഉപേക്ഷിക്കപ്പെട്ടവർക്ക് (നിയമാനുസരണമുള്ള വിവാഹം നടത്താത്തവർ, കുടുംബവും കുഞ്ഞുങ്ങളുമായി വളരെക്കാലം താമസിച്ചതിനു ശേഷം രേഖാപരമായിട്ടല്ലാതെ പിരിഞ്ഞുപോയവർ) വിധവാ പെൻഷന് വിവാഹ സർട്ടിഫിക്കറ്റോ ബന്ധം വിടർത്തൽ സർട്ടിഫിക്കറ്റോ ഹാജരാക്കാൻ സാധിക്കുന്നില്ല. ഇവരുടെ പ്രശ്നം പ്രത്യേകം കൈകാര്യം ചെയ്യുകയും പഞ്ചായത്ത് പ്രസിഡന്റിന്റെ സർട്ടിഫിക്കറ്റ് സ്വീകരിച്ചുകൊണ്ട് അർഹതയുള്ളവർക്ക് പെൻഷൻ അനുവദിക്കണം. ഇതുപോലെ വിവാഹിതരായ അമ്മമാർക്കും സർട്ടിഫിക്കറ്റുകൾ ലഭിക്കാൻ ഇന്ന് വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ജനപ്രതിനിധികളുടെ സർട്ടിഫിക്കറ്റ് ഇതിന് സ്വീകരിക്കണം.

ഈ പഞ്ചായത്തിൽ 250 പേർക്ക് ഈ പെൻഷൻ ലഭിക്കുന്നു. എന്നാൽ നടപടി സ്വീകരിക്കാതെ 200 അപേക്ഷകൾ കിടക്കുന്നു. ഇതിന് പരിഹാരം കാണണം. വിധവാ പെൻഷൻ 500 രൂപയായി ഉയർത്തണം.

വികലാംഗ പെൻഷൻ

വികാലംഗർ എന്ന് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് വാങ്ങാൻ അംഗവൈകല്യമുള്ള ആൾക്കാർ 28 കി. മീ. സഞ്ചരിച്ച് തിരുവനന്തപുരത്ത് പോകേണ്ടിയിരിക്കുന്നു. ഇതും ഡോക്ടർമാരുടെ സൗകര്യം നോക്കി മൂന്നും നാലും പ്രാവശ്യം യാത്രചെയ്യണം. ഈ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് പ്രൈമറി ഹെൽത്ത് സെന്ററിൽ ബന്ധപ്പെട്ട ഡോക്ടർമാർ ഈ സർട്ടിഫിക്കറ്റ് നല്കുന്നതിനുള്ള ഏർപ്പാട് ഉണ്ടാക്കണം.

കർഷകത്തൊഴിലാളി പെൻഷൻ

അർഹരായ പലർക്കും ഈ പെൻഷൻ ലഭിക്കുന്നില്ല. അർഹതയില്ലാത്തവർ വാങ്ങുന്നതായി പരാതികളുമുണ്ട്. ഇവ അവസാനിപ്പിക്കുന്നതിന് കർഷകത്തൊഴിലാളി എന്ന സർട്ടിഫിക്കറ്റ് വാർഡ് മെമ്പറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നല്കണം.

തൊഴിലില്ലായ്മാ വേതനം

അനർഹരായ പലരും ഈ വേതനം പറ്റുന്നു. കുടുംബവരുമാനം പരിശോധിച്ച് അർഹതയുള്ളവർക്ക് കൃത്യമായി നല്കണം.

മുഴുവൻ പെൻഷൻ പദ്ധതികളും പഞ്ചായത്തിന്റെ കീഴിൽ കൊണ്ടുവരണം. കാലതാമസം ഉണ്ടാകാതെ തീർപ്പ് കല്പിക്കണം.

അംഗൻവാടികൾ

ചോർന്ന് ഒലിക്കുന്ന അംഗൻവാടികളുടെ അറ്റകുറ്റപ്പണികൾക്ക് അടിയന്തിര സ്വഭാവം നല്കി പൂർത്തിയാക്കണം. അതിന് നടപടിക്രമങ്ങൾ ലഘൂകരിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കമ്മറ്റി തീരുമാനപ്രകാരം നടപ്പിലാക്കാൻ കഴിയുന്ന സംവിധാനം ഉണ്ടാകണം. ഇത് എല്ലാ വർഷവും കൃത്യമായി ചെയ്യണം.

സ്വന്തമായി ഭൂമിയില്ലാത്ത അംഗൻവാടികൾക്ക് സ്ഥലം ലഭ്യമാക്കി കെട്ടിടങ്ങൾ നിർമ്മിച്ച് നല്കണം.

അംഗൻവാടികൾക്ക് ആവശ്യമുള്ള അകസാധനങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണം. ഇതിന് സന്നദ്ധ സംഘടനകളുടെ സഹായം തേടാവുന്നതാണ്.

അംഗൻവാടികൾ വൃത്തിയും വെടിപ്പുമുള്ളതാക്കണം. ദേശസ്നേഹവും മതേതരത്വ മനോഭാവവും സാമൂഹ്യബോധവും വളർത്തുന്നതിനുള്ള ചിത്രകഥകളും പാട്ടുകളും കളികളും ഗുണപാഠ കഥകളും അടങ്ങിയതായിരിക്കണം അവരുടെ സിലബസ്.

ആരോഗ്യബോധന ക്ലാസ്സുകളിൽ അമ്മമാരെ കൃത്യമായി പങ്കെടുപ്പിക്കുകയും കാര്യക്ഷമമായ നിലയിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുകയും വേണം.

വട്ടപ്പറമ്പ്, തൊളിക്കോട്ടുകോണം, പുഞ്ചിരിവിള, വാളിക്കോട്, കാനക്കോട്, നീർവാഴികോണം, കുന്തളക്കോട് എന്നീ സ്ഥലങ്ങളിൽ ഓരോ അംഗൻവാടികൾ കൂടി സ്ഥാപിക്കണം.

അനുകരണ യോഗ്യമായ സംഭാഷണരീതിയും പ്രവർത്തനങ്ങളും അംഗൻവാടികളിൽ നിന്നും കുട്ടികൾക്ക് ലഭ്യമാക്കണം. വർക്കർമാർക്കും, ഹെൽപ്പർമാർക്കും ഇൻസർവീസ് കോഴ്സുകൾ ഏർപ്പെടുത്തണം. ഇവരുടെ കുറഞ്ഞ വേതനത്തിന് പരിഹാരം കാണണം. എല്ലാ അംഗൻവാടികളിലും പുകയില്ലാത്ത അടുപ്പുകൾ നിർമ്മിക്കണം.

പൊതു ശ്മശാനം

പഞ്ചായത്തിൽ ഒരു പൊതുശ്മശാനം നവീന രീതിയിൽ സ്ഥാപിക്കണം. വിയ്യക്കോണം കോളനിക്ക് സമീപം സ്ഥാപിക്കുന്നതായിരിക്കും കൂടുതൽ ഉചിതം.

പൊതു കക്കൂസുകൾ

പഞ്ചായത്തിലെ പ്രധാന കവലകളിൽ പൊതു കക്കൂസും, മൂത്രപ്പുരയും നിർമ്മിക്കണം. മണ്ഡപത്തിൻകടവ് ജംഗ്ഷനിൽ ഇത് അടിയന്തിരമായി സ്ഥാപിക്കണം.

പൊതുവിതരണ സമ്പ്രദായം

പൊതുവിതരണ കേന്ദ്രങ്ങളിൽ കൂടി വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങൾ കൂടുതൽ ഗുണനിലവാരമുള്ളതായിരിക്കണം. പഞ്ചായത്ത് കമ്മിറ്റി കൃത്യമായ പരിശോധനകളിൽ കൂടി ഇത് ഉറപ്പുവരുത്തണം. പൊതുവിതരണ കേന്ദ്രത്തിലെ പരാതികൾ പരിശോധിക്കുവാനും തീർപ്പ് കല്പിക്കുവാനും പഞ്ചായത്തുകൾക്ക് അധികാരം നല്കണം.

ട്രൈസം കോഴ്സ്

ട്രൈസം കോഴ്സിനുള്ള ട്രെയിനിംഗ് സെൻറർ പഞ്ചായത്ത് കേന്ദ്രത്തിൽ ആരംഭിക്കണം. ട്രെയിനിംഗ് ലഭിച്ചവർക്ക് സ്വയം തൊഴിൽ കണ്ടെത്താൻ ധനസഹായം ബാങ്കുകൾ വഴി ലഭ്യമാക്കാൻ വേണ്ട സഹായം പഞ്ചായത്ത് നല്കണം.

പരമ്പരാഗത തൊഴിൽ

പരമ്പരാഗത വ്യവസായത്തിന് ആവശ്യമായ ഈറ, ചൂരൽ, പനയോല, തഴയോല തുടങ്ങിയവ പഞ്ചായത്തിൽ സംഭരിച്ച് വിതരണം ചെയ്യണം. പരമ്പരാഗത തൊഴിലാളികൾക്ക് പെൻഷനും, ക്ഷേമനിധിയും ഏർപ്പെടുത്തണം.

വൃദ്ധമന്ദിരം

പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു വൃദ്ധമന്ദിരം സ്ഥാപിക്കണം.

ഈ പഞ്ചായത്തിൽ താഴെപ്പറയുന്ന സ്ഥലങ്ങളിൽ വെയിറ്റിംഗ് ഷെഡുകൾ നിർമ്മിക്കണം.

1. എം. ജി. എം. ഹൈസ്കൂൾ ജംഗ്ഷൻ
2. ആശുപത്രി നട
3. മണക്കാല ജംഗ്ഷൻ
4. ചേനാട് ജംഗ്ഷൻ
5. കുരവറ ജംഗ്ഷൻ
6. ഒറ്റശേഖരമംഗലത്ത് വാളിക്കോട് റോഡ് തിരിയുന്ന ജംഗ്ഷൻ
7. വാഴിച്ചൽ ജംഗ്ഷൻ
8. പ്ലാമ്പഴിഞ്ഞി ജംഗ്ഷൻ
9. മണ്ഡപത്തിൻകടവ് ഒറ്റശേഖരമംഗലം റോഡിൽ കുന്നിൽ ക്ഷേത്ര റോഡ് തിരിയുന്ന ഭാഗത്ത്.
10. വാളിക്കോട് ജംഗ്ഷൻ

4.8 സംസ്കാരം

ആധുനികതയുടെ നിറച്ചാർത്തുണ്ടെങ്കിലും ഇന്നും ഗ്രാമഭംഗി വിട്ടുമാറാത്ത പ്രദേശമാണ് ഒറ്റശേഖരമംഗലം. കെട്ടുകഥകളോ അന്ധവിശ്വാസങ്ങളോ ആണെങ്കിൽപോലും മുഞ്ഞവിലക്കും ഏഴിയൻ വിലക്കും പേകെട്ടലും പുഴുവിലക്കും നമ്മുടെ ഗ്രാമത്തിലും നിലനിന്നിരുന്നു. ഇവ ഇന്ന് ശാസ്ത്രത്തിന് കീഴടങ്ങിയിരിക്കുന്നു. ആചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമിടയിൽ കൂടി നമ്മുടെ പ്രദേശം ബഹുദൂരം മുന്നോട്ടു പോയിരിക്കുന്നു.

കൊയ്ത്ത് കഴിഞ്ഞ്, മകരമാസത്തിലേയും ചിങ്ങമാസത്തിലേയും രാവുകളിൽ, മലയിറങ്ങി വരുന്ന കാട്ടുമക്കളുടെ 'രാപ്പാട്ട് സംഘ'ത്തെ വരവേൽക്കാൻ പുന്നെല്ലുമായി കാത്തുനിന്നിരുന്ന ഗ്രാമീണർക്ക് ഇന്നുമത് ഗൃഹാതുരത്വമുണർത്തുന്നൊരോർമ്മയാണ്. പ്ലാമ്പഴിഞ്ഞി, വാഴിച്ചൽ വാർഡുകളിലെ ആദിവാസികൾക്കിടയിൽ 'ചാറ്റുപാട്ട്' ഇന്നും നിലനില്ക്കുന്നു.

ദേശീയപ്രസ്ഥാനത്തോടൊപ്പം വളർന്നുവന്ന അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നമ്മുടെ സാംസ്കാരിക രംഗത്ത് ക്രിയാത്മക തുടക്കം കുറിച്ചു.

ഗ്രന്ഥശാലകൾ

കുന്നനാട് ഗവ: എൽ. പി. സ്കൂളിനോടൊപ്പം ഒരു ചെറിയ ഗ്രന്ഥശാല പ്രവർത്തിച്ചിരുന്നു. ഈ സ്കൂൾ സ്ഥാപിച്ച കാലം മുതൽ ഈ ഗ്രന്ഥശാലയും ഉണ്ടായിരുന്നു. എന്നാൽ കാലക്രമത്തിൽ സ്കൂളിനോട് ചേർന്ന് ഗ്രന്ഥശാല നടത്താൻ പല ബുദ്ധിമുട്ടുകളും ഉണ്ടായി. അന്ന് ഈ ഗ്രന്ഥശാലയിൽ ഉണ്ടായിരുന്ന പുസ്തകങ്ങൾ ഒറ്റശേഖരമംഗലം കിസാൻ ഗ്രന്ഥശാലയിലേയ്ക്കു മാറ്റി ഈ ഗ്രന്ഥശാലയുടെ പ്രവർത്തനം അവസാനിപ്പിച്ചു.

1947-ൽ ഒറ്റശേഖരമംഗലത്ത് സ്ഥാപിച്ച ഒരു ഗ്രന്ഥശാലയാണ് യുവജന സമാജം കിസാൻ ഗ്രന്ഥശാല. ഇതിന്റെ സ്ഥാപനത്തിനു വേണ്ടി പരിശ്രമിച്ച വ്യക്തിയാണ് ശ്രീ. അയ്യപ്പൻപിള്ള. ഈ പഞ്ചായത്തിലേയെന്നല്ല താലൂക്കിലെ തന്നെ ഏറ്റവും വലിയ ഒരു ഗ്രന്ഥശാലയാണ് ഇത്. ഈ ഗ്രന്ഥശാലയിൽ തിരുവനന്തപുരം സെൻട്രൽ പോളിടെക്നിക് സ്കീമിൽ ഉൾപ്പെടുത്തി പ്ലെമ്പിംഗ് ട്രേഡ് ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നല്കുന്നു. ഒരു കയ്യെഴുത്ത് മാസികയും പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതിനെ തുടർന്ന് പിൽക്കാലത്ത് പുഴനാട് ടാഗോർ മെമ്മോറിയൽ ഗ്രന്ഥശാല, ചേനാട് ഉദയാ യുവജന ഗ്രന്ഥശാല, വാളികോട് കലാസമിതി & ഗ്രാമീണ ഗ്രന്ഥശാല തുടങ്ങിയവ വളർന്നുവന്നു. ഇത് കൂടാതെ പേരേക്കോണം പ്രതിഭാ ലൈബ്രറി & റീഡിംഗ് റൂം പഞ്ചായത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ നടക്കുന്നുണ്ട്. ഇതിൽ ഒരു ലൈബ്രേറിയനേയും പഞ്ചായത്ത് നിയമിച്ചിട്ടുണ്ട്. ഈ ലൈബ്രറിയുടെ പ്രവർത്തനം പഞ്ചായത്ത് ആഫീസിനോടൊപ്പമുള്ള ലൈബ്രറി കെട്ടിടത്തിലേയ്ക്ക് സമീപഭാവിയിൽ മാറ്റുന്നതാണ്. പഞ്ചായത്ത് നിയന്ത്രണത്തിലുള്ള ഗ്രന്ഥശാല ഒഴികെയുള്ള 4 ഗ്രന്ഥശാലകളും പ്രാദേശികമായി ലഭിക്കുന്ന സംഭാവനകളും വരിസംഖ്യയും ഉപയോഗിച്ചാണ് പ്രവർത്തിക്കുന്നത്. ഗ്രന്ഥശാലാ സംഘത്തിന്റെ ഗ്രാൻറ് ലഭിക്കുന്നുണ്ട്. ഇവയിലെല്ലാം തന്നെ ആനുകാലിക പ്രസിദ്ധീകരണങ്ങൾ വരുത്തുന്നുണ്ട്. ഇവയുടെ വിശദീകരണ പട്ടിക 53-ൽ കൊടുത്തിരിക്കുന്നു.

പട്ടിക 53 : നിലവിലുള്ള ഗ്രന്ഥശാലകൾ

ക്രമ നമ്പർ	പേര്	കീഴിൽ പ്രവർത്തിക്കുന്നവ	സ്ഥാപിച്ച വർഷം	കെട്ടിടത്തിന്റെ വിവരം	നിലവിലുള്ള അംഗ സംഖ്യ	പുസ്തകങ്ങളുടെ എണ്ണം	പ്രതിമാസ പുസ്തക വിതരണം	സർക്കാർ ധനസഹായം
1.	കിസാൻ ഗ്രന്ഥശാല ഒറ്റശേഖരമംഗലം	വായന ശാല	1947	കെട്ടിടം ഉണ്ട്	1470	9000	1000	ഉണ്ട്
2.	ഗ്രാമീണ കർഷക ഗ്രന്ഥശാല, വാളികോട്	വായന ശാല	1952	പഞ്ചായത്തു വക കെട്ടിടം	800	2857	425	ഉണ്ട്
3.	ടാഗോർ മെമ്മോറിയൽ യുവജനസമാജം ഗ്രന്ഥശാല, പുഴനാട്	ജനവിദ്യാ കേന്ദ്രം	1978	വാടക കെട്ടിടം		1859	450	ഉണ്ട്
4.	ഉദയാ യുവജന ഗ്രന്ഥശാല, ചേനാട്	കലാസമിതി, വായന ശാല	1977	വാടക കെട്ടിടം	750	500	300	കലാസമിതിയുടെ ഗ്രാൻറ്ഉണ്ട്
5.	പ്രതിഭാ ലൈബ്രറി പേരേക്കോണം	വായന ശാല		കെട്ടിടം ഉണ്ട്				

സാംസ്കാരിക നിലയം

പഞ്ചായത്തുവക ഒരു സാംസ്കാരിക നിലയം പേരേക്കോണത്ത് പ്രവർത്തിക്കുന്നുണ്ട്. അതിന്റെ കൂടെയാണ് ഇപ്പോൾ പേരേക്കോണം പ്രതിഭാ ലൈബ്രറി പ്രവർത്തിക്കുന്നത്. ഇവിടെ ഗസറ്റും '4' പത്രങ്ങളും വരുത്തുന്നുണ്ട്.

കലാകായിക രംഗം

പഞ്ചായത്തിൽ 23-ഓളം കലാകായിക സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ എണ്ണത്തിനും നെഹ്റു യുവകേന്ദ്രത്തിന്റെ അഫിലിയേഷൻ ലഭിച്ചിട്ടുണ്ട്. കായികരംഗത്ത് വലിയ സംഭാവനകൾ നല്കാൻ നമ്മുടെ പഞ്ചായത്തിലെ കായിക പ്രതിഭകൾക്ക് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന നിലവാരത്തിലുള്ള മത്സരങ്ങളിൽ പങ്കെടുക്കാൻ അവസരം ലഭിച്ച കായിക പ്രതിഭകൾ ഇവിടെയുണ്ട്. പഞ്ചായത്തിന്റെ വകയായി ഒരു സ്റ്റേഡിയം ഉണ്ട് എങ്കിലും അതിന്റെ പണി പൂർത്തീകരിച്ചിട്ടില്ല. കുളം നികത്തി എടുത്തതായതിനാൽ മഴക്കാലങ്ങളിൽ ഇവിടെ വെള്ളം നിറയുന്നു. അതുപോലെ ഒരു ചുറ്റുമതിലും ഇതിനു ആവശ്യമാണ്. ഈ സ്റ്റേഡിയത്തിന്റെ പണി എത്രയും വേഗം പൂർത്തിയാക്കണം. അതുപോലെ തന്നെ നമ്മുടെ രണ്ടു ഹൈസ്കൂളുകളിലെയും മൈതാനങ്ങൾ (സ്റ്റേഡിയം) പുറത്തുള്ള കായിക പ്രതിഭകൾക്ക് കൂടി പരിശീലനം നേടുന്നതിന് അവസരം നല്കേണ്ടതാണ്. ഇക്കാര്യങ്ങൾ കൂടി ശ്രദ്ധിച്ചാൽ ഒരു പരിധിവരെ കളിസ്ഥലങ്ങളുടെ കുറവ് പരിഹരിക്കാവുന്നതാണ്. ഇന്നു വികസിച്ചുകൊണ്ടിരിക്കുന്ന മറ്റൊരു കായികഇനമാണ് നീന്തൽ. അതിന് പരിശീലനം ലഭിക്കുന്നതിന് ഉതകുന്ന നിന്തൽ കുളങ്ങൾ ഒന്നുംതന്നെ ഇവിടെയില്ല.

പല കലാപ്രതിഭകൾക്കും ജന്മം നല്കിയ ഒരു നാടാണ് നമ്മുടേത്. വേണ്ടത്ര പ്രോത്സാഹനം നല്കിയാൽ നല്ല കവികളെയും കലാകാരന്മാരേയും വാർത്തെടുക്കാൻ നമുക്ക് കഴിയും. ഓട്ടൻ തുള്ളൽ രംഗത്ത് ആദ്യമായി പ്രവേശിച്ച വനിതയായ സീതമ്മ വാര്യസ്യാർ ഈ നാടിന്റെ അഭിമാനഭാജനമാണ്. സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ ഓട്ടൻ തുള്ളലിന് സമ്മാനം നേടാൻ ഈ പഞ്ചായത്തിലെ ഒരു കുട്ടിക്ക് കഴിഞ്ഞു. സംസ്ഥാനതല നാടക മത്സരങ്ങളിലും ഈ പഞ്ചായത്തിലെ കുട്ടികൾ പങ്കെടുത്തിട്ടുണ്ട്. കഥാപ്രസംഗകലയിൽ തന്റെ സജീവ സാന്നിദ്ധ്യമുറപ്പിച്ച കുമാരി സംഗീത ഈ നാടിന്റെ ഭാവിവാഗ്ദാനങ്ങളിലൊന്നാണ്.

സ്കൂൾ കുട്ടികളിൽ കായിക കലാപ്രതിഭകളെ കണ്ടെത്തി അവർക്ക് വേണ്ട പ്രോത്സാഹനം നല്കുന്നതിനുള്ള ഒരു പരിപാടിയും പഞ്ചായത്തുതലത്തിൽ ആവിഷ്കരിക്കാൻ കഴിഞ്ഞിട്ടില്ല. ഈ രംഗം ഒന്നു ശ്രദ്ധിച്ചാൽ നമുക്ക് പല കായിക കലാപ്രതിഭകളേയും നാട്ടിന് സംഭാവന ചെയ്യാൻ കഴിയും.

നിലവിലുള്ള കായിക കലാസംഘടനകൾ

ക്രമ നമ്പർ	പേര്
1.	കാവ്യഭാവന, പൂഴനാട്
2.	ഭാവന ആർട്സ് & സ്പോർട്സ്, നീർവാഴിക്കോണം
3.	പുലരി, മംഗലത്തുകോണം
4.	അതുല്യ, പാക്കോട്ടുകോണം
5.	C. V. R. ചേനാട്
6.	സബർമതി, പൂഴനാട്
7.	യുവജന സഹായസന്നദ്ധ സംഘടന, പൂഴനാട്
8.	S. M. A. C. മണ്ഡപത്തിൻകടവ്
9.	യുവധാര, കുരവറ
10.	രംഗശാല, തിരുവനന്തപുരം
11.	സരിഗ, കാനക്കോട്
12.	ചൈതന്യ, കുറ്ററ
13.	ഉദയാ യുവജനകലാസമിതി, ചേനാട്
14.	വാസ്ക്കോഡ ഗാമ, ചേനാട്
15.	കലാലയ, ഉലട്ടിമൂട്
16.	യുവധാര, മണക്കാല
17.	ചലഞ്ചർ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, ആറ്റൂർ
18.	സാംസ്ക്കാരിക യുവജനകലാസമിതി, വാളികോട്
19.	ശക്തി ജിംനേഷ്യം, മണ്ഡപത്തിൻകടവ്
20.	ജയ കളരിപ്പയറ്റ് സംഘം, വാളികോട്
21.	പൗരസമിതി, പാക്കോട്ടുകോണം
22.	A. K. G. മെമ്മോറിയൽ ആർട്സ് ക്ലബ്ബ്, വാളികോട്
23.	പൗരസമിതി, കവറ്റുകോണം

ഇതു കൂടാതെ തന്നെ ഇവിടെ 12 മഹിളാസമാജങ്ങളും ചില പൗരസമിതികളും പ്രവർത്തിക്കുന്നുണ്ട്. കഥാപ്രസംഗം, നാടകം, ഗാനമേള തുടങ്ങിയ ഇനങ്ങളിൽ പ്രൊഫഷണൽ ഗ്രൂപ്പുകൾ ഈ പഞ്ചായത്തിലുണ്ട്.

ആരാധനാലയങ്ങൾ

ഈ പഞ്ചായത്തിൽ ഹിന്ദുക്കൾ, ക്രിസ്ത്യാനികൾ, മുസ്ലീങ്ങൾ എന്നീ മതവിശ്വാസികൾ ഒരുമയോടെ ജീവിക്കുന്നു. ഒരിക്കലും മതത്തിന്റെയോ ജാതിയുടെയോ പേരിലുള്ള സംഘർഷങ്ങൾ ഇവിടെയുണ്ടായിട്ടില്ല. വിവിധ മതവിഭാഗങ്ങളുടെ ആരാധനാലയങ്ങൾ ഇവിടെ മതസൗഹാർദ്ദത്തിന്റെ പ്രതീകമായി നിലകൊള്ളുന്നു. 15-ഓളം ഹൈന്ദവ ക്ഷേത്രങ്ങളും

25-ഓളം ക്രിസ്ത്യൻ പള്ളികളും ഒരു മുസ്ലീം പള്ളിയും തയ്ക്കാവും ഈ പഞ്ചായത്തിന്റെ മതനിരപേക്ഷതയുടെ ചിഹ്നങ്ങളായി നിലകൊള്ളുന്നു. ഒറ്റശേഖരമംഗലം ശ്രീമഹാദേവർ ക്ഷേത്രം, പൂഴനാട് പുക്കിലന്തറ ശ്രീധർമ്മശാസ്താ ക്ഷേത്രം, വാഴിച്ചൽ ശ്രീധർമ്മശാസ്താ ക്ഷേത്രം ഇവ ദേവസ്വം ബോർഡിന്റെ കീഴിലാണ്. പൂഴനാട് മുസ്ലീം പള്ളിയും അതിപുരാതനമായ ഒരു ദേവാലയമാണ്. വട്ടപ്പറമ്പ് സാൽവേഷൻ ആർമി ചർച്ചിന് 100-ൽ പരം വർഷത്തെ പഴക്കമുണ്ട്. ഗ്രാമത്തിൽ സാംസ്ക്കാരിക തെളിമ സമ്മാനിച്ച വഴിയിൽ ക്രിസ്ത്യൻ മിഷനറിമാരുടെ പ്രവർത്തനങ്ങൾ എടുത്തു പറയത്തക്കതാണ്. നമ്മുടെ ഗ്രാമത്തിലും ക്രിസ്ത്യൻ പള്ളികളുമായി ബന്ധപ്പെട്ട നിരവധി സാംസ്ക്കാരിക പ്രവർത്തനങ്ങൾ ഇന്നും നടക്കുന്നുണ്ട്.

ആഘോഷങ്ങൾ

ഓണം, ക്രിസ്തുമസ്, ഈസ്റ്റർ എന്നീ ആഘോഷങ്ങൾ ജനങ്ങൾ സംഘടിച്ച് നടത്താറുണ്ട്. ഇവിടത്തെ അമ്പലങ്ങളിലെ ഉത്സവങ്ങൾ ഇന്നാട്ടുകാരുടെ ഒരു പ്രാദേശിക ആഘോഷമായി ഒരുമയോടെ കൊണ്ടാടുന്നു. (ഉദാ: ഒറ്റശേഖരമംഗലം ശ്രീമഹാദേവർ ക്ഷേത്രത്തിലെ തിരുവാതിര ആറാട്ട് മഹോത്സവം.) കലാസമിതികളും ആഘോഷങ്ങൾ പതിവായി സംഘടിപ്പിക്കുന്നുണ്ട്.

കലയുടെ ഹൃദയരഹസ്യം തേടിപ്പോയ നിരവധി കലാകാരന്മാർ നമുക്ക് ഉണ്ടായിരുന്നു. അവരിൽ പലരും ഇന്ന് ജീവിച്ചിരിക്കുന്ന ചുരുളോട് പുത്തൻവീട്ടിൽ E. പത്മനാഭ പിള്ള (പരിചകളി), ചാവടിവിളാകം പി. രാമൻപിള്ള (കാക്കരശി നാടകം), അപ്പി ആശാൻ (കോൽക്കളി), ചടയമ്പ്രക്കോണം വേലായുധൻപിള്ള (കളരിപ്പയറ്റ്), ചടയമ്പ്രക്കോണം കരുണാകരൻ നായർ, ചാവടിവിളാകം രാമൻപിള്ള (ഗുസ്തി), വാളിക്കോട് കുഞ്ഞിരാമൻ നായർ, മേക്കേശൂലംകുഴി ആർ. ചന്ദ്രശേഖരൻ നായർ (ബാർകളി - ജിംനാസ്റ്റ്) തുടങ്ങിയ ജീവിച്ചിരിക്കുന്നവരും യശ്ശഃശരീരരുമായ നിരവധി പ്രതിഭാശാലികളുടെ കലാകായിക പാരമ്പര്യം കാത്തു സൂക്ഷിക്കാൻ നാം ശ്രമിക്കേണ്ടതാണ്. അവരുടെ സ്മരണ നമുക്ക് എന്നും പ്രചോദനം നല്കുന്നതായിരിക്കും.

പുരാതന വാസ്തുശില്പം വിളിച്ചറിയിക്കുന്നതായിരുന്നു ഒറ്റശേഖരമംഗലം തെങ്ങുമൺ മഠം. 250 വർഷങ്ങൾക്കു മുൻപ് തമിഴ്നാട്ടിലെ കടയൽ താമരക്കുളത്തു മഠത്തിൽ നിന്നും ഇവിടെ എത്തിച്ചേർന്ന ഒരു നമ്പൂതിരി കുടുംബമാണിത്. ഈ മഠത്തിലെ പുരാതന ശില്പമാതൃകകൾ ഈ അടുത്തകാലം വരെ നില നിന്നിരുന്നു. ഈ ഗ്രാമത്തിലെ വിദ്യാഭ്യാസ സാംസ്ക്കാരിക പുരോഗതിക്ക് ഈ മഠത്തിന്റെ സംഭാവന പ്രശംസനീയമാണ്.

സാംസ്ക്കാരിക രംഗത്തെ പ്രശ്നങ്ങൾ

1. കടമ്പറ, കുരവറ, പ്ലാമ്പഴിഞ്ഞി, വാഴിച്ചൽ എന്നീ വാർഡുകളിൽ ഗ്രന്ഥശാലകളോ വായനശാലകളോ ഇല്ല.
2. ഗ്രന്ഥശാലകളിൽ വന്ന് പുസ്തകം എടുക്കുന്നവരുടെ എണ്ണം വിശേഷിച്ചും സ്ത്രീകളുടെ എണ്ണം കുറഞ്ഞുകുറഞ്ഞു വരുന്നു.
3. കലാരംഗങ്ങളിൽ വാസനയുള്ള പ്രതിഭാശാലികൾക്ക് വേണ്ടുന്ന പ്രോത്സാഹനം ലഭിക്കുന്നില്ല.
4. അനൗപചാരിക വിദ്യാഭ്യാസ പരിപാടികളാകെ നിർജീവാവസ്ഥയിലാണ്. ജനവിദ്യാകേന്ദ്രങ്ങൾ നിർജ്ജീവാവസ്ഥയിലാണ്.
5. ഗ്രന്ഥശാലക്കാവശ്യമുള്ള ധനസഹായം പഴയതുപോലെ തന്നെ നിലനിൽക്കുകയാണ്. ഇതു തികച്ചും അപര്യാപ്തമാണ്.
6. ടെലിവിഷന്റെ അതിപ്രസരം കുട്ടികളുടെ വിദ്യാഭ്യാസത്തെ ദോഷകരമായി ബാധിക്കുന്നു.
7. പഴയ കലാരൂപങ്ങൾ മുഴുവൻ അസ്തമിച്ചു കൊണ്ടിരിക്കുന്നു.
8. പഞ്ചായത്ത് സ്റ്റേഡിയം പൂർത്തീകരിച്ചിട്ടില്ല.

സാദ്ധ്യതകളും പരിഹാര നിർദ്ദേശങ്ങളും

1. പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിനകത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഗ്രന്ഥശാല എത്രയും വേഗം പ്രവർത്തനം ആരംഭിക്കണം.
2. പൂഴനാട്, പ്ലാമ്പഴിഞ്ഞി, വാഴിച്ചൽ എന്നീ വാർഡുകളിൽ സൗകര്യപ്രദമായ സ്ഥലത്ത് ഓരോ ഗ്രന്ഥശാലയും അതിൽതന്നെ വായനശാലകളും ആരംഭിക്കണം. അനൗപചാരിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ വാർഡുകളിലും ജനവിദ്യാകേന്ദ്രങ്ങൾ സ്ഥാപിക്കണം. ഇതിന്റെ ചുമതല, തയ്യാറുള്ള, ഗ്രന്ഥശാലകളെയോ കലാസാംസ്ക്കാരിക സ്ഥാപനങ്ങളെയോ ഏല്പിക്കണം.
3. ഗ്രന്ഥശാലകളിൽ നിന്ന് പുസ്തകം വീടുകളിൽ കൊണ്ടുപോയി വിതരണം ചെയ്യുന്ന വാളിക്കോട് ഗ്രാമീണ കാർഷിക ഗ്രന്ഥശാലയുടെ പരിപാടി മുഴുവൻ ഗ്രന്ഥശാലകളും മാതൃകയായി സ്വീകരിക്കണം.
4. പൂഴനാട് ടാഗോർ ഗ്രന്ഥശാലക്ക് ഒരു കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം ഗ്രന്ഥശാല ഇന്നു വാടകയ്ക്ക് പ്രവർത്തിക്കുന്ന ഭാഗത്തിന് അടുത്തു നിന്നുതന്നെ നാട്ടുകാരുടെ സംഭാവനയായി ലഭിക്കുന്നതാണ്.

5. ഒറ്റശേഖരമംഗലം പഞ്ചായത്തിലെ മുഴുവൻ കലാകായിക സമിതികളേയും ഒത്തുചേർത്ത് പഞ്ചായത്തിന്റെ കീഴിൽ തന്നെ ഒരു സാംസ്കാരിക സമിതി രൂപീകരിക്കുക. ഈ സമിതി പ്രതിഭാശാലികളായ കലാകായിക താരങ്ങളെ കണ്ടെത്തി അവർക്ക് വേണ്ടത്ര പ്രോത്സാഹനം നല്കണം.

6. ഗ്രാമീണ പുസ്തക വിതരണപദ്ധതി നമ്മുടെ പഞ്ചായത്തിലെ മുഴുവൻ ഗ്രന്ഥശാലകളിലും നടപ്പിലാക്കണം. ഇതുമൂലം സ്ത്രീകളുടെ വായനാശീലം വർദ്ധിപ്പിക്കാൻ കഴിയും.

7. മുഴുവൻ ഗ്രന്ഥശാലകൾക്കും പഞ്ചായത്തിൽ നിന്ന് ഗ്രാൻറ് അനുവദിക്കണം. മാതൃകാപരമായി പ്രവർത്തിക്കുന്ന ഗ്രന്ഥശാലകൾക്ക് പ്രോത്സാഹന സമ്മാനങ്ങൾ നല്കണം.

8. ഉപഗ്രഹ ടെലിവിഷൻ ചാനലിൽ സെക്സിന്റെ അതിപ്രസരത്തെപ്പറ്റി കുട്ടികളെ ബോധവൽക്കരിക്കുക. ഈവിധ പരിപാടികൾ കാണാതിരിക്കാൻ ശ്രദ്ധിക്കുക. പഞ്ചായത്തിൽ ഒരു ഫിലിം ക്ലബ്ബ് രൂപീകരിക്കുകയും അതിലൂടെ കാർഷിക വിദ്യാഭ്യാസ രാജ്യസ്നേഹപരങ്ങളായ ഫിലിമുകൾ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള റ്റി. വി. കളിലൂടെ പ്രദർശിപ്പിക്കുകയും ചെയ്യുക.

9. പഴയ കലാരൂപങ്ങൾ കണ്ടെത്തി അവയ്ക്ക് വേണ്ടുന്ന പ്രോത്സാഹനം നല്കണം. ആ വിധത്തിലുള്ള കലാകാരന്മാർക്ക് ഗ്രാൻറ് നല്കണം.

10. കാർഷിക നേട്ടങ്ങളിൽ പുത്തൻ പ്രതീക്ഷ നല്കുന്ന ക്ലബ്ബുകൾക്ക് ധനസഹായം നല്കണം.

11. കുട്ടികളിൽ കായികസംസ്ക്കാരം വളർത്താൻ അവധികാലങ്ങളവിൽ സ്പോർട്സ് കൗൺസിലിന്റെ സഹായത്തോടെ സാദ്ധ്യതയുള്ള ഇനങ്ങളിൽ കോച്ചിംഗ് ക്ലാസ്സുകൾ സംഘടിപ്പിക്കുക.

12. മൈപറമ്പ് കുളം നവീനരീതിയിൽ പരിഷ്ക്കരിച്ച് ഒരു നീന്തൽകുളം ആക്കുക.

13. പഞ്ചായത്തുതലത്തിൽ സ്പോർട്സ് കൗൺസിൽ രൂപീകരിച്ചാൽ വളരെ ചെറുപ്പത്തിൽതന്നെ കായിക പ്രതിഭകളെ കണ്ടെത്തി പരിശീലനം നല്കാൻ കഴിയും. ഇന്ന് ജില്ലാതലം വരെ മാത്രമാണ് സ്പോർട്സ് കൗൺസിൽ പ്രവർത്തിക്കുന്നത്.

14. പഞ്ചായത്ത് സ്റ്റേഡിയം അടിയന്തിരമായി പണിചെയ്ത് മഴക്കാലങ്ങളിലും കായിക പ്രേമികൾക്ക് കളിക്കുന്നതിന് സജ്ജമാക്കണം.

15. സ്റ്റേഡിയത്തിനു ചുറ്റും കൈവരി കെട്ടി പൊക്കണം. ഒരുവശത്തുകൂടി ഓടകെട്ടി ഊറ്റുവെള്ളം ഒഴുകിപ്പോകുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

വിദ്യാഭ്യാസവും സംസ്ക്കാരവുമുള്ള ജനതനാടിന്റെ സമ്പത്ത് ആണ്. ഈ വിധത്തിൽ ആയിരിക്കട്ടെ നമ്മുടെ നാടിന്റെ സാംസ്ക്കാരിക പുരോഗതി. ●

നിങ്ങൾക്ക് വിടർന്ന പനിനീർപ്പൂവിന്റെ സൗരഭ്യം വേണോ ? എങ്കിൽ അതിന്റെ മുള്ളുകളെക്കൂടി സഹിക്കണം. നിങ്ങൾക്ക് പുഞ്ചിരിക്കുന്ന പുലരിയുടെ മാധുര്യം വേണോ ? എങ്കിൽ രാത്രിയുടെ ഇരുണ്ട യാമങ്ങളിൽക്കൂടി കടന്നുപോകണം. നിങ്ങൾക്ക് സ്വാതന്ത്ര്യത്തിന്റെ ആനന്ദവും ആശ്വാസവും വേണോ ? എങ്കിൽ അതിനുള്ള വില കൊടുക്കണം. സ്വാതന്ത്ര്യത്തിന്റെ വില ത്യാഗവും യാതനയുമത്രെ . . . .

- സുഭാഷ് ചന്ദ്രബോസ്

4.9 വനിതാക്ഷേമം

വിദ്യാഭ്യാസത്തിലും സാമൂഹിക പ്രവർത്തന മേഖലയിലുമുള്ള സ്ത്രീകളുടെ പങ്കാളിത്തത്തിന്റെ നിരക്കാണ് ഏതൊരു പരിഷ്കൃത സമൂഹത്തിന്റെയും അളവുകോൽ.

സംസ്ക്കാര സമ്പന്നമായ ഒരു വികസിത സമൂഹത്തിൽ വനിതകളുടെ വിമോചനം അത്യന്താപേക്ഷിതമാണ്. സാമൂഹ്യസമ്പത്തുല്പാദനത്തിൽ ഇന്ന് വനിതകൾ നിർവഹിച്ചുവരുന്ന പങ്കുപോലും അറിയാതെ - കാണാപ്പണികളുടെ അടുക്കളയ്ക്കുള്ളിൽ തളച്ചിടപ്പെട്ടവരാണ് നമ്മുടെ വനിതകളിൽ ഭൂരിഭാഗവും. നിലവിലുള്ള പഞ്ചായത്ത് രാജ് നിയമപ്രകാരം കൂടുതൽ വനിതകൾക്ക് സാമൂഹ്യ പ്രവർത്തന രംഗത്ത് പ്രവർത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ത്രിതല പഞ്ചായത്തു സമിതികളിൽ ഇന്ന് സ്ത്രീകൾക്ക് 1/3 പ്രാതിനിധ്യം നല്കിയിട്ടുണ്ട്. ഇക്കാരണങ്ങൾ കൊണ്ടുതന്നെ സ്ത്രീകളേയും കൂടി അവകാശബോധമുള്ളവരാക്കി പഴയ സാമൂഹ്യചട്ടക്കൂട്ടിൽ നിന്നും മോചിപ്പിച്ച് ശക്തരാക്കികൊണ്ടു മാത്രമേ ശരിയായ വികസനപ്രവർത്തനം പൂർണ്ണമാക്കാൻ കഴിയുകയുള്ളൂ. പരസ്പരമുള്ള തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ തോളോടു തോൾ ചേർന്നു നില്ക്കുന്ന പുരുഷനും സ്ത്രീയും അടങ്ങുന്ന സമൂഹത്തിനു മാത്രമേ മുന്നേറാനാവുകയുള്ളൂ.

ഒറ്റശേഖരമംഗലം പഞ്ചായത്തിലെ ജനസംഖ്യയിൽ 51.3 ശതമാനം സ്ത്രീകളാണ്. മൊത്തം ജനസംഖ്യയിൽ 1000 പുരുഷന്മാർക്ക് 1056 സ്ത്രീകൾ വരും. 476 കുടുംബങ്ങൾ വനിതകളുടെ നിയന്ത്രണത്തിലാണ്.

വിദ്യാഭ്യാസ യോഗ്യതയുടെ കാര്യത്തിൽ സ്ത്രീകളുടെ എണ്ണം പുരുഷന്മാരെ അപേക്ഷിച്ച് കുറവാണ് എന്നാണ് കണക്കുകൾ കാണിക്കുന്നത്. മൊത്തം 8749 സ്ത്രീകളിൽ 8487 പേർ മാത്രമാണ് സാക്ഷരർ. സാക്ഷരതയുടെ കാര്യത്തിൽ പുരുഷന്മാർ 80% വരുമ്പോൾ സ്ത്രീകൾ 74% മാത്രമാണ്. നമ്മുടെ പഞ്ചായത്തിൽ സ്ത്രീകളിൽ നിരക്ഷരർ കൂടുതലുള്ളത് പുഴനാട് വാർഡിലാണ് (71%). പെൺകുട്ടികൾക്ക് മാത്രമായി ഇന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നുംതന്നെയില്ല. എന്നാൽ പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി 1937-ൽ പുഴനാട് ആംഭിച്ച പെൺ പള്ളിക്കൂടം ഇതിലേയ്ക്കുള്ള ഈ നാട്ടിലെ ആദ്യത്തെ സംരംഭമാണ്. ഇന്ന് ആകെയുള്ള 2644 കുട്ടികളിൽ 1353 പേർ ആൺകുട്ടികളും 1291 പേർ പെൺകുട്ടികളുമാണ്. ഇവരിൽ നല്ലൊരു ഭാഗം ഹൈസ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് വിദ്യാഭ്യാസം അവസാനിപ്പിക്കുന്നു.

ഈ നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ നമ്മുടെ നാട്ടിൽ അലയടിച്ചുയർന്ന നവോത്ഥാന സ്വാതന്ത്ര്യ പ്രസ്ഥാനങ്ങളിലൊന്നും നമ്മുടെ പഞ്ചായത്തിലെ സ്ത്രീകൾ ആരും നേതൃത്വനിരയിൽ എത്തിയിട്ടില്ല. എങ്കിൽ കൂടി ഇന്നാട്ടിലെ സ്ത്രീകളുടെ ഉന്നമനത്തിന് നേതൃത്വം നല്കിയവരാണ് ഒറ്റശേഖരമംഗലം ചെല്ലമ്മപിള്ള തുടങ്ങിയവർ. ഈ പിന്നോക്കാവസ്ഥയ്ക്കു കാരണം ശരിയായ വിദ്യാഭ്യാസം ലഭിക്കാത്തതു തന്നെ. ഈ പഞ്ചായത്തിലെ ആദ്യത്തെ വനിതാ മെമ്പർ ഡി. വിക്ടോറിയ ആണ്. അവർ അന്നും ഒരു സാമൂഹിക പ്രവർത്തകയായിരുന്നു. അവർക്ക് താങ്ങും തണലുമായി നിന്നത് നിരക്ഷരയായിരുന്ന മാർത്ത തുടങ്ങിയവരായിരുന്നു. വനിതാ നേതൃനിരയിൽ അടുത്ത കാലത്തായി സാരമായ മാറ്റം ഉണ്ടായിട്ടുണ്ട്.

സാമൂഹിക പ്രവർത്തന മേഖലയിൽ പഴയകാലത്ത് സ്ത്രീ പങ്കാളിത്തം വളരെ കുറവായിരുന്നു. ആ കാലഘട്ടത്തിൽ സ്കൂൾ വിദ്യാഭ്യാസം പെൺകുട്ടികൾക്കും അപ്രാപ്യമായിരുന്നു. എല്ലാ ജാതിയിൽപ്പെട്ടവർക്കും അക്കാലത്ത് സ്കൂളിൽ യഥേഷ്ടമായ പ്രവേശനം ഉണ്ടായിരുന്നില്ല. ഉയർന്ന ജാതിയിലെ പെൺകുട്ടികൾ പോലും ഹൈസ്കൂൾ വിദ്യാഭ്യാസം നടത്തിയിരുന്നില്ല.

ഈ പഞ്ചായത്തിൽ 12 മഹിളാ സമാജങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ ഇവയിലൂടെ സ്ത്രീകളുടേതായ ക്ഷേമപദ്ധതികൾ ഒന്നുംതന്നെ ആവിഷ്കരിച്ചു നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. പുരുഷന്മാരുടെ മദ്യപാനം മൂലം ദുരിതം അനുഭവിക്കുന്ന സ്ത്രീകൾ ഏഴു ശതമാനം വരും. സ്ത്രീധന പീഡനം അനുഭവിക്കുന്നവർ വളരെ കുറവാണെങ്കിലും ഈ വ്യവസ്ഥിതി പല കുടുംബങ്ങളേയും വളരെയധികം ദുഃഖിപ്പിക്കുന്നു. വിവാഹപ്രായമെത്തിയ പെൺമക്കളെ സ്ത്രീധനം നല്കാൻ കഴിയാത്തതിന്റെ പേരിൽ വിവാഹം ചെയ്തയയ്ക്കാൻ കഴിയാത്ത പല കുടുംബങ്ങളും ഇവിടെയുണ്ട്. ഈ പ്രവണത ബോധവൽക്കരണം മൂലം കർശനമായി നിയന്ത്രിക്കേണ്ടതാണ്.

സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന പോസ്റ്ററുകൾ ഈ പഞ്ചായത്തിൽ പ്രദർശിപ്പിക്കാറില്ല. എങ്കിലും ചില മാദ്ധ്യമങ്ങളിലും, സിനിമ, ടെലിവിഷൻ എന്നിവകളിലും ഇത്തരം പ്രവണത ധാരാളമായി കണ്ടു വരുന്നു. സ്ത്രീകളെ പ്രദർശന വസ്തുവാക്കുന്ന ഈ രീതി അവസാനിപ്പിക്കാൻ എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്. പുരുഷന്മാരോടൊപ്പം സാമൂഹിക നീതിയും മാന്യതയും തൊഴിലവസരങ്ങളും സ്ത്രീകൾക്ക് ലഭ്യ

മാക്കണം. സാമൂഹ്യസംഘടനകളിൽ സ്ത്രീകൾക്ക് കൂടുതൽ പങ്കാളിത്തം ഉണ്ടാകണം. അതിന് പുരുഷന്മാർ തന്നെ പ്രത്യേകം ശ്രദ്ധിക്കണം. പുരോഗമന സ്വഭാവമുള്ള രാഷ്ട്രീയ പാർട്ടികൾ പോലും സ്ത്രീകൾക്ക് അതാതു സംഘടനകളിൽ മതിയായ പങ്കാളിത്തം ഇന്നും നല്കുന്നില്ല.

രോഗാതുരതയുടെ കാര്യത്തിൽ സ്ത്രീകളുടെ അവസ്ഥ പൊതുവെ ശോചനീയം ആണ്. സ്ത്രീകളുടെ ആരോഗ്യസ്ഥിതിയെപ്പറ്റി മനസ്സിലാക്കാൻ പോന്ന പ്രത്യേക സംവിധാനത്തിന്റെ അപര്യാപ്തത ഇവിടെയുണ്ട്. ഈ പഞ്ചായത്തിൽ വാഴിച്ചൽ, കുരവറ എന്നീ വാർഡുകളിൽ രണ്ട് സബ് സെന്ററുകളാണുള്ളത്. രണ്ട് വാർഡിന് ഒന്ന് എന്ന കണക്കിലെങ്കിലും PHC സബ് സെന്ററുകൾ തുടങ്ങണം. വനിതാ ഡോക്ടർ PHC യിൽ ഇല്ല. സ്ത്രീകളെ പരിശോധിക്കുന്നതിനു വേണ്ടുന്ന ഉപകരണങ്ങളും ഈ ആശുപത്രിയിൽ ഇല്ല.

വനിതകളുടെ മാത്രമായി ഈ പഞ്ചായത്തിൽ ഒരു സഹകരണസംഘം ഉണ്ട്. ഇതിന്റെ കീഴിൽ ഒരു ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടും ഒരു തയ്യൽ ക്ലാസും നടത്തുന്നുണ്ട്. ഇന്നാട്ടിലെ സ്ത്രീകളുടെ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി ഈ സ്ഥാപനത്തിന് കാര്യമായി ഒന്നും ചെയ്യാൻ കഴിയുന്നില്ല. അതുപോലെ വനിതകളുടെതായി ഒരു ഇൻഡസ്ട്രിയൽ സഹകരണസംഘം ഉണ്ട്. ഇവിടെ ചിരട്ട തുടങ്ങിയ വസ്തുക്കൾ കൊണ്ട് കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നു. ഇതിന്റെ കീഴിൽ ഒരു ടെക്സ്റ്റയിത്സ് പ്രവർത്തിക്കുന്നു. അതും പീഡിത വ്യവസായമായി നില്ക്കുന്നു.

ഈ ഗ്രാമത്തിലെ പട്ടികജാതിയിലെ മിക്കവാറും സ്ത്രീകൾ കർഷക തൊഴിലാളികൾ ആയിരുന്നു. എന്നാൽ കൃഷി നഷ്ടമായതിനാലും നെൽകൃഷി മാറുകയും യന്ത്രവൽക്കരണം തുടങ്ങിയ മാറ്റങ്ങൾ വരികയും ചെയ്തതിനാലും ഈ വിഭാഗത്തിന് തൊഴിൽ കുറഞ്ഞു. അതുമാത്രമല്ല, അല്പം വിദ്യാഭ്യാസം ലഭിച്ച സ്ത്രീകൾ ഈ തൊഴിലിന് പോകാതെയുമായി. എന്നാലും കൃഷിപ്പണികൾ നഷ്ടപ്പെട്ടവർ ജീവിക്കാൻ വേണ്ടി അതികഠിനമായ ജോലികൾ ചെയ്യുന്നു. പാറമടകളിൽ പോയി ജോലി ചെയ്യുന്ന അനേകം സ്ത്രീകൾ ഈ പഞ്ചായത്തിലെ നീർവാഴിക്കോണം, പേരേക്കോണം, വാഴിച്ചൽ, പ്ലാമ്പഴിഞ്ഞി തുടങ്ങിയ ഭാഗങ്ങളിൽ ഉണ്ട്. ഏകദേശം 150 ഓളം സ്ത്രീകൾ ഈ ജോലി ഇന്ന് ചെയ്തുവരുന്നു. ഈ വിഭാഗത്തിലെ സ്ത്രീകളുടെ മറ്റൊരു തൊഴിലാണ് ഈറ, ചൂരൽ ഇവ കൊണ്ടുള്ള വ്യവസായം. വാളികോട്, കുരവറ തുടങ്ങിയ വാർഡുകളിലെ 200 ഓളം സ്ത്രീകൾ ഈ കുടിൽ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നു. എന്നാൽ അവർക്കാവശ്യമുള്ളത്ര അസംസ്കൃത വസ്തുക്കളായ ഈറ, ചൂരൽ ഇവ ലഭിക്കാറില്ല. ബാംബു കോർപ്പറേഷന്റെ ഡിപ്പോയിൽ നിന്നാണ് ഇവർക്ക് ഈ സാധനം നല്കുന്നത്. ഇവ ആവശ്യാനുസരണം ലഭിക്കുന്നില്ല. പൂഴനാട് തീപ്പെട്ടി നിർമ്മാണ ശാലയിൽ 13 സ്ത്രീകൾ ജോലി ചെയ്യുന്നു. ഒറ്റശേഖരമംഗലം വില്ലേജ് ഇൻഡസ്ട്രിസ് ഡവലപ്പ്മെന്റ് സെന്ററിന്റെ കീഴിലുള്ള തീപ്പെട്ടി കമ്പനിയിൽ 60-ൽ 58 തൊഴിലാളികളും സ്ത്രീകളാണ്. അതിനോടൊപ്പം പ്രവർത്തിക്കുന്ന മെഴുകുതിരി നിർമ്മാണശാലയിൽ 5 സ്ത്രീകൾ ജോലിചെയ്യുന്നു. വാളികോട് ഖാദിബോർഡിലും വിയക്കോണം കൈത്തറിശാലയിലും ഒറ്റശേഖരമംഗലം ഖാദി ഇൻഡസ്ട്രീസിലും സ്ത്രീകളാണ് കൂടുതൽ. ഈ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെ വേതനം വളരെ വളരെ കുറവാണ്.

ഈ ഗ്രാമത്തിലെ സ്ത്രീകളുടെ ഒരു പ്രധാന തൊഴിലാണ് കെട്ടിട നിർമ്മാണം. ഏകദേശം 125 സ്ത്രീകൾ ഈ പണിയിൽ ഏർപ്പെടുന്നു. സാമാന്യം നല്ല വേതനം ഈ ജോലിയിൽ ഏർപ്പെടുന്നവർക്ക് ലഭിക്കുന്നു. ഈ പണിയിൽ ഏർപ്പെട്ടിരിക്കുന്നവരെ ഒന്നു ശ്രദ്ധിച്ചാൽ നമുക്ക് ഒരു കാര്യം മനസ്സിലാക്കാം. ഇവരിൽ ഒരു നല്ലഭാഗം വിധവകളോ സാമ്പത്തിക ക്ലേശം അനുഭവിക്കുന്നവരോ ഭർത്താവ് ഉപേക്ഷിക്കപ്പെട്ടവരോ ആയിരിക്കും. ചുരുക്കത്തിൽ ആ വീടിന്റെ പൂർണ്ണ ചുമതല ഈ സ്ത്രീകൾക്കായിരിക്കും. റബ്ബർ ടാപ്പിംഗിൽ ഏർപ്പെടുന്ന ഒരു നല്ല വിഭാഗം സ്ത്രീകളും ഈ ഗ്രാമത്തിലുണ്ട്. സർക്കാർ ഉദ്യോഗസ്ഥകൾ വളരെ കുറവാണ്. ഏകദേശം 37 അദ്ധ്യാപികമാർ ഇവിടെയുണ്ട്. ഓലമുടയുക ഇവിടെ സ്ത്രീകളുടെ ഒരു തൊഴിലാണ് പക്ഷെ ഈ തൊഴിൽ വർഷത്തിൽ ഒരു മാസം പോലും ലഭിക്കാറില്ല. 450 ഓളം സ്ത്രീകൾ ചെറുകച്ചവടക്കാരോ പുല്ലുപറിക്കുന്നവരോ വിറക് ചുമക്കുന്നവരോ ആണ്. അഭ്യസ്ഥവിദ്യരിൽ തൊഴിലില്ലായ്മ ഏറ്റവും കൂടുതൽ ഉള്ളത് സ്ത്രീകളിലാണ്. ഉള്ള തൊഴിലിന് മാന്യമായ കൂലി ലഭിക്കുന്നില്ല. ഒരേ തൊഴിൽ ചെയ്യുന്ന സ്ത്രീക്കും പുരുഷനും ഇവിടെ വ്യത്യസ്ത ശമ്പളമാണ് ലഭിക്കുന്നത്. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തത്തിന്റെ പട്ടിക 54-ൽ കൊടുത്തിരിക്കുന്നു.

പട്ടിക 54[1]

തൊഴിൽ മേഖല	പുരുഷന്മാർ	സ്ത്രീകൾ
കർഷകർ	774	25
കർഷക തൊഴിലാളികൾ	2451	228
മൃഗസംരക്ഷണം	114	6
കുടിൽ വ്യവസായം	196	214
മറ്റു വ്യവസായങ്ങൾ	114	32
കെട്ടിട നിർമ്മാണം	277	226
വ്യാപാരം	227	43
ഗതാഗത വാർത്താവിനിമയം	128	7
അദ്ധ്യാപകർ	30	37
മറ്റു സർക്കാർ ജീവനക്കാർ	ലഭ്യമല്ല	-
മറ്റുള്ള ജോലികൾ	453	287

പൊതുപ്രവർത്തനത്തിന്റെ വിവിധ മേഖലകളിൽ വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്. പഞ്ചായത്തു തലത്തിൽ പ്രവർത്തിക്കുന്ന വിവിധ ബഹുജന സംഘടനകളുടെ ഭാരവാഹികളിൽ കേവലം 27 പേർ മാത്രമാണ് സ്ത്രീകളായുള്ളത്.

കന്നുകാലി സംരക്ഷണം സ്ത്രീകൾക്ക് ചെയ്യാൻ കഴിയുന്ന ഒരു തൊഴിലാണ്. പരിസര ശുചീകരണം സ്ത്രീകൾ ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട ഒരു കാര്യമാണ് മാലിന്യനിർമ്മാർജ്ജനത്തിന്, ഓരോ വീട്ടിലും ഓരോ കമ്പോസ്റ്റ് കുഴി നിർമ്മിക്കാവുന്നതാണ്. അതുപോലെ ഉപയോഗശൂന്യമായ പ്ലാസ്റ്റിക് കവറുകൾ ഒരു പ്രത്യേക ഭാഗത്ത് കൂട്ടിയിടണം.

വനിതകൾ നേരിടുന്ന പ്രശ്നങ്ങൾ :

1. സർക്കാർ തലമൊഴിച്ച് മറ്റു തൊഴിൽ മേഖലകളിലെല്ലാം സ്ത്രീകൾ അവഗണിക്കപ്പെടുന്നു.
2. പൊതുരംഗത്ത് വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്.
3. സ്ത്രീകളുടെ നേതൃത്വഗുണം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ ഒന്നും തന്നെ നിലവിലില്ല.
4. തൊഴിൽ രംഗത്ത് തുല്യജോലിക്കുപോലും സ്ത്രീ കളുടെയും പുരുഷന്മാരുടെയും വേതന നിരക്കിൽ സാരമായ വ്യത്യാസം നിലനില്ക്കുന്നു.
5. വിദ്യാലയങ്ങളിൽ പെൺകുട്ടികളുടെ പ്രാഥമികാവശ്യങ്ങൾക്കുള്ള കക്കൂസ്, മൂത്രപ്പുര, പൈപ്പ് തുടങ്ങിയവ പരിമിതമാണ്.
6. സ്ത്രീപീഡനം വർദ്ധിച്ച നിലയിൽ ചില ഭാഗങ്ങളിലെങ്കിലും കാണുന്നു.
7. സ്ത്രീധന സമ്പ്രദായം പെൺകുട്ടികളുടെ ഭാവി ജീവിതത്തെ സാരമായി ബാധിക്കുന്നു.
8. ട്രെയിസം ട്രെയിനിംഗ് കഴിഞ്ഞ വനിതകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് വേണ്ട ധനസഹായം ലഭിക്കുന്നില്ല.
9. മഹിളാ സമാജങ്ങൾ ഒന്നുംതന്നെ സ്ത്രീകളുടെ ക്ഷേമപ്രവർത്തനങ്ങളിൽ സഹായിക്കുന്ന വിധത്തിൽ പ്രവർത്തിക്കാൻ കഴിയുന്നില്ല.
10. അടുക്കളത്തോട്ട നിർമ്മാണത്തിൽ സ്ത്രീകൾ ജ്ഞാനികളല്ല.
11. ആരോഗ്യ ശുചിത്വകാര്യങ്ങളിൽ സ്ത്രീകളെ ബോധവൽക്കരിക്കുന്ന കാര്യത്തിൽ പൊതുജനാരോഗ്യ വിഭാഗം കൃത്യമായി ശ്രദ്ധിക്കുന്നില്ല.
12. തൊഴിലെടുക്കുന്ന സ്ത്രീകളുടെ കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിന് വേണ്ട സജ്ജീകരണങ്ങൾ നിലവിലില്ല.
13. സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്താൻ ശ്രദ്ധിക്കുന്നില്ല.

പ്രശ്ന പരിഹാര മാർഗ്ഗങ്ങൾ :

1. പരമ്പരാഗത വ്യവസായങ്ങളിൽ സാങ്കേതിക നവീകരണങ്ങൾ ഉണ്ടാക്കുമ്പോൾ സ്ത്രീകൾക്ക് മുൻഗണന നൽകി അവർക്ക് പ്രത്യേക പരിശീലനം നല്കണം.
2. കാർഷികവൃത്തിയിൽ താല്പര്യമുള്ള സ്ത്രീകളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഔഷധകൃഷി, ഉദ്യാനകൃഷി, പച്ചക്കറിത്തോട്ട നിർമ്മാണം ഇവയിൽ ഇവർക്കു പ്രാവീണ്യം നൽകണം.
3. ട്രാക്ടർ തുടങ്ങിയ യന്ത്രങ്ങൾ ഉപയോഗിച്ച് നിലം ഉഴുന്നതിന് സ്ത്രീകൾക്ക് പരിശീലനം നല്കണം.
4. കൂൺ കൃഷി, മൾബറി കൃഷി എന്നിവ സഹകരണ അടിസ്ഥാനത്തിൽ സംഘങ്ങൾ രൂപീകരിച്ച് സ്ത്രീകളെക്കൊണ്ട് നടത്തിക്കണം.
5. സ്ത്രീകൾക്ക് ഗ്രൂപ്പുകളായി ചെയ്യാവുന്ന വ്യവസായ യൂണിറ്റുകൾ പഞ്ചായത്തു തലത്തിൽ ആരംഭിക്കുക.
6. അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീകളുടെ വേതനത്തെക്കുറിച്ച് പഠനം നടത്തുകയും മാന്യമായ വേതനം അവർക്ക് ശുപാർശ ചെയ്യുകയും ചെയ്യണം.
7. മഹിളാ സമാജങ്ങൾ എല്ലാ വാർഡിലും പ്രവർത്തനം ആരംഭിക്കണം. അതിന്റെ നേതൃത്വത്തിൽ സ്ത്രീ ക്ഷേമ പദ്ധതികൾ ആരംഭിക്കുകയും ചെയ്യുക.
8. സ്ത്രീ പീഡനം അവസാനിപ്പിക്കണം. സാധുക്കളായ പെൺകുട്ടികളുടെ വിവാഹത്തിന് പഞ്ചായത്തിൽ നിന്നും ധനസഹായം നല്കുക.
9. ട്രൈസം പദ്ധതികളിൽ സ്ത്രീകൾക്ക് കൂടുതൽ പങ്കാളിത്തം നല്കണം. അവർ പരിശീലനം നേടിയ പദ്ധതിയിൽ തൊഴിൽ തുടങ്ങുന്നതിന് ആവശ്യമുള്ള ലോൺ കുറഞ്ഞ പലിശക്ക് ബാങ്കുകളിൽ നിന്നും ലഭ്യമാക്കണം.
10. സ്കൂൾ തലം മുതൽ തന്നെ തൊഴിൽപരമായ വിദ്യാഭ്യാസം നല്കണം.
11. തൊഴിലെടുക്കുന്ന സ്ത്രീകളുടെ കുട്ടികളെ പാർപ്പിക്കുന്നതിന് വേണ്ടി എല്ലാ വാർഡുകളിലും തൊഴിൽ സ്ഥാപനങ്ങളുടെ സമീപം ക്രഷുകൾ ആരംഭിക്കണം.
12. പ്രൈമറി ഹെൽത്ത് സെന്ററിൽ ഒരു ഗൈനക്കോളജിസ്റ്റിനെ നിയമിക്കണം. സ്ത്രീകൾക്ക് മെഡിക്കൽ പരിശോധന നിർബന്ധമാക്കണം.

13. നിലവിലുള്ള അംഗൻവാടികളിൽ കൂടി സ്ത്രീകൾക്ക് ആരോഗ്യ ശുചിത്വ കാര്യങ്ങളെക്കുറിച്ച് ശരിയായ ബോധവൽക്കരണം നടത്താവുന്നതാണ്.

14. സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്താൻ വേണ്ടി ഇന്ന് ചില മാധ്യമങ്ങളും ടെലിവിഷനും നടത്തുന്ന അശ്ലീല പ്രദർശനങ്ങൾ അവസാനിപ്പിക്കണം.

15. മഹിളാ സംഘടനകളെ കോർത്തിണക്കിക്കൊണ്ടുള്ള ജാതി, മത, രാഷ്ട്രീയ വിമുക്തമായ ഒരു ഏകീകൃത രൂപം പഞ്ചായത്തുതലത്തിൽ നിലവിൽ വരണം.

16. സ്ത്രീകളുടെ വിവിധ ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ച് പഞ്ചായത്തു സമിതികൾ മാസത്തിലൊരിക്കലും ഗ്രാമസഭകൾ വർഷത്തിലൊരിക്കലും കൂടി ചർച്ചചെയ്യുകയും അവർക്കു പ്രോത്സാഹജനകമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും പ്രവർത്തനങ്ങളെപ്പറ്റി റിവ്യൂ നടത്തുകയും ചെയ്യണം.

17. ദുർബല വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കുവേണ്ടി പ്രത്യേക തൊഴിൽദാന പദ്ധതികൾ ആവിഷ്കരിക്കണം.

18. എല്ലാ വികസന സ്കീമുകളിലും സ്ത്രീ പങ്കാളിത്തം ഉറപ്പു വരുത്തണം.

19. വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധന സഹായത്തിനു നല്കുന്ന സാമ്പത്തിക സഹായം 2000 രൂപയിൽ നിന്ന് 5000 രൂപയായി ഉയർത്തണം.

20. സാമൂഹ്യ സുരക്ഷിത പെൻഷൻ നല്കുമ്പോൾ പ്രായമായ ആൺമക്കൾ ഉള്ളതുകൊണ്ടു മാത്രം ഇവ നിഷേധിക്കപ്പെടുന്നതിനു പകരം സാമ്പത്തിക പരാധീനത ആനുകൂല്യം നല്കുന്നതിന് അടിസ്ഥാന നയമായി സ്വീകരിക്കണം.

21. ദുർബലരായ 500 സ്ത്രീകൾക്ക് തൊഴിലവസരം നല്കാൻ കുറഞ്ഞ പലിശക്ക് 5000 രൂപ വരെയുള്ള സാമ്പത്തിക സഹായം നല്കാൻ ബന്ധപ്പെട്ട ഷെഡ്യൂൾ ബാങ്കുകൾ തയ്യാറാകേണ്ടതുണ്ട്.

ഈ പഞ്ചായത്തിൽ ട്രൈസം കോഴ്സിൽ വളരെ കുറച്ചെങ്കിലും പെൺകുട്ടികൾ പരിശീലനം നേടുന്നുണ്ട്. അതുപോലെതന്നെ ഐ. ആർ. ഡി. പി. സ്കീമിലുള്ള ചെറിയ ലോണുകളും സ്ത്രീകൾക്ക് നല്കുന്നുണ്ട്. ഇത് ഒരു പരിധിവരെ സ്ത്രീകളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ സഹായകമായിട്ടുണ്ട്.

ഈ സ്കീം പ്രകാരം ലോൺ ലഭിച്ചവരുടെ പട്ടിക (സ്ത്രീകൾ മാത്രം)

പട്ടിക 55

വർഷം	എസ്. സി	എസ്. ടി	മറ്റുള്ളവർ
1992 – 93	ലഭ്യമല്ല	–	–
1993 – 94	ലഭ്യമല്ല	–	–
1994 – 95	ലഭ്യമല്ല	–	–
1995 – 96	3	–	14

ട്രൈസം കോഴ്സ് (സ്ത്രീകൾ മാത്രം)

പട്ടിക 56

വർഷം	എസ്. സി	എസ്. ടി	മറ്റുള്ളവർ
1992 – 93	ലഭ്യമല്ല		
1993 – 94	ലഭ്യമല്ല		
1994 – 95	ലഭ്യമല്ല		
1995 – 96	–	–	3

4.10 സഹകരണ മേഖല

ജീവിതത്തിന്റെ നാനാതുറയിലുള്ള ആവശ്യങ്ങൾ നിറവേറ്റാനായി ജനാധിപത്യ ബോധത്തോടെ ജനങ്ങൾ സംഘടിച്ച് പ്രവർത്തിക്കുന്ന ഒരു ജീവിതരീതിയാണ് സഹകരണം. ഗ്രാമീണ മേഖലയ്ക്ക് ഏറ്റവും അധികം ആശ്രയിക്കാൻ കഴിയുന്ന സാമ്പത്തിക സ്ഥാപനങ്ങളും സഹകരണ സംഘങ്ങൾ തന്നെ. ആവശ്യങ്ങൾക്ക് വൈവിധ്യമുള്ളതുകൊണ്ട് തന്നെ സഹകരണ സംഘങ്ങളും പലതരത്തിലുണ്ട്.

1904-ലെ സഹകരണ ആക്ടാണ് ഇൻഡ്യയിൽ സഹകരണ പ്രസ്ഥാനത്തിന്റെ ആവിർഭാവത്തിന് വഴി തെളിച്ചത്. 1919-ലെ ഇൻഡ്യാ ഗവൺമെൻറ് ആക്ട് പ്രകാരം അത് സംസ്ഥാന വിഷയമായി. കടബാധ്യതകളിൽ നിന്നും സ്വകാര്യ പണമിടപാടുകാരിൽ നിന്നും ഗ്രാമീണ കർഷകരെ രക്ഷിക്കാനാണ് കേരള ത്തിൽ സഹകരണ സ്ഥാപനങ്ങൾ ഉടലെടുത്തത്. 1968-ലെ കേരള സഹകരണ ആക്ടാണ് ഇപ്പോൾ നിലവിലുള്ളത്.

ഉദ്ദേശം 75 വർഷങ്ങൾക്ക് മുമ്പ് കുന്നനാട് ആരംഭിച്ച ''പരസ്പരസഹായ സഹകരണസംഘ''മാണ് ഒറ്റശേഖരമംഗലം പഞ്ചായത്തിലെ ആദ്യത്തെ സഹരണ സംഘം. 'കൃഷിക്കാർ പരസ്പരം വായ്പകൾ നല്കി കൃഷിയെ പരിപോഷിപ്പിക്കുക'യെന്ന ലക്ഷ്യമാണിതിനുണ്ടായിരുന്നത്. ഇതിന്റെ ആദ്യത്തെ പ്രസിഡൻറ് കൈതറവീട് അപ്പിപ്പിള്ളയും സെക്രട്ടറി ശ്രീ. പരമേശ്വരൻ പിള്ളയുമായിരുന്നു. റേഷൻ കടകളും ഈ സംഘമേറ്റെടുത്ത് നടത്തിയിരുന്നു.

കൊല്ലവർഷം 1102-ൽ ആരംഭിച്ച വാളികോട് ഹരിജൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ് ആദ്യത്തെ ഹരിജൻ സഹകരണ സംഘം. 1961-ൽ മണ്ഡപത്തിൻകടവിൽ ആരംഭിച്ച ഹരിജൻ വെൽഫെയർ ക്രഡിറ്റ് സഹകരണ സംഘം 1984-ൽ ഒറ്റശേഖരമംഗലം സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയോട് ലയിപ്പിക്കുകയുണ്ടായി.

8-3-68-ൽ പ്രവർത്തനമാരംഭിച്ച ഒറ്റശേഖരമംഗലം സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ് ഇന്ന് ഈ പഞ്ചായത്തിൽ സജീവമായ പ്രവർത്തനമുള്ള സഹകരണ സംഘങ്ങളിൽ പ്രധാനം. ഒറ്റശേഖരമംഗലം പഞ്ചായത്താണ് ഇതിന്റെ പ്രവർത്തന മേഖല. ഒരു വനിതാ സഹകരണ സംഘം, ഓരോ ഹരിജൻ, ഗിരിജൻ സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ എന്നിവയാണ് നിലവിലുള്ള മറ്റു വായ്പാ സംഘങ്ങൾ. ഒറ്റശേഖരമംഗലം വനിതാ ഇൻഡസ്ട്രിയൽ സൊസൈറ്റി, ആലച്ചക്കോണം ഹരിജൻ വീവേഴ്സ് സൊസൈറ്റി, പൂഴനാട്, ഒറ്റശേഖരമംഗലം, ആലച്ചക്കോണം ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ എന്നിവയാണ് നോൺ ക്രഡിറ്റു വിഭാഗത്തിലുള്ളത്. കർഷകരുടേയും ചെറുകിട കച്ചവടക്കാരുടേയും ആവശ്യങ്ങൾ പരിമിതികളോടെയാണെങ്കിലും ഒരുവിധം നിറവേറ്റാൻ കഴിയുന്നത് ഒറ്റശേഖരമംഗലം സർവ്വിസ് കോ-ഓപ്പറേറ്റീവ് ബാങ്കിനാണ്. മറ്റുള്ളവയുടെ പ്രവർത്തനം തൃപ്തികരമല്ല. നോൺ ക്രഡിറ്റു വിഭാഗത്തിൽ ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ ഒഴികെ ബാക്കിയുള്ളവ തകർച്ചയെ നേരിടുന്നവയാണ്. ഗവൺമെൻറിൽ നിന്നും അപ്പെക്സ് ബാങ്കുകളിൽനിന്നുമുള്ള നിർലോഭമായ സഹകരണം കൊണ്ട് മാത്രമേ ഇവയ്ക്ക് പുനർജനി നേടാൻ കഴിയൂ. ഒറ്റശേഖരമംഗലം ഹൈസ്കൂൾ സൊസൈറ്റി പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നു.

പേരേക്കോണത്ത് ലേബർ കോൺട്രാക്ട് സൊസൈറ്റിയും, പുഷ്പഫല വിതരണ സംസ്ക്കരണ സൊസൈറ്റിയും ഈ അടുത്ത കാലത്തായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്.

കാർഷിക മേഖല

ഒരു പ്രദേശത്തെ മുഴുവൻ കർഷകരും അംഗങ്ങൾ ആയി ചേർന്നെങ്കിലേ ഒരു സംഘം ആ പ്രദേശത്തെ പ്രതിനിധീകരിക്കുകയുള്ളൂ. വായ്പ ആവശ്യമില്ലാത്ത കുടുംബങ്ങൾ ഉണ്ടെങ്കിൽ അവർക്ക് നിക്ഷേപിക്കാൻ മിച്ച ധനമുണ്ടാകും. മറ്റു ചിലർക്ക് സംഘത്തിൽ നിന്നും വിത്ത്, വളം മുതലായവയും വീട്ടാവശ്യത്തിനുള്ള മറ്റു സാധനങ്ങളുമായിരിക്കും ആവശ്യം. അങ്ങനെ എല്ലാവിധ കർഷകർക്കും സംഘത്തിൽനിന്നും എന്തെങ്കിലും ഗുണമുണ്ടാകണം. ഇതിലേക്ക് 500 കുടുംബങ്ങൾക്ക് ഒരു സർവ്വീസ് സഹകരണ സംഘം എന്ന തോതിലെങ്കിലും സംഘങ്ങൾ ഉണ്ടായേ കഴിയൂ. ഈ പഞ്ചായത്തിലെ ആവശ്യക്കാരായ മുഴുവൻ കൃഷിക്കാർക്കും വായ്പ നൽകാൻ ഇന്ന് നിലവിലുള്ള സംഘങ്ങൾക്ക് മാത്രമായി കഴിയില്ല. പുതിയ സംഘങ്ങൾ രൂപീകരിക്കുന്നതിന് മുൻപ് നിലവിലുള്ള സംഘങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ കഴിയണം.

വിവിധ വായ്പാ സംഘങ്ങൾ

I ഒറ്റശേഖരമംഗലം സർവ്വീസ് സഹകരണ ബാങ്ക് ലി. നമ്പർ റ്റി. 872

ഒറ്റശേഖരമംഗലം പഞ്ചായത്തിലെ ഒൻപത് വാർഡുകളിലായി അതിന്റെ പ്രവർത്തനപരിധി വ്യാപിച്ചിരിക്കുന്നു. 1968-ൽ ആരംഭിച്ച ഈ ബാങ്കിൽ ഇപ്പോൾ

3594 അംഗങ്ങൾ ഉണ്ട്. കാർഷിക ആവശ്യങ്ങൾക്കായി മധ്യകാല വായ്പകളും വിതരണം ചെയ്തുവരുന്നു. തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക്, N.C.D.C., ഗവൺമെൻറ് എന്നിവിടങ്ങളിൽ നിന്ന് ലഭിക്കുന്ന വായ്പകളാണ് ഈ ബാങ്കിൻെറ പ്രധാന വരുമാന മാർഗ്ഗം

കാർഷികാഭിവൃദ്ധിക്കായി രാസവള കീടനാശിനി വിപണനവും അംഗങ്ങളുടെ സാമ്പത്തിക പുരോഗതിക്കായി നിക്ഷേപം സ്വീകരിക്കുകയും ചിട്ടികൾ നടത്തുകയും ചെയ്യുന്നുണ്ട്. വായ്പകൾ തിരിച്ചടക്കുന്നതിൽ അംഗങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്ന അലംഭാവം ഈ സംഘത്തിന് സാമ്പത്തിക പ്രതിസന്ധികളുണ്ടാക്കുന്നുണ്ട്.

II വാളികോട് ഹരിജൻ സഹകരണ സംഘം ലി. നമ്പർ. 1499

കൊല്ലവർഷം 1102-ൽ ആരംഭിച്ച ഈ സംഘത്തിൻെറ പ്രവർത്തന പരിധി, ഒറ്റശേഖരമംഗലം പഞ്ചായത്ത്, ആര്യൻകോട് പഞ്ചായത്തിൻെറ ആര്യൻകോട്ട്, കീഴാറൂർ, ചെമ്പൂർ, കുറ്റിയാണിക്കാട് എന്നീ പ്രദേശങ്ങളിൽ വ്യാപിച്ചിരിക്കുന്നു. ഇപ്പോൾ ഏകദേശം 968 അംഗങ്ങളാണുള്ളത്. അംഗങ്ങൾക്കായി 30,000 രൂപ സാധാരണ വായ്പയായും 25,000 രൂപ കൈതൊഴിലിനും, 30,000 രൂപ പനയോല വ്യവസായത്തിനും നല്കിയിട്ടുണ്ട്. അംഗങ്ങൾക്ക് വായ്പ നല്കുന്നതിനായി ജില്ലാ സഹകരണ ബാങ്കിൽ നിന്നും 30,000 രൂപയും ഗവൺമെൻറിൽ നിന്നും 30,000 രൂപയും വായ്പയായി സ്വീകരിച്ചിട്ടുണ്ട്. വായ്പയുടെ പലിശയിനത്തിൽ അംഗങ്ങളിൽ നിന്നും 12,763.15 രൂപ സംഘത്തിന് കിട്ടാനുണ്ട്. നിക്ഷേപം സ്വീകരിക്കുന്നില്ല. വായ്പാ വിതരണം, നിലം ഉഴുന്നതിന് ട്രില്ലർ, സ്പ്രേ എന്നിവ വാടകക്ക് കൊടുക്കുക എന്നിവയാണ് ഇതിൻെറ പ്രവർത്തനങ്ങൾ. പട്ടികജാതി വിഭാഗക്കാർക്കുവേണ്ടിയുള്ള ഏക ക്രഡിറ്റ് സംഘമാണെങ്കിലും അവരുടെ ആവശ്യങ്ങൾക്കനുപൂരകമായി പ്രവർത്തിക്കാൻ കഴിയുന്നില്ല.

III ഒറ്റശേഖരമംഗലം വനിതാ സഹകരണ സംഘം ലി. റ്റി. 898

1985-ൽ ആരംഭിച്ച ഈ വനിതാ വായ്പാ സംഘത്തിൻെറ പ്രവർത്തനപരിധി ഒറ്റശേഖരമംഗലം പഞ്ചായത്താണ്. ഇതിൽ ആകെ 640 അംഗങ്ങൾ ഉണ്ട്. പൊതുജനങ്ങളിൽ നിന്ന് ഹ്രസ്വകാല നിക്ഷേപയിനത്തിൽ 28076 രൂപ ബാങ്ക് നിക്ഷേപിച്ചിട്ടുണ്ട്. ചെറുകിട കച്ചവട വായ്പായിനത്തിൽ 19,011 രൂപ അംഗങ്ങൾക്ക് നൽകിയിട്ടുണ്ട്. ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്ന് മൊത്തം 517578 രൂപ വായ്പയായി ലഭിച്ചിട്ടുണ്ട്. തയ്യൽ, ടൈപ്പ്റൈറ്റിംഗ് ക്ലാസുകൾ എന്നിവ ഈ സംഘം നടത്തുന്നുണ്ട്.

IV വാഴിച്ചൽ ഗിലിജൻ സർവ്വീസ് സഹകരണ സംഘം ലി. റ്റി. 738

വാഴിച്ചൽ ആസ്ഥാനമായി 12.4.80 - ൽ പ്രവർത്തനം ആരംഭിച്ചു. ഓഹരി മൂലധനം 11821 രൂപയാണ്. ഷെയർ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനായി ഗവൺമെൻറിൽ നിന്ന് 55,000 രൂപയും വർക്കിംഗ് ക്യാപ്പിറ്റലിനായി 39,800 രൂപയും അനുവദിക്കുകയുണ്ടായി. ഈ രൂപ വിവാഹ ആവശ്യത്തിനുള്ള പാത്രങ്ങൾ, ഫർണിച്ചറുകൾ വാങ്ങി വാടകയ്ക്ക് കൊടുക്കുന്നതിന് വിനിയോഗിക്കുകയുണ്ടായി. പ്രവർത്തന മൂലധനം, ഗ്രാൻറ് ഇനത്തിൽ, സംഘാംഗങ്ങൾക്ക് കർഷിക വായ്പകൾ വിതരണം നടത്തുന്നതിന് 50,000 രൂപയും അനുവദിക്കുകയുണ്ടായി (പരസ്പര ജാമ്യവ്യവസ്ഥയിൽ). സംഘം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. വസ്തു വാങ്ങുന്നതിന് 48,000 രൂപ അനുവദിച്ചിട്ടുണ്ട്. സംഘത്തിൻെറ കീഴിൽ ഒരു വളം ഡിപ്പോ നടത്തുന്നതിന് 50,000/- രൂപ അനുവദിച്ചിട്ടുണ്ട്.

നോൺ ക്രഡിറ്റ് സംഘങ്ങൾ

I ഒറ്റശേഖരമംഗലം വനിതാ ഇൻഡസ്ട്രിയൽ സഹകരണ സംഘം

15.12.90 -ൽ ആരംഭിച്ച ഈ നോൺ ക്രഡിറ്റ് സംഘത്തിൻെറ പ്രവർത്തനപരിധി ഒറ്റശേഖരമംഗലം പഞ്ചായത്താണ്. സർക്കാർ ഓഹരി ഉൾപ്പെടെ ആകെ പ്രവർത്തന മൂലധനം 1,05,500 ആണ്. ആകെ അംഗങ്ങൾ 43 ആണ്. ചിരട്ടയിൽനിന്ന് കരകൗശല വസ്തുക്കൾ ഉണ്ടാക്കുക, റെഡിമെയ്ഡ് ഗാർമെൻറ്സ് നിർമ്മാണം എന്നിവയാണ് നിർമ്മാണ പ്രവർത്തനങ്ങൾ. അംഗീകൃത ഓഹരി മൂലധനം സ്വരൂപിക്കാൻ കഴിഞ്ഞിട്ടില്ലാത്തതും ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്താൻ കഴിയുന്നില്ലായെന്നതും ഈ സംഘത്തിൻെറ ഭാവിയെ സംബന്ധിച്ച് ആശങ്ക വളർത്തുന്നുണ്ട്. ഉല്പാദന യൂണിറ്റുകൾ ഇപ്പോൾ പ്രവർത്തനമില്ല. വിപണന സൗകര്യം വർദ്ധിപ്പിക്കുകയും സർക്കാർ ഗ്രൻറുകൾ ലഭിക്കുകയും ചെയ്താലേ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ കഴിയൂ.

II ആലച്ചക്കോണം ഹരിജൻ ഫാൻറ്ലും വീവിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

1988-ൽ സ്ഥാപിതമായ ഈ സംഘത്തിൽ 45 അംഗങ്ങൾ നിലവിലുണ്ട്. കൈത്തറി വസ്ത്രങ്ങളായ കൈലി, തോർത്ത്, മുണ്ട് , ഷീറ്റ്, ഗാഡാർവീസ് ഇവ നിർമ്മിക്കുന്നു. ഇപ്പോൾ 20 തൊഴിലാളികളും 3 ജീവനക്കാരുമുണ്ട്. തൊഴിലാളികൾ എല്ലാം സ്ത്രീകളാണ്. 49 തറികളുണ്ടെങ്കിലും 20 തൊഴിലാളികളേ ഉള്ളൂ. തൊഴിലാളികൾ കൂലി കുറവ് കൊണ്ട് ഒഴിഞ്ഞുപോകുന്നു.

തൊഴിലുമായി താരതമ്യപ്പെടുത്തുമ്പോൾ ഉല്പന്നങ്ങൾക്ക് വിലലഭിക്കുന്നില്ലായെന്നതും ഉല്പന്നങ്ങൾ കെട്ടിക്കിടക്കുന്നതും പ്രധാന പ്രശ്നങ്ങളാണ്. യൂണിറ്റിനെ ആധുനികവല്ക്കരിക്കുകയും തുണിത്തരങ്ങൾ ഹാൻറ്റലൂം കോർപ്പറേഷൻ ന്യായവില നല്കി ഏറ്റെടുക്കുകയും ചെയ്താലേ പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ കഴിയൂ.

ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന അഭിപ്രായങ്ങളും പ്രശ്നങ്ങളും

1. സംഘങ്ങളുടെ നഷ്ടത്തിന് തുല്യമായ തുക പലിശരഹിത ദീർഘകാല വായ്പയോ, ഓഹരി മൂലധനമായോ അനുവദിക്കുക.
2. കുടിശിഖ വരുത്തിയിട്ടുള്ളവരിൽ നിന്നും വായ്പകൾ അടച്ചു തീർക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുക.
3. കൂടുതൽ കർഷകരെ ചേർത്ത് ഓഹരി മൂലധനം വർദ്ധിപ്പിക്കുക.
4. വായ്പാ വിതരണം കാര്യക്ഷമമാക്കുന്നതിന് അപ്പെക്സ് സഹകരണ ബാങ്കുകളിൽ നിന്നും കൂടുതൽ ധനസഹായം ലഭ്യമാക്കുക.
5. ഗ്രൂപ്പ് ഫാമിംഗ് അവലംബിക്കാൻ കർഷകരെ പ്രോത്സാഹിപ്പിക്കുക. കർഷകരുടെ ഉന്നമനത്തിനായി ഗ്രൂപ്പ് ഫാമിംഗ് സംഘങ്ങൾ രൂപീകരിക്കുക.
6. വായ്പയെടുക്കുമ്പോൾ ദേശസാൽകൃത ബാങ്കുകളെപ്പോലെ വസ്തു ബോണ്ടിന്മേൽ ഏർപ്പെടുത്തിയിരിക്കുന്ന രജിസ്ട്രേഷൻ ഫീസ് നിർത്തലാക്കുക.
7. വായ്പ നല്കുന്നതിന് ഒരു ഷെയർ മാത്രം ഈടാക്കുക. തിരിച്ചടവ് ശേഷിയുടെ അടിസ്ഥാനത്തിൽ മാത്രം വായ്പ നല്കുക.
8. സഹകരണ രംഗത്തെ പിഴ പലിശ സമ്പ്രദായം നിർത്തലാക്കുക.
9. വിപണന സംഘങ്ങൾ രൂപീകരിക്കുക. വായ്പ നല്കുമ്പോൾ ഉല്പന്നം വിപണന സംഘത്തിൽ കൂടി മാത്രമേ വില്ക്കുകയുള്ളൂ എന്ന ഉറപ്പ് വാങ്ങണം. ഈ ഉറപ്പിൽ വായ്പ തുകയും പലിശയും വില്പന തുകയിൽ നിന്ന് കുറയ്ക്കുന്നതിന് വിപണന സംഘത്തെ അധികാരപ്പെടുത്തണം.
10. ദൈനംദിനാവശ്യങ്ങൾക്കുള്ള സാധനങ്ങൾ വിതരണം ചെയ്യുക.
11. കറവ മൃഗങ്ങളെ വാങ്ങാനും കൂടിൽ വ്യവസായങ്ങൾ പോഷിപ്പിക്കാനും പന്നി കോഴി വളർത്തലിനും വായ്പ നല്കുക.
12. ഉല്പന്നങ്ങൾ മേനിക്കനുസരിച്ച് തരംതിരിക്കുകയും സംഭരിക്കാൻ പണ്ടകശാലകൾ നിർമ്മിക്കുകയും ചെയ്യുക.
13. ലേബർ കോൺട്രാക്ട് സംഘങ്ങൾ രൂപീകരിക്കുക, കെട്ടിട നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്യുക, റബ്ബർ ഉല്പാദന സഹകരണ സംഘങ്ങൾ സ്ഥാപിക്കുകയും, കർഷകർക്ക് തൈ, വളം എന്നിവ നല്കുകയും ന്യായവിലയ്ക്ക് ഉല്പന്നങ്ങൾ വാങ്ങി സംഭരിക്കുകയും ചെയ്യുക.
14. ഉപഭോക്തൃ സംഘങ്ങൾ രൂപീകരിക്കുക. പഞ്ചായത്തടിസ്ഥാനത്തിൽ ഒരു മൊത്ത വ്യാപാരസംഘവും വാർഡുകളിൽ പ്രാഥമിക സംഘങ്ങളും സ്ഥാപിക്കുക. ഇവയിൽ സ്ത്രീകൾക്ക് കൂടുതൽ ആയി അംഗത്വം നല്കുകയും ഇവയുടെ പ്രതിനിധികൾക്ക് ധനസഹായ സ്ഥാപനങ്ങളുടെ മാനേജ്മെൻറിൽ പങ്കാളിത്തം നല്കുകയും ചെയ്യുക.
15. സ്കൂളുകളിൽ സ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിച്ച് മുൻകൂട്ടിയുള്ള ആവശ്യം അനുസരിച്ച് പി. റ്റി. എ. യുമായി സഹകരിച്ച് സാധനങ്ങൾ വിതരണം ചെയ്യുക.
16. ഒറ്റശേഖരമംഗലം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൻെറ നേതൃത്വത്തിൽ വാഴിച്ചൽ, പ്ലാമ്പഴിഞ്ഞി തുടങ്ങിയ സ്ഥലങ്ങളിൽ വളം ഡിപ്പോകളും വിപണന കേന്ദ്രങ്ങളും ആരംഭിക്കുക. പേരേക്കോണം, പുഴനാട് തുടങ്ങിയ സ്ഥലങ്ങളിൽ ഓരോ ബ്രാഞ്ച് സ്ഥാപിക്കുക.
17. ഹരിജൻ - ഗിരിജൻ സർവ്വീസ് സഹകരണങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും സ്വന്തമായി കെട്ടിടം നിർമ്മിക്കുകയും ചെയ്യുക.

ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ

ഒറ്റശേഖരമംഗലം പഞ്ചായത്തിൽ മുന്നു ക്ഷീരോല്പാദക സംഘങ്ങളാണുള്ളത്. ഈ പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന പാൽ ഏതാണ്ട് 5000 ലിറ്ററോളം വരും. എന്നാൽ അതിൻെറ 1/3 ഭാഗത്തിൽ താഴെ മാത്രമേ ഈ പഞ്ചായത്തിലെ സഹകരണ സംഘങ്ങളിലൂടെ സംഭരിക്കാൻ കഴിയുന്നുള്ളൂ. ഈ വസ്തുതയിൽ നിന്നും ഈ മേഖലയിലെ സംഘങ്ങളുടെ പരിമിതി നമുക്ക് ബോദ്ധ്യപ്പെടും. ഒരു സംഘത്തിലും സംഭരിച്ച് സൂക്ഷിക്കാനുള്ള സംവിധാനമില്ല.

I ആലച്ചക്കോണം ക്ഷീരോല്പാദക സഹകരണസംഘം

550 ലിറ്റർ പാലാണ് ഈ സംഘത്തിൽ പ്രതിദിനം ശേഖരിക്കുന്നത്. അതിൽ 518 ലിറ്റർ പാൽ മിൽമക്ക് നൽകുന്നു. 32 ലിറ്റർ ഈ പഞ്ചായത്തിൽ തന്നെ

വില്ക്കുന്നു. ഒരു മാസം 30ചാക്ക് മിൽമാ കാലിത്തീറ്റ വിതരണം ചെയ്യുന്നു.

II ഒറ്റശേഖരമംഗലം ക്ഷീരോല്പാദക സഹകരണസംഘം

200 ലിറ്റർ പാലാണ് ഈ സംഘത്തിൽ പ്രതിദിനം ശേഖരിക്കുന്നത്. മിൽമക്ക് 185 ലിറ്റർ പാൽ നൽകുന്നു. ബാക്കി ഈ പഞ്ചായത്തിൽ തന്നെ വില്ക്കുന്നു. ഒരു മാസം 200 ചാക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നു.

III പൂഴനാട് ക്ഷീരോല്പാദക സഹകരണ സംഘം

750 ലിറ്റർ പാലാണ് പ്രതിദിനം ശേഖരിക്കുന്നത്. അതിൽ 695 ലിറ്റർ മിൽമക്ക് നല്കുന്നു. 55 ലിറ്റർ പഞ്ചായത്തിൽ വില്ക്കുന്നു. 350 പാക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നു.

നിർദ്ദേശങ്ങൾ

1. നിലവിലുള്ള സംഘങ്ങളുടെ പ്രവർത്തനത്തിന് കോട്ടം തട്ടാത്ത രീതിയിൽ വാളികോട്, പ്ലാമ്പഴിഞ്ഞി, വാഴിച്ചൽ വാർഡുകളിൽ ഓരോ ക്ഷീരോല്പാദക സഹകരണസംഘങ്ങൾ സ്ഥാപിക്കുക. ഇതിനായി നിലവിലുള്ള ക്ഷീരോല്പാദക സഹകരണസംഘങ്ങളുടെ നിയമം ഭേദഗതി ചെയ്യുക.
2. അതാത് സംഘങ്ങളുടെ പ്രവർത്തന പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ കർഷകർക്ക് സൗകര്യപ്രദമായി പാൽ ശേഖരണ കേന്ദ്രങ്ങൾ ആരംഭിക്കുക.
3. ക്ഷീരോല്പാദന മേഖലയിൽ നിലവിലുള്ള ത്രീ ടയർ സിസ്റ്റം ഒഴിവാക്കിയാൽ പാഴ്ചെലവ് കുറയ്ക്കാൻ കഴിയും. പ്രാഥമിക സംഘങ്ങളും മേഖലാസംഘങ്ങളും നിലനിർത്തുക.
4. ക്ഷീരോല്പാദക സഹകരണസംഘങ്ങൾ മുൻകൈ എടുത്ത് പഞ്ചായത്തടിസ്ഥാനത്തിൽ ഒരു ക്ഷീരസംഭരണ കേന്ദ്രവും പാൽ ഉല്പാദന നിർമ്മാണകേന്ദ്രവും ആരംഭിക്കുക.
5. കാലിത്തീറ്റ സബ്സിഡി ഏർപ്പെടുത്തണം.
6. ഗുണമേന്മയുള്ള പുൽവിത്തുകൾ വിതരണം ചെയ്യുക. പുൽകൃഷി പ്രോത്സാഹിപ്പിക്കാൻ സബ്സിഡി ഏർപ്പെടുത്തുക.
7. പഞ്ചായത്തു പുറമ്പോക്കുകളിലും സ്വകാര്യ ഭൂമികളിലും (പാട്ടത്തിനേറ്റെടുത്ത്) പുൽകൃഷി വാണിജ്യാടിസ്ഥാന ത്തിൽ ആരംഭിക്കുക.
8. പഞ്ചായത്തു തലത്തിൽ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ക്ഷീരവികസനത്തിന് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ ക്ഷീരസംഘങ്ങൾ വഴി നല്കുക.
9. ആദായം കുടിയ ഇനം കറവ മാടുകളെ ക്ഷീര സംഘങ്ങൾ ഏജൻസിയിൽനിന്ന് വാങ്ങി കർഷകർക്ക് വായ്പയായി കൊടുക്കുക.
10. ക്ഷീരകർഷകരുടെ ബോധവൽക്കരണത്തിനായി വർഷത്തിലൊരിക്കൽ വിദഗ്ദ്ധന്മാരെ പങ്കെടുപ്പിച്ചുകൊണ്ട് സെമിനാർ സംഘടിപ്പിക്കുകയും മൃഗസംരക്ഷണം കൃഷിവകുപ്പുകളുമായി ചേർന്നു കന്നുകാലിപ്രദർശനം, സസ്യഫലപ്രദർശനം എന്നിവ സംഘടിപ്പിക്കുക.

പുതുതായി ആരംഭിക്കേണ്ട സഹകരണസംഘങ്ങൾ

1. മത്സ്യസംഭരണ വിപണന സഹകരണസംഘം.
2. ക്ഷീരോല്പാദക സഹകരണസംഘം വാളികോട്.
3. ക്ഷീരോല്പാദക സഹകരണസംഘം പ്ലാമ്പഴിഞ്ഞി.
4. ഔഷധി വികസന വിപണന സഹകരണ സംഘം.
5. കെട്ടിട നിർമ്മാണ തൊഴിലാളി സഹകരണ സംഘം.
6. റബ്ബർ ഉല്പാദക വിപണന സഹകരണസംഘം കുരവറ.

പട്ടിക

കൈത്തറി നെയ്ത് സഹകരണ സംഘങ്ങൾ

സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	അംഗങ്ങൾ	ഓഹരി വില	ഓഹരി മൂലധനം	ക്രഡിറ്റ് നോൺ ക്രഡിറ്റ്	സർക്കാർ ഓഹരി	ലാഭമോ നഷ്ടമോ		ജീവനക്കാർ	മറ്റുള്ളവർ
							നഷ്ടം	ലാഭം		
ആലച്ചക്കോണം ഹരിജൻ ഫാൻറ്ലും വീവേഴ്സ് ഇൻഡസ്ട്രിയൽ (വർക്ക്ഷോപ്പ്)	1981	106	100	10,600	നോൺ ക്രഡിറ്റ്	167400	185,000		3	20

പട്ടിക

വനിതാ സംഘങ്ങൾ

സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	അംഗങ്ങൾ	ഓഹരി മൂലധനം	സർക്കാർ ഓഹരി	വായ്പകൾ	നിക്ഷേപം	നഷ്ടമോ ലാഭമോ		ജീവനക്കാർ
								നഷ്ടം	ലാഭം	
ഒറ്റശേഖരമംഗലം പഞ്ചായത്ത് വനിതാ സഹകരണ സംഘം	1985	ഒറ്റശേഖര മംഗലം പഞ്ചായത്ത്	640	43,930	25,000	190411	28076	317578	–	2
വനിതാ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി –	1990	ഒറ്റശേഖര മംഗലം പഞ്ചായത്ത്	43	150500	129000	നോൺ ക്രഡിറ്റ്				2

പട്ടിക

വായ്പാ സംഘങ്ങൾ

ക്രമ നമ്പർ	സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	വ്യക്തി അംഗത്വം	ഓഹരി മൂലധനം	കടം	നിക്ഷേപം	വായ്പകൾ		പ്രവർത്തന മൂലധനം	ലാഭമോ നഷ്ടമോ		ജീവനക്കാർ	
								കാർഷികം	കാർഷികേതരം		ലാഭം	നഷ്ടം	സ്ഥിരം	മറ്റുള്ളവർ
1.	ഒറ്റശേഖരമംഗലം സർവീസ് സഹകരണ ബാങ്ക്	1968	ഒറ്റശേഖരമംഗലം പഞ്ചായത്ത്	3594	461915	2210167	644710	1187797	7171669	3245800	–	നഷ്ടം	6	–
2.	വാളിക്കോട് ഹരിജൻ സഹകരണ സംഘം	ME 1102	ഒറ്റശേഖരമംഗലം പഞ്ചായത്ത് കുറ്റിയാണിക്കാട്, കീഴാറൂർ, ചെമ്പൂര്	968	10855	60000	–	–	85000	70855	–	43091.85	1	
3.	വാഴിച്ചൽ ഗിരിജൻ സർവ്വീസ് സഹകരണ സംഘം. റ്റി. 738	1980	പെരുകുന്നം, വിട്ടിയോട്, നാരകത്തിൻകുഴി	205	66621	–	–	50,000	–	39800	–	–	1	–
4.	തെയ്യാറ്റിൻകരതാലൂക്ക് പട്ടികജാതി കരിങ്കൽ വ്യവസായ സഹകരണ സംഘം	1995	ഒറ്റശേഖരമംഗലം പഞ്ചായത്തും സമീപത്തുള്ള 5 പഞ്ചായത്തുകളും	152	2,34000	–	–	–	6000	–	–	–	2	

4.11 പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

ഒറ്റശേഖരമംഗലം പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ ജനസംഖ്യ 15.14% ആണ്. പട്ടികജാതിക്കാരിൽ ഭൂരിഭാഗവും 16 അംഗീകൃത ഹരിജൻ കോളനികളിലെ 650 ഓളം കുടുംബങ്ങളിലായി താമസിക്കുന്നു. നമ്മുടെ പഞ്ചായത്തിലെ പട്ടികവർഗ്ഗ ജനസംഖ്യ 167 ആണ്. ഇവർ പ്രധാനമായും പുഴനാട്, പ്ലാമ്പഴിഞ്ഞി, വാഴിച്ചൽ വാർഡുകളിൽ നാരകത്തിൻകുഴി, പെരുകുന്നം, വിട്ടിയോട് എന്നീ സങ്കേതങ്ങളിലായി താമസിക്കുന്നു.

ഒരു ന്യൂനപക്ഷമൊഴിച്ച് മഹാഭൂരിപക്ഷത്തിന്റെയും ജീവിത നിലവാരം ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. ഹരിജനക്ഷേമ വകുപ്പും മറ്റ് സർക്കാർ ഏജൻസികളും നടത്തുന്ന ക്ഷേമ പ്രവർത്തനങ്ങളുടെ ആനുകൂല്യം ലഭിക്കാറുണ്ടെങ്കിലും അവയുടെ നീതിപൂർണ്ണമായ വിതരണം നടന്നിട്ടില്ലായെന്ന ആക്ഷേപമുണ്ട്. പൊതുവിൽ, വിവിധ ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ചുള്ള ഈ വിഭാഗങ്ങളുടെ അജ്ഞതയും വിദ്യാഭ്യാസനിലവാരക്കുറവുമാണ് ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിന് തടസ്സമായി നിന്നിട്ടുള്ളത്. എന്നാൽ ഈ വിഭാഗങ്ങളിലെ പുതിയ തലമുറ പുതിയ സാഹചര്യങ്ങളെക്കുറിച്ചും ആനുകൂല്യങ്ങളെക്കുറിച്ചും ബോധവാന്മാരായിട്ടുണ്ട്.

ഐ. ആർ. ഡി. പി. സർവ്വേ പ്രകാരം ദാരിദ്ര്യ മേഖലയ്ക്ക് താഴെയുള്ള പട്ടിജാതി കുടുംബങ്ങൾ 36%ഉം പട്ടികവർഗ്ഗക്കാരുടേത് 17 ശതമാനവും ആണ്. പഞ്ചായത്തിലെ സ്കൂളുകളിൽ പഠിക്കുന്ന ലംസംഗ്രാൻറ് വാങ്ങുന്ന കുട്ടികളുടെ എണ്ണം 374 ആണ്.

പട്ടിക

ആകെ		പട്ടികജാതി		പട്ടികവർഗ്ഗം	
പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ
8685	8749	1094	1156	89	78

നമ്മുടെ പഞ്ചായത്തിൽ 1992 ന് ശേഷം 100 പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ ഐ. ആർ. ഡി. പി. അനുസരിച്ചുള്ള ധനസഹായത്തിന് അർഹമായിട്ടുണ്ട്. കച്ചവടക്കാർക്കും ആടുമാടുകൾ വാങ്ങാനുമാണ് അധികം പേരും വായ്പകൾ ഉപയോഗിച്ചിട്ടുള്ളത്. എന്നാൽ ഇത്തരത്തിലുള്ള ആനുകൂല്യങ്ങൾ ആ വിഭാഗക്കാരുടെ സ്ഥായിയായ പുരോഗതിക്ക് അല്പം പോലും ഉതകുന്നില്ല.

നമ്മുടെ കാർഷിക മേഖലയിലും പരമ്പരാഗത കുടിൽ വ്യവസായ രംഗത്തും പട്ടികജാതിക്കാരുടെ സംഭാവന വളരെ വലുതാണ്. ചേനാട് ബാംബു കോർപ്പറേഷന്റെ ഡിപ്പോയെ ആശ്രയിച്ച് 450 ഓളം പേർ ഈറ്റപ്പായ് നെയ്ത്ത് തൊഴിലിലേർപ്പെടുന്നു. നെയ്ത്ത് മേഖലയിലും ഈ വിഭാഗത്തിലുള്ള തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. 39 പട്ടികജാതി വിഭാഗത്തിലെ തൊഴിലാളികൾ കാർഷിക വ്യവസായവുമായി ബന്ധപ്പെടുന്നുണ്ട്. 152 തൊഴിലാളികൾ ചേർന്ന് ഒരു കരിങ്കൽ വ്യവസായ സഹകരണസംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൺസ്ട്രക്ഷൻ, പെയിൻറിംഗ് തുടങ്ങിയ മേഖലകളിൽ പണിയെടുക്കുന്നവർ അധികവും പുതിയ തലമുറക്കാരാണ്. സർക്കാർ ഉദ്യോഗസ്ഥന്മാർ ന്യൂനപക്ഷം മാത്രമാണ്.

വാളിക്കോട് ഹരിജൻ സഹകരണസംഘവും വാഴിച്ചൽ ഗിരിജൻ സഹകരണസംഘവും പ്രവർത്തനമുണ്ടെങ്കിലും കാര്യമായ സഹായങ്ങൾ നല്കാൻ അവയ്ക്ക് കഴിയുന്നില്ല.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ 50 ശതമാനത്തോളം പേർ നിരക്ഷരരാണ്. സർക്കാർ ജോലികളിൽ സംവരണാനുകൂല്യങ്ങൾ അർഹരായവർക്ക് ലഭിക്കാറുണ്ട്. എന്നാൽ ഗ്രാമസഭകളിൽ നിന്ന് ഉയർന്നുകേട്ട പ്രധാന ആവശ്യം - ''മതപരമായ വിവേചനം കൂടാതെ ദളിത് ക്രിസ്ത്യാനികൾക്കും സംവരണാനുകൂല്യം അനുവദിക്കണ''മെന്നാണ്.

പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ കോളനികളുടെ നിലവാരം പൊതുവെ തൃപ്തികരമല്ല. അംഗീകൃത കോളനികളിൽ 11 എണ്ണം വൈദ്യുതീകരിച്ചിട്ടുണ്ട്. അംഗീകൃതമല്ലാത്ത നിരവധി സങ്കേതങ്ങളിനിയിമുണ്ട്. പ്രത്യേകിച്ചും, ലക്ഷം വീട് കോളനികളിൽ താമസിക്കുന്നവരുടെ വീടുകൾ ചോർന്നൊലിക്കുന്നു. അടിയന്തിര ശ്രദ്ധ പതിയേണ്ട കാര്യമാണിത്. മിക്ക സങ്കേതങ്ങളിലും വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ളക്ഷാമമുണ്ട്.

ഈ വിഭാഗത്തിലെ സ്ത്രീകളുടെ ജീവിതനിലവാരം ഉയർത്തണമെങ്കിൽ പരമ്പരാഗത കുടിൽ വ്യവസായമേഖലകളെ പരിപോഷിപ്പിച്ചേ മതിയാകൂ.

സാക്ഷരതയിലും സാമൂഹ്യപദവിയിലും വന്ന മാറ്റം പുതിയ തലുറയിൽ പ്രകടമാണ്. കലാകായിക രംഗങ്ങളിൽ ഈ വിഭാഗത്തിൽ നിന്നുള്ളവരുടെ പ്രാതിനിധ്യം വർദ്ധിച്ചുവരുന്നുണ്ട്.

ഒരനുഷ്ഠാനം പോലെ ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്ന ഇന്നത്തെ രീതിക്ക് സമൂലമായ മാറ്റമുണ്ടാ

ക്കിയാൽ മാത്രമേ പട്ടികജാതി-പട്ടികവർഗ്ഗവിഭാഗങ്ങളുടെ പുരോഗതിയെന്ന നമ്മുടെ ലക്ഷ്യം സാധ്യമാക്കാൻ കഴിയൂ. സാമ്പത്തികമായി ദുർബ്ബലമായ കുടുംബങ്ങളുടെ ഉന്നമനത്തിന് അടിയന്തിരശ്രദ്ധ പതിയണം. ഒൻപതാം പദ്ധതി നടപ്പിലാക്കുന്ന ഈ വേളയിൽ ഈ വിഭാഗത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തണം.

ഗ്രാമസഭകളിൽ ഉന്നയിക്കപ്പെട്ട പ്രധാന പ്രശ്നങ്ങൾ

1. 30 ശതമാനത്തോളം പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് സ്വന്തമായി വീടില്ല. കക്കൂസില്ലാത്തവരുടെ എണ്ണം 0.40% ത്തോളം വരും.
2. ഗവൺമെന്റിൽ നിന്നും ലഭിച്ച വീടുകൾ അപകടഭീഷണിയിലാണ്. ലക്ഷം വീടുകളുടെ അവസ്ഥ ശോചനീയമാണ്.
3. സ്വന്തം നിലയിൽ വീട് പുതുക്കിപ്പണിയാൻ സാമ്പത്തികമില്ല.
4. നെട്ടയം കുഞ്ഞാലി കോളനിക്കാർക്ക് പട്ടയം ലഭിച്ചിട്ടില്ല.
5. വൈദ്യുതി, കുടിവെള്ളം, ഗതാഗത സൗകര്യം, ശ്മശാനം എന്നിവ എത്തിച്ചേരാത്ത ഹരിജൻ സങ്കേതങ്ങളുമുണ്ട്.
6. 50% ത്തോളം ആളുകൾ നിരക്ഷരരാണ്.
7. കൈതക്കുഴി, വിയ്യക്കോണം, പെരുകുന്നം, വട്ടപ്പറമ്പ്, ആനക്കുഴി കോളനികളിലെ കുട്ടികളിൽ ബഹുഭൂരിപക്ഷവും സ്കൂളിൽ പോകുന്നില്ല. മറ്റു സ്ഥലങ്ങളിലും കുട്ടികൾ പൂർണ്ണമായും സ്കൂളിൽ പോകാത്ത അവസ്ഥ നിലവിലുണ്ട്.
8. ബഹുഭൂരിപക്ഷം പേർക്കും സ്ഥിരതൊഴിൽ ഇല്ല.
9. ഈറ്റത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് യഥാസമയം ഈറ്റ ലഭിക്കുന്നില്ല. വർഷത്തിൽ ഭൂരിപക്ഷം ദിനങ്ങളിലും തൊഴിൽ ലഭിക്കാറില്ല. ചെയ്യുന്ന തൊഴിലനുസരിച്ച് വില ലഭിക്കുന്നില്ല. ചേനാട് ബാംബു കോർപ്പറേഷൻ ഡിപ്പോയുടെ പ്രവർത്തനം തൃപ്തികരമല്ല.
10. ഹരിജൻ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം പൊതുവെ തൃപ്തികരമല്ല.
11. ഹരിജൻ കോളനികളിലേക്കുള്ള റോഡുകൾ പലതും ഗതാഗതയോഗ്യമല്ല. വാഹനസൗകര്യം കുറവാണ്.
12. ആനുകൂല്യങ്ങൾ ലഭിക്കുന്നതിൽ മതപരമായ വിവേചനം നിലവിലുണ്ട്.
13. ഹരിജൻ സങ്കേതങ്ങൾ പലതും I. H. D. P. കോളനികളായി പ്രഖ്യാപിച്ചിട്ടില്ല.
14. വാഴിച്ചൽ വാർഡിൽ പുറമ്പോക്കുകളിൽ താമസക്കാരും കടതിണ്ണയിൽ അന്തിയുറങ്ങുന്നവരുമുണ്ട്.
15. വാളികോട് ഹരിജൻ സർവ്വീസ് സഹകരണസംഘത്തിന്റെയും വാഴിച്ചൽ ഗിരിജൻ സർവ്വീസ് സഹകരണസംഘത്തിന്റെയും പ്രവർത്തനം ആ വിഭാഗങ്ങളുടെ ഉല്പാദന തൊഴിൽ മേഖലയ്ക്ക് കാര്യമായ സഹായം ചെയ്യാൻ കഴിയുന്നില്ല.

പരിഹാരമാർഗ്ഗങ്ങളും സാദ്ധ്യതകളും

1. അപ്രഖ്യാപിത ഹരിജൻ സങ്കേതങ്ങൾ, I. H. D. P. കോളനികളായി പ്രഖ്യാപിക്കുക.
2. വീടില്ലാത്തവർക്ക് ഐ. ആർ. ഡി. പി. ലിസ്റ്റ് അനുസരിച്ച് വായ്പാ സഹായം അനുവദിക്കുക.
3. E. S. P. കക്കൂസുകൾ അനുവദിക്കുക.
4. വിവിധതരം പെൻഷനുകൾ ലഭിക്കാൻ അർഹതയുള്ളവർക്ക് അത് അടിയന്തിരമായി ലഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.
5. കിണറുകൾ ഇല്ലാത്ത കുടുംബങ്ങൾക്ക് ബ്ലോക്കിന്റെ സ്കീമായ മില്ല്യൻ വെൽസ് പദ്ധതിയിൽ ഉൾപ്പെടുത്തി കിണർ നിർമ്മിക്കൻ ആവശ്യമായ സഹായം ചെയ്യണം.
6. പെരുകുന്നത്ത് ഒരു ട്രൈബൽ എൽ. പി. എസ്. അനുവദിക്കുക. ഒരു ഗിരിജൻ ബാലവാടി ഇതോടനുബന്ധിച്ച് ആരംഭിക്കുക. സാക്ഷരതാ നിലവാരം ഉയർത്താൻ ജനവിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.
7. രക്ഷകർത്താക്കളെ ബോധവാന്മാരാക്കുകയും സ്കൂളിൽ പോകാത്ത കുട്ടികളെ സ്കൂളുകളിൽ എത്തിക്കാൻ വേണ്ട ഉത്തരവാദിത്വം ഗ്രാമസഭകൾ ഏറ്റെടുക്കുകയും ചെയ്യുക. ഉച്ചഭക്ഷണ പരിപാടി കൃത്യമായി നടത്താനുള്ള സംവിധാനം ഉണ്ടാക്കുകയും വിദ്യാജ്യോതിപോലുള്ള പരിപാടികളിലൂടെ ഹരിജൻ വിദ്യാർത്ഥികളുടെ നിലവാരം ഉയർത്തുകയും വേണം.
8. അംഗൻവാടികളുടെയും ബാലവാടികളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുകയും കുട്ടികൾ ഈ സ്ഥാപനങ്ങളിൽ എത്തുന്നുണ്ടോ എന്ന് പരിശോധിക്കുകയും വേണം.
9. നാടൻ കലാരൂപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ ശില്പശാലകൾ സംഘടിപ്പിക്കുകയും കലാ-കായിക സംഘടനകളുടെ പ്രവർത്തനം ഈ വിഭാഗങ്ങളിലേക്ക് വ്യാപിപ്പിക്കാൻ ബോധപൂർവ്വമായ ശ്രമവും വേണം.
10. ലക്ഷം വീടുകളിലെ ഇരട്ടവീടുകൾ ഒറ്റവീടുകളാക്കുകയും അധികമുള്ളവർക്ക് ഗ്രൂപ്പടിസ്ഥാന

ത്തിൽ ഭവനനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും വേണം.

11. ദളിത് ക്രിസ്ത്യാനികളോടുള്ള വിവേചനം ഒഴിവാക്കുന്നതിനുവേണ്ടി നിയമനിർമ്മാണത്തിൽ ഭേദഗതി വരുത്താൻ ഗവൺമെൻറ് തലത്തിൽ ശ്രമവും തീരുമാനവും ഉണ്ടാകണം.

12. നിലവിലുള്ള ഹരിജൻ ഗിരിജൻ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുകയും വിപുലീകരിക്കുകയും ചെയ്യുക.

13. സ്ത്രീകളുടെ ഉന്നമനത്തിനായി വനിത ഇൻഡസ്ട്രിയൽ സൊസൈറ്റികൾ സ്ഥാപിക്കുകയും മൂലധനം ഗ്രാൻറായി നല്കുകയും വേണം.

14. പരമ്പരാഗത ഈറ്റത്തൊഴിലുകാരെ സഹായിക്കാനുള്ള നടപടികൾ കൈക്കൊള്ളുകയും പുനഃരുദ്ധരിക്കുകയും വേണം. ചേനാട് ബാംബൂ കോർപ്പറേഷൻ ഡിപ്പോയിൽ ഈറ കൃത്യമായി എത്തിക്കാനുള്ള നടപടികൾ ഉണ്ടാകണം. വാഴിച്ചൽ, പ്ലാമ്പഴിഞ്ഞി വാർഡുകളിൽ കോർപ്പറേഷൻറെ ഓരോ സബ് ഡിപ്പോകൾ തുറക്കണം.

15. പൊതു ശ്മശാനം ഇല്ലാത്ത സങ്കേതങ്ങളിൽ ഇതിനായി ഭൂമി കണ്ടെത്തണം.

16. ആലച്ചക്കോണം ഹരിജൻ വീവേഴ്സ് കോ-ഓപ്പറേറ്റിവ് സൊസൈറ്റിയുടെ പീഡിതാവസ്ഥ മാറ്റാൻ നടപടികൾ എടുക്കണം.

പട്ടിക

ഹരിജൻ കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ

വാർഡ് നമ്പർ	ഹരിജൻ കോളനികളുടെ പേര്	വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങളുടെ (എണ്ണം)	സൗജന്യ സ്ലാബിൽ വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം	പണം നല്കി വൈദ്യുതി കണ: ലഭിക്കുന്ന കുടു: എണ്ണം
1	2	3	4	5
1 .	മേനാട് ലക്ഷംവീടം കോളനി	15	10	
3	കുരുവിൽപുറം	20	20	
4	പ്ലാങ്കാലവിള കോളനി	5	5	
4.	വിലവൂർക്കോണം	15	15	
6	ചെട്ടിക്കുന്ന്	10	10	
	പള്ളിത്തറ	10	10	
,,	കുറ്ററ അകരത്തുവിള	3	2	
7	പെരുകുന്നം	10	10	
	വട്ടപ്പറമ്പ്	12	12	

പട്ടിക

പഞ്ചായത്തിൽ I. H. D. P കോളനികളായും സെറ്റിൽമെൻറ് കോളനികളായും പ്രഖ്യാപിക്കേണ്ട പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങൾ

നമ്പർ	സങ്കേതം	വാർഡ്	കുടുംബങ്ങളുടെ എണ്ണം
1.	കുരുവിൽപുറം	കടമ്പറ	35
2.	പാക്കോട്ടുകോണം	കുന്നനാട്	30
3.	പ്ലാങ്കാലവിള	കുരവറ	15
4.	വിലവൂർക്കോണം	ഒറ്റശേഖരമംഗലം	25
5.	പള്ളിത്തറ	വാളികോട്	50
6.	നെല്ലിവിള	ആലച്ചക്കോണം	25
7.	പറമ്പുവാരം	പൂഴനാട്	15
8.	വേങ്കോട്ടുകോണം		10
9.	കുരുവിയോടുകോണം	കുന്നനാട്	15
10.	കാരോടുകോണം		10
11.	തച്ചംകോണം	കുരവറ	15
12.	തെങ്ങിൻകാല		10
13.	കൊല്ലകോണം		10
14.	പാലോട്ടുകോണം	ഒറ്റശേഖരമംഗലം	15
15.	കുറ്ററ അകരത്തുവിള	വാളികോട്	35
16.	കക്കാട്ടുകോണം		25
17.	ചൂഴക്കോണം		15
18.	ആങ്കോട്ടുകോണം	പ്ലാമ്പഴിഞ്ഞി	15
19.	പതിനാഴിമൂല	ആലച്ചക്കോണം	10
20.	കുഴിക്കാലവിള		10
21.	പ്രാകൽ	വാഴിച്ചൽ	10
22.	ചിറയാണിക്കര		10

4.12 വിഭവസമാഹരണം

നദികളാൽ ചുറ്റപ്പെട്ടതും കാർഷിക പ്രധാനവുമായ പഞ്ചായത്ത് ആണെങ്കിലും ഇന്നും തിരുവനന്തപുരം ജില്ലയിലെ തനതു വരുമാനം ഏറ്റവും കുറഞ്ഞ 2-ാം ഗ്രേഡ് പഞ്ചായത്താണ് ഒറ്റശേഖരമംഗലം. 1953-ൽ രൂപീകൃതമായെങ്കിലും ഉല്പാദന-വാണിജ്യ മേഖലകളിൽ എടുത്തു പറയത്തക്ക മുന്നേറ്റം കാഴ്ചവയ്ക്കാൻ ഈ പഞ്ചായത്തിന് സാധിച്ചിട്ടില്ല. വികസന പ്രവർത്തനങ്ങൾ പൂർണ്ണമായും സർക്കാർ ഗ്രാൻറുകളെ ആശ്രയിച്ചാണ്.

വൻകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ ഇല്ല. പരമ്പരാഗത വ്യവസായങ്ങൾ ദുർബലമാണ്. ചെറുകിട-കുടിൽ വ്യവസായ മേഖലളിൽ മുതൽമുടക്കിന് ബാങ്കുകളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്നതിൽ വരുന്ന ബുദ്ധിമുട്ടുകൾ സ്വയം തൊഴിൽ കണ്ടെത്തൽകാരെ പിന്നോട്ടടുപ്പിക്കുന്നു. സംഘടിതമായ ജനപങ്കാളിത്തത്തോടെ ഉല്പാദന-സേവന-വാണിജ്യ മേഖലകളിൽ വൻമുന്നേറ്റം നടത്തിയാൽ മാത്രമേ വൻതോതിലുള്ള വിഭവ സമാഹരണം സാദ്ധ്യമാകൂ. എങ്കിലും നമ്മുടെ പരിമിതികൾക്ക് ഉള്ളിൽ നിന്നുകൊണ്ട് എന്തൊക്കെ ചെയ്യാമെന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിലെ പ്രധാന വാണിജ്യ ബാങ്ക് പൂഴനാട് സ്ഥിതിചെയ്യുന്ന ഇൻഡ്യൻ ഓവർസീയേഴ്സ് ബാങ്കാണ്. ഒറ്റശേഖരമംഗലം, വാളികോട് വാർഡുകൾ ആര്യൻകോട് പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന എസ്. ബി. റ്റി. ഒറ്റശേഖരമംഗലം ശാഖയുടെ ഇടപാട് പരിധിയിൽ വരുന്നതാണ്. വാഴിച്ചൽ വാർഡ്, കുടപ്പനമൂട് എസ്. ബി. റ്റി. ശാഖയുടെ ഇടപാട് പരിധിയിലും ഉൾപ്പെടുന്നു. ഈ പഞ്ചായത്തിൽ കാർഷിക വാണിജ്യ ആവശ്യങ്ങൾക്ക് ബന്ധപ്പെടാൻ കഴിയുന്ന മറ്റൊരു പ്രധാന സ്ഥാപനം ഒറ്റശേഖരമംഗലം സർവ്വീസ് സഹകരണ ബാങ്കാണ്. ഈ ബാങ്കിൻെറ ഇന്നത്തെ പോരായ്മകൾ പരിഹരിക്കാൻ കഴിഞ്ഞാൽ ഈ പ്രദേശത്തെ ചെറുകിട കർഷകർക്കും കച്ചവടക്കാർക്കും തൊഴിലാളികൾക്കും കാര്യമായ സഹായം ചെയ്യാൻ കഴിയും.

പഞ്ചായത്തിൻെറ വരുമാനങ്ങൾ

ഈ പഞ്ചായത്തിലെ മുഖ്യ വരുമാന മാർഗ്ഗങ്ങളിൽ കെട്ടിടനികുതി, തൊഴിൽ നികുതി, മണൽ ലേലം, ചന്തലേലം എന്നിവയിൽ നിന്നു മാത്രമേ തനതു വരുമാനം ലഭിക്കുന്നുള്ളൂ. സർക്കാർ ഗ്രാൻറുകളും, സ്റ്റാമ്പ് ഡ്യൂട്ടിയും അടിസ്ഥാന നികുതിയും, J. R. Y. ഫണ്ടുമാണ് പിന്നെയുള്ള വരുമാനം. വിവിധയിനങ്ങളിൽ നിന്നുള്ള വരുമാനം താഴെ കൊടുത്തിരിക്കുന്നു.

പട്ടിക

വരുമാനം 1995-96

ഇനം		വരുമാനം
തനതു വരുമാനം		
1.	കെട്ടിട നികുതി	90,142.00
2.	വിനോദ നികുതി	14,823.50
3.	തൊഴിൽ നികുതി	60,330.00
4.	കുത്തകപാട്ടം	3015.00
5.	കെട്ടിട വാടക	16,838.00
6.	ലൈസൻസ് ഫീസ്	3,500.00
7.	മാർക്കറ്റ് വരവ്	17,600.00
8.	വസ്തു കൈമാറ്റ നികുതി	61,051.00
9.	മണൽ ലേലം	27,700.00
10.	പലവക	58,807.10
11.	അൺടൈഡ് ഫണ്ട്	3,36,590.00
12.	J. R. Y.	2,67,800.00
	ആകെ	9,58,196.60
ഗ്രാൻറുകൾ		
1.	റോഡ് മൈൻറനൻസ് ഗ്രാൻറ്	23,907.00
2.	മൈനർ ഇറിഗേഷൻ ഗ്രാൻറ്	5,214.00
3.	വെഹിക്കിൾ ടാക്സ്	1,75,376.00
4.	എസ്റ്റാബ്ലിഷ്മെൻറ് ഗ്രാൻറ്	68,180.00
	ആകെ	2,72,677.00

പട്ടിക

ചെലവ് സംബന്ധിച്ച വിവരങ്ങൾ 1995-96

ഇനം	തുക
ഭരണം	7,13,769.00
പൊതുമരാമത്ത്	24,550.00
വിദ്യാഭ്യാസം	5,609.00
ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം	7000.00
തെരുവു വിളക്കുകൾ കത്തിക്കുന്നത്	55,577.00
മറ്റുള്ളവ	2,25,979.00
ആകെ	10,32,484.00

നാട്ടിലെ ഭൂരിപക്ഷം കർഷകരുടെയും വരുമാനം വാഴ, തെങ്ങ്, റബ്ബർ എന്നീ വിളകളിൽ നിന്നാണ്. വിളകളിൽ നിന്ന് ലഭിക്കുന്ന വരുമാനം കാർഷികേതര മേഖലയുടെ വളർച്ചയ്ക്ക് ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല. ഈ പഞ്ചായത്തിൽ 375-ൽ അധികം ആൾക്കാർ ഗൾഫിൽ ജോലിയെടുക്കുന്നുണ്ട്. അവരിൽ പകുതിയോളം പേരുടെ ധനസ്ഥിതി മെച്ചപ്പെട്ടിട്ടില്ല എന്നത് വസ്തുതയാണ്. സമ്പാദ്യമുള്ള ഗൾഫുകാരിൽ തന്നെ പ്രത്യുല്പാദനപരമായ മേഖലകളിൽ മുതൽമുടക്കുന്നവരുടെ എണ്ണം വിരളമാണ്. ചിലവ് കൂടുതലുള്ള വീടുകൾ പണിയുന്ന പ്രവണത ഗൾഫുകാരിലുണ്ട്. അവരുടെ സമ്പാദ്യം പ്രത്യുല്പാദന സേവന മേഖലകളിലേക്ക് തിരിച്ചുവിടാൻ ബോധപൂർവ്വമായ ശ്രമം ഉണ്ടാകണം.

സൗജന്യമായി ലഭിക്കുന്ന മനുഷ്യ-കായിക ശക്തിയാണ് മനുഷ്യവിഭവങ്ങളിൽ പ്രധാനം. സാങ്കേതിക വിദ്യാഭ്യാസത്തിലും തൊഴിലുകളിലും യോഗ്യതയുള്ളവരുടെ എണ്ണം ഈ പഞ്ചായത്തിൽ 250-ഓളം വരും. തൊഴിൽരഹിതരായ ഈ ചെറുപ്പക്കാരും സേവന തുറകളിൽ നിന്ന് പെൻഷൻപറ്റി പിരിഞ്ഞവരും ഈ പഞ്ചായത്തിന്റെ വിഭവസമ്പത്തിൽ പ്രധാനമാണ്. കൺസ്ട്രക്ഷൻ, മെറ്റൽ എഞ്ചിനീയറിംഗ്, മരാമത്ത് പണികൾ എന്നിവയിൽ നൈപുണ്യം നേടിയ ആളുകളുടെ സംഖ്യയും കുറവല്ല. ഇത് വിഭവസമാഹരണത്തിൽ ഗണ്യമായ തോതിൽ ഉപയോഗപ്പെടുത്താൻ കഴിയുന്നവയാണ്.

പ്രധാന വികസന പ്രവർത്തനങ്ങൾക്ക്, ഗുണഭോക്താക്കളിൽ സാമ്പത്തിക ഭദ്രതയുള്ളവരിൽ നിന്നും സംഭാവനകൾ സ്വരൂപിക്കാൻ കഴിയും. ഇന്നത്തെ കേന്ദ്രീകൃത വികസനപ്രവർത്തനങ്ങൾക്ക് പകരം വികേന്ദ്രീകൃതവും ജനപങ്കാളിത്തത്തോട് കൂടിയതുമായ ഒരു വികസന സംസ്കാരം രൂപപ്പെടുത്താൻ കഴിഞ്ഞാൽ മാത്രമെ സൂക്ഷ്മതല ആസൂത്രണം ഫലപ്രാപ്തിയിലെത്തിക്കാൻ കഴിയൂ. ആവശ്യങ്ങൾക്കാനുപതികമായി നികുതിയേതര സർക്കാർ വരുമാനം വർദ്ധിച്ചിട്ടില്ല എന്നത് ഒരു വസ്തുതയാണ്. മൊത്തം വരുമാനത്തിന്റെ 50 ശതമാനം അൺടൈഡ് ഫണ്ടിനെ ആശ്രയിച്ചാണ്. J. R. Y. ഫണ്ടിൽ 22.5 ശതമാനം ഹരിജൻ ക്ഷേമത്തിന് ഉപയോഗിച്ചിട്ടുണ്ട്. ബാക്കി തുക പൊതു ആസ്തി വർദ്ധനവിന് വേണ്ടിയും ഉപയോഗിച്ചിട്ടുണ്ട്.

പുതിയ പഞ്ചായത്ത്രാജ് നിയമം പ്രാബല്യത്തിൽ വന്നതിന് ശേഷം ആരോഗ്യം, കാർഷികം, മൃഗസംരക്ഷണം, ഡയറി ഡവലപ്മെൻറ്, ഹരിജനക്ഷേമം എന്നിവയ്ക്ക് സബ്സിഡിയായി അനുവദിച്ചിട്ടുള്ള തുക അതാതു വകുപ്പുകളുടെ കീഴിലുള്ള പദ്ധതികൾക്കായി വിനിയോഗിച്ചു വരുന്നു.

പഞ്ചായത്തിന്റെ നികുതികൾ ജീവനക്കാരുടെ കുറവു മൂലം പൂർണമായി പിരിച്ചെടുക്കാൻ കഴിയുന്നില്ല. അതിനാൽ കുടിശിക വർദ്ധിക്കുന്നതു മൂലം വികസന പ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട്.

തനതു വിഭവസമാഹരണത്തിലെ പ്രശ്നങ്ങൾ

1. കളക്ഷൻ സ്റ്റാഫിന്റെ അപര്യാപ്തതമൂലം സാദ്ധ്യമായ നികുതികൾ പിരിച്ചെടുക്കാൻ കഴിയുന്നില്ല.
2. ചെറുകിട റബ്ബർതോട്ടമുള്ളവരിൽ നിന്നും അഗ്രികൾച്ചറൽ പ്രൊഫഷൻ നികുതി പിരിക്കുന്നില്ല.
3. പരസ്യ നികുതി പിരിക്കുന്നില്ല.
4. നികുത്യേതര വരുമാനത്തിൽ വർദ്ധനവില്ല.
5. പൊതു ആവശ്യങ്ങൾക്കുള്ള സ്പെഷ്യൽ ഗ്രാൻറുകൾ ലഭിക്കുന്നില്ല.
6. 111 കിലോ മീറ്ററോളം റോഡ് ഈ പഞ്ചായത്തിലുണ്ട്. എന്നാൽ 63 കി. മീ. റോഡിന്റെ അറ്റകുറ്റപ്പണികൾ തീർക്കാനാവശ്യമായ ഗ്രാൻറ് മാത്രമേ ലഭിക്കുന്നുള്ളൂ. നിലവിലുള്ള ചെലവുമായി തട്ടിച്ചു നോക്കുമ്പോൾ ഇത് ആവശ്യത്തിന്റെ 1/100 മാത്രമേ ആകുന്നുള്ളൂ. മരാമത്ത് പണികൾ കോൺട്രാക്ട് വ്യവസ്ഥയിലും നോമിനി വ്യവസ്ഥയിലും മാത്രമേ നടന്നിട്ടുള്ളൂ. മരാമത്ത് പണികൾക്ക് വേണ്ടത്ര ഗ്രാൻറ് ലഭിക്കുന്നില്ല.
7. വിവിധതരം ക്ഷേമപ്രവർത്തനങ്ങൾക്കുള്ള ഫണ്ടുകൾ ഡിപ്പാർട്ടുമെൻറുകളിൽ നിന്നും വേണ്ടത്ര ലഭിക്കുന്നില്ല..

വരുമാനം കണ്ടെത്താനുള്ള മാർഗ്ഗങ്ങൾ

1. റോഡുകളുടേയും തോടുകളുടേയും സംരക്ഷണച്ചുമതല അതാതു ഗ്രാമസഭകളിലെ രൂപീകരിക്കപ്പെട്ട ജനകീയ കമ്മറ്റികൾ ഏറ്റെടുക്കുകവഴി പദ്ധതിപ്പണം ചോരാതെ സംരക്ഷിക്കാം.
2. ഭൂനികുതി ഫലഭൂയിഷ്ടതയേയും ഉല്പാദനത്തേയും അടിസ്ഥാനമാക്കി നിർണയിക്കുന്നതിനും പിരിച്ചെടുക്കുന്നതിനുമുള്ള അവകാശം പഞ്ചായത്തുകളെ ഏല്പിക്കണം.
3. സ്വകാര്യം പണമിടപാടുകാരിൽ നിന്നും വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി നിർബന്ധമാക്കണം.
4. ഒരു ഹെക്ടറിൽ കൂടുതൽ റബ്ബർ തോട്ടങ്ങളും തെങ്ങിൻ തോട്ടങ്ങളും ഉള്ള കർഷകരിൽ നിന്നും കാർഷിക തൊഴിൽ നികുതി ഏർപ്പെടുത്തണം.
5. പഞ്ചായത്തിലെ വാണിജ്യ പരസ്യങ്ങൾക്ക് സെസ്സ് ഏർപ്പെടുത്തുക.

6. വൻതുകകൾ ചെലവഴിച്ച് നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് ഒരു അഡീഷണൽ നികുതി ഏർപ്പെടുത്തണം.

7. പുറമ്പോക്കുകളിലും തരിശ് ഭൂമികളിലും ഫലവൃക്ഷങ്ങളും, തേക്ക്, ആഞ്ഞിലി, പ്ലാവ്, മാഞ്ചിയം തുടങ്ങിയവ വച്ചുപിടിപ്പിച്ച് സാമൂഹ്യവനവൽക്കരണം നടപ്പിലാക്കുകയും അതിലൂടെ ഭാവിയിൽ വിഭവസമാഹരണം സാദ്ധ്യമാക്കുകയും ചെയ്യാം.

8. സ്വകാര്യ ഗ്രാനൈറ്റ് വ്യാപാരികളിൽ നിന്നും പാറപൊട്ടിപ്പുകാരിൽ നിന്നും പഞ്ചായത്ത് നികുതികൾ പിരിച്ചെടുക്കണം.

9. പഞ്ചായത്ത് തലത്തിൽ കൃഷിക്കാരിൽ നിന്നും വ്യാപാരികളിൽ നിന്നും ഒരു 'റിവോൾവിംഗ് ഫണ്ട്' സ്വരൂപിക്കുകയും അതാത് മേഖലകളിലെ വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുകയും ചെയ്യണം.

10. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സ്, മാർക്കറ്റ്, ബാങ്കുകൾ, കല്യാണമണ്ഡപങ്ങൾ എന്നിവ സ്ഥാപിക്കുകയും അതാത് സ്ഥാനത്ത് കരാർ അടിസ്ഥാനത്തിൽ അഡ്വാൻസായി പണം നൽകുന്നവർക്ക് കച്ചവടത്തിനും മറ്റും നൽകുകയും വേണം.

11. തൊഴിലാളികളുടേയും കർഷകരുടേയും സഹായത്തിനായി റൂറൽ ബാങ്ക് സ്ഥാപിക്കുക.

12. പഞ്ചായത്ത് അടിസ്ഥാനത്തിൽ ലേലച്ചിട്ടികൾ നടത്തുക.

13. സൈക്കിൾ, മോട്ടോർ വാഹനങ്ങൾ എന്നിവയ്ക്ക് പഞ്ചായത്തിൽ ലൈസൻസ് ഏർപ്പെടുത്തുക.

14. കളിസ്ഥലത്തിൽ അധികം ഭൂമിയുള്ള സ്കൂളുകളിൽ വാണിജ്യാടിസ്ഥാനത്തിൽ സസ്യ-പുഷ്പ-ഫല കൃഷിയും തേനീച്ച വളർത്തൽ, കൗതുകവസ്തു നിർമ്മാണം എന്നിവയും ആരംഭിക്കാൻ പി. റ്റി. എ. കൾ മുൻകൈ എടുക്കണം. അതുവഴി സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിയും.

15. ട്യൂട്ടോറിയൽ കോളേജ്, അൺ-എയ്ഡഡ് സ്കൂളുകൾ ഇവയ്ക്ക് സെസ്സ് ഏർപ്പെടുത്തുക.

16. ടാക്സി, ഓട്ടോ സ്റ്റാൻറ് നിർമ്മിച്ച് വാടകയ്ക്ക് കൊടുക്കുക.

17. മരാമത്ത് നിർമ്മാണത്തിൽ വൈദഗ്ദ്ധ്യമുള്ളവരുടെ തൊഴിൽ സേനയുണ്ടാക്കി അവരുടെ സംഭാവനയായി മനുഷ്യവിഭവശേഷി ഉപയോഗിക്കുക.

18. കുളം ബണ്ടുകളിലും, തോട് ബണ്ടുകളിലും പുൽകൃഷി നടത്താനായി ലേലത്തിൽ നൽകി വരുമാനം ഉണ്ടാക്കാം.

19. കുളങ്ങൾ മത്സ്യകൃഷിക്കായി ലേലത്തിൽ നൽകി വരുമാനം വർദ്ധിപ്പിക്കാം.

20. പഞ്ചായത്തിലെ പാറ, മണൽ, മരങ്ങൾ എന്നിവ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാം.

21. പ്രത്യുല്പാദനപരമായ ആസ്തി വർദ്ധിപ്പിക്കാൻ ഫണ്ടുകൾ അധികമായി ഉപയോഗിക്കണം.

22. പഞ്ചായത്ത് പുറമ്പോക്ക് ഭൂമി അതിരുകൾ തെളിച്ച് തിട്ടപ്പെടുത്തി മാതൃകാ കൃഷിത്തോട്ടങ്ങൾ നിർമ്മിക്കുവാൻ കർഷകർക്ക് പാട്ടവ്യവസ്ഥയിൽ നൽകുക.

23. പ്രധാന കേന്ദ്രങ്ങളിൽ പബ്ലിക് ടെലഫോൺ ബൂത്തുകൾ സ്ഥാപിച്ച് വാടകയ്ക്ക് നൽകുക.

24. പഞ്ചായത്തിലെ വൻകിട ഗ്രാനൈറ്റ് വ്യവസായികളിൽ നിന്നും ഫീസ് ഈടാക്കുക.

25. പഞ്ചായത്തിലെ വിദഗ്ദ്ധരും അവിദഗ്ദ്ധരുമായ ഉദ്യോഗസ്ഥർ, തൊഴിലാളികൾ, സന്നദ്ധ പ്രവർത്തകർ തുടങ്ങിയവരുടെ എല്ലാ മാസങ്ങളിലേയും ഓരോ കർമ്മദിനങ്ങൾ സംഭാവനയായി സ്വീകരിക്കാൻ ഉതകുംവിധം ഒരു കർമ്മപരിപാടിക്ക് രൂപം നല്കുക. ●

4.13 പരിസ്ഥിതി

നമ്മുടെ പഞ്ചായത്തിലെ ഭൂപ്രകൃതി, സ്ഥല-ജല വിഭവ ലഭ്യതയുടെ അടിസ്ഥാനത്തിലാണ്. 9-ാം പദ്ധതി ഈ പഞ്ചായത്തിൽ കരുപ്പിടിപ്പിക്കേണ്ടത്. ഗ്രാമസഭകളിൽ നിന്നും പൊന്തിവരുന്ന ജനകീയാഭിപ്രായങ്ങൾ പരിഗണിക്കുമ്പോൾ തന്നെ, പ്രകൃതി സംതുലിതാവസ്ഥ നിലനിർത്തേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും നാം ബോധവാന്മാരാകേണ്ടതുണ്ട്. ഭാവിതലമുറയുടെ അഭിവൃദ്ധിയെ കൂടി ലക്ഷ്യമാക്കി പദ്ധതികൾ തയ്യാറാക്കുമ്പോൾ ഇത്തരം പ്രശ്നങ്ങൾ പുറന്തള്ളപ്പെട്ടുകൂടാ.

മണ്ണിന്റെ പ്രത്യേകതകളും ജൈവവൈവിദ്ധ്യം അവഗണിച്ചുള്ള കൃഷിയിറക്കലും, റബ്ബർതോട്ടങ്ങളുടെ ആവിർഭാവവും, ചെങ്കുത്തായ മലയോരങ്ങളുമുള്ള ഈ പ്രദേശത്ത് മഴക്കാലത്ത് മണ്ണൊലിപ്പും, ഉരുൾപൊട്ടലും, വെള്ളപ്പൊക്കവും സാധാരണമാക്കി. വനനശീകരണവും പാറപൊട്ടിപ്പും മണ്ണിലെ ജലസമ്പത്തിന്റെ അളവ് കുറയ്ക്കുകയും വേനൽക്കാലത്ത് കൂടിവെള്ള ക്ഷാമം രൂക്ഷമാക്കുകയും ചെയ്യുന്നു.

നാടിന്റെ വികസനവും വർദ്ധിച്ചുവരുന്ന ആവശ്യങ്ങളും നാട്ടിലെ വിഭവസമ്പത്തിനെ ചൂഷണം ചെയ്യാൻ നമ്മെ നിർബന്ധിതരാക്കുന്നു. എന്നാൽ പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയ്ക്ക് കോട്ടം തട്ടാതെ ഇതെങ്ങനെ സാധ്യമാക്കാമെന്ന് നാം ശാസ്ത്രീയമായി പഠിച്ച് അതനുസരിച്ചുള്ള ഒരു പരിസ്ഥിതി നയം നമ്മുടെ സംസ്കാരത്തിന്റെ അനിവാര്യ ഭാഗമാകേണ്ടിയിരിക്കുന്നു.

ഈ സാഹചര്യത്തിലാണ് നമ്മുടെ പഞ്ചായത്തിലെ പ്രധാന പരിസ്ഥിതി പ്രശ്നങ്ങളും അവയുടെ പരിഹാരവും ജനകീയ ആസൂത്രണത്തിന് മുഖ്യവിഷയമാകുന്നത്.

ചരിത്ര പശ്ചാത്തലം

നമ്മുടെ പഞ്ചായത്തിന്റെ ഭൂതകാല ഭൂപ്രകൃതിയെക്കുറിച്ച് പരിശോധിക്കുമ്പോൾ, പരിസ്ഥിതി പ്രശ്നങ്ങളുടെ ആവിർഭാവത്തിന് പ്രധാനമായി വഴിവച്ചത് വനനശീകരണമാണെന്ന് കാണാം. ഉദ്ദേശം 40 വർഷങ്ങൾക്ക് മുൻപുവരെ ഈ പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും റിസർവ്വ് വനപ്രദേശമായിരുന്നു. പ്ലാമ്പഴിഞ്ഞി, ആലച്ചക്കോണം, വാഴിച്ചൽ എന്നീ വാർഡു പ്രദേശങ്ങൾ വനഭൂമിയായിരുന്നു. ജനസാന്ദ്രതയിലുള്ള വർദ്ധനവ് ഈ മേഖലയിൽ ജൈവവൈവിദ്ധ്യം ഇല്ലാതാക്കി. ഇത് ഈ മേഖലയിൽ സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ നിരവധിയാണ്. വേനൽക്കാലത്ത് ഈ പ്രദേശത്ത് അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമത്തിനുള്ള പ്രധാന കാരണം ഇതാണ്. ഇന്ന് ഈ പഞ്ചായത്തിൽ ഒരിടത്തും വനഭൂമി അവശേഷിച്ചിട്ടില്ല.

പ്രശ്നങ്ങൾ

ജലമലിനീകരണം

ഈ പഞ്ചായത്തിലെ മുഖ്യ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണം ഉയർന്ന പ്രദേശങ്ങളിലെ ജലദൗർലഭ്യവും ഉള്ള ജലസ്രോതസ്സുകളുടെ മലിനീകരണവുമാണ്. നാലുസെന്റ് ഭൂമിയിൽ താഴെയുള്ള വീട്ടുകാർ, കക്കുസുകൾക്ക് അടുത്ത് കിണർ കുഴിയ്ക്കാൻ നിർബന്ധിതരാകുന്നു. ജലം മലിനമാകാൻ ഇത് ഇടയാക്കുന്നു. കിണറുകൾക്കും പൊതു നീരുറവകൾക്കും സമീപവും അലക്കും മല-മൂത്ര വിസർജ്ജനവും നടത്തുന്നത് ജലമലിനീകരണത്തിന് ഇടയാക്കുന്നു. ഭക്ഷണശാലകളിൽ നിന്നും റോഡുകളിലേക്കും തോടുകളിലേക്കും ഒഴുക്കി വിടുന്ന അഴുക്കുവെള്ളം മലിനീകരണത്തിന് ഇടയാക്കുന്നു. പൊതു കിണറുകൾക്കും പൈപ്പുകൾക്കും സമീപവും, പൊതു കുളങ്ങളിലും മൃഗങ്ങളെ കുളിപ്പിക്കുന്നത് ജലമലിനീകരണത്തിന് പ്രധാന കാരണമാണ്. തുരുമ്പിച്ച ഇരുമ്പ് പൈപ്പുകളിലൂടെ ഒഴുകിവരുന്ന ജലവും മലിനീകരിക്കപ്പെട്ടതാണ്.

തോടുകൾ, കുളങ്ങൾ, ഊറവകൾ

തോടുകളുടേയും, ഊറവകളുടേയും, കുളങ്ങളുടേയും വലിയ ഒരു സമ്പത്ത് ഈ പഞ്ചായത്തിലുണ്ട്. ഇന്ന് പല തോടുകളും കരയോ, റോഡുകളോ ആയി മാറിയിട്ടുണ്ട്. ഇതുമൂലം നെയ്യാർ ഇടതുകര കനാലിൽ നിന്നും ജലം ഒഴുകി ഉൾപ്രദേശങ്ങളിൽഎത്താൻ കഴിയാതെ വരുന്നു. ഇത് ജലദൗർലഭ്യത്തിനും കൃഷിയ്ക്കും ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. തോടുകളും നീരുറവകളും മൂടുന്നത് ഉപരിതല ജലത്തിന്റെ അളവ് കുറയാൻ ഇടയാകുന്നു. കുള ബണ്ടുകളുടെ ചോർച്ചകാരണം സംരക്ഷിക്കപ്പെട്ടിട്ടുള്ള ജലം ചോർന്നുപോകുന്നു.

തോടുകളുടെയും നദികളുടെയും ബണ്ടുകൾ ബലപ്പിക്കാത്തതിനാലും പുല്ലുവച്ച് പിടിപ്പിക്കാത്തതിനാലും മഴക്കാലത്ത് ബണ്ടുകൾ പൊട്ടി കൃഷിനാശം ഉണ്ടാകാറുണ്ട്. തോടുകളിൽ നിന്നുള്ള മണലൂറ്റും ഇതിന് പ്രധാന കാരണമാണ്. ബണ്ടുകൾ വെട്ടി മറ്റ് വിളകൾ വച്ചുപിടിപ്പിക്കുന്നതും മഴക്കാലത്ത് ബണ്ട് ഇടിയാൻ കാരണമാകുന്നു.

മണ്ണൊലിപ്പ്

ഓരോ കാലവർഷത്തിലും വളക്കൂറുള്ള മേൽമണ്ണ് ഒലിച്ചുപോകുന്നു. ജീവന്റെ നിലനില്പിന് ആധാ

രമായ ഒട്ടനവധി മുലകങ്ങളാണ് മഴവെള്ളത്തോടൊപ്പം ഒലിച്ചുപോകുന്നത്. മണ്ണൊലിപ്പ് തടഞ്ഞുനിർത്താനുള്ള പദ്ധതിയായ വാട്ടർഷെഡ്ഡ് പദ്ധതി കുന്നനാട് ഒഴികെയുള്ള വാർഡുകളിൽ നടപ്പിലാക്കിയിട്ടില്ല.

വയൽ നികത്തൽ

നെല്പാടങ്ങളിൽ മണ്ണിട്ട് നികത്തുന്ന പ്രവണത നമ്മുടെ പഞ്ചായത്തിന്റെറ എല്ലാ പ്രദേശത്തും ഉണ്ട്. ഈ അടുത്ത കാലത്തായി ഈ പ്രവണത വർദ്ധിച്ചു വരുന്നുണ്ട്. കുന്നിൻ പ്രദേശങ്ങൾ ഇടിച്ചു മണ്ണെടുത്ത് ഫലഭൂയിഷ്ടമായ നെല്പാടങ്ങളിൽ നിക്ഷേപിച്ച് കോൺക്രീറ്റ് കെട്ടിടങ്ങൾ പണിയുന്ന അവസ്ഥയും നിലവിലുണ്ട്. ഇത് ഭക്ഷ്യോല്പാദനം കുറയ്ക്കുക മാത്രമല്ല പല ജലസ്രോതസുകളും അടഞ്ഞുപോകുന്നതിന് കാരണമാകുന്നു. ജലനിർഗ്ഗമന സംവിധാനത്തിലുണ്ടാകുന്ന പാളിച്ചമൂലം പരിസ്ഥിതിയിൽ കാര്യമായ വ്യതിയാനം ഉണ്ടാകുന്നു. മനുഷ്യവാസയോഗ്യമല്ലാതിരുന്ന ഭൂമിപോലും കൃത്രിമ മാർഗ്ഗമുപയോഗിച്ച് വാസയോഗ്യമാക്കുമ്പോൾ പ്രകൃതിയെ വികൃതമാക്കുകയാണ് ചെയ്യുന്നത്.

രാസവള കീടനാശിനി പ്രയോഗം

അമിതമായ രാസവള കീടനാശിനി പ്രയോഗം പൊൻമുട്ടയിടുന്ന താറാവിനെ കൊല്ലുന്നതുപോലെയാണ്. യൂറിയപോലുള്ള വളങ്ങൾ ഉപയോഗിക്കുന്നത് മണ്ണിന്റെറ ഘടനയിൽ മാറ്റമുണ്ടാക്കും. ഇത് ഭൂമിയെ അതിവേഗം തരിശാക്കി മാറ്റും. ഫ്യൂറിഡാൻ, ഡി. ഡി. റ്റി. എന്നിവപോലുള്ള കീടനാശിനികളുടെ പ്രയോഗം മൂലം മണ്ണ് അതിവേഗം വിഷമയമായി തീരും. തന്മൂലം കർഷകന് പ്രകൃത്യാ ലഭിക്കുന്ന ജൈവകീട നിയന്ത്രണമാർഗ്ഗങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഭൗമോപരിതലത്തിലെ ജൈവ അവശിഷ്ടങ്ങൾ മണ്ണിൽ ലയിച്ചു ചേരുന്നതിന് സഹായകമായിരുന്ന ബാക്ടീരിയകളും ചിതലുകളും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു.

മരങ്ങളുടെ സംരക്ഷണം

മരങ്ങൾ പ്രകൃതിയുടെ ശ്വാസകോശങ്ങളാണ്. ഭവന നിർമ്മാണത്തിന് ആവശ്യമായ തടിക്കും, വിറകിനും വൻതോതിൽ മരങ്ങൾ മുറിച്ച് മാറ്റുന്നുണ്ട്. നമ്മുടെ പഞ്ചായത്തിൽ അവശേഷിക്കുന്ന വൻമരങ്ങൾ വിരലിൽ എണ്ണാവുന്നവ മാത്രമാണ്. മുറിയ്ക്കുന്നതിനു പകരമായി മരങ്ങൾ വച്ചുപിടിപ്പിക്കാൻ ആരും താല്പര്യം കാട്ടുന്നില്ല. പുറമ്പോക്ക് ഭൂമിയിൽ പോലും മരങ്ങൾ വെച്ചുപിടിപ്പിച്ചിട്ടില്ല.

പാറപൊട്ടിയ്ക്കൽ

നിരവധി പാറക്കെട്ടുകളുള്ള പ്രദേശമാണ് ഒറ്റശേഖരമംഗലം പഞ്ചായത്ത്. ഇവിടെ പാറപൊട്ടിയ്ക്കൽ വൻതോതിൽ നടക്കുന്നു. പാറപൊട്ടിക്കുന്നതു മൂലം ഭൂമിയ്ക്കടിയിലുള്ള ജലവിതാനം താഴാനും പാറകളിൽ നിന്നുള്ള നീരുറവകൾ ഇല്ലാതാകാനും കാരണമായിട്ടുണ്ട്. നീർവാഴികോണം, പേരേക്കോണം, വാഴിച്ചൽ പ്രദേശങ്ങളിൽ യന്ത്രം ഉപയോഗിച്ചുള്ള പാറപൊട്ടിയ്ക്കൽ ഭൂമിക്ക് വൻക്ഷതം ഏല്പിക്കുന്നു. ഈ സാഹചര്യത്തിൽ ഇത് അടിയന്തിരമായി നിയന്ത്രിക്കേണ്ടിയിരിക്കുന്നു. വാഴിച്ചൽ, പേരേക്കോണം പ്രദേശങ്ങളിൽ യന്ത്രവത്കൃത ഗ്രാനൈറ്റ് ഖനനം പ്രകൃതിയുടെ സന്തുലിതാവസ്ഥയെ തകിടം മറിക്കുന്ന തരത്തിലാണ്. ഇത് ശബ്ദമലിനീകരണത്തിനും ഇടയാക്കുന്നു.

മണൽവാരൽ

നെയ്യാറിലേയും ചിറ്റാറിലേയും മണൽവാരൽ ഈ പഞ്ചായത്തിലെ കുടിവെള്ളക്ഷാമത്തിന് കാരണമാകുന്നു. മണൽ വാരുന്നതിനാൽ നദികളുടെ ബഡ് താഴുകയും മഴക്കാലങ്ങളിൽ കുത്തൊഴുക്കിൽ കരകൾ വൻതോതിൽ ഇടിയാനും മണ്ണൊലിപ്പ് വർദ്ധിക്കാനും കാരണമാകുന്നു. ഈ പ്രവണത തോടുകളിലേക്കും വ്യാപിച്ചിട്ടുണ്ട്.

വായു മലിനീകരണം

പുക നിയന്ത്രണമില്ലാത്ത അടുപ്പുകൾ ഉപയോഗിക്കുന്നത് വീട്ടമ്മമാരുടെ ആരോഗ്യത്തെ ഹാനികരമായി ബാധിക്കുന്നു. ടാറിടാത്ത റോഡുകളിലൂടെ വാഹനങ്ങൾ പോകുമ്പോൾ ഉണ്ടാകുന്ന പൊടിപടലങ്ങൾ, മായം ചേർന്ന ഇന്ധനങ്ങൾ ഉപയോഗിക്കുന്നതുകൊണ്ട് വാഹനങ്ങൾ പുറംതള്ളുന്ന വിഷവാതകം എന്നിവയും വായുമലിനീകരണത്തിന് ഇടയാക്കുന്നുണ്ട്.

തുറസ്സായ സ്ഥലങ്ങളിലെ മല-മൂത്ര വിസർജ്ജനം

മഞ്ഞപ്പിത്തം, വയറിളക്കം, വിരരോഗങ്ങൾ എന്നിവയ്ക്ക് ഇത് കാരണമാകുന്നു. ഈ പ്രവണത അടിയന്തിരമായി ഒഴിവാക്കാൻ ആവശ്യമായ നടപടികൾ ഉണ്ടാകണം.

പ്ലാസ്റ്റിക്കുകളുടെ അമിതോപയോഗം

റോഡുകളിലും പൊതു സ്ഥലങ്ങളിലും വലിച്ചെറിയപ്പെടുന്ന പ്ലാസ്റ്റിക്കുൾ ഒരു പുതിയ പ്രശ്നമാണ്. വിഘടിച്ചു പോകാത്ത രാസഘടനയുള്ള പദാർത്ഥമാണിത്.

സാദ്ധ്യതകളും പരിഹാര മാർഗ്ഗങ്ങളും

1. നദികളിൽ തടയണ നിർമ്മിക്കുകയും അനധികൃത മണൽവാരൽ തടയുകയും വേണം. നദീതീരങ്ങളിൽ മണ്ണിടിച്ചിൽ തടയാൻ കൈത, കാട്ടുകരിമ്പ് എന്നിവ വച്ചുപിടിപ്പിക്കുക. നദികൾ കയ്യേറി ചെറിയ തുരുത്തുകളിൽ കൃഷിചെയ്യുന്നത് തടയണം.
2. മലിനജലം ഒരിടത്ത് ശേഖരിക്കാനും, അത് സംസ്ക്കരിക്കാനും, വീട്ടുവളപ്പിൽതന്നെ കുഴിയുണ്ടാ

ക്കി മൂടണം. മലിനജലം തോടുകളിലും, നദികളിലും ഒഴുക്കി വിടുന്ന പ്രവണത നിരുത്സാഹപ്പെടുത്തണം. വീടിന്റെ പരിസരത്ത് വെള്ളം കെട്ടിക്കിടക്കാതിരിക്കാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കണം.

3. പൊതു കിണറുകൾക്കും പൈപ്പുകൾക്കും സമീപം കുളി, അലക്ക്, മൃഗങ്ങളെ കുളിപ്പിക്കൽ എന്നിവ ഒഴിവാക്കാൻ ആവശ്യമായ ബോധവത്കരണം നടത്തണം.

4. ചപ്പുചവറുകൾ, മറ്റ് അവശിഷ്ടങ്ങളും പറമ്പുകളിൽ ഒരു കുഴിയിൽ മാത്രം നിക്ഷേപിക്കാനും അതിൽനിന്നും ജൈവവളം നിർമ്മിക്കാനുമുള്ള സൗകര്യങ്ങൾ ഉണ്ടാക്കണം. ഓരോ കച്ചവട സ്ഥാപനവും വേസ്റ്റ് ബോക്സ് ഉപയോഗപ്പെടുത്തുന്നു എന്ന് ഉറപ്പുവരുത്തണം.

5. പൊതു നിരത്തുകൾക്ക് സമീപം അറവുശാലകൾ പ്രവർത്തിക്കുന്നത് തടയുക. മത്സ്യ-മാംസ്യ മാർക്കറ്റുകളിൽ കർശനമായ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നുവെന്ന് ഉറപ്പുവരുത്തണം.

6. ഇരുമ്പ് തകിടുകൾ, തകരപാത്രങ്ങൾ, ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ഉല്പന്നങ്ങൾ, കുപ്പിച്ചില്ലുകൾ എന്നിവ പ്രത്യേകം നിർദ്ദേശിക്കപ്പെട്ട സ്ഥലത്തു മാത്രം നിക്ഷേപിക്കുകയും പുനഃരുല്പാദനത്തിനായി ഉപയോഗപ്പെടുത്തുകയും ചെയ്യുക.

7. അനർട്ടിന്റെ സഹായത്തോടെ പരിഷത്ത് അടുപ്പുകൾ, സൗരോർജ്ജ വിളക്കുകൾ, ബയോഗ്യാസ് ഇന്ധന ഉപയോഗം എന്നിയ്ക്ക് പ്രചാരം കൊടുക്കുക.

8. വയൽ നികത്തുന്നത് കർശനമായി തടയാൻ നിയമ മാർഗ്ഗങ്ങൾ അവലംബിക്കുക.

9. ചരിഞ്ഞ കൃഷിഭൂമിയെ തട്ടുകളായി തിരിക്കുക. ജൈവവളം മണ്ണിര കമ്പോസ്റ്റ് എന്നിവയുടെ ഉപയോഗം വർദ്ധിപ്പിക്കുക. പരമ്പരാഗത കീടനിയന്ത്രണമാർഗ്ഗങ്ങൾ അവലംബിക്കുക.

10. ഒരു മരം മുറിയ്ക്കുമ്പോൾ രണ്ട് വൃക്ഷത്തൈകളെങ്കിലും നട്ടുപിടിപ്പിക്കാൻ ബോധവത്കരണം നടത്തുക. സർക്കാരിന്റെ സാമൂഹ്യ വനവത്കരണ പരിപാടി ശക്തമാക്കുക. ഓരോ വർഷവും ഒരു ഫലവൃക്ഷ തൈ എങ്കിലും ഗ്രാമത്തിലെ ഓരോരുത്തരും നട്ടുപിടിപ്പിക്കുക.

11. ഗ്രാമ ശുചീകരണ പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തണം. പരിസ്ഥിതിയും പരിസരശുചിത്വവും ഗ്രാമസഭകളിൽ ചർച്ച ചെയ്യുക. ●

അഴിമതിയെ താഴെത്തട്ടിലാണ് കൂടുതൽ ചെറുക്കാൻ കഴിയുക. കാരണം അഴിമതി ആത്യന്തികമായി ബാധിക്കുക താഴെത്തട്ടിലുള്ള ജനങ്ങളെയാണ്. താഴെത്തട്ടിലുള്ള ജനങ്ങളെ ബോധവാന്മാരാക്കിയാൽ, അഴിമതിയെ ചെറുക്കാൻ അവരുടെ സഹായം തേടിയാൽ, ആ തലത്തിലെ അഴിമതി പരമാവധി കുറയ്ക്കാൻ കഴിയും.

ഡോ: സത്യബ്രതസെൻ

ഉപസംഹാരം

കൂട്ടരേ,

നമ്മുടെ ജീവിതത്തിലെ സർവ്വതല സ്പർശിയായ വിഷയങ്ങളെക്കുറിച്ചാണ് ഇവിടെ പ്രതിപാദിച്ചത്. വിവരശേഖരണം നടത്തി, ഇത്തരമൊരു കരട് വികസന രേഖ സമയബന്ധിതമായി തയ്യാറാക്കാൻ കഴിഞ്ഞത് ഒരു കൂട്ടം സന്നദ്ധ പ്രവർത്തകരുടെ ത്യാഗപൂർണ്ണമായ ശ്രമം കൊണ്ടാണ്. അവർക്കും, ജനകീയാസൂത്രണയജ്ഞത്തിലെ രണ്ടു ഘട്ടങ്ങളിലും സജീവമായി പങ്കെടുക്കുകയും സഹായസഹകരണങ്ങൾ നല്കുകയും ചെയ്ത ഈ പഞ്ചായത്തിലും പുറത്തുമുള്ള വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാർക്കും, പഞ്ചായത്ത് ഭരണസമിതിയുടേയും നമ്മുടെ പഞ്ചായത്തിലെ മുഴുവൻ പൗരജനങ്ങളുടേയും പേരിൽ നന്ദി രേഖപ്പെടുത്തുന്നു. തുടർന്നുള്ള പ്രവർത്തനങ്ങളിലും അവരുടെ സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

തങ്ങളുടേയും തങ്ങളുടെ പ്രദേശത്തിന്റെയും വികസനത്തിന്റെ ഉത്തരവാദിത്വം മുഴുവനും സർക്കാരിനും സർക്കാരുദ്യോഗസ്ഥന്മാർക്കുമാണെന്ന് കരുതി നിഷ്ക്രിയരായിരിക്കാതെ ഉണർന്നു പ്രവർത്തിക്കാൻ നമുക്ക് കഴിയണം. 1997 ഏപ്രിൽ മാസം മുതൽ 9-ാംപദ്ധതി നടപ്പിലാക്കിത്തുടങ്ങുമ്പോൾ ജനകീയാസൂത്രണത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ട്, അത് പ്രാവർത്തികമാക്കുന്ന കാര്യത്തിൽ നാം മറ്റുള്ളവർക്ക് മാതൃകയാകാൻ ശ്രമിക്കുമെന്ന് ഈ അവസരത്തിൽ പ്രതിജ്ഞയെടുക്കാം.

വിശ്വസ്തതയോടെ,

പി. അപ്പുക്കുട്ടൻ പിള്ള
പ്രസിഡൻറ്
ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത്

Published by P. Appukuttan Pillai, President, Ottasekharamangalam Gramapanchayat
Typesetting and Printed by Akshara Offset, Thiruvananthapuram - 35, Tel : 471174, 473470


അധികാരം ജനങ്ങളിലേക്ക്